# ജനകീയാസൂത്രണം







# കൊടുവള്ളി പഞ്ചായത്ത്

# സമഗ്ര വികസന രേഖ



- അധികാര വികേന്ദ്രീകരണം വഴി ജനകീയവും ശാസ്ത്രീയവുമായ ഗ്രാമതല ആസൂത്രണം
- ൯-ാം പദ്ധതി ജനകീയ പദ്ധതി
- 40% പദ്ധതി വിഹിതം പഞ്ചായത്തുകൾക്ക്
- വികസനപ്രക്രിയ അഴിമതി രഹിതമാകുന്നു
- ബഹുജന സഹകരണം അനിവാര്യം.

134-8



സ്വന്തം ശ്രമം കൊണ്ട് തങ്ങളുടെ സ്ഥിതിക്ക് മാറ്റം വരുത്താമെന്ന് എപ്പോൾ ജനസാമാന്യത്തിന് തോന്നുന്നുവോ അപ്പോൾ മാത്രമെ ഭാരതം പൂർണ്ണസ്വാതന്ത്ര്യം നേടുന്നുള്ളൂ.

\- മഹാത്മാ ഗാന്ധി

# കൊടുവള്ളി ഗ്രാമപഞ്ചായത്ത്



# പഞ്ചായത്ത് പ്രസിഡണ്ടുമാർ കാലഘട്ടങ്ങളിലൂടെ

ഫോട്ടോ ലഭ്യമല്ല

ടി.കെ. പരിയെയിക്കുട്ടി അധികാരി
ഒരു കാലഘട്ടത്തെ സ്വാധീനിച്ച
വ്യക്തിത്വം



കെ.വി. മോയിൻകുട്ടി ഹാജി
സാമൂഹിക വിദ്യാഭ്യാസ രംഗത്ത്
കനത്ത് സംഭാവന



എം. മാധവൻ നമ്പൂതിരി
പ്രായോഗിക പരിജ്ഞാനമുള്ള
വിദ്യാസമ്പന്നൻ



ടി.കെ. പരീക്കുട്ടി ഹാജി
(വ്യവസായ പ്രമുഖനായ
പൊതു പ്രവർത്തകൻ)



ഹാജി. ഇ.സി. ചെറിയമ്മദ്
രാഷ്ട്രീയക്കാരനല്ലാത്ത പ്രസിഡണ്ട്



പി.ടി.എ. റഹിം
ഇളം തലമുറയുടെ പ്രതിനിധി

# കൊടുവള്ളി ഗ്രാമപഞ്ചായത്ത്
# ഭരണസമിതി



സുബൈദാറഹിം
പ്രസിഡണ്ട്



പി.ടി.എ. റഹീം
വൈ. പ്രസിഡണ്ട്



പി.സി. അഹമ്മദ് ഹാജി
സ്റ്റാണ്ടിങ്ങ് കമ്മിറ്റി
ചെയർമാൻ



വായോളി മുഹമ്മദ്
മാസ്റ്റർ (മെമ്പർ)



കാരാട് റസാക്ക്
(മെമ്പർ)



സി.പി. കുഞ്ഞായിൻ കുട്ടി
ഹാജി (മെമ്പർ)



എം. വേലായുധൻ
(മെമ്പർ)



കെ.പി. മുഹമ്മദ്
(മെമ്പർ)



കളത്തിങ്ങൽ ജമീല
(മെമ്പർ)



പി. ലീല
(മെമ്പർ)



പി.കെ. ആസ്യ
(മെമ്പർ)



കെ. അബ്ദുൽ ഖാദർ
ഹാജി (മെമ്പർ)



കെ.പി. ശാരദ
(മെമ്പർ)



ഇ. റംല
(മെമ്പർ)



വി. മോഹനൻ
(പഞ്ചായത്ത് സിക്രട്ടറി)



**ഓഫീസ് സ്റ്റാഫ്**

ഒരു ഗുണ ഭോക്താവിന് സർക്കാർ 100 രൂപ അനുവദിച്ചു കഴിഞ്ഞാൽ അവന് കിട്ടുന്നത് 15 രൂപമാത്രമാണ്.

**– രാജീവ് ഗാന്ധി**

രക്ത പ്രവാഹത്തിന്റെ കേന്ദ്രം ഹൃദയമല്ല രക്തത്തെ ശരീരത്തിൽ എവിടെയുമെത്തിക്കുന്ന നേരിയ ആയിരമായിരം സിരകളാണ്. ഈ പുതിയ ശരീര ശാസ്ത്രതത്വം ഭരണരംഗത്ത് ആദ്യമായി നടപ്പിലാവുകയാണ്.

**–സുകുമാർ അഴിക്കോട്**

# ജനകീയ ആസൂത്രണ സമിതി



ടി.പി.സി. മുഹമ്മദ്
(കൺവീനർ)

**ചെയർമാൻ** : പി.ടി.എ. റഹീം

**കൺവീനർ** : ടി.പി.സി. മുഹമ്മദ്

**ജില്ലാറിസോർസ് പേർസൺമാർ**

ടി.പി.സി. മുഹമ്മദ്

പി.സി. വേലായുധൻ മാസ്റ്റർ

കെ. അബ്ദുൽ ഖാദർ ഹാജി

ഇ.കെ. ശിവദാസൻ

ടി.കെ. മുഹമ്മദ് മാസ്റ്റർ

കെ. മൊയ്തീൻ

കെ.പി. മുഹമ്മദ്

എ.കെ. കുഞ്ഞിമുഹമ്മദ് മാസ്റ്റർ

പി.സി. വാസു.

---



നമ്മുടെ നാട്ടിൻ പുറങ്ങളിലെ കൃഷിക്കാർ ഉൽപ്പാദനം വർദ്ധിപ്പിക്കണമെന്നു പറയുന്നത് പ്ലാനിങ്ങ് വകുപ്പല്ല. കീഴ്ത്തട്ടിലുള്ള കൃഷിക്കാർ പറയുന്നതാണ്. അത് നടപ്പാക്കുകയാണ് പ്ലാനിങ്ങ് വകുപ്പ് ചെയ്യുന്നത്. ഇതാണ് ജനപങ്കാളിത്തത്തോടെയുള്ള ജനകീയാസൂത്രണം

ഇ.എം. എസ്.

# വികസനരേഖക്ക് പിന്നിൽ

പി. വിജയൻ (കൃഷി ഓഫീസർ)

ഡോ: പി.പി. മുജീബ് റഹ്മാൻ (വെറ്ററിനറി സർജ്ജൻ)

ടി.പി.സി. മുഹമ്മദ്

പി.സി. വേലായുധൻ മാസ്റ്റർ

ആർ. സി. രമേശൻ

ടി.വി. കൃഷ്ണൻ കുട്ടി

ഇ.കെ. ശിവദാസൻ

സി.എം. ഗോപാലൻ

ടി.പി. അബ്ദുൽ മജീദ്

കോതൂർ മുഹമ്മദ് മാസ്റ്റർ

കെ. മൊയ്തീൻ

പി. വാസു

വി.കെ. ഇബ്രാഹിം മാസ്റ്റർ




എഡിറ്റിങ്ങ്
ടി.പി.സി. മുഹമ്മദ്

ഡി.റ്റി.പി.
ഡോട്ട്സ് കംപ്യൂട്ടേർസ്
കോഴിക്കോട് - 1
ഫോൺ : 365138

പ്രിന്റിങ്ങ്
കമലാ ഓഫ് സെറ്റ്
കോഴിക്കോട്
ഫോൺ : 721020

കവർ ഡിസൈനിങ്ങ്:
നിസാർ കൊടിയത്തൂർ

# ഉൾത്താളുകളിൽ


| | | |
|---|---|---|
| 1. | ആമുഖം | 1 |
| 2. | കൊടുവള്ളി പഞ്ചായത്ത് പൊതുവിവരണം | 2 |
| 3. | കൊടുവള്ളി പഞ്ചായത്ത് പോയകാലങ്ങളിലൂടെ (ചരിത്ര പഞ്ചാത്തലം) | 3 |
| 4. | ഭൂപ്രകൃതി - ജനപ്രകൃതി - ജലപ്രകൃതി | 7 |
| 5-1. | കൃഷിയും ജലസേചനവും | 10 |
| 5-2. | മൃഗസംരക്ഷണം | 20 |
| 5-3. | വ്യവസായം | 24 |
| 5-4. | വിദ്യാഭ്യാസം | 28 |
| 5-5. | കുടിവെള്ളവും പൊതുജനാരോഗ്യവും | 33 |
| 5-6 | ഗതാഗതം-ഊർജ്ജം | 38 |
| 5-7. | സാമൂഹ്യക്ഷേമം - പാർപ്പിടം | 50 |
| 5-8. | സംസ്ക്കാരം | 52 |
| 5-9. | വനിത | 57 |
| 5-10. | സഹകരണം | 60 |
| 5-11. | പട്ടികജാതി - പട്ടികവർഗ്ഗക്ഷേമം | 63 |
| 5-12. | വിഭവസമാഹരണം | 72 |
| | പഠനപര്യടനം | 74 |
| | സമാപ്തം | 75 |
| | പഞ്ചായത്തിന്റെ ശബ്ദം | 76 |
| | പഞ്ചായത്ത് `റിസോർസ്' പേർസൺമാർ | 82 |

# 1

# ആമുഖം

സ്വാതന്ത്ര്യത്തിന്റെ അമ്പതു വർഷങ്ങളിൽ 8 പഞ്ചവൽസര പദ്ധതികൾ കടന്നുപോയി ഭാരതത്തിന്റെ മുഖച്ഛായക്ക് ഏറെ മാറ്റങ്ങളുണ്ടായി. വിദേശ മേധാവിത്വത്തിന്റെ കാൽചങ്ങലകൾകൊണ്ട് നിശ്ചലമായിരുന്ന ഒരു രാഷ്ട്രം സ്വാതന്ത്ര്യത്തിന്റേയും ജനാധിപത്യത്തിന്റേയും ജിവവായു ശ്വസിച്ചുകൊണ്ട് രാഷ്ട്ര പുനർ നിർമ്മാണ പ്രക്രിയക്ക്തുടക്കം കുറിച്ചു. 1950 കളിൽ ആരംഭിച്ച വികസനപ്രക്രിയ 1996ൽ എട്ടാം പദ്ധതിയുടെ പരിസമാപ്തിയിൽ എത്തി നിൽക്കുകയാണ്. കൂറ്റൻ ജലസേചനപദ്ധതികളും വ്യവസായ സംരംഭങ്ങളും ഭാരതത്തിൽ ഉയർന്നു വന്നിട്ടുണ്ട്. ഹരിത വിപ്ലവത്തിന്റെയും വ്യവസായ വിപ്ലവത്തിന്റെയും കാഹളങ്ങൾ ഉല്പാദനക്ഷമതയുടേയും ജനക്ഷേമത്തിന്റേയും ലക്ഷ്യസ്ഥാനങ്ങളിലേക്ക് പ്രയാണമാരംഭിച്ചു.

എന്നാൽ ഈ പ്രയാണം പൂർണ്ണമായ ലക്ഷ്യപ്രാപ്തിയിലെത്തിയില്ല. ഉദ്ദേശശുദ്ധിയോടെ ആവിഷ്കരിക്കപ്പെട്ട പല നിർമ്മാണ പദ്ധതികളും കാര്യക്ഷമമായ മേൽ നോട്ടം ഇല്ലാത്തതിന്റെ പേരിൽ ജലരേഖകളായിമാറി. യാഥാർത്ഥ ഗുണഭോക്താവിലേക്ക് വികസന പ്രക്രിയയുടെ ഗുണഫലങ്ങൾ എത്തിയില്ല. ഫണ്ടുകൾ തീർക്കുക എന്ന മിനിമം പരിപാടിയിലൊതുങ്ങി പല പദ്ധതികളും കടലാസ് പുലികളും സർക്കാർ രേഖകളിലൊതുങ്ങിയ പ്രവർത്തനങ്ങളുമായി മാറി. ഡൽഹിയിലെ മന്ത്രാലയത്തിലെ ഓഫീസ് മുറികളിലിരുന്ന് ഉദ്യോഗസ്ഥർ തയ്യാറാക്കുന്ന പദ്ധതികൾ പലതും ജനകീയാഭിലാഷങ്ങൾക്കോ പ്രായോഗിക സാഹചര്യങ്ങൾക്കോ അനുസൃതമായിരുന്നില്ല. ഇവിടുത്തെ ജീവിത പശ്ചാത്തലത്തെപ്പറ്റി, ഭൂപ്രകൃതിയെ പറ്റി വിഭവ സാധ്യതകളെപ്പറ്റി വേണ്ടത്ര അവഗാഹത്തോടെയല്ലായിരുന്നു.

ഇത്തരം അപര്യാപ്തതകൾ അപഗ്രഥിച്ചുകൊണ്ട് ജനവികാരങ്ങൾക്കനുസൃതമായി ആസൂത്രണത്തിന്റെ പുതിയ മാനങ്ങൾ തേടിയുള്ള കേരളത്തിന്റെ സമഗ്ര വികസനത്തിന്റെ ഉണർത്തുപാട്ടാണ് ജനകീയാസൂത്രണം- ഭരണകേന്ദ്രങ്ങളിൽ നിന്നു ജനങ്ങളിലേക്ക് എന്നതിനു പകരം "ജനങ്ങളിൽ നിന്ന് ഭരണകൂടത്തിലേക്ക്" എന്ന പുതുമയാർന്ന സരണി സ്വീകരിച്ചുകൊണ്ട് കേരളസർക്കാരും പ്ലാനിങ്ങ് ബോഡും പ്രയാണ മാരംഭിച്ചിരിക്കുകയാണ്. പഞ്ചായത്തിരാജ് പഞ്ചായത്തുകൾക്ക് നൽകുന്ന അധികാരങ്ങൾക്കൊപ്പം ധനസമ്പത്തും നൽകാനുള്ള പ്ലാനിങ്ങ് ബോർഡിന്റെ കാഴ്ചപ്പാട് ജനങ്ങളിൽ ഇന്ന് പ്രതീക്ഷ വളർത്തിയിരിക്കുന്നു. ഏകദേശം 5 കോടി ഡോളർ വരുന്ന സാമ്പത്തിക സഹായത്തിന് പുറമെ പദ്ധതിവിഹിതത്തിന്റെ 60 ശതമാനത്തിൽ നിന്നുള്ള മറ്റു സ്കീമുകളും, നികുതി വരുമാനം മറ്റുവികസന ഏജൻസികളിൽ നിന്നുള്ള ഫണ്ടുകൾ, മറ്റ് മാനവശേഷി സമാഹരണം എന്നിവയും സമാഹരിച്ച് വികസന പ്രക്രിയ സമ്പുഷ്ടമാക്കാവുന്നതാണ്. ബഹുജനപങ്കാളിത്തത്തോടെ നിർമ്മാണ പ്രവർത്തനങ്ങൾ നിർവ്വഹിക്കുമ്പോൾ അതിന്നനുകൂലമായി പല സാഹചര്യങ്ങളുമൊരുങ്ങുന്നു. ജനശ്രദ്ധയും പങ്കാളിത്തവും ഉറപ്പുവരുത്തുന്നു. കാലവിളംബമില്ലായ്മയും അഴിമതി നിർമ്മാർജ്ജനവും സാധ്യമാവുന്നു.

കൊടുവള്ളി പഞ്ചായത്തിൽ ജനകീയാസൂത്രണപ്രവർത്തനങ്ങൾ സമയബന്ധിതമായിത്തന്നെ നടന്നിട്ടുണ്ട്. കഴിഞ്ഞ സെപ്തമ്പർ ഒമ്പതിന് ദ്വിതീയ വിവരശേഖരണത്തിന്റെ വിജയം ലക്ഷ്യമാക്കി പഞ്ചായത്തിലെ ഓഫീസ് മേധാവികളേയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരേയും വിളിച്ചു ചേർത്തു പഞ്ചായത്ത് തലപ്രവർത്തനങ്ങൾക്ക് സ്വാഗത സംഘ രൂപീകരണം നടന്നു. 11ന് പഞ്ചായത്ത് തല റിസോഴ്സ് പേഴ്സൺമാരുടെ പ്രാഥമികഘട്ട പരിശീലനം നടന്നു. പഞ്ചായത്ത് തല കോർഗ്രൂപ്പിന്ന് രൂപം നൽകി. ദ്വിതീയ വിവരശേഖരണത്തിന്ന് ആർ.പി.മാരുടെ സ്ക്വാഡുകൾ രൂപീകരിച്ചു. വാർഡടിസ്ഥാനത്തിൽ നിയോഗിക്കപ്പെട്ട ആർ.പി മാർ തൽ വാർഡുകളിൽ പഠനപര്യടനം നടത്തി വിവരങ്ങൾ ശേഖരിച്ചുസെപ്തംബർ 14 മുതൽ വാർഡുകളിൽ ഗ്രാമസഭകൾ വലിയ ജനപങ്കാളിത്തത്തോടെ നടന്നു. പതിനാലു ദിവസങ്ങളിലായി ഗ്രാമസഭകൾ നിശ്ചിത ഒക്ടോബർ 2ന് മുമ്പ് തന്നെ സമ്മേളിച്ചുകഴിഞ്ഞു. ഒക്ടോബർ 30ന് പഞ്ചായത്ത് ആർ. പി മാർക്കുള്ള രണ്ടാം ഘട്ട പരിശീലനം നടന്നു. 31 ന് പഞ്ചായത്ത് അടിസ്ഥാനത്തിൽ രണ്ടു ഗ്രൂപ്പുകളായി പിരിഞ്ഞു. വീണ്ടും പഠന പര്യാടനം (transect walk)നടത്തി. നിർദ്ദിഷ്ട രീതിയിൽ പഞ്ചായത്ത് മെമ്പർമാർ, ആർപിമാർ ഉദ്യോഗസ്ഥർ ഇവരുടെ പ്രതിനിധികൾ പര്യടനത്തിൽ പങ്കെടുത്തു ഭൂപടം തയ്യാറാക്കി. ജനകീയാസൂത്രണത്തിന്റെ നവോൻമേഷം ഉൾക്കൊണ്ട് കൊടുവള്ളി പഞ്ചായത്തും കാലത്തിന്റെ ചുവരെഴുത്തുകൾ വായിച്ചുകൊണ്ട് അതിന്റെ പങ്കു നിർവ്വഹിക്കും. ഞങ്ങളുടെ പഞ്ചായത്തിലെ രാഷ്ട്രീയ, സാംസ്കാരിക, സാമൂഹ്യ ഉദ്യോഗസ്ഥ മണ്ഡലങ്ങളിലെവർണ്ണവ്യക്തിത്വങ്ങളുടെ നിസ്തുലമായ സേവനങ്ങൾ ഞങ്ങൾക്കു മുതൽ ക്കൂട്ടാകും.

കൊടവള്ളിയുടെ വികസന പ്രക്രിയക്ക് ഈ വികസന പത്രം ഒരു വെള്ളി നക്ഷത്രമാവട്ടെ എന്നു ആശംസിക്കുന്നു.

# കൊടുവള്ളി പഞ്ചായത്ത്

# പൊതുവിവരണം



1. പഞ്ചായത്തിന്റെ പേര് : കൊടുവള്ളി
2. ഉൾപെടുന്ന വില്ലേജുകൾ : കൊടുവള്ളി, വാവാട്, പുത്തൂർ
3. ബ്ലോക്ക് പഞ്ചായത്ത് : കൊടുവള്ളി
4. താലൂക്ക് : കോഴിക്കോട്
5. വിസ്തീർണ്ണം : 23.85 ച.കി.മീറ്റർ
6. അതിരുകൾ : പടിഞ്ഞാറ്: പൂനൂർ പുഴ
   കിഴക്ക് : ചെറുപുഴ
   തെക്ക് : കുന്ദമംഗലം പഞ്ചായത്ത്
   വടക്ക് : താമരശ്ശേരി പഞ്ചായത്ത്

ജനസംഖ്യ : 37129 (1991 ലെ സെൻസസ്)
പുരുഷൻ : 18428
സ്ത്രീ : 18701
ജനസാന്ദ്രത : 1556.77 ച.കി.മീറ്റർ

അക്ഷരഭ്യാസമുള്ളവർ
പുരുഷൻ : 14499
സ്ത്രീ : 13173
ആകെ : 27672
വാർഡുകൾ : 14

പ്രസിഡണ്ട് : സുബൈദാറഹിം
വൈസ്. പ്രസിഡണ്ട് : പി.ടി.എ. റഹിം
സ്റ്റാൻഡിങ്ങ് കമ്മിറ്റി ചെയർമാൻ : പി.സി. അഹമ്മദ്ഹാജി

3

# ചരിത്രപശ്ചാത്തലം

## കൊടുവള്ളി പോയ കാലങ്ങളിലൂടെ

പ്രാചീന മലബാറിൽ 1947 ന് മുമ്പ് നിലവിലുണ്ടായിരുന്ന 3 പഞ്ചായത്തുകളിൽ ഒന്നാണു `കൊടുവള്ളി ഇന്ന് `ഓമശ്ശേരി പഞ്ചായത്തിലുള്ള മങ്ങാട് തുടങ്ങിയ പ്രദേശങ്ങൾ ഉൾപെട്ടതായിരുന്നു പഴയ കൊടുവള്ളി പഞ്ചായത്ത്'. താമരശ്ശേരി പഞ്ചായത്തിലുൾപെട്ട പരപ്പൻ പൊയിൽ, കാരാടി തുടങ്ങിയ പ്രദേശങ്ങൾ കൊടുവള്ളിയിലായിരുന്നു. മലബാർ ഡിസ് ട്രിക്റ്റും ബോർഡിന്റെ പ്രവർത്തനപരിധിക്കുള്ളിലായിരുന്നു താമരശ്ശേരിയും ബാലുശ്ശേരിയുമൊഴിച്ചുള്ള മറ്റെല്ലാ അയൽപക്ക പഞ്ചായത്തുകളും. സ്വാതന്ത്ര്യത്തിനു മുമ്പുള്ള പ്രഥമ പഞ്ചായത്ത് പ്രസിഡണ്ട് ജ: ടി.കെ. പരിയേയിക്കുട്ടി അധികാരിയായിരുന്നു. 1953 ൽ കൈപൊക്കി പഞ്ചായത്ത് മമ്പർമാരെ തിരഞ്ഞെടുത്ത സംഭവം ചരിത്ര രേഖകളിൽ കാണുന്നു. വാർഡുകൾക്കുപകരം ബ്ളോക്ക് എന്ന നാമധേയത്തിലാണ് പഞ്ചായതിർത്തിയും നിയോജകമണ്ഡലങ്ങളും വിഭജിക്കപ്പെട്ടിരുന്നത്.

പഞ്ചായത്തിൽ എക്സിക്യൂട്ടീവ് അധികാരങ്ങളുൾപ്പടെ മുഴുവൻ അധികാരങ്ങളും പ്രസിഡണ്ടിൽ നിക്ഷിപ്തമായിരുന്നു.

കൊടുവള്ളി ഹയർ എലിമെണ്ടറി സ്ക്കൂൾ ഹെഡ്മാസ്റ്റർ ശ്രീ. പി.പി. കൃഷ്ണൻ നാരും കൊടുവള്ളിയുടെ വികസനത്തിൽ മുഖ്യപങ്കാളിത്തം വഹിച്ച വ്യക്തിയായിരുന്നു. 1949 മുതൽ പഞ്ചായത്ത് ഓഫീസിൽ പാർട്ട്ടൈം ക്ലാർക്ക് കൂടിയായിരുന്നു - അതിന്നു പുറമെ ഒരു ബിൽകലക്ടർ മാത്രമേ പഞ്ചായത്ത് ജീവനക്കാരനായി ഉണ്ടായിരുന്നുള്ളു. ഗ്രാമ മുൻസീഫ് കൂടിയായിരുന്ന പഞ്ചായത്ത് പ്രസിഡണ്ട് ഗ്രാമക്കോടതിയിൽ കേസുകൾ ശ്രവിച്ച് വിധിപറയാറുണ്ടായിരുന്നു. പഞ്ചായത്ത് പരിധിയിൽ അലഞ്ഞുനടക്കുന്ന കാലികളെ പിടിച്ചുകൊണ്ടുവന്നു കെട്ടുന്ന ``പൌണ്ടാല'' എന്ന പേരിൽഅറിയപ്പെടുന്ന പൊതു കാലിത്തൊഴുത്തു ഇന്നു ലോക്കൽ ലൈബ്രറി സ്ഥിതിചെയ്യുന്ന സ്ഥലത്തായിരുന്നു. പഴയ മദ്രാസ് സംസ്ഥാനത്തിന്റെ ഭാഗമായിരുന്നു അന്ന് മലബാർ. 1952 ൽ കൊടുവള്ളി സന്ദർശിച്ച മുഖ്യമന്ത്രി കാമരാജ നാടാർക്ക് പഞ്ചായത്ത് അങ്കണത്തിൽ സംഘടിപ്പിച്ച ഉജ്ജ്വലമായ സ്വീകരണത്തിൽ സമർപ്പിച്ച നിവേദനത്തിൽ ഉന്നയിക്കപ്പെട്ട പ്രധാനാവശ്യങ്ങൾ മക്കാട്ട്, കൊടുവള്ളി പാലങ്ങൾ നിർമ്മിക്കാനും, കൊടുവള്ളി - ഓമശ്ശേരി റോഡ് ടാറിടാനം, കൊടുവള്ളിയിൽ ഹൈസ്ക്കൂൾ, ഹെൽത്ത് സെന്റർ എന്നിവ അനുവദിക്കാനുമായിരുന്നു - അന്നു വീടുകളിലൊന്നും ഇന്നത്തെപ്പോലെ റേഡിയോ ഉണ്ടായിരുന്നില്ല. പഞ്ചായത്തിൽ മാത്രമുണ്ടായിരുന്ന റേഡിയോക്ക് മുമ്പാകെ പാട്ടുകേൾക്കാൻ ആളുകൾ തടിച്ചു കൂടുക പതിവായിരുന്നു. അന്ന് പഞ്ചായത്തിൽ 3 റോഡുകൾ മാത്രമേ ഉണ്ടായിരുന്നുള്ളു. കൊടുവള്ളി - ഓമശ്ശേരി, കൊടുവള്ളി - നരിക്കുനി, കൊടുവള്ളി - കരുവമ്പൊയിൽ എന്നീ റോഡുകൾ. കൊടുവള്ളി - കരുവമ്പൊയിൽ റൂട്ടിൽ ഒരു നടവഴിമാത്രമേ ഉണ്ടായിരുന്നുള്ളു. ഇത് റോഡാക്കി മാറ്റിയത് പഞ്ചായത്ത് പ്രസിഡണ്ടായിരുന്ന പരിയോയിക്കുട്ടി അധികാരിയുടെ ശ്രമഫലമായിട്ടാണ്.

``അധികാരി എന്നത് ഇന്നത്തെ വില്ലേജ് ഓഫീസറുള്ള സ്ഥാനപ്പേരായിരുന്നു. അധികാരിയുടെ അധികാരങ്ങൾ അന്ന് വിപുലമായിരുന്നു. കൊടുവള്ളി ചന്ത അന്ന് അധികാരിമാരുടെ അധീനതയിലായിരുന്നു. 1924 ൽ കൊടുവള്ളി ചന്ത ഇന്ന് `മോഡേൺ വുഡ് ഇന്റസ്ട്രീസ് സ്ഥിതിചെയ്യുന്ന സ്ഥലത്ത് അദ്യ

മായി സ്ഥാപിച്ചത് `കരുവൻപൊയിൽ പ്രദേശത്തെ പൊയിൽ അബ്ദുള്ള സാഹിബ് ആയിരുന്നു. പ്രസ്തുത ചന്ത നടത്തിയതും അദ്ദേഹമായിരുന്നു. ചന്തക്ക് വേണ്ടി ദീർഘകാലം പരിയേയിക്കുട്ടി അധികാരിയും അബ്ദുള്ളയും തമ്മിൽ തർക്കങ്ങൾ നടന്നതായി പറയപ്പെടുന്നു. ഏതായാലും ജനനമരണ റജിസ്ട്രാറും ചന്ത ഉടമയുമെല്ലാമായിരുന്ന കൊടുവള്ളി അധികാരി അധികാര ശക്തിയുള്ള ആൾ തന്നെയായിരുന്നു. 1921 ലെ മാപ്പിള ലഹളയിൽ ലഹളക്കാരെ സഹായിച്ചു എന്ന ആരോപണം ചുമത്തി ബ്രിട്ടീഷ് പോലീസ് പൊയിലിൽ അബ്ദുള്ളയെ അറസ്റ്റ് ചെയ്ത് ജയിലിൽ ഇട്ടു പകരം പരിയേയിക്കുട്ടി അധികാരിക്ക് ആ സ്ഥാനം നൽകുകയാണ് ഉണ്ടായത്. പുരാതന കൊടുവള്ളിയിൽ മൂന്ന് സർക്കാർ ഓഫീസുകളാണ് ഉണ്ടായിരുന്നത്. രജിസ്ട്രാർ ഓഫീസ്, അംശക്കച്ചേരി പോസ്റ്റ് ഓഫീസ്. പഴമയുടെ കഥ പറഞ്ഞ അംശക്കച്ചേരിയുടെ ചിത്രം കൊടുവള്ളിക്കാരുടെ മനസ്സിൽ ഇന്നും മായാതെ കിടപ്പുണ്ടാകും. ഈ അംശക്കച്ചേരിനിലനിന്നിരുന്ന സ്ഥലത്താണ് ഇപ്പോൾ പഴയ ബസ്സ്റ്റാന്റ് സ്ഥിതിചെയ്യുന്നത്.

ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായിരുന്ന ഉപ്പു സത്യഗ്രഹത്തിൽ പങ്കെടുത്ത വാവാട്ട് ഉറുവാൻ കുണ്ടുങ്ങൽ കണ്ണൻ കുട്ടി, എം.കെ. പരമേശ്വരൻ നമ്പീശൻ, വി. പാച്ചുകുട്ടി, എം. വേലുകുട്ടി തടുങ്ങിയവർ ഹരിജനോദ്ധാരണത്തിനും പിന്നോക്ക വിഭാഗങ്ങളുടെ ക്ഷേത്രപ്രവേശനത്തിനും വേണ്ടിയുള്ള സമരത്തിന് നേതൃത്വം കൊടുത്തവരായിരുന്നു. തലപ്പെരുമണ്ണയിലെ ചെറിയ വള്ളിക്കാട്ട് ആലികുഞ്ഞി സാഹിബ് ഒരു തികഞ്ഞ ദേശീയ വാദിയായിരുന്നു. മുഹമ്മദ് അബ്ദുറഹിമാൻ സാഹിബ്ബിന്റെ ഒരു അടുത്ത അനുയായിയുമായിരുന്നു അദ്ദേഹം. അബ്ദുറഹിമാൻ സാഹിബ് ഒരിക്കൽ വള്ളിക്കാട്ട് വീട്ടിൽ അതിഥിയായെത്തിയിട്ടുണ്ട്. കൊടുവള്ളിയിൽ ആദ്യമായി സ്ഥാപിച്ച ജ്ഞാനപോഷിണി വായനശാലയുടെ സ്ഥാപകൻ മറിവീട്ടിൽ ഉക്കാരൻ കുട്ടി നായരടക്കുള്ള മറിവീട്ടിൽ കുടുംബമായിരുന്നു. ദേശീയ പ്രസ്ഥാനത്തിന്റെ ആവേശമുൾക്കൊണ്ട ഈ വായനശാലയുടെ പേര് പിന്നീട് `ഗാന്ധി സ്മാരക വായനശാല' എന്നാക്കിമാറ്റി. ഇപ്പോഴത്തെ സബ് റെജിസ്ട്രാർ ഓഫീസിന് മുമ്പിലായിരുന്നു ഈ വായനശാല പിന്നീട് അതിന്റെ പ്രവർത്തനം നിലച്ചു. കൊടുവള്ളിലാദ്യമായി അറിയപ്പെടുന്ന രാഷ്ട്രീയപ്രവർത്തകർ മറിവീട്ടിൽ ഗോവിന്ദൻ കുട്ടി നായർ, വി.കെ. നാരയണൻ നായർ, വള്ളിക്കാട്ട് ആലികുഞ്ഞി സാഹിബ്, ഒ.പി. അപ്പുമാസ്റ്റർ, ഗോവിന്ദൻ മാസ്റ്റർ, പി.കെ. പണിക്കർ, കെ.പി.കെ. പണിക്കർ, പുൽപ്പറമ്പിൽ രാവുണ്ണി, എം.പി. ഇസ്മാൽകുട്ടി ഹാജി എന്നിവരായിരുന്നു.

ബ്രിട്ടീഷ് ഭരണകാലത്ത് സ്ഥാപിതമായ ആദ്യത്തെ പോസ്റ്റ് ഓഫീസിലെ പോസ്റ്റ് മാസ്റ്റർ വെണ്ടർ ആലിക്കുഞ്ഞി എന്ന മണാളൻ തോട്ടത്തിൽ ആലികുഞ്ഞിയായിരുന്നു. പഞ്ചായത്തിലെ ആദ്യത്തെ ബിരുദധാരി ശ്രീ. മാധവനും ആദ്യത്തെ ഡോക്ടർ പി.സി.സിയാലിയും, അഭിഭാഷകൻ പി.കെ. മൂസയും, ബിരുദാനന്തബിരുദധാരി എം. മാധവൻ നമ്പൂതിരിയും ബി. എഡ്കാരൻ പി.സി. വേലായുധൻ മാസ്റ്ററുമാണ്.

തലപ്പെരുമണ്ണയിലെ വള്ളിക്കാട്ട് ഇമ്പിച്ചിമോതിസാഹിബ് പഞ്ചായത്തിൽ അറിയപ്പെടുന്ന ഒരു അധികാര ശക്തിയായിരുന്നു. പ്രാദേശിക നിലവാരത്തിൽ കേസുകൾ കേൾക്കുകയും വിധിപ്രഖ്യാപിക്കുകയും ചെയ്യുന്നതിന് ബ്രിട്ടീഷ് ഗവൺമെന്റ് പത്ത് ജൂറിമാരെ നിശ്ചയിച്ചതിൽ ഒരാൾ ഇദ്ദേഹമായിരുന്നു. ഇദ്ദേഹം ആവശ്യപ്പെട്ടതനുസരിച്ചാണ് `പട്ടാളം ലഹളക്കാലത്ത് കൊടുവള്ളിയിൽ വന്നത്. കൊടുവള്ളിയിലെ വിദ്യാഭ്യാസരംഗത്ത് പരേതനായ കെ.വി. മോയിൻ കുട്ടി ഹാജി വഹിച്ച പങ്ക് വളരെ വലിയതാണ്. കൊടുവള്ളി ഹൈസ്ക്കുളിന്റെ സ്ഥാപനത്തിലും കരുവമ്പൊയിൽ സ്ക്കൂളിന്റെ നിലനില്പിലും മറ്റു പല വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും സഹായങ്ങൾ നല്കുന്നതിലും മോയിൻ കുട്ടി ഹാജി വഹിച്ച പങ്ക് വളരെ വലിയതാണ്. ജ: കെ.വി. ഹാജി ഹൈസ്ക്കുളിന് വേണ്ടി സ്ഥലം

സംഘടിപ്പിക്കുകയും പഠനം - ഭൌതിക സൌകര്യങ്ങളിൽ അതീവ ശ്രദ്ധപതിപ്പിക്കുകയും ചെയ്തില്ലായിരുന്നുവെങ്കിൽ കൊടുവള്ളി ഹൈസ്ക്കൂൾ എന്ന സ്ഥാപനം തന്നെ ഒരു മരീചികയായിമാറുമായിരുന്നു. ഈ ചരിത്രസത്യം ഓർമ്മിച്ചുകൊണ്ട് ``ഹൈസ്ക്കൂളിന്റെ പേര് മോയിൻ കുട്ടിഹാജി മെമ്മേറിയൽ ഹൈസ്ക്കൂൾ'' എന്നാക്കി മാറ്റാനുള്ള നിർദ്ദേശം സ്ക്കൂൾ പി.ടി.എ സർക്കാറിന് സമർപ്പിച്ചുവെങ്കിലും സർക്കാർ ചുവപ്പ് നാടകൾ അതിനെ തടസ്സപ്പെടുത്തുകയാണുണ്ടായത്. വിദ്യാഭ്യാസപരമായി വളരെ വളരെ പിന്നോക്കം നിന്നിരുന്ന കൊടുവള്ളിയിൽ വിരലിലെണ്ണാവുന്നവർ മാത്രമേ വിദ്യാഭ്യാസം നേടിയിരുന്നുള്ളു. അന്ന് പത്രം വായിക്കുന്നവർ ആറോ ഏഴോ പേരിൽ ഒതുങ്ങിയിരുന്നു.

കൊടുവള്ളിയിലെ ജനത ഏറെയും കാർഷിക വൃത്തിയിലേർപ്പെട്ടവരായിരുന്നു. ക്രമേണ വലിയ ഒരു വിഭാഗം വ്യാപാര രംഗത്തേക്ക് കാൽവെച്ചുതുടങ്ങി. കൊടുവള്ളിയിലെ ആദ്യത്തെ വ്യാപാരി ആക്കോട്ട്നിന്നു വന്ന എം.പി. കുഞ്ഞോായി ഹാജിയായിരുന്നു. 200 ഓളം വരുന്ന സ്വർണ്ണക്കടകളുള്ള ``സുവർണ്ണനഗരി'' എന്ന് വിദേശ പത്രങ്ങൾ പോലും വിശേഷിപ്പിച്ച കൊടുവള്ളിയിൽ ആദ്യമായി സ്വർണ്ണ വ്യാപാരം തുടങ്ങിയത് കുഴിയിൽ അഹമ്മദ് എന്ന ആളായിരുന്നു. വ്യാപാരംഗത്ത് മുന്നിട്ടുനിന്ന മറ്റു വ്യക്തികളായിരുന്ന വേളാട്ട് പക്കർ കുട്ടി ഹാജിയും കരുവമ്പൊയിൽ നിന്നുള്ള പൊയിൽ കുഞ്ഞായിൽ ഹാജിയും എം.പി. ഇസ്മാൽ കുട്ടി ഹാജിയും.

മാനിപുരത്തെ മക്കാട്ട്വാസുദേവൻ നമ്പൂതിരി പഞ്ചായത്തിലെ ഏറ്റവും വലിയ ജന്മിയും വിദ്യാഭ്യാസ സാംസ്കാരികരംഗങ്ങളിൽ അതീവ ശ്രദ്ധപതിപ്പിച്ച വ്യക്തിയുമായിരുന്നു. പരിയേയിക്കുട്ടി അധികാരിക്കു ശേഷം 1964 ൽ നടന്ന തിരഞ്ഞെടുപ്പിൽ അധികാരത്തിൽ വന്ന ബോർഡിന്റെ പ്രസിഡണ്ട് `കെ.വി. മോയിൻ കുട്ടി ഹാജിയായിരുന്നു. 1994 മുതൽ 1978 വരെ 14 കൊല്ലം നീണ്ടുനിന്ന പ്രസ്തുത ബോർഡിന്റെ ഭരണത്തിൻകീഴിൽ എം. മാധവൻ നമ്പൂതിരി, ടി.കെ. പരിക്കുട്ടിഹാജി എന്നിവർ പ്രസിഡണ്ടുമാരായിരുന്നിട്ടുണ്ട്.' ശ്രീ. മാധവൻ നമ്പൂതിരി പ്രസിഡണ്ടായിരുന്നകാലത്താണ് ലക്ഷം വീട് പദ്ധതിയുടെ കീഴിൽ നൂറ് വീടുകളുടെ നിർമ്മാണം പൂർത്തിയാക്കിയത്. കോഴിക്കോട് ജില്ലയിൽ കൊടുവള്ളിയിൽ മാത്രമേ നൂറു വീടുകൾ പൂർത്തിയാക്കി ലക്ഷ്യപ്രാപ്തിയിലെത്തിയിട്ടുള്ളൂ. ഈ നേട്ടത്തിനു പിന്നിൽ കൊടുവള്ളി പഞ്ചായത്ത് ബോർഡിന്റെ അശ്രാന്ത പരിശ്രമമുണ്ട്. കൊടുവള്ളി - ഓമശ്ശേരി റോഡു വീതികൂട്ടി ബസ് ഗതാഗതത്തിന് അനുയോജ്യമാക്കിയതും അക്കാലത്തു തന്നെയാണ്. 1978ന് ശേഷം നടന്നതിരഞ്ഞെടുപ്പിൽ ജ: ഇ.സി. ചെറിയമ്മദ് പ്രസിഡണ്ടായുള്ള ബോർഡ് അധികാരത്തിൽ വന്നു. 1990 ൽ നടന്നതിരഞ്ഞെടുപ്പിൽ പി.ടി.എ. റഹിം പ്രസിഡണ്ടായുള്ള ബോർഡാണ് അധികാരമേറ്റത്. 1995 ൽ നടന്ന തിരഞ്ഞെടുപ്പിലൂടെ അധികാരത്തിൽ വന്ന ഇപ്പോഴത്തെ ബോർഡിന്റെ പ്രസിഡണ്ട് ശ്രീമതി. സുബൈദാറഹീമാണ്.

വികസനത്തിന്റെ വെളിച്ചം കാണാതെകിടന്നിരുന്ന കൊടുവള്ളി പഞ്ചായത്തിന്നു നിരവധി പുരോഗതികൾ ഈ ബോർഡുകളുടെ ഭരണകാലഘട്ടങ്ങളിൽ ഉണ്ടായിട്ടുണ്ട്. 1978 ന് മുമ്പുണ്ടായിരുന്ന ഭരണ സമിതിയുടെകാലത്താണു ഇന്ന് സബ് ട്രഷറി പ്രവർത്തിക്കുന്ന കെട്ടിടവും അതിന് മുമ്പിലുള്ള ബസ്സ്റ്റാന്റും നിർമ്മിച്ചത്. 1981 ൽ അന്നത്തെ ബോർഡിന്റെ ഭരണകാലത്ത് പഞ്ചായത്ത് ഫണ്ടും ഒരു എക്സിബിഷൻ നടത്തിഅതിലൂടെ സമാഹരിച്ചഫണ്ടും ഉപയോഗപ്പെടുത്തിയാണ് ഇന്നത്തെ പഞ്ചായത്ത് കമ്യൂണിറ്റി ഹാൾ നിർമ്മിച്ചത്. ഇപ്പോൾ പഞ്ചായത്ത് ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടവും അതിനോടു ചേർന്നുള്ള ഷോപ്പിങ്ങ് കോംപ്ളക്സും ആ കാലഘട്ടത്തിൽ തന്നെ റൂറൽ ഡവലപ്പ്മെന്റ് ബോർഡിന്റെ വായ്പ ഉപയോഗപ്പെടുത്തി നിർമ്മിച്ചതാണ്.

ഇന്നു കൊടുവള്ളി പഴയ ബസ്സ്റ്റാണ്ടിൽ നിർമ്മിച്ച ഓപൺ എയർ തീയേറ്ററും പഞ്ചാ

യത്ത് ഓഫീസിന് സമീപം നിർമ്മിച്ച കംഫർട്ട് സ്റ്റേഷനും മാനിപുരത്തെ ഷോപ്പിങ്ങ് കോംപ്ളക്സും 90-95 കാലഘട്ടത്തിലെ പ്രധാനപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങളായിരുന്നു. **ഇപ്പോഴത്തെ ഭരണസമിതി 1995 ഒക്ടോബർ 2 ന് അധികാരമേറ്റങ്കിലും കാര്യമായ പ്രവർത്തനപരിപാടികളൊന്നും നടപ്പിലാക്കാനുള്ള ഫണ്ടുകൾ കൈമാറാത്ത**തുകാരണം നിർമ്മാണ പ്രവർത്തനങ്ങൾ കാര്യമായെന്നും നടന്നില്ല. ഇന്നത്തെ ഓമശ്ശേരി പഞ്ചായത്തിന്റെ ചിലഭാഗങ്ങൾ കൂടി ഉൾപ്പെട്ടതായിരുന്നു കൊടുവല്ളി പഞ്ചായത്ത്. 1981 ൽ ഈ പ്രദേശങ്ങൾ ഉൾപ്പെടുത്തി ഓമശ്ശേരി പഞ്ചായത്ത് രൂപീകരിച്ചതോടുകൂടി ചെറുപുഴ അതിരിടുന്ന, ഭൂമിശാസ്ത്രപരമായി ഒതുങ്ങിയ ഒരു പഞ്ചായത്തായിത്തീർന്നു കൊടുവള്ളി. കൊടുവള്ളി, വാവാട്, എന്നീ വില്ലേജുകൾ പുത്തൂർ വില്ലേജിലെ കെടയത്തൂർ ദേശം എന്നിവ അടങ്ങിയതാണ് കൊടുവള്ളി പഞ്ചായത്ത്. വാവാട് വില്ലേജ് അടുത്ത കാലത്ത് രൂപീകരിച്ചതാണ്. അവിടെ വില്ലേജ് ഓഫീസ് നിർമ്മിച്ചു എന്നല്ലാതെ മറ്റ് സർക്കാർ, അർദ്ധസർക്കാർ ഓഫീസുകൾ ഒന്നും അവിടെയില്ല.

കൊടുവള്ളിയിൽ സ്ഥാപിച്ച റൂറൽ ഡിസ്പൻസറി ദീർഘകാലത്തെ സമരത്തിലൂടെ നേടിയെടുത്തതാണ്. കൊടുവള്ളി, കുന്ദമംഗലം ഫർക്കകൾ ചേർത്ത് `കൊടുവള്ളി താലൂക്ക്' രൂപീകരിക്കണമെന്ന മുറവിളിക്ക് ദീർഘകാലത്തെ ചരിത്രമുണ്ട്. കൊടുവള്ളി പഞ്ചായത്തിലെ ജനത പ്രസ്തുത താലൂക്ക് യഥാർത്ഥ്യ**മാകുന്നതും കാത്തിരിക്കുകയാണ്.**

കൊടുവള്ളി എൻ.ഇ.എസ്. ബ്ലോക്കിന്റെ ആസ്ഥാനം കൊടുവള്ളിയാണ്. ഈ ബ്ലോക്കാഫീസ് നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം സംഭാവന ചെയ്തത് പരിയേയിക്കുട്ടി അധികാരിയാണ്. 1949 മുതൽ പഞ്ചായത്ത് ഓഫീസിൽ പ്രവർത്തിച്ചിരുന്ന ലൈബ്രറിയാണ് പിന്നീട് ലോക്കൽ ലൈബ്രറി ഏറ്റെടുത്ത് അവരുടെ സബ്സെന്ററാക്കിയത്. നമ്മുടെ പഞ്ചായത്തിന് അനുസൃതമായ ഒരു ഗ്രന്ഥാലയം ഇവിടെ ഇല്ലന്നുള്ളത് പ്രത്യേകം പ്രസ്താവ്യമാണ്.

സൌത്ത് കൊടുവള്ളിയിൽ വെണ്ണക്കാട് റെസ്ററ് ഹൗസ് സ്ഥിതിചെയ്തിരുന്ന സ്ഥലത്താണ് ഇപ്പോഴത്തെ വെണ്ണക്കാൽ യു.പി. സ്ക്കൂൾ നിലനില്ക്കുന്നത്. ഈ സ്ഥലം P.W.D. വിദ്യാഭ്യാസ വകുപ്പിന് കൈമാറിയതാണ്.

കൊടുവള്ളി പഞ്ചായത്തിനെ അയൽപഞ്ചായത്തുകളുമായി ബന്ധിപ്പിക്കുന്ന മൂന്ന് പാലങ്ങൾ വികസന ചരിത്രത്തിലെ ഒരു നാഴികക്കല്ലാണ്. കിഴക്കോത്ത്, ഓമശ്ശേരി, ചാത്തമംഗലം പഞ്ചായത്തുകളെ യോജിപ്പിക്കുന്ന പാലങ്ങളാണ് മക്കാട്ട് കടവ്, കൊടുവള്ളി കടവ്, കുറുങ്ങാട്ട് കടവ് പാലങ്ങൾ. **ഈ പാലങ്ങൾ യാഥാർത്ഥ്യമായതിന്റെ പിന്നിൽ ദീർഘകാലത്തെ പ്രയത്നങ്ങൾ ഉണ്ടായിട്ടുണ്ട്.** കുറുങ്ങാട്ട് കടവ് പാലത്തിന്റെ നിർമ്മാണം പൂർത്തിയായെങ്കിലും അപ്രോച്ചു റോഡുകൾ പൂർത്തീകരിച്ചിട്ടില്ല. വയനാടൻ പ്രദേശങ്ങളെ മാവൂർ, ആർ.ഇ.സി. അടക്കമുള്ള വ്യവസായ വിദ്യാഭ്യാസമേഖലകളുമായി എളുപ്പമാർഗ്ഗത്തിൽ ബന്ധിപ്പിക്കുന്ന ഒരു കോടിയിലേറെ മുതൽമുടക്കുള്ള ഒരു പാലമാണിത്. ഒട്ടേറെ മറ്റ് വികസനങ്ങളും കൊടുവള്ളിയിൽ ഉണ്ടായിട്ടുണ്ട്. എൻ.ഇ.എസ്. ബ്ലോക്കിലൂടെയും പഞ്ചായത്തിലൂടെയുള്ള പദ്ധതികൾ പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ നടപ്പാക്കിയിട്ടുണ്ട്.

താരതമ്യേന ശുഷ്കമായ വിഭവശേഷി പഞ്ചായത്ത് വികസനത്തെ കാര്യമായി തടസ്സപ്പെടുത്തുന്നുണ്ട് ജനകീയ ആസൂത്രണത്തിന്റെ ഗുണഫലങ്ങൾ പ്രയോജനപ്പെടുത്തി വികസന മുന്നേറ്റത്തിന്റെ പടഹധ്വനിയുമായി നമുക്ക് മുന്നോട്ട് പോകാം.

# 4

# ഭൂപ്രകൃതി - ജനപ്രകൃതി - ജലപ്രകൃതി

## ഭൂപ്രകൃതി

കോഴിക്കോട് പട്ടണത്തിൽ നിന്നും 20 കി.മീ. കിഴക്ക് മാറിയാണ് കൊടുവള്ളി പഞ്ചായത്ത് കിടക്കുന്നത്.

പശ്ചിമഘട്ടത്തിൽനിന്നും നീർച്ചാലുകളായി ഉത്ഭവിച്ച് കോഴിക്കോട് ജില്ലയിലെ പുതുപ്പാടി, താമരശ്ശേരി പഞ്ചായത്തുകളിലൂടെ ഒഴുകി എത്തുന്ന പൂനൂർപുഴയും ചെറുപുഴയും യഥാക്രമം പഞ്ചായത്തിന്റെ പടിഞ്ഞാറും കിഴക്കും അതിരുകളായി ഒഴുകുന്നു. വടക്ക് താമരശ്ശേരി പഞ്ചായത്തും തെക്ക് കുന്ദമംഗലം പഞ്ചായത്തുകളുമാണ് മറ്റ് അതിരുകൾ.

കൊടുവള്ളി, വാവാട് വില്ലേജുകളും പുത്തൂർ വില്ലേജിലെ കെടയത്തൂർ ഉൾപ്പെട്ട കൊടുവള്ളി പഞ്ചായത്ത് ചെറുതും വലുതുമായ പത്തോളം കുന്നുകളും അവയുടെ താഴ്‌വരകളും സമതലങ്ങളും അടങ്ങിയതാണ്.

| ഭൂപ്രകൃതി മേഖലകൾ വിസ്ത്രതി | ഹെക്ടർ | ശതമാനം |
|---|---|---|
| ഉയർന്നകുന്നും കുത്തനെയുള്ള ചെരിവും | 710 | 30% |
| ചെറിയചരിവ് | 142 | |
| സമതലം | | |
| താഴ്‌വര | 160 | 6.8% |
| പുഴ | 91.2 | |

23.85 ച.കി.മീ. വിസ്ത്രതിയുള്ള പഞ്ചായത്തിനെ ഭൂപ്രകൃതിയനുസരിച്ച് 5 മേഖലകളായി തിരിക്കാം.

കൊടുവള്ളി പഞ്ചായത്തിന്റെ 90% ചെങ്കല്ലും ചെങ്കൽ മണ്ണും അടങ്ങിയതാണ്. 10% എക്കൽമണ്ണാണ്.

## ജനപ്രകൃതി

1991 ലെ സെൻസസ് പ്രകാരം പഞ്ചായത്തിലെ ജനസംഖ്യ 37129 ആണ്. ഇതിൽ 18701 സ്ത്രീകളും 18428 പുരുഷൻമാരുമാണ്. ആകെ വീടുകൾ 6276 ഉം ജനസാന്ദ്രത ച.കി.മീറ്ററിന് 1556.7 ഉം ആണ്. ആറ് വയസ്സിനും താഴെ പ്രായമുള്ള കുട്ടികളുടെ എണ്ണം 6180 ഇതിൽ 3150 ആൺകുട്ടികളും 3030 പെൺകുട്ടികളും. പട്ടികജാതിയിൽ പെട്ടവരുടെ ജനസംഖ്യ 2550 ഉം ഇതിൽ 1301 പുരുഷൻമാരും 1249 സ്ത്രീകളുമാണ്. പഞ്ചായത്തിലെ ജനസംഖ്യയിൽ 27672 പേർ സാക്ഷരരാണ്. സ്ത്രീകൾ 13173 ഉം പുരുഷൻമാർ 14499 ഉം. എന്നാൽ 1990 ലെ സാക്ഷരതാ സർവ്വെയിൽ 4411 നിരക്ഷരരാണ് പഞ്ചായത്തിൽ ഉണ്ടായിരുന്നത്. ഇതിൽ 88% പേരെ സാക്ഷരരാക്കാൻ കഴിഞ്ഞിട്ടുണ്ട്.

വിദ്യാഭ്യാസകാര്യത്തിൽ പിന്നോക്കം നിന്ന ഒരു പ്രദേശമായിരുന്നു കൊടുവള്ളി എങ്കിലും ഈ അടുത്ത കാലത്ത് വളരെ മാറ്റങ്ങൾ ഉണ്ടായിതുടങ്ങിയിട്ടുണ്ട്. കൊടുവള്ളിയിലെ രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക രംഗത്തുണ്ടായിട്ടുള്ള വളർച്ചക്കു പുറമെ സമീപകാലത്തുണ്ടായ വ്യാപാര പുരോഗതിയും ഇതിന് സാഹയകങ്ങളാണ്. 1990 ലെ ഒരു കണക്കനുസരിച്ച് നിരക്ഷരതയുടെ കാര്യത്തിൽ കോഴിക്കോട് ജില്ലയിൽ കൊടുവള്ളി രണ്ടാംസ്ഥാനത്തായിരുന്നു എന്നതും സ്മരണീയമാണ്. ഈ അടുത്ത കാലത്ത് മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും വിദ്യാഭ്യാസത്തിന്റെഗുണനിലവാരത്തിൽ കൊടുവള്ളി ഇന്നും പിന്നിൽ തന്നെയാണ്.

തൊഴിലില്ലായ്മ നമ്മുടെ പഞ്ചായത്തിന്റെയും ഒരു ശാപമാണ്. അഭ്യസ്ഥവിദ്യരും അല്ലാത്തവരുമായ ധാരാളം തൊഴിൽ

## വാർഡ്തലത്തിലുള്ള ജനസംഖ്യാവിവരങ്ങൾ പട്ടികയിൽ

| വാർഡ് | പുരുഷൻമാർ | സ്ത്രീകൾ | ആകെ | പട്ടികജാതി | | |
|---|---|---|---|---|---|---|
| | | | | പുരുഷൻമാർ | സ്ത്രീകൾ | ആകെ |
| 1 | 1690 | 1740 | 3430 | 88 | 70 | 158 |
| 2 | 1511 | 1547 | 3058 | 54 | 46 | 100 |
| 3 | 1154 | 1122 | 2276 | 55 | 70 | 125 |
| 4 | 1818 | 1750 | 3568 | 105 | 107 | 212 |
| 5 | 1306 | 1416 | 2722 | 75 | 76 | 151 |
| 6 | 1560 | 1587 | 3147 | 135 | 127 | 262 |
| 7 | 1409 | 1430 | 2839 | 144 | 151 | 295 |
| 8 | 1584 | 1547 | 3131 | 153 | 124 | 277 |
| 9 | 1173 | 1231 | 2404 | 81 | 80 | 161 |
| 10 | 1883 | 1892 | 3775 | 185 | 171 | 356 |
| 11 | 1717 | 1782 | 3499 | 139 | 150 | 289 |
| 12 | 1623 | 1657 | 3280 | 87 | 77 | 164 |

(വാർഡ് വിഭജനത്തിന് മുൻപുള്ളത്)

രഹിതർ നമ്മുടെ പഞ്ചായത്തിലുണ്ട്. ഇത് പരിഹരിക്കുന്നതിന് തൊഴിലധിഷ്ടിത വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകണം. നമ്മുടേത് ഒരു കാർഷികഗ്രാമമാണെങ്കിലും കൃഷി ആദായകരമല്ലാത്തതിനാലും ഇവിടുത്തെ ഭൂപ്രകൃതിയുടെ സവിശേഷതയും കാരണം ഈ മേഖല ഭീഷണിയെ നേരിടുന്നു. കൃഷിപണിക്കാർ ചുരുങ്ങുകയും. നല്ലൊരു വിഭാഗം കെട്ടിടനിർമ്മാണ രംഗത്തേക്കും മറ്റുള്ളവർ ഗൾഫ് മേഖലയിലേക്കും കടന്നിട്ടുണ്ട്. എന്നാൽ ഇവ രണ്ടും ശാശ്വതമല്ല എന്ന തോന്നൽ ജനങ്ങളെ വ്യാകുലപ്പെടുത്തുന്നു. പഞ്ചായത്തിൽ വ്യവസായമേഖലയും കാർഷികമേഖലയും സജീവമാക്കിക്കൊണ്ട് ശക്തമായ ആസൂത്രണത്തിലൂടെ ഇതിനുള്ള പരിഹാരം ഉണ്ടാക്കേണ്ടിയിരിക്കുന്നു.

### ജല പ്രകൃതി

വർഷത്തിൽ ശരാശരി - മി.മി. മഴ ലഭിക്കുന്നുണ്ട് ജൂൺ, ജൂലായ്മാസങ്ങളിലാണ് കൂടുതൽ മഴ ലഭിക്കുന്നത്. ഏറ്റവും കുറവ് ജനുവരി, ഫെബ്രവരി മാസങ്ങളിലും.

പഞ്ചായത്തിന്റെ കിഴക്ക് ഭാഗത്തുകൂടെ 10 കി.മീ. ദൂരത്തിൽ ഒഴുകുന്ന ചെറുപുഴയും പടിഞ്ഞാറ് ഭാഗത്തുകൂടെ ഒഴുക്കുന്ന പൂനൂർ പുഴയും പഞ്ചായത്തിന്റെ പ്രധാന ജല സ്രോതസുകളാണ്. പറയത്തക്ക പ്രധാന തോടുകളൊന്നും പഞ്ചായത്തിലില്ലെങ്കിലും പലഭാഗങ്ങളിൽ നിന്നായി ചെറിയ ചെറിയ തോടുകൾ കിഴക്കും പടിഞ്ഞാറുമുള്ള പുഴകളിലേക്ക് ഒഴുകുന്നു. പ്രധാനമായും മൈനർ ഇറിഗേഷന്റെ കീഴിലുള്ള ഒരു കുളം പഞ്ചായത്തിൽ 11-ാം വാർഡിൽ ഉള്ളതിനു പുറമേ 15ൽ പരം സ്വകാര്യകുളങ്ങളും പല വാർഡുകളിലായുണ്ട് ഇവയിൽ പലതും മണ്ണ് വീണ് നികന്ന് കിടക്കുന്നതും നികത്തപ്പെടുകൊണ്ടിരിക്കുന്നവയുമാണ്. ഇവയ്ക്കൊല്ലാം പുറമെ 11 നീരുറവകളും അടങ്ങിയതാണ് കൊടുവള്ളി പഞ്ചായത്തിന്റെ ജലപ്രകൃതി.

ശുദ്ധജല ലഭ്യതയുടെ കാര്യത്തിൽ വളരെ പിന്നോക്കം നിൽക്കുന്ന ഒരു പഞ്ചായത്താണ് കൊടുവള്ളി ഏപ്രിൽ, മെയ് മാസങ്ങളിലാണ് ഏറ്റവും കൂടുതൽ ജലക്ഷാമം അനുഭവപ്പെടുന്നത്. പഞ്ചായത്തിന്റെ ഏതാണ്ട് 90% പ്രദേശവും ചെറുതും വലുതുമായ കുന്നുകളും ചെരിവുകളും അടങ്ങിയ തായതിനാൽ ജലക്ഷാമം പഞ്ചായത്തിലെ ഏതാണ്ട് എല്ലാ പ്രദേശങ്ങളിലും അനുഭവപ്പെടാറുണ്ട്.

5

# സാമൂഹിക സാമ്പത്തിക മേഖലകൾ

# കൃഷിയും ജലസേചനവും

**കൊ**ടുവള്ളി ഒരു കാർഷിക ഗ്രാമമാണ്. കുന്നുകളും ചെരുവുകളും പൊയിലും പാടശേഖരങ്ങളും, നീർ ചാലുകളും അടങ്ങിയതാണ് ഈ ഗ്രാമം.

പഞ്ചായത്തിന്റെ കിഴക്ക് അത്യത്തിയിലൂടെ ചെറുപുഴയും പടിഞ്ഞാറ് പുത്തൂർ പുഴയും ഒഴുകുന്നു. പഞ്ചായത്തിനെ മുഖ്യകൃഷി തെങ്ങ്, കവുങ്ങ്, നെല്ല്, വാഴ,റബ്ബർ എന്നിവയും ഇടവിളകളായി ചേന, ചേമ്പ്,കച്ച മറ്റു കിഴങ്ങുവർഗ്ഗങ്ങൾ ഇഞ്ചി, മഞ്ഞൾ എന്നിവയും കൃഷി ചെയ്തു വരുന്നു.

കൃഷിയും അനുബന്ധ പ്രവർത്തനങ്ങളുമാണ് ജനങ്ങളുടെ മുഖ്യ തൊഴിൽ മുൻ കാലങ്ങളിൽ കൃഷിക്കാണ് പ്രാധാന്യം ഉണ്ടായിരുന്നത്. ഇന്ന് അതിന്നുവ്യത്യസ്ഥമായ സ്ഥിതിയാണ് ഉള്ളത്.

പഞ്ചായിത്തിന്റെ ജനസാന്ദ്രത ച.കിലോമീറ്ററിന് 1556.77 ആണ്. ജനസാന്ദ്രത കൂടുന്നതനുസരിച്ചു കൃഷി ഭൂമി തുണ്ടം തുണ്ടമായി മാറുന്നതു കൊണ്ടു കാർഷികാദായം കൊണ്ടു മെച്ചപ്പെട്ട ജീവിതം നയിക്കാൻ കഴിയാതെ വരുമ്പോൾ മറ്റു തൊഴിലുകൾ സ്വീകരിച്ചു പോകാനുള്ള പ്രവണത കൂടുന്നു. അതിനാൽ കാർഷിക മേഖല തകരുന്നു.

ഭൂപ്രദേശത്തിന്റെ നിമ്നോന്നത (ഹെക്ടർ 22366) അടിസ്ഥാനപ്പെടുത്തിയ കാര്യങ്ങൾ

1. പഞ്ചായത്തിന്റെ മൊത്തം വിസ്തീർണ്ണം, 591622 ഏക്കർ ഇതിന്റെ 90% കൃഷിക്കും ജനവാസത്തിന്നും ഉപയുക്തമായ പ്രദേശമാണ്.
2. പഞ്ചായത്തിൽ 10 മുതൽ 25 സെന്റ് വരെ ഭൂമി കയ്വശമുള്ളവരാണ് ഭൂരിഭാഗവും.

അവസാനത്തെ സെറ്റിൽമെന്റ് രെജിസ്ട്ര് പ്രകാരം (1935ൽ അവസാനിച്ചത്) പഞ്ചായത്തിലെ മൊത്തം ഭൂമി 2200 പേരുടെ കൈവശത്തിലായിരുന്നു. എന്നാൽ ഇന്ന് 1321 പേരുടെ കൈവശത്തിലാണ്.

പട്ടിക 2.1

| ഭൂമിയുടെ കൈവശ നില | കൈവശക്കാരുടെ എണ്ണം |
|---|---|
| 1 സെന്റ് മുതൽ 10 സെന്റ് വരെ | 2756 |
| 10 സെന്റ് മുതൽ 25 സെന്റ് വരെ | 5079 |
| 25 സെന്റ് മുതൽ 40 സെന്റ് വരെ | 2586 |
| 50 സെന്റ് മുതൽ 1 ഏക്കർ വരെ | 1844 |
| 1 ഏ മുതൽ 2 ഏക്കർ വരെ | 630 |
| 2ഏ മുതൽ 5 ഏക്കർ വരെ | 271 |
| 5 ഏക്കർക്കു മേൽ | 53 |

ആളോഹരി കൃഷിഭൂമി സംസ്ഥാനത്തിന്റേത് 0.07 ഹെക്ടർ ആണെങ്കിൽ പഞ്ചായത്തിന്റേതാകട്ടെ 0.06 ഹെക്ടറാണ്. പഴയ കാലത്ത് മഴയെ ആശ്രയിച്ചു മാത്രമാണ് കൃഷി നടത്തിയിരുന്നതെങ്കിൽ ഇന്ന് നാമ മാത്രമായി പുഴ, കിണർ എന്നിവയിൽ നിന്നു പമ്പ് സെറ്റ് ഉപയോഗിച്ച് ജലസേചനം നടത്തി കൃഷി ചെയ്യുന്നു.

1957നു മുമ്പ് കൃഷിഭൂമിയുടെ ഉടമസ്ഥാവകാശം ഏതാനും ചെറുകിട ജന്മി മാരുടേതായിരുന്നു. മൊത്ത ഭൂമിയുടെ 6.8% നെൽകൃഷിയുള്ളതിൽ ഇന്നു 2.92 %മായി ചുരുങ്ങിയിരിക്കുന്നു.

കൃഷി ചെയ്തിരുന്ന പ്രധാന നെൽവിത്തുകൾ

1 ആര്യൻകാളി 2 മോമാല, 3ഇട്ടിക്കണ്ടൻ, 4 കല്ലാരോടൻ 5 ഓണോട്ടൻ മുതലായവയായിരുന്നു.

ആധുനിക കൃഷി രീതി നടപ്പിൽ വന്നതിനാൽ പ്രധാനമായും അതിൽ വദനശേഷിയുള്ള ജ്യോതി, ജയ, ത്രവേണി വിത്തിനങ്ങൾ ഇന്ന് കൃഷിക്കു ഉപയോഗിക്കുന്നു.

ജൈവവളം മാത്രമായിരുന്നു ആദ്യകാലങ്ങളിൽ കൃഷിക്കുപയോഗിച്ചിരുന്നത്. രാസവളങ്ങൾ, കീടനാശിനികളും, ലഭ്യമല്ലായിരുന്നു. NES ബ്ലോക്കിന്റെ ആവിർഭാവത്തോടുകൂടി പുതിയതരം വിത്തുകൾ കൃഷിക്കുപയോഗിക്കുകയും, രാസവളങ്ങളും,കീടനാശിനികളും

ഉപയോഗിക്കാൻ തുടങ്ങുകയും ചെയ്തു.

കാർഷികോൽപ്പന്നങ്ങളുടെ മുഖ്യ വിപണനകേന്ദ്രം കൊടുവള്ളിയിലെ വ്യാഴാഴ്ച തോറും നടത്തിയിരുന്ന ആഴ്ച ചന്തയായിരുന്നു. കൂടാതെ കൊടുവള്ളി പഞ്ചായത്തിന്റെ പരിധിയിലായിരുന്ന ഓമശ്ശേരി ചന്തയും, അതൃത്തിയായ പറച്ചൽ പോയിൽ ചന്തയും വിപണന കേന്ദ്രങ്ങളായിരുന്നു.

കർഷകർ ആവശ്യമുള്ള സാധനങ്ങൾ ചന്തയിൽ നിന്നായിരുന്നു സംഭരിച്ചിരുന്നത്.

ഇന്ന് ഈ ചന്തകളുടെ പ്രവർത്തനം നാമമാത്രമാണ് കാരണം ഗതാഗതാ സൗകര്യങ്ങളും വ്യാപാര സ്ഥാപനങ്ങളുടെ വളർച്ചയും ഉപഭോഗ സ്ഥാപനങ്ങളുടെ ലഭ്യതയുമാണ്.

കാർഷികരംഗത്തു വന്ന മാറ്റങ്ങൾ

1. ഭൂരിഭാഗം കൃഷിക്കാരും ജന്മിമാരുടെ ഇഷ്ടാനിഷ്ടങ്ങൾക്കു വിധേയമായി കൃഷി ചെയ്തവരെങ്കിലും ഭൂപരിഷ്കരണ നിയമം വന്നതോടെ അവർ ഭൂമിയുടെ യഥാർത്ഥ ഉടമകളായി മാറി. ഈമാറ്റം കാർഷിക രംഗത്ത് കൂടുതൽ ഉൽപ്പാദനക്ഷമത കൈവരിക്കാൻ സഹായിച്ചു.

2. ജലസേചനം, രാസവളം, കീടനാശിനി എന്നിവയുപയോഗിച്ച് നൂതന കൃഷി സമ്പ്രദായം നടപ്പാക്കാൻ തുടങ്ങി.

3. നാണ്യ വിളകൾ ഉൽപ്പാദിപ്പിക്കുന്നതിനും, വീടു നിർമ്മാണത്തിന്നും നെൽപാടങ്ങൾ നികത്തുന്ന പ്രവണത കൂടിവന്നു. ജീവിത ചെലവ് വർദ്ധിച്ചതോടെ കൂടുതൽ വരുമാന മാർഗ്ഗം തേടി.

4. കർഷകർ കൃഷിയിൽ നിന്നു മറ്റു മേഖലകളിലേക്കു തിരിഞ്ഞു. കൂലി നിലവാരവും മറ്റു ഉൽപ്പാദന ചിലവും ഉയർന്നുവരുന്നതനുസരിച്ച് കൃഷിഭൂമിയിൽ ചെലുത്തിയിരുന്ന അധ്വാനത്തിന്റെ അളവും ശ്രദ്ധയും കർഷകരിൽ കുറഞ്ഞു തുടങ്ങി.

5 നെൽപാടങ്ങൾ നികത്തി കെട്ടിടങ്ങൾ നിർമ്മിക്കാനും, നാണ്യവിളകൾ കൃഷി ചെയ്യാനും തുടങ്ങിയതോടുകൂടി നീരൊഴുക്കുകൾ വഴിമാറുകയും നെൽകൃഷിക്കു വേണ്ട സ്ഥലവും പരിതസ്ഥിതിയും ഗണ്യമായി കുറയുകയും ചെയ്തു.

## *ഭൂവിനിയോഗം*

**പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണം 2366 ഹെക്ടറാണ്. ഇതിൽ ഭൂരിഭാഗം പ്രദേശവും കുന്നും ചെരിവുകളുമാണ്. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.**

### ഭൂപ്രകൃതി

| നമ്പർ | ഭൂപ്രകൃതി | വിസ്തൃതി | ശതമാനം |
|---|---|---|---|
| 1 | പാടങ്ങൾ | 160 ഹെ. | 6.8 |
| 2 | കുന്നകളും കുത്തനെയുള്ള ചെരിവും | 710 ഹെ. | 30. |
| 3 | ചെരിവുകൾ | 1420 ഹെ. | 60. |
| 4 | പുഴ, തോടുകൾ, മറ്റു പുറമ്പോക്കുകൾ | 76 ഹെ. | 3.2 |
| | ആകെ | 2366 | 100 |

## ഭൂവിനിയോഗം

| നമ്പർ | വിനിയോഗം | വിസ്തൃതി | ശതമാനം |
|---|---|---|---|
| 1 | തെങ്ങ് | 1246 ഹെ. | 52.66 |
| 2 | കവുങ്ങ് | 120 ഹെ. | 5.07 |
| 3 | കുരുമുളക് | 40 | 1.69 |
| 4 | കശുമാവ് | 8 | 0.34 |
| 5 | റബ്ബർ | 45 | 1.90 |
| 6 | മിശ്രിത വിളകൾ | 740 | 31.28 |
| 7. | നെല്ല് | 70 | 2.96 |
| 8 | കൃഷിക്കനുയോജ്യമായ തരിശുഭൂമി | 21 | 0.88 |
| 9 | അല്ലാത്തവ | 76ഹെ. | 3.22 |
| | ആകെ | 2366 | 100.00 |

മിശ്രത വിളകളിൽ പ്രധാനമായും വാഴ, ചേന, ചേമ്പ്, മരച്ചീനി, ഇഞ്ചി, മഞ്ഞൾ തുടങ്ങിയവയാണ്

പഞ്ചായത്തിലെ കുന്നുകളിലും ചെരിവുകളിലും ചെങ്കൽ മണ്ണാണ് കാണുന്നത്. മറ്റു സ്ഥലങ്ങളിൽ മണൽ കലർന്ന വെട്ടുകൽമണ്ണും പാടങ്ങളുമാണ്. മണ്ണു പരിശോധനയുടെ അടിസ്ഥാനത്തിൽ കൃഷിഭവൻ രേഖകളനുസരിച്ച് പുളിരസമുള്ള (അമ്ലത്വം) മണ്ണുകളാണ് ഇവ.

ആകെ വിസ്യതിയുടെ ഭൂരിഭാഗം പ്രദേശത്തും തെങ്ങു കൃഷിയാണ് ചെയ്യുന്നത്. വാർഷിക ഉല്പാദനം ശരാശരി 40-45 ആണെകിലും ചില പ്രദേശങ്ങളിൽ സംസ്ഥാന ശരാശരിയേക്കാൾ (35-38) കുറവുമാണ്.

ഉൽഷാദനക്ഷമത കുറയുന്നതിന് പ്രധാനകാരണം ശാസ്ത്രീയമായ അകലത്തിലല്ല തെങ്ങുകൃഷി ചെയിതിട്ടുള്ളത് എന്നതാണ്. ഒരു ഏക്കറിൽ 70 തെങ്ങുകൾ കൃഷിചെയ്യേണ്ട സ്ഥാനത്ത് 90 ഉം നൂറിനുമുകളിലും കൃഷിചെയ്യുന്നതായി കാണപ്പെടുന്നു. വിത്ത് തെരഞ്ഞെടുക്കലിലെ അപാകത കുറഞ്ഞ വളപ്രയോഗം ജൈവവളങ്ങളുടെ കുറവ്, ജലസേചനകുറവ് മണ്ണൊലിപ്പ് തുടങ്ങിവയും ഉല്പാദനം കുറയുന്നതിന് കാരണമായി കാണുന്നു. വയൽ നികത്തി തെങ്ങു കൃഷിചെയ്ത പ്രദേശങ്ങളിൽ ശരാശരി ഉല്പാദനംപോലും ലഭിക്കുന്നില്ല.

### *നെൽകൃഷി*

വിള വിസ്തീർണ്ണം

| നമ്പർ | വിള | വിസ്തീർണ്ണം (ഹെക്ടറിൽ) |
|---|---|---|
| 1. | നെല്ല്(ഒന്നാംവിള) | 50 ഹെക്ടർ |
| 2 | നെല്ല്(രണ്ടാംവിള) | 70 ഹെക്ടർ |
| 3 | നെല്ല്(മൂന്നാംവിള) | 3 ഹെക്ടർ |

1950കളിൽ 160 ഹെക്ടർ നെൽകൃഷിയുണ്ടായിരുന്ന പഞ്ചായത്തിലെ നെൽവയലുകൾ ഭൂരിഭാഗവും ഇന്ന് തെങ്ങിൻ തോട്ടങ്ങളും കവുങ്ങിൻതോട്ടങ്ങളുമായി മാറി. കളരാത്തിരി, മാനിപുരം, പനക്കാട്, നൂക്കശ, പറമ്പത്ത് കാവ്, കരുവമ്പൊയിൽ, എരഞ്ഞിക്കോത്ത്, പ്രാവിൽ, പാമ്പങ്ങൽ വാവാട്, കരൂഞ്ഞി എന്നീ പാടശേഖരങ്ങളിലായി 70 ഹെക്ടറിൽ നെൽകൃഷി ചെയ്യുന്നുണ്ട്. നാടൻ വിത്തിനങ്ങളായ ചെമ്പാവ് പട്ടാമ്പി തെക്കൻ ,തെക്കൻ ചിറ്റേനി തുടങ്ങിയവയിൽ നിന്നും ഹെക്ടറിൽ 1500- 1600 കി.ഗ്രാമും അത്യുത്പാദനശേഷിയുള്ള ജ്യോതി, ജയ എന്നിവയിൽ നിന്നും 1800-1900 കി.ഗ്രാമുമാണ് ഉല്പാദനം ലഭിക്കുന്നത്. പാടങ്ങളിൽ ജൈവവളങ്ങളുടേയും പച്ചിലവളങ്ങളുടേയും ഉപയോഗം വർഷം തോറും കുറഞ്ഞു വരുന്നതായി കാണുന്നു. മഴയെ ആശ്രയിച്ച് കൃഷിചെയ്യുന്നത് കാരണം മിക്ക വയലുകളിലും ശാസ്ത്രീയ വളപ്രയോഗം നടത്താൻ കഴിയാറില്ല. ജൈവവളങ്ങളുടെ ലഭ്യതകുറവും വളങ്ങളുടെ ഉയർന്നവിലയും കർഷക തൊഴിലാളികളുടെ കുറവും വർദ്ധിച്ച കൂലി

നിരക്കും വയലുകളിലെ ജലനിർഗ്ഗമനസൗകര്യങ്ങളുടെ അപര്യാപ്തതയും പ്രദേശത്തെ കർഷകർ നേരിടുന്ന പ്രശ്നങ്ങളാണ്. ഇക്കാരണത്താൽ ഒന്നാം വിളകാലം കർഷകർ തരിശിടുന്ന പ്രവണതകൂടികൊണ്ടിരിക്കുന്നു. പകരം വയലുകളിൽ കൂടുതൽ ജലസേചന സൗകര്യമില്ലാത്തത് കാരണം മൂന്നാം വിള പഞ്ചായത്തിൽ 3 ഹെക്ടറിൽ മാത്രമാണുള്ളത്.

**ഇടവിളകളായി കുരുമുളക്, വാഴ, മരച്ചീനി, ഇഞ്ചി, മഞ്ഞൾ എന്നിവ കൃഷിചെയ്തു വരുന്നു.**

**ഇടവിളകൾ വിസ്തീർണ്ണം**

| നമ്പർ | വിള | വിസ്തീർണ്ണം (ഹെക്ടറിൽ) |
|---|---|---|
| 1 | കുരുമുളക് | 40 ഹെക്ടർ |
| 2 | വാഴ | 10 ഹെക്ടർ |
| 3 | മരച്ചീനി | 10 ഹെക്ടർ |
| 4 | ഇഞ്ചി | 6 ഹെക്ടർ |
| 5 | മഞ്ഞൾ | 5 ഹെക്ടർ |
| 6 | പയർ | 10 ഹെക്ടർ |
| 7 | പച്ചക്കറികൾ | 3 ഹെക്ടർ |

ഇതിൽ കുരുമുളക് കൃഷി ദ്രുതവാട്ട രോഗത്താൽ നശിച്ചുകൊണ്ടിരിക്കുകയാണ്. കുരുമുളക് ഹെക്ടറിൽ 4000 കി.ഗ്രാം ഉൽപ്പാദനക്ഷമതയുള്ളതായികാണുന്നു. മറ്റു ഇടവിളകളിൽ വാഴകൃഷിക്ക് ശാസ്ത്രീയ പരിചരണം നൽകുന്നതിൽ കർഷകർ ശ്രദ്ധാലുക്കളാണ്. ഹെക്ടറിൽ നിന്നും 20000 കി.ഗ്രാമിൽ കൂടുതൽ ഉൽപ്പാദനം ലഭിക്കുന്നുണ്ട് വാഴകർഷകർ നെൽവയലുകൾ പാട്ടത്തിനെടുത്താണ് കൃഷിയിറക്കുന്നത്. മരച്ചീനി, ഇഞ്ചി, മഞ്ഞൾ തുടങ്ങിയ കൃഷികൾ മിക്ക കർഷകരും സ്വന്തം ആവശ്യത്തിന്ന് കൃഷിചെയ്യാറുണ്ടെങ്കിലും പൊതു മാർക്കറ്റിലെ വിലനിലവാരത്തിലുള്ള ഉയർച്ചയും താഴ്ചയും അനുസരിച്ചാണ് ഓരോവർഷവും വില്പനക്കായി കൃഷിചെയ്യുന്ന കർഷകർ കൃഷിയിറക്കികൊണ്ടിരിക്കുന്നത്.

## വളം

കൊടുവള്ളി സർവ്വീസ് സഹകരണബാങ്കിന്റെ കീഴിലുള്ള വളം ഡിപ്പോയാണ് പഞ്ചായത്തിലെ കർഷകർ പ്രധാനമായും ആശ്രയിക്കുന്ന വളം വിപണനകേന്ദ്രം. സ്വകാര്യ ഉടമയിൽ തലപ്പെരുമണ്ണയിലും ഒരു വളം വില്പനകേന്ദ്രം ഉണ്ട്. ( fact ഏജന്റ് o.k കുഞ്ഞിപോക്കർ ഷാവാലാസ് ഏജന്റ് ശ്രീ.എൻ ഉണ്ണിമോയി പി.ടി.എ റഷീദ് എന്നിവരും) പ്രവർത്തിച്ചുവരുന്നുണ്ട്. കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ ഈ കേന്ദ്രങ്ങളിലൂടെ വില്പന നടത്തിയ രാസവളങ്ങളുടെ അളവ് താഴെ ചേർക്കുന്നു.

വളത്തിന്റ ഉപയോഗം

| വർഷം | വളം വിൽപന |
|---|---|
| 1993-94 | 77ടൺ |
| 1994-95 | 73 ടൺ |
| 1995-96 | 87.8 ടൺ |

കർഷകരിൽ ഭൂരിഭാഗവും അശാസ്ത്രീയമായ വളപ്രയോഗമാണ് നടത്തികൊണ്ടിരിക്കുന്നത്.കർഷകർ പോഷകമൂലകങ്ങൾ ലഭിക്കുന്നതിന് രാസവളങ്ങളെ മാത്രം ആശ്രയിക്കുന്നത് കാരണം മണ്ണിൽ ജൈവാംശത്തിന്റെ തോത് കുറഞ്ഞുകൊണ്ടിരിക്കുന്നു. പച്ചില വളങ്ങളും, കാലിവളങ്ങളും മറ്റു ജൈവവളങ്ങളും വളരെ വിരളമായി മാത്രമേ ഉപയോഗിക്കുന്നുള്ളു.

## കീടനാശിനികൾ

**കീടനാശിനികൾ തെങ്ങ്, നെല്ല്, പച്ചക്കറികൾ, ഇഞ്ചി, വാഴ, കുരുമുളക്, കവുങ്ങ് എന്നവക്കാണ് കൂടുതലും ഉപയോഗിച്ചുവരുന്നത്.** താഴെ പറയുന്ന രോഗങ്ങൾക്കും കീടബാധക്കുമെതിരെയാണ് പ്രധാനമായും സസ്യസംരക്ഷണ മരുന്നുകൾ ഉപയോഗിക്കുന്നത്.

| നമ്പർ | വിള | രോഗം | കീട ബാധ |
|---|---|---|---|
| 1 | തെങ്ങ് | കൂമ്പു ചീയൽ,ചെന്നി തൊലിപ്പ് | കൊമ്പൻചെല്ലി |
| 2 | കവുങ്ങ് | മഹാളി | സ്പിൻഡൽബഗ് |
| 3 | കുരുമുളക് | ദ്രുതവാട്ടം | പൊള്ളുവണ്ട് |
| 4 | ഇഞ്ചി | മൂട്ചീയൽ | തണ്ടുതുരപ്പൻ |
| 5 | വാഴ | കുറുനാവ് - | |
| 6 | നെല്ല് - | | ഇലചുരുട്ടിപുഴു, ചാഴി, കുഴൽപുഴു. |

## കാർഷികോപകരണങ്ങൾ

നാല് ഉഴവു യന്ത്രങ്ങളാണ് ഈ പ്രദേശത്തുള്ളത് അതിൽ ട്രില്ലറുകൾ കളരാന്തിരി പാടശേഖരസമിതിക്ക് കൃഷി ഭവൻ മുഖേന നൽകിയതും കൊടുവള്ളി പട്ടികജാതിസഹകരണസംഘം ഉടമസ്ഥതയിലുള്ളതും മറ്റുള്ളവ സ്വകാര്യ ഉടമസ്ഥതയിലുള്ളതുമാണ്.കൊടുവള്ളി പട്ടികജാതി സഹകരണസംഘം വകയായി ഒരു ട്രാക്ടറും ഉഴവിനായി ഉപയോഗിക്കുന്നുണ്ട്. 5 തെങ്ങുകയറ്റ യന്ത്രങ്ങൾ സൗജന്യ നിരക്കിൽ കൃഷിഭവൻ മുഖേന വിതരണംചെയ്തത് കർഷകർ ഉപയോഗിക്കുന്നുണ്ട്.ഉഴവുകാളകളുടെ എണ്ണവും നാടൻ കാർഷികോപകരണങ്ങളുടെ ഉപയോഗവും കുറഞ്ഞുകൊണ്ടിരിക്കുകയാണ്.

## കാർഷിക സമിതികൾ

**1 കേരസംരക്ഷണ സമിതികൾ :**

**തെങ്ങുകൃഷിയിൽ ഗ്രൂപ്പ് മേനേജ്മെൻര് നടപ്പിലാക്കുന്നതിനായി വാർഡുകൾതോറും രൂപീകരിച്ച കേരസംരക്ഷണ സമിതികൾ ഇന്ന് നിർജ്ജീവവാസ്ഥയിലാണ്.**

**2 കേരവികസന സമിതി:**

**പഞ്ചായത്തിലെ തെങ്ങ് കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കേരവികസന സമിതിയായി പ്രവർത്തിച്ചു വരുന്നു. എല്ലാ കർഷകരിലും സമിതിയുടെ പ്രവർത്തനങ്ങൾ എത്തിക്കുന്നതിന്** സാധിച്ചിട്ടില്ല.

**3 കുരുമുളക് സംരക്ഷണ സമിതി**

ദ്രുതവാട്ടരോഗം കൊണ്ട് കുരുമുളക് കൃഷി നശിക്കുന്നതിൽ കർഷകരെ രോഗപ്രതിരോധ നിവാരണ മാർഗ്ഗങ്ങളിൽ ബോധവൽക്കരിക്കുന്നതിനായി ലക്ഷ്യം വെച്ചുകൊണ്ട് കുരുമുളക് സംരക്ഷണ സമിതി പ്രവർത്തിക്കുന്നുണ്ടെങ്കിലും തൃപ്തികരമല്ല.



**4 നീർമറി വികസന സമിതി**

പഞ്ചായത്തിലെ [illegible] നീർമറി വികസന പദ്ധതിയുടെ ഭാഗമായി കമ്മിറ്റി പ്രവർത്തിച്ചുവരുന്നു.

**5 പാടശേഖര സമിതികൾ**

രണ്ടു പാടശേഖരങ്ങളിൽ നെൽകൃഷി ഗ്രൂപ്പ് അടിസ്ഥാനത്തിൽ ചെയ്തുവരുന്നു. കളരാന്തിരി നെല്ലുല്പാദക സമിതിയും മാനിപുരം നെല്ലുല്പാദക സമിതിയുമാണിവ രജിസ്റ്റർ ചെയ്തിട്ടുള്ള രണ്ട് സമിതികൾ.

**6 കാർഷിക വികസന സമിതി**

കാർഷിക വികസന പരിപാടികളിൽ പൊതുജന പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും ലക്ഷ്യ ബോധത്തോടെ നടപ്പിലാക്കുന്നതിനും സഹായിക്കുന്നതിനായി കാർഷിക വികസനസമിതി പുന:സംഘടിപ്പിച്ചിട്ടുണ്ട്.

## കർഷക തൊഴിലാളികൾ

നിർമ്മാണ മേഖലയിലെ ഉയർന്ന കൂലിനിരക്കും കൃഷിയോടുള്ള ആഭിമുഖ്യത്തിൽ വന്ന മാറ്റവും വിദ്യാഭ്യാസനിലവാരത്തിൽ വന്ന ഉയർച്ചയും കാരണം കാർഷികമേഖലയിൽ തൊഴിലാളികളുടെ എണ്ണം കുറഞ്ഞു വരികയാണ്. ഏകദേശം 1300 കർഷകതൊഴിലാളികളാണ് പഞ്ചായത്തിലുള്ളത്. നിലവിൽ ഒരു ഏകീകൃത കൂലി നിരക്കില്ലെങ്കിലും ശരാശരി പുരുഷന് 100 രൂപയും സ്ത്രീകൾക്ക 65 രൂപയുമാണ് കൂലി.

## കാർഷിക വായ്പ

കൊടുവള്ളി സർവ്വീസ് സഹകരണ ബാങ്ക് സൗത്ത് മലബാർ ഗ്രാമീണ ബാങ്ക് ഫെഡറൽ ബാങ്ക്, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, എന്നിവ കൂടാതെ താമരശ്ശേരിയിലുള്ള കാർഷികവികസന ബാങ്കും കർഷകർക്ക് കാർഷിക വായ്പകൾ അനുവദിക്കുന്നു. കൃഷിക്കു അനുവദിക്കുന്ന ഹ്രസ്വകാല വായ്പകൾ പലപ്പോഴും മുഴുവനായും കൃഷിക്ക് ഉപയോഗപ്പെടുത്തില്ല എന്നതാണ് യാഥാർത്ഥ്യം.

## ജലസേചനം

മഴയെ ആശ്രയിച്ചുള്ള കൃഷിയാണ് നടത്തുന്നത്. ഏകദേശം 30 ഹെക്ടർ സ്ഥലത്തുമാത്രമേ

### മഴയുടെ അളവ് (കി.മി)

| വർഷം | ജനുവരി | ഫെബ്രുവരി | മാർച്ച് | ഏപ്രിൽ | മേയ് | ജൂൺ | ജൂലായ് | ആഗസ്റ്റ് | സെപ്റ്റംബർ | ഒക്ടോബർ | നവംബർ | ഡിസംബർ |
|---|---|---|---|---|---|---|---|---|---|---|---|---|
| 1993-94 | | | | | | | | | | | | |
| 1994-95 | | | | | | | | | | | | |
| 1995-96 | | | | | | | | | | | | |

വേനൽകാലത്ത് ജലസേചനം നടത്തുന്നുള്ളു.

### തോടുകൾ

കളരാന്തിരി, മാനിപുരം, പ്രാവിൽ, കരുവമ്പൊയിൽ, കരുത്തി, പനക്കോട്, നൂഞ്ഞിക്കര, എരഞ്ഞിക്കോത്ത്, പാമ്പങ്ങൽ, വാവാട് എന്നീ പാടശേഖരങ്ങളിലെ ജനനിർഗ്ഗമനസൗകര്യത്തിന്നുള്ള തോടുകളുടെ ഭിത്തി സംരക്ഷണ സൗകര്യങ്ങൾ വർഷം തോറും നടത്താത്തതിനാൽ നശിച്ചുകൊണ്ടിരിക്കുകയാണ്. തോട് നികത്തി റോഡുകളുണ്ടാക്കിയതിനാൽ വയലുകളിൽ ജലനിർഗ്ഗമന സൗകര്യം കുറയുകയും കൃഷിയിറക്കുന്നതിന് ബുദ്ധിമുട്ട് അനുഭവിക്കുകയും ചെയ്യുന്നു. അത്തരം പ്രദേശങ്ങളിൽ പുതുതായി തോടുകൾ ഉണ്ടാവണം.

### കുളങ്ങൾ

12 കുളങ്ങൾ പഞ്ചായത്തിലെ വവിധ പ്രദേശങ്ങളിലായുണ്ടെങ്കിലും മിക്കവയും കൃഷി ആവശ്യത്തിന്നായി ഉപയോഗിക്കുകയോ സംരക്ഷിക്കുകയോ ചെയ്യുന്നില്ല. ചെറുകിട ജലസേചനവകുപ്പിന് കൈമാറിയ കരുവാമ്പൊയിലിലെ കുളവും ഇന്ന് ശോച്യാവസ്ഥയിലാണ്.

### കൃഷിഭവൻ

കിഴക്കോത്ത് ഓമശ്ശേരി കൊടുവള്ളി എന്നിവ പഞ്ചായത്തുകൾക്കായി മാനിപുരത്ത് ഏലാഓഫീസ് 1978 ൽ പ്രവർത്തനമാരംഭിച്ചു. ഐപിഡി യൂനിറ്റ് എന്ന പേരിൽ തുടങ്ങിയ ഈ ഓഫീസ് 1978 ൽ കൊടുവള്ളി പഞ്ചായത്ത് മാത്രമായി പരിധി നിശ്ചയിച്ചുകൊണ്ട് കൃഷി ഭവനായി പ്രവർത്തിച്ചുവരുന്നു. വളരെ പരിമിതമായ സൗകര്യത്തിൽ വാടകക്കെട്ടിടത്തിലാണ് ഇപ്പോൾ പ്രവർത്തിച്ചു വരുന്നത്. നീർമറി വികസന പദ്ധതിപോലുള്ള വൻ വികസന പദ്ധതികൾ നടപ്പിലാക്കുന്ന ഈ ഓഫീസ് 3കൃഷി അസിസ്റ്റന്റുമാരും ഒരു കൃഷി ഓഫീസറുമാണുള്ളത്. പഞ്ചായത്തിന്റെ പ്രത്യേക ഭൂപ്രകൃതി കാരണം വാർഡുകളിലെ എല്ലാ പ്രദേശങ്ങളിലും കൃഷിഭവന്റെ പ്രവർത്തനം ഫലപ്രദമായി എത്തുന്നില്ല. വിവിധ ഭാഗങ്ങളിലെ കർഷകർക്ക് കൃഷി ഭവനിലെത്തുന്നതിനും ബുദ്ധിമുട്ടുണ്ട്.

### നടപ്പു പദ്ധതികൾ

**1 സമഗ്ര തെങ്ങുകൃഷി വികസന പദ്ധതി**

1994-95 മുതൽ കൃഷിവകുപ്പ് പഞ്ചായത്തിൽ സമഗ്ര തെങ്ങു

6 സമൂഹ ജലസേചന പദ്ധതി ഹെക്ടറിന് 15000/രൂപ

കൃഷി വിക[illegible]
ഹെക്ടറന് 15000/രൂപ

കേര വികസന സമിതിയുടെ ശുപാർശയോടെ യാണ് ഈ പദ്ധിതി നടപ്പിലാക്കുന്നത്. 30 സെന്റ് കൃഷി ഭൂമിയും 25 കായ്ക്കുന്ന തെങ്ങുകളുമുള്ള കർഷകർക്ക് ജലസേചന ആവശ്യത്തിന്നായി കിണർ കുഴിക്കുന്നതിനും പമ്പ്സെറ്റ് വാങ്ങുന്നതിനും ഈ പദ്ധതി പ്രകാരം 2500 രൂപ വീതം പരമാവധി ധനസഹായം ലഭിക്കും. വായ്പ ആവശ്യമുള്ള കർഷകർക്ക് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പയും ലഭ്യമാക്കുന്നുണ്ട്. പട്ടികജാതി വിഭാഗത്തിൽപെട്ട കർഷകർക്ക് പരമാവധി 10000/ രൂപ കിണർ കുഴിക്കുന്നതിന് ധനസഹായം നൽകുന്നു. തെങ്ങുകയറ്റയന്ത്രം, സ്പെയർ എന്നിവക്കും ധനസഹായം നൽകുന്നുണ്ട്. ചുരുങ്ങിയത് 5 ഹെക്ടർ സ്ഥലത്ത് 10 കർഷകർക്കെങ്കിലും ഉപകരിക്കുന്നവിധത്തിൽ നടപ്പിലാക്കുന്ന സമൂഹ ജലസേചന പദ്ധതിക്ക് ഹെക്ടറിന് 15000 / രൂപ എന്ന തോതിൽ ധനസഹായം നൽകുന്നുണ്ടെങ്കിലും പഞ്ചായ
വരികയാണ്. പദ്ധിതിഅനുസരിച്ചുള്ള ഇനങ്ങളും ധനസഹായങ്ങളും താഴെ ചേർക്കുന്നു.

| നമ്പർ | | 1994-95 | | 1995-96 | | 1996-97 | |
|---|---|---|---|---|---|---|---|
| | | എണ്ണം | ധനസഹായം | എണ്ണം | ധനസഹായം | എണ്ണം | ധനസഹായം |
| 1 | കിണർ | 30 | 75000 | 32 | 80000 | 25 | 62500 |
| 2 | പമ്പ്സെറ്റ് | 20 | 50000 | 51 | 127500 | 53 | 132500 |
| 3 | പട്ടികജാതി കിണർ | 1 | 10000 | 1 | 10000 | 2 | 20000 |
| 4 | തെങ്ങുകയറ്റ യന്ത്രം | 1 | 500 | 2 | 1000 | 2 | 1000 |
| 5 | സ്പെയർ | 1 | 1000 | 3 | 3000 | 5 | 5000 |

ത്തിലെ കർഷകരാരും തന്നെ ഈ പദ്ധതി പ്രയോജനപെടുത്തിയിട്ടില്ല. ജലസേചനത്തിന് വെള്ള കുറവുള്ള സ്ഥലങ്ങളിൽ കണിക ജലസേചനം നടത്തുന്നതിന് ഹെക്ടറിന് പരമാവധി 15000/ രൂപ വരെ ധനസഹായം നൽകാൻ ഈ പദ്ധതി പ്രകാരം കഴിയും.

**2 പ്രത്യേക തൊഴിൽ ദാന പദ്ധിതി**

**പദ്ധതിയിൽ അംഗങ്ങളായ 121 യുവ കർഷകർക്ക് 60 വയസ്സ് പൂർത്തിയാകുമ്പോൾ 25000 രൂപ മുതൽ 1 ലക്ഷം രൂപ വരെ ഗ്രാറ്റിവിറ്റിയും പ്രതിമാസം 1000 രൂപ പെൻഷനും നൽകും. കാർഷിക മേഖലയിൽ ഒരു ലക്ഷം യുവജനങ്ങൾക്ക് തൊഴിൽ നൽകുന്ന ഈ പദ്ധതി പ്രകാരം സഞ്ചരിക്കുന്ന പച്ചക്കറി കച്ചവടം, കൊപ്രസംസ്കരണം, ഭക്ഷ്യ സംസ്കരണം, കന്നുകാലി ഷെഡ്, കറവ ഉപകരണങ്ങൾ തുടങ്ങിയവക്ക് 50% ധനസഹായം അനുവദിക്കുന്നുണ്ട്.**

**3 കവുങ്ങുകൃഷിക്കുള്ള പദ്ധതി**

കവുങ്ങിന്റെ മഹാളി രോഗത്തിനെതിരെ മരുന്നുതളിക്കുതിന് 50% വിലക്ക് തുരിശ് നൽകിവരുന്നു. മരുന്നുതളിക്കുന്നതിനാവശ്യമായ സ്പെയർ വാങ്ങുന്ന കർഷകർക്ക് 900/ രൂപ ധനസഹായമായി ലഭിക്കുന്നു.

**4 വിള ഇൻഷുറൻസ് പദ്ധതി**

പ്രധന വിളകളായ തെങ്ങ്, നെല്ല്, വാഴ, കവുങ്ങ്,റബ്ബർ തുടങ്ങിയ വിളകൾക്കെല്ലാം തന്നെ **ഇൻഷുറൻസ് പദ്ധതി ഏർപ്പെടുത്തിയിട്ടുണ്ട്. വിള ഇൻഷുറൻസിനുള്ള പ്രീമിയം കൃഷിഭവനിൽ സ്വീകരിക്കുന്നതാണ്. ഇൻഷുർ ചെയ്ത വിളകൾ പ്രകൃതി ക്ഷോഭം മൂലം** നശിക്കുമ്പോൾ ഉടൻ തന്നെ നഷ്ട പരിഹാരം എത്തിച്ചു കൊടുക്കാൻ കഴിയും.

**5 ബയോഗ്യാസ് വികസനപദ്ധതി**

ചാണകത്തിൽ നിന്നും പാചകാവശ്യത്തിനു ഗ്യാസ് ഉല്പാദിപ്പിക്കുന്നതിന് ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നവർക്ക് ധനസഹായവും വായ്പയും നൽകുന്നതിനുള്ള പദ്ധതിയും നിലവിലുണ്ട്.

**6 പട്ടികജാതി കോളനികൾക്കുള്ള പദ്ധതി**

തെരഞ്ഞെടുത്ത കോളനികളിൽ കാർഷിക വികസന പരിപാടി നടപ്പിലാക്കുന്നതിനു എല്ലാ വർഷവും തുക അനുവദിക്കുന്നുണ്ട്. ഇതനുസരിച്ച് പഞ്ചായത്തിലെ കരിവില്ലിക്കാവ് കോളനിയിൽ കമ്പോസ്റ്റ് നിർമ്മാണം, കിണർ ആഴം കൂട്ടൽ, പുതിയ കിണർ നിർമ്മാണം, കയ്യാലകെട്ടൽ,ജൈവവളവും രാസവളവും നൽകൽ,കാർഷിക ഉപകരണം നൽകൽ, വാഴകൃഷി, പച്ചക്കറി കൃഷി, എന്നിവയ്ക്കായി പദ്ധതികൾ നടന്നുവരുന്നു.1995-96 വർഷത്തിലെ 285000/- രൂപയുടെ പദ്ധതികളാണ് നടപ്പിലാക്കിയത്.

**7 നടീൽ വസ്തുക്കളുടെ വിതരണം**

കർഷകർക്ക് ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ എത്തിച്ചുകൊടുക്കുന്നതിന്റെ ഭാഗമായി 6000 കരിമുക്കു ഇനത്തിൽപെട്ട വേരുപിടിപ്പിച്ച കുരുമുളക് വള്ളികളും 600 നാടൻ തെങ്ങിൻ തൈകളും അത്യുല്പാദനശേഷിയുള്ള 80 ടി x ഡി, 45 ടി x ഡി തെങ്ങിൻ തൈകളും 400 കിലോഗ്രാം ജ്യോതി നെൽവിത്തും 115 മംഗള കവുങ്ങിൻ തൈകളും ഈ വർഷം കൃഷി ഭവനിൻ നിന്നും വില്പന നടത്തുകയുണ്ടായി.

**8 ഊർജ്ജിത കുരുമുളക് കൃഷി വികസന പദ്ധതി**

ദ്രുതവാട്ട രോഗ നിവാരണനത്തിനായി 40 ഹെക്ടർ കുരുമുളക് കൃഷിക്കുള്ള സസ്യസംരക്ഷണമരുന്നുകൾ സൗജന്യമായി വിതരണം ചെയ്തുവരുന്നു. സുഗന്ധ വിള വികസന പദ്ധതി പ്രകാരം മഞ്ഞൾ കൃഷി പ്രദർശന തോട്ടത്തിന്നും മഞ്ഞൾ കൃഷി വ്യാപനത്തിന്നും മരുന്നുതളി നടത്തുന്നതിനുള്ള സെപ്രയറിനും, ഗ്രാമ്പൂ പ്രദർശന തോട്ടത്തിനും കുരുമുളക് കൃഷി വ്യാപനത്തിനും, പച്ചമുളക് കൃഷിക്കും ധനസഹായം നൽകിവരുന്നു.

**9. നെൽകൃഷിക്കുള്ള ഉൽപാദന ബോണസ്സ്**

ഓരോ തവണയും നെൽകൃഷി ചെയ്യുമ്പോൾ ഏക്കറിന് 100 രൂപ എന്ന തോതിൽ ഉൽപാദന ബോണസ്സ് കൃഷി ഭവൻ മുഖേന കർഷകർക്ക് നൽകിവരുന്നു.

**10 കശുമാവ് കൃഷി വ്യാപനപദ്ധതി**

പഴയ ഉൽപാദനം കുറഞ്ഞ മരങ്ങൾ മുറിച്ചുമാറ്റി കശുമാവ് കൃഷി വ്യപിപ്പിക്കുന്നതിന് സൗജന്യമായി അത്യുൽപാദനശേഷിയുള്ള ഒട്ടിച്ച കശുമാവ് തൈകൾ കർഷകർക്ക് വിതരണം ചെയ്യുന്നതിനുള്ള പദ്ധതിയും പഞ്ചായത്തിൽ നടപ്പിലാക്കി വരുന്നു.

**11 മണ്ണുപരിശോധന പരിപാടി**

കർഷകരുടെ കൃഷിയിടങ്ങളിലെ മണ്ണിന്റെ ഫലഭൂയിഷ്ഠത പരിശോധിച്ച് മണ്ണിലടങ്ങിയ പോഷകമൂലകങ്ങളുടെ ലഭ്യത അറിയുന്നതിന് മണ്ണു സാമ്പിളുകളെടുക്കുകയും പരിശോധന ഫലങ്ങൾ കർഷകരിൽ എത്തിക്കുന്നതിനുമുള്ള പരിപാടി കൃഷി ഭവനിൽ നിലവിലുണ്ട്.

**12 ഫലവൃക്ഷതൈകൾ വിതരണം**

ഹോർട്ടികൾച്ചറൽ ഡവലപ്മെന്റ് ബോർഡിന്റെ ഈ പദ്ധതി പ്രകാരം ഒട്ടുമാവ് തൈകൾ, സപ്പോട്ട, ചെറി, ലൂവി, പേര തുടങ്ങിയ തൈകൾ നാമമാത്ര വിലക്ക് കൃഷി ഭവനിൽ നിന്നും കർഷകർക്ക് വിതരണം ചെയ്തു വരുന്നു.

**13 നീർമറി വികസന പദ്ധതി.**

കൊടുവള്ളി ബ്ലോക്കിലെ ഏക നീർമറി പ്രദേശ വികസന പദ്ധതി മാനിപുരം പ്രദേശത്ത് 1992 മുതൽ

കൃഷിഭവന്റെ നേതൃത്വത്തിൽ നടപ്പിലാക്കിവരുന്നു. വിവധ പ്രദർശന തോട്ടങ്ങൾ, കമ്പോസ്റ്റ് നിർമ്മാണം, പച്ചക്കറികൃഷി, പുൽകൃഷി, കൈതച്ചക്കകൃഷി, കോഴിവളർത്തൽ, ആടുവളർത്തൽ, തേനീച്ചവളർത്തൽ, മുയൽ വളർത്തൽ, വിവധ മണ്ണു സംരക്ഷണ പ്രവർത്തനങ്ങൾ, കാർഷികവനവൽക്കരണം, നഴ്സറികൾ,ദുർബലവിഭാഗത്തിൽപെട്ട കർഷകർക്കും തൊഴിലാളികൾക്കും തൊഴിലുപകരണങ്ങൾക്കുമുള്ള ധനസഹായങ്ങൾ, പരിശീലനകേന്ദ്രങ്ങൾ തുടങ്ങിയവക്കായി 16 ലക്ഷം രൂപ ഇതിനകം വിനിയോഗിച്ചുകഴിഞ്ഞിട്ടുണ്ട്. 24.05 ലക്ഷം രൂപയുടെ പദ്ധതി തുടർന്നു നടത്തി വരികയാണ്.

**14 പച്ചക്കറി വികസന പരിപാടി**

മാതൃകാതോട്ടങ്ങൾ ഉണ്ടാക്കുന്നതിനും സ്കൂൾ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് വീട്ടുവളപ്പിൽ പച്ചക്കറികൃഷിചെയ്യുന്നതിനും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

**15 പയർ കൃഷി വികസന പദ്ധതി**

പുഞ്ചനെൽ കൃഷിചെയ്യാൻ കഴിയാത്ത പാടങ്ങളിൽ മൂന്നാം വിളയായി പയർകൃഷി ചെയ്യുന്നതിന് 50% വിലക്ക് പയർ വിത്ത് വിതരണം നടത്താൻ പരിപാടിയുണ്ട്. ഇതോടൊപ്പം തന്നെ പയർ കൃഷിക്ക് രോഗകീടങ്ങൾക്കെതിരെ മരുന്നുതളി നടത്തുന്നതിനും കർഷകർക്ക് സൗജന്യ നിരക്കിൽ സസ്യസംരക്ഷണ മരുന്നകൾ ലഭിക്കും.

**16 മത്സരങ്ങൾ, സെമിനാറുകൾ**

പൊതുജനപങ്കാളിത്തത്തോടെ പദ്ധതികൾ നടപ്പിലാക്കുന്നതിന് സെമിനാറുകളും ചർച്ചാക്ലാസുകളും നടക്കാറുണ്ട്. തെങ്ങ്, പച്ചക്കറി, നെൽകൃഷി എന്നിവയിൽ ഏറ്റവും നല്ല കർഷകർക്ക് സമ്മാനങ്ങവും നൽകിവരുന്നു.

**17 വിജ്ഞാനവ്യാപന പരിപാടി**

കർഷകരുടെ കാർഷിക പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹാര മാർഗ്ഗം നിർദ്ദേശിക്കുന്നതിനും ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനുമുള്ള ഫലപ്രദമായ വിജ്ഞാന വ്യാപന പരിപാടി കൃഷിഭവന്റെ പ്രധാന പ്രവർത്തനങ്ങളിലൊന്നാണ്.

## *പ്രശ്നങ്ങൾ നിർദ്ദേശങ്ങൾ*

പണ്ട് സുലഭമായി കൃഷി ചെയ്തിരുന്ന പച്ചക്കറികളും ഇടവിളകളും കുറഞ്ഞുവരികയാണ്. ചാമ, മുത്താറി, കൂർക്ക,മധുരക്കിഴങ്ങ്,കാച്ചിൽ എള്ള് തുടങ്ങിയ കൃഷികളൊക്കെ നാമമാത്രമായെ നടക്കുന്നുള്ളൂ. നെൽകൃഷിതന്നെ ഇല്ലാതായിത്തീരുന്ന രീതിയിൽ നെൽപ്പാടങ്ങളുടെ വിസ്തൃതി കുറഞ്ഞുവരുന്നു. പ്രധാന വിളയായ തെങ്ങിന്റെ ഉൽപ്പാദന ക്ഷമതയും കുറയുന്നതായി കാണുന്നു. ജൈവവളങ്ങളുടെ ലഭ്യതക്കുറവും ശാസ്ത്രീയമായ വളപ്രയോഗത്തെക്കുറിച്ചുള്ള അജ്ഞതയും യഥാസമയങ്ങളിൽ അനുവർത്തിക്കേണ്ട കാർഷികപരിചരണങ്ങൾ സാമ്പത്തിക കാരണങ്ങളാൽ നൽകാൻ കഴിയാതിരിക്കുന്നതും മണ്ണൊലിപ്പും ജലസേചനസൗകര്യങ്ങളുടെ അപര്യാപ്തതയും ഇതിന് കാരണങ്ങളാണ്.കൃഷി ഉപജീവനമാർഗ്ഗമായി സ്വീകരിച്ചവരുടെ എണ്ണത്തിൽ കുറവു വന്ന പോലെ ത്തന്നെ കർഷകതൊഴിലാളികളുടെ എണ്ണത്തിലും കുറവ് വന്നിട്ടുണ്ട്. പുതുതായി തൊഴിലാളികൾ ആരും തന്നെ കന്നുപൂട്ട്, കിള, തെങ്ങുകയറ്റം, നെൽകൃഷി, നടീൽ എന്നീ രംഗത്തേയ്ക്ക് വരുന്നില്ല എന്നത് കാർഷിക മേഖലയിൽ വരും കാലങ്ങളിൽ ഗുരുതരമായ പ്രതിസന്ധി ഉണ്ടാക്കാനിടയുണ്ട്.

**1 മണ്ണ് പരിശോധന:**

മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ വളപ്രയോഗം നടത്തുന്നവർ കുറവാണ്.എല്ലാ വാർഡുകളിലും മണ്ണു പരിശോധന നടത്താനും കർഷകർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും സ്ഥിരമായ പ്രവർത്തനം കൃഷിഭവനിൽ നിന്നും ഉണ്ടാവണം. വിത്ത് , വളങ്ങൾ, കീടനാശിനികൾ മറ്റു നടീൽ വസ്തുക്കൾ എന്നിവ വാർഡുകളിലെ എല്ലാ പ്രദേശത്തും യഥാസമയം എത്തിക്കുന്നതിനുള്ള സംവിധാനം ഉണ്ടാകേണ്ടിയിരിക്കുന്നു. എല്ലാവാർഡുകളിലും കൃഷിഭവന്റെ ഒരു സബ്ഓഫീസ് പ്രവർത്തിക്കുന്നതിനുള്ള നടപടികളുണ്ടാവണമെന്നാണ് കർഷകരുടെ അഭിപ്രായം.മാനി പുരത്ത് ഇപ്പോൾ പ്രവർത്തിക്കുന്ന കൃഷിഭവൻ കൊടുവള്ളിയിലേക്ക് മാറ്റുന്നതിന് കർഷക വികസന സമിതിയും പഞ്ചായത്ത് ഭരണസമിതിയും തീരുമാനിച്ചതിന്റെ വെളിച്ചത്തിൽ കൃഷിഭവൻ കൊടുവള്ളിയിലേക്ക് മാറ്റാൻ സർക്കാർ ഉത്തരവായിട്ടുണ്ട്.എട്ടു ഗ്രാമസഭകളും ഈ നിർദ്ദേശം ഉന്നയിച്ചിട്ടുണ്ട്.

**2. പച്ചക്കറി കൃഷി**

1-ാം വാർഡിലെ 4 ഏക്കറോളം വരുന്ന പുറമ്പോക്ക് സ്ഥലത്ത് പച്ചക്കറി കൃഷിചെയ്യുന്നതിന് ആവശ്യമായ വിത്ത്, വളം, കീടനാശിനികൾ എന്നിവയും ധനസഹായവും നൽകുക.

10-ാം വാർഡിൽ നടമ്മൽ കടവിൽ പച്ചക്കറി ഗ്രൂപ്പ് അടിസ്ഥാനത്തിൽ ചെയ്യുന്നതിനുള്ള സാദ്ധ്യതയുള്ളതിനാൽ ധനസഹായപദ്ധതിയുണ്ടാവണം.

മറ്റു വാർഡുകളിൽ പച്ചക്കറി കൃഷിചെയ്യുന്നതിനാവശ്യമായ വിത്ത്, വളം എന്നിവ സൗജന്യമായി നൽകുകയും ജലസേചനസൗകര്യങ്ങൾക്കും കൃഷിക്കും സാമ്പത്തിക സഹായം അനുവദിക്കുകയും ചെയ്യുക.അടുക്കളത്തോട്ടം നിർമ്മിക്കുന്നതിനും പദ്ധതിയുണ്ടാവണം.

**3 നെൽകൃഷി**

മുമ്പ് കാലത്തുണ്ടായിരുന്ന പറമ്പിലെ നെൽകൃഷിക്കാവശ്യമായ വിത്തുകൾ ലഭ്യമാക്കണം. നെൽകൃഷിക്കുള്ള ധനസഹായം വർദ്ധിപ്പിക്കുകയും നെൽവയൽ നികത്തുന്നത് കർശനമായി തടയുകയും ചെയ്യണം. കാർഷിക ഉപകരണങ്ങളും ഉഴവുഉപകരണങ്ങളും സൗജന്യമായി ലഭിക്കണം.നെൽവിത്തുകളും വളങ്ങളും സബ്സിഡി നിരക്കിൽ യഥാസമയം കർഷകർക്ക് ലഭിക്കണം. നെൽകൃഷിക്ക് എല്ലാ പാടങ്ങളിലും ഗ്രൂപ്പ് കൃഷി സമ്പ്രദായം ഏർപ്പെടുത്തണം.

**4 തെങ്ങുകൃഷി**

✧ ജലസേചനസൗകര്യങ്ങൾ വിപുലീകരിക്കുന്നതിന് പദ്ധതികൾ ഉണ്ടാവണം 1ാം വാർഡിലെ പുഴയുടെ കുറുകെ 4 തടയണകൾ കെട്ടിയാൽ കൂടുതൽ സ്ഥലത്ത് ജലസേചനം നടത്താൻ സാധിക്കും. പൂനൂർ പുഴക്ക് കൊടുവള്ളിയിൽ ഒരു ചെക്ക് ഡാം നിർമ്മിക്കുന്നതിന് ഗ്രാമവികസന വകുപ്പ് തയ്യാറാക്കിയ എസ്റ്റിമേറ്റിന് ഉടനടി ഭരണാനുമതി ലഭിക്കേണ്ടതുണ്ട്. ഇതിന്ന് 5ലക്ഷം രൂപയാണ് ചിലവ് കണ്ക്കാക്കുന്നത്.

✧ 2 ലക്ഷം രൂപ ചെലവു പ്രതീക്ഷിക്കുന്ന ഈ പരിപാടിക്ക് 25%തുകയും ജനപങ്കാളിത്തത്തോടെ സ്വരൂപിക്കാൻ കഴിയും.

✧ വലിയേരിയിലും അരിയിലുമുള്ള നീരുറവകൾ കൃഷിക്ക് ഉപയോഗപ്പെടുത്തുന്നതിന് ജലസേചനത്തിനായി കുളങ്ങൾ കുഴിക്കാവുന്നതാണ്. 30ഏക്കർ സ്ഥലത്ത് ജലസേചനം നടത്താൻ കഴിയും.

✧ രണ്ടാം വാർഡിലെ രണ്ട് കണ്ടത്തിൽ ഭാഗത്ത് കിണറോ കുളമോ ഉണ്ടാക്കിയാൽ കെടയക്കുന്നു ആച്ചുപ്പോയിൽ മലകളിൽ ടാങ്കുകളും സ്ഥാപിച്ചാൽ ആപ്രദേശങ്ങളിൽ ജലസേചനം നടത്തുന്നതിന് അതിലുപരി കുടിവെള്ളത്തിന് ഉപയോഗിക്കുന്നതിനും സാധ്യതയുണ്ട്. അതിനാവശ്യമായ സ്ഥലം സൗജന്യമായി നൽകുന്നതിന് പ്രദേശത്തെ കർഷകർ തയ്യാറാണ്.

✧ ഇങ്ങോട്ടുവയൽ, കോട്ടക്കൽ കുളം നിർമ്മിച്ചാൽ കൃഷിക്ക് സൗകര്യപ്പെടുത്താൻ സാധിക്കും.

✧ രണ്ടാം വാർഡിന്റെ പടിഞ്ഞാറ് ഭാഗത്ത് കൂടി ഒഴുകുന്ന പനൂർ പുഴയിൽ ഒരു ചെക്ക് ഡാം കെട്ടി ജലസേചനം നടത്താനുള്ള സൗകര്യമേർപ്പെടുത്തണം.

✧ പൂനൂർ പുഴക്ക് ബണ്ടു കെട്ടിയാൽ മൂന്നും നാലും അഞ്ചും വാർഡുകളിലെ ഭാഗങ്ങളിൽ ജലസേചനം നടത്താൻ ഉപകരിക്കും.

✧ പൂനൂർ പുഴയിൽ കിണർ കുഴിച്ച് ഞെള്ളോറ മലയിൽ ടാങ്ക് കെട്ടി പമ്പ് ചെയ്താൽ ആ പ്രദേശമാകെ ജലസേചനം നടത്താൻ കഴിയുന്നതാണ്.

✧ ആറങ്ങോട് വയലിൽ കുളം കുഴിച്ച് ജലസേചന സൗകര്യം ഉണ്ടാക്കണം.

✧ പന്നിയൂക്ക് പുല്ലോറ മലയിൽ ജലസേചനം നടത്തുന്നതിന്ന് സൗകര്യം ഏർപ്പെടുത്തണം.

✧ 5ാം വാർഡിൽ പുഴയിൽ തടയണകൾ സ്ഥാപിച്ച് ജലസേചന സൗകര്യം ഉണ്ടാക്കണം.

✧ 5ാം വാർഡിലെ നിലിവിലുള്ള നീരുറവകൾ വിപുലപ്പെടുത്തണം.

✧ വാർഡ് 6ലെ കരിയാത്തൻ കല്ല, താന്നിയോട് തൃക്കൈതെറ്റ് മലകളിൽ ജലസേചനം നടത്തുന്നതിന് പൂനൂർ പുഴയിൽ കിണർകുഴിച്ച് മലകളിൽ ടാങ്ക് കെട്ടിവെള്ളം പമ്പ് ചെയ്യുക.

✧ 7ാം വാർഡിലെ കതിരോട്ട് വയൽ ഭാഗമായ പൊയിലിൽ രണ്ട് കുളം നിർമ്മിക്കുകയും ഇരു ഭാഗങ്ങളിൽ ടാങ്ക് സ്ഥാപിച്ച് ജലവിതരണം നടത്തുക.

✧ പൊയിലിൽ അങ്ങാടിയുടെ കിഴക്ക് ഭാഗത്ത് കൂടിഒഴുകുന്ന പുഴയിൽ കുളം ഉണ്ടാക്കി പാലക്കുന്ന് ഭാഗത്ത് സംഭരിച്ച് ജലസേചനം നടത്തുന്നതിന് പദ്ധതി വേണം.

✧ ഓടർ പൊയിൽ കുളം നിർമ്മിച്ച് കിഴക്കൻ തമ്പാമെലയിൽ ജലം ലഭ്യമാക്കണം.

✧ അണ്ടോണ തോടിന് തടയണകെട്ടി ജലസേചന സൗകര്യമേർപ്പെടുത്തണം.

✧ 8ാം വാർഡിലെ കണ്ടയിൽ വട്ടത്താം പോയിൽ ചന്ദനം പുറം പൂക്കോട്ട് എന്നീ നീരുറവകൾ കുളങ്ങളായി മാറ്റി ജലസേചന സൗകര്യം ഏർപ്പെടുത്തണം.

✧ 9ാം വാർഡിലെ എടച്ചേരി കുളം ആഴം കൂട്ടി ജലസേചന യോഗ്യമാക്കണം.

✧ പുത്തലത്ത് വയലിൽ കുളം കുഴിച്ച് ജലസേചനത്തിന് സൗകര്യമുണ്ടാക്കുക.

✧ സമൂഹ ജലസേചന പദ്ധതി പ്രകാരം പാലക്കുന്ന്, ചെവിടംചാൽ പ്രദേശത്ത് ആറങ്ങോട് മൂശാരിയേടത്ത് പ്രദേശത്തും കുളങ്ങൾ കുഴിച്ച് ടാങ്കെട്ടി പമ്പ്സെറ്റ് സ്ഥാപിച്ച് ജലസേചനസൗകര്യം ഏർപ്പെടുത്തണം.

✧ ലിഫ്റ്റ് ഇറിഗേഷൻ പദ്ധിതി പ്രകാരം കാപ്പ് മലയിൽ ടാങ്ക് കെട്ടി ജലസേചനസൗകര്യം ചെയ്യണം.

✧ 9ാം വാർഡിൽ പുഴയിൽ തടയണകളുണ്ടാക്കി വെള്ളം സംഭരിക്കണം.

✧ 10ാം വാർഡിലെ നിലവിലുള്ള കുളങ്ങൾ നന്നാക്കി ജലസേചന യോഗ്യമാക്കുക.

✧ 11ാം വാർഡിലെ കരുവമ്പൊയിലിലെ മൈനർ ഇറിഗേഷൻ വകുപ്പിന്റെ അധീനതയിലുള്ള 20സെന്റ് സ്ഥലത്ത് 20 മീറ്റർ നീളവും 8 മീറ്റർ ആഴവുമുള്ള കുളം നന്നാക്കി പമ്പ്സെറ്റ് സ്ഥാപിച്ച് നെൽകൃഷിക്കും തെങ്ങുകൃഷിക്കും ജലസേചനസൗകര്യം നൽകുന്നതിനുപയോഗിക്കാം.

✧ മാതോലത്ത് കടവിൽ പുഴക്ക് ചെക്ക് ഡാം കെട്ടി വെള്ളം നിലനിർത്തുക

✧ ചെമ്പറ്റമലയിൽ ചെമ്പശ്ശേരി എന്ന സ്ഥത്ത് നീരുറവ വിപുലപെടുത്തി ജലസേചനസൗകര്യമുണ്ടാക്കുക.

✧ കുറുങ്ങാട്ട് കടവിൽ കിണർ കുഴിച്ച് 12ാം വാർഡിലെ പനങ്ങാട്ട് കുന്നിൽ വെള്ളം എത്തിക്കണം.

✧ കരൂഞ്ഞിയിൽ കുളം കുഴിച്ച് നെടുമലയിൽ ടാങ്ക് കെട്ടി ജലസേചന സൗകര്യം ഏർപ്പെടുത്തണം.

✧ പൊയിൽ , ചക്കരപറമ്പ്, ആട്ട്യോരിത്താഴം എന്നിവിടങ്ങളിൽ കുളം നിർമ്മിച്ച് ജലസേചനസൗകര്യങ്ങൾ ഉണ്ടാക്കണം.

✧ 14ാം വാർഡിലെ ഒറുവിൻ കുണ്ടിൽ കുളം കുഴിച്ച് ജലസേചനസൗകര്യങ്ങൾ ഉണ്ടാക്കുക.

✧ കൂനത്തൂർ പ്രദേശത്ത് ജലസേചന ആവശ്യാർത്ഥം കുളം കുഴിക്കുന്നതിന് സ്ഥലം സൗജന്യമായി നൽകാൻ തയാറാണ്.

✧ 10ാം വാർഡിൽ നടമ്മൽ കടവ് ഭാഗത്ത് വിവിധ തരം തൈകൾ ഉൽപ്പാദിപ്പിക്കുന്നതിന് വായ്പ ധനസഹായം വേണം.

✧ തെങ്ങിന്റെ രോഗകീടബാധ തടയാൻ നടപടിയുണ്ടാവണം.

✧ കൃഷിക്കാവശ്യമായ എല്ലാവ ഉങ്ങളും സബ്സിഡി നിരക്കിൽ ലഭ്യമാക്കണം.

✧ കാർഷികോൽപ്പന്നങ്ങൾ വിപണനം നടത്താൻ പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ ഗതാഗതസൗകര്യം വിപുലപ്പെടുത്തണം.

✧ കാർഷികോൽപ്പന്നങ്ങളുടെ സംഭരണകേന്ദ്രങ്ങൾ എല്ലാ വാർഡുകളിലും ഉണ്ടാകണം.

✧ മണ്ണൊലിപ്പ് തടയുന്നതിന് ധനസഹായം നൽകണം.

✧ എല്ലാ കൃഷിക്കും കൂട്ടുകൃഷി സമ്പ്രദായം ഏർപ്പെടുത്തണം.

✧ കാർഷിക ഉൽപ്പന്നങ്ങളുടെ വിപണനകേന്ദ്രങ്ങൾ പ്രധാനസ്ഥലങ്ങളിൽ സ്ഥാപിക്കണം.

✧ വാർഡുകളിൽ കൊപ്ര, അടക്ക, എന്നിവ ഉണക്കുന്നതിന് ഡ്രയറുകൾ സ്ഥാപിക്കണം.

✧ കാർഷിക വായ്പാ പലിശ നിരക്ക് കുറക്കുകയും വരുമാനത്തിന്റെ അടിസ്ഥാനത്തിൽ പലിശ രഹിത വായ്പകൾ അനുവദിക്കുകയും ചെയ്യുക.

✧ കമ്പോസ്റ്റ് കുഴിക്ക് ധനസഹായം നൽകുക.

✧ മഴവെള്ളം കെട്ടിനിർത്തുന്നതിന് സഹായം നൽകുക.

✧ ജൈവവളം ഉൽപ്പാദിപ്പിക്കുന്നതിന് ധനസഹായം നൽകണം.

✧ പഞ്ചായത്തിൽ മണ്ണ് പരിശോധനകേന്ദ്രം സ്ഥാപിക്കുകക

✧ പഴം, നാളികേരം, പച്ചക്കറി എന്നിവ സംസ്കരിച്ച് വില്പന നടത്തുന്നതിന് ആവശ്യമായ സഹായങ്ങൾ ചെയ്യണം.

✧ അണ്ടോണപാലം മുതൽ കൊടുവൻ മുഴിവരെയുള്ള ചെറുപുഴക്കലേക്ക നീർവാർച്ചയുള്ളതുമായ മുഴുവൻ പ്രദേശങ്ങളും നീർമറി പദ്ധതിയിൽ ഉൾപ്പെടുത്തുക.

✧ 13ാം വാർഡിൽ രാസവള ഡിപ്പോ വേണം.

✧ കുരുമുളക്,കവുങ്ങ് രോഗ കീടബാധക്കെതിരെ പ്രതിരോധ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിന് സഹായം നൽകണം.

✧ കാർഷികാവശ്യത്തിന് പമ്പ്സെറ്റ് സൗജന്യമായി നൽകണം.

✧ തീറ്റപുൽകൃഷിക്ക് പദ്ധതി വേണം.

## *മണ്ണ് ജലസംരക്ഷണം*

1. പടിക്കൽ വീട്ടിൽ താഴം മുതൽ വാവാട് സെന്റർ ബസാറിൽ നിന്ന് എരഞ്ഞോണക്ക് പോകുന്ന റോഡ് ജംഗ്ഷൻവരെ സംരക്ഷണ ഭിത്തികെട്ടുക.
2. മാനിപുരം ആനപ്പാറവരെയുള്ള തോടിന്റെ ഇരുവശവും കെട്ടാൻ ബാക്കി യുള്ളതും അടുമാറിക്കരമുതൽ കണ്ടേൽ വരെയും ഊരോപ്പറമ്പ് മുതൽ മുയ്യിൽ വരെയും തോടുകൾക്ക് ഭിത്തി കെട്ടുക.
3. മണ്ണിൽ കൊടുകയിൽ (8ാം വാർഡ്) പുഴക്കര ഇടിഞ്ഞു നശിക്കുന്നത് തടയുക.
4. പുതുവായിക്കര പുഴക്കടവിൽ ഇടിഞ്ഞ 150 മീറ്റർ സ്ഥലം കെട്ടി സംരക്ഷിക്കുക.
5. കോട്ടക്കൽ പൊയിൽ പ്രദേശത്ത് മലയിൽ ഭിത്തി കെട്ടി മലവെള്ളം തടയുക.
6. മാനിപുരം എരപ്പംകുണ്ട് വരെ 2കി.മി ദൂരവും പുതുവയൽ തോട് 500 മീറ്ററും ഇരുഭാഗവും കല്ലുകൊണ്ട് കെട്ടി സംരക്ഷിക്കുക.
7. 9ാം വാർഡിലെ പുഴയുടെ ഓരം കെട്ടി പുഴയുടെ മണ്ണു സംരക്ഷണം നടത്തുക.
8. 10ാം വാർഡിലെ നടമ്മൽ കടവിൽ ബണ്ട് നിർമ്മിക്കുക.
9. നൂഞ്ഞിക്കരത്തോട് ഇരു ഭാഗത്തേക്കും യഥാക്രമം 1 കിലോമീറ്ററും 1 1/2 കിലോമീറ്ററും ദൂരം പാർശ്വഭിത്തികൾ കെട്ടി സംരക്ഷിക്കുക.
10. മൂഴിത്തലക്കൽ നിന്ന് (ഇരുമ്പോത്ത്") കുന്നത്ത് മാനിപുരം റോഡ് വരെ 500 മീറ്റർ സൈഡ് കെട്ടുക.
11. പൂവൻമ്മല ഭാഗത്ത് കയ്യാല കെട്ടി മണ്ണൊലിപ്പ് തടയുക.
12. വാവാട് വെള്ളറമ്മൽ ഭാഗത്ത് വയലിന്ന് പാർശ്വഭിത്തി കെട്ടുക.
13. കരുവാമ്പൊയിൽ മാതോലത്ത് കടവ് തോട് സൈഡ് കെട്ടി സംരക്ഷിക്കുക.
14. നെടുമല, പനങ്ങാട്കുന്ന് കരുഞ്ഞി അരക്കമ്പ്രമല എന്നിവിടങ്ങളിലെ രൂക്ഷമായ മണ്ണൊലിപ്പ് തടയുക.

മെൽ പറയപ്പെട്ട പദ്ധതികൾ ആസൂത്രിതമായി നടപ്പിലാക്കുകയാണെങ്കിൽ "ഭക്ഷ്യരംഗത്തെ സ്വയം പര്യപ്തത" എന്ന ആശയത്തിന്ന കൊടുവള്ളി പഞ്ചായത്തിന്റെ പങ്ക് പൂർണ്ണമായി നിർവ്വഹിക്കാൻ സാധിക്കും എന്ന പ്രത്യാശയോടെ കാർഷിക, ജലസേചന രംഗത്ത് നടപ്പിലാക്കേണ്ട പദ്ധതികളെ സംബന്ധിച്ച ഈ വികസന റിപ്പോർട്ട് മുൻഗണനാക്രമം നിശ്ചയിക്കുന്നതിനായി സമർപ്പിക്കുന്നു.

# മൃഗസംരക്ഷണം

പഞ്ചായത്തിൽ കന്നുകാലി വിപണനത്തിൽ കേരളത്തിലെ അറിയപ്പെട്ട ഒരു കേന്ദ്രമാണ് 'കൊടുവള്ളി' എന്നാൽ കാലി സമ്പത്തിന്റെ കാര്യത്തിൽ ഏറ്റവും പിറകിലാണ് പ്രധാനമായും വളർത്തി വരുന്നത്, പശു, ആട്, എന്നീ മൃഗങ്ങളേയാണ്. കൂടുതല വീടുകളിലും അടുക്കത്തോട്ടത്തിന്റെ ഭാഗമായി കോഴിവളർത്തലും ഉണ്ട്. നാമമാത്ര കർഷകർ താറാവുകളേയും മുയലുകളേയും വളർത്തുനുണ്ട്. ഇറച്ചിക്കുവേണ്ടിയുള്ള മുയൽവളർത്തലിന് വേണ്ടത്ര പ്രചാരം ലഭിച്ചിട്ടില്ല.

1996 ലെ സാമൂഹ്യ സെൻസസ് പ്രകാരം കൊടുവള്ളി പഞ്ചായത്തിൽ 860 പമ്പക്കുളും 1250 കണ്ടുകുട്ടികളും (എല്ലാ പ്രായത്തിലും പെട്ടവ) 2250 ആടുകളെയും, 42 ഉഴവുകാളകളെയും 60 മുയലുകളേയും വളർത്തുന്നുണ്ട്. പഞ്ചായത്തിലെ 90% വീടുകളിലും അടുക്കളതോട്ടത്തിന്റെ ഭാഗമായി കോഴികളേയും വളർത്തുനുണ്ട്.

കാലിതീറ്റയുടെ കുതിച്ചുവരുന്ന വിലയും, വൈക്കോലിന്റെ ദൗർലഭ്യതയും തീറ്റ പുൽ കൃഷിയെകുറിച്ചുള്ള അജ്ഞതകളും ഈ രംഗത്ത് നിന്ന് കർഷകർ ഒഴിഞ്ഞുപോകാൻ ഇടയാക്കിട്ടുള്ള സാഹചര്യങ്ങളാണ് ബ്ലോക്കാഫീസിനോട് അനുബന്ധമായി 1961 ൽ പഞ്ചായത്തിൽ സ്ഥാപിതമായ മൃഗാശുപത്രിയുടെ പ്രവർത്തനം പഞ്ചായത്തിന്റെ മുഴുവൻ സ്ഥലങ്ങളിലും ലഭ്യമാണെങ്കിലും, മാനിപുരം, കളരാന്തിരി എന്നീ ഭാഗങ്ങളും ചില ഉൾപ്രദേശങ്ങളും ബീജദാന സൗകര്യത്തിനും മറ്റ് മൃഗചികിൽസക്കും വളരെ ബുദ്ധിമുട്ട് അനുഭവപ്പെടുന്ന പ്രദേശങ്ങളാണ്. മൃഗാശുപത്രിക്ക് പഞ്ചായത്തിന്റെ എല്ലാവർഡുകളിലും എത്തുന്നതിനും, പെട്ടെന്ന് ചില പ്രധാന കേസുകൾ കൈകാര്യം ചെയ്യുന്നതിനും ഇന്നുള്ള അടിസ്ഥാന സൗകര്യങ്ങൾ തികച്ചും അപര്യാപ്തമാണ്.

1996 ൽ കൊടുവള്ളി പഞ്ചായത്തിൽ പ്രതിദിനം ഏകദേശം 760 ലിറ്റർ പാലാണ് സംഭരിക്കുകയും വിതരണം ചെയ്യുകയും ചെയ്തത് അതിൽ 236 ലിറ്റർ പാൽ മാനിപുരത്ത് സ്ഥിതി ചെയ്യുന്ന സഹകരണപാൽ സൊസൈറ്റിയാണ് സംഭരിക്കുകയും വിതരണം ചെയ്യുകയും ചെയ്തത്. ഏകദേശം 80 കർഷകർ ഈ സൊസൈറ്റിയുമായി ബന്ധപ്പെടുന്നുണ്ട്. എന്നാൽ ഇതിന്റെ പ്രവർത്തന പരിധി ചുരുങ്ങിയ ഒരു പ്രദേശത്തായതിനാൽ പഞ്ചായത്തിലെ ക്ഷീരകർഷകരെ ഒന്നിപ്പിക്കുന്നതിനോ, അവർക്കു വേണ്ട തീറ്റകൊടുക്കുക, പുൽവിത്തുകൾ, കന്നുകുട്ടികൾക്കുള്ള ഇൻഷുറൻസ് പദ്ധതി നടപ്പാക്കുക, കാലിതീറ്റ സബ്സിഡിനിരക്കിൽ വിതരണം ചെയ്യുക, സെമിനാറുകൾ സംഘടിപ്പിക്കുക എന്നീ കാര്യങ്ങൾ ചെയ്യുന്നതിനോ സൊസൈറ്റിക്ക് കഴിയുന്നില്ല.

പഞ്ചായത്തിലെ 8% നുമുകളിലും മാംസം കഴിക്കുന്നവരാണ്. ദിവസേന പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിലായി ഏകദേശ കണക്ക് പ്രകാരം 27 ഓളം മാടുകളേയും 10 ഓളം ആടുകളേയും 250 കി.ലോഗ്രാം. കോഴികളേയും മാംസത്തിനുവേണ്ടി ഉപയോഗിക്കുന്നുണ്ട്, ആഴ്ചയിലൊരിക്കൽ രണ്ട് സ്ഥലങ്ങളിലായി നടത്തുന്ന കാലിച്ചന്തയിൽ 600 ഓളം മാടുകളേയും 200 ഓളം ആടുകളേയും ആന്യസംസ്ഥാനങ്ങളിൽ നിന്നും മറ്റുമായി ഇവിടെ കൊണ്ടവന്ന് ഇറച്ചി ആവശ്യത്തിനും വളർത്തുന്നതിനും വിൽപനനടത്തി വരുന്നു. ശരീരികമായി വളരെ ശോചനീയാവസ്ഥയിലുള്ളതും രോഗം പിടിച്ചതുമായ മിണ്ടാ പ്രാണികളെ കശാപ്പുചെയ്യുന്നത് നമ്മുടെ പഞ്ചായത്തിലെ ഒരു നിത്യ സംഭവമാണ്. അറിഞ്ഞോ അറിയാതെയൊ എരുമകളും ഇതിൽ ഉൾപ്പെടാറുണ്ട്. അറവുനടക്കുന്നതും മാംസം പദർശിപ്പിക്കുന്നതും അങ്ങാടിയിലെ തിരക്കേറിയ പ്രദേശങ്ങളിലും, വ്യത്തിഹിനമായ ചുറ്റുപാടുകളിലുമാണ്. പൊതുജനത്തിന് മാംസത്തിലൂടെ ധാരാളം അസുഖം വരാൻ ഇത് വഴിയൊരുക്കുന്നു. മാരകമായ അസുഖങ്ങളിൽ പലതും മാംസത്തിലൂടെ പകരുന്നവയാണ്. കൂടാതെ വളർത്തു മൃഗങ്ങളേയും അന്യസംസ്ഥാനങ്ങളിൽ നിന്നും ഇറച്ചിക്കായി കൊണ്ടുവരുന്ന മൃഗങ്ങളേയും ഒരേ ചന്തയിൽ പ്രദർശിപ്പിക്കുകയും വിൽക്കുകയും ചെയ്യുന്നത് കൊണ്ട്. മാരകമായ കുളമ്പ്രോഗം, ആന്ത്രാ

ക്സ്, ഒ.ട. എന്നീവ പകരുവാനും പഞ്ചായത്തിൽ മുഴുവൻ പടർന്ന് പിടിക്കന്നതിനും ഇടയാവുന്നുണ്ട്.

ഇറച്ചി കോഴി വളർത്തലിലേക്ക് ആളുകൾ കൂടുതലായി കടന്ന് വരുന്നെങ്കിലും കഴിഞ്ഞ ഒരുവർഷത്തിനു ശേഷം കോഴിതീറ്റയുടെ കുതിച്ചുയർന്ന വില, വാക്സിനുകൾ, മരുന്നുകൾ കോഴികുഞ്ഞുങ്ങളുടെ അപര്യാപ്തതയും കൂടിയ വിലയും ഈ രംഗം പുറകോട്ടാണ് ചലിക്കുന്നത്. കൂടാതെ മാർക്കറ്റിൽ അന്യസംസ്ഥാനത്ത് നിന്നും ലഭ്യമാകുന്ന കോഴിയുടെ വിലയിലുണ്ടാകുന്ന മൽത്സരവും കോഴികർഷകർക്ക് വളരെ ബുദ്ധിമുട്ട് ഉണ്ടാക്കുന്നു. മുയൽ വളർത്തൽ കാടകോഴിവളർത്തൽ എന്നിവ കർഷകർക്ക് താൽപര്യമുളവാക്കുന്ന വിഷയങ്ങളാണെങ്കിലും വേണ്ടത്ര പ്രോൽത്സഹനവും, വിജ്ഞാനവും ഈ രംഗത്ത് ലഭിക്കുന്നില്ല എന്നാണ് വാസ്ഥവം.

പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിൽ നിന്നും പേഷട്ടിയുടെ ശല്യം റിഷോർട്ട് ചെയ്തിട്ടുണ്ട്. വളരെ കുറ്ഞ വീടുകളിൽ മാത്രമാണ് നായ വളർത്തുന്നത്. അവക്ക് തന്നെ പേവിഷബാധക്കെതിരേയുള്ള കുത്തിവെഷ് നടത്താറില്ല. പഞ്ചായത്തിൽ അലഞ്ഞ് തിരിയുന്ന പട്ടികളുടെ എണ്ണം വളരെ കൂടുതലാണ്. ഈ പട്ടികളാണ് മാരകമായ ഈ രോഗം പ്രധാനമായും പരത്തുന്നത്.

വരെയധികം തൊഴിൽ സാദ്ധ്യതകളുള്ള മൃഗസംരക്ഷണരംഗവും, അനുബന്ധ മേഖലകളെയും സംബന്ധിച്ച് പഞ്ചായത്തിലെ കർഷകർക്ക് വേണ്ടത്ര വിവരമില്ലായ്മ ഈ മേഖലയിലെ പ്രധിസന്ധിവർദ്ധിഷിക്കുന്നു. വിവിധ രീതിയിലുള്ള വിജ്ഞാനവ്യാപന രീതിയുടെ അഭാവം നിമിത്തം തൊഴിലിനും, സാമ്പത്തിക രംഗത്ത് കൂടുതൽ പുരോഗമിക്കാനും കഴിയുന്ന ഈ രംഗം പഞ്ചായത്തിൽ മുരടിച്ചു പോവുകയാണ്.

## പ്രധാന പ്രശ്നങ്ങൾ

- ☛ കാലിത്തീറ്റയുടെ വില വർദ്ധന
- ☛ തീറ്റ പുല്ല്, വൈക്കോൽ എന്നിവയുടെ അപര്യാപ്തത.
- ☛ സെസൈറ്റിയുടെ അപര്യാപ്തതയും അകലവും
- ☛ പേഷട്ടിശല്യം ഉണ്ടാകുന്നു.
- ☛ കൃത്രിമ ബിജദാന കേന്ദ്രത്തിന്റെ കുറവ്
- ☛ പുൽ കൃഷി വ്യാപനത്തിനുള്ള കർഷകരുടെ അജ്ഞത
- ☛ മാംസ വിപണനത്തിലൂടെ പകരുന്ന രോഗങ്ങൾ
- ☛ ചന്തയിൽ കൊണ്ടുവരുന്ന അന്യസംസ്ഥാനങ്ങളിലെ മൃഗങ്ങൾ പരത്തുന്ന രോഗങ്ങൾ
- ☛ കോഴിതീറ്റയുടെ വിലവർദ്ധന
- ☛ മൃഗാശുപത്രിയിലെ സൗകര്യക്കുറവ്
- ☛ പശുക്കളെ വളർത്തുന്നതിന് സാമ്പത്തിക സഹായം ലഭിക്കാനുള്ള പ്രയാസം.
- ☛ മൃഗസംരക്ഷണ രംഗത്ത് കർഷകർക്കുള്ള അജ്ഞത
- ☛ മാംസപരിശോധനയുടെ അപര്യാപ്തത.
- ☛ ഇറച്ചികോഴികുഞ്ഞുങ്ങളുടെ ലഭ്യതക്കുറവ്

## സാദ്ധ്യതകളും പരിഹാരമാർഗങ്ങളും

1) കൊടുവള്ളി പഞ്ചായത്തിൽ മുഴുവൻ വാർഡുകളേയും കൂട്ടി യോജിഷിച്ചു കൊണ്ട്. ഒരു പാൽ സൊസൈറ്റി സ്ഥാപിക്കുക. നെല്ലാങ്കണ്ടി. വാവാട് പറമ്പത്ത്കാവ്, കരുവംപൊയിൽ, ആറംങ്ങോട് എന്നീ പ്രദേശങ്ങളിൽ പാൽ സംഭരണ കേന്ദ്രങ്ങൾ സ്ഥാപിക്കുക. വിതരണത്തിനുശേഷം മിച്ചം വരുന്ന പാൽ, പാലുൽപന്നങ്ങൾ നിർമ്മിക്കുന്ന വനിതാ സഹകരണ സംഘങ്ങൾക്ക് നൽകുക.
2) സഹകരണ സംഘങ്ങൾ രൂപികരിക്കുകയും കർഷകർക്ക് സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം ചെയ്യുകയും തീറ്റപുൽകൃഷിക്ക് ആവശ്യമായ വിത്തും വളവും എല്ലാ ക്ഷീര കർഷകർക്കും സബ്സിഡി നിരക്കിൽ വിതരണം ചെയ്യുക.
3) കൂടുതൽ സങ്കരഇനം പശുക്കളെ ഉൽപാദിഷിക്കുന്നതിന് വേണ്ടി മാനിപുരം കേന്ദ്രമാക്കി ഒരു കൃത്രിമ ബീജ സങ്കലന കേന്ദ്രം തുടങ്ങുക.
4) മൃഗാശുപത്രിയുടെ പ്രവർത്തനങ്ങൾ വ്യാപിക്കുന്നതിനും, വിവിധ വാർഡുകളിൽ കുത്തിവെഷ്, ഗോരക്ഷാക്യാമ്പുകൾ, വന്ധ്യതാ നിവാരണ ക്യാമ്പുകൾ എന്നിവ നടത്തുന്നതിന് ആവശ്യമായ വാഹന സൗകര്യം ഏർപ്പെടുത്തുക. മൃഗാശുപത്രിയിലെ ട്രെവിസാസ്, ഫ്രിഡ്ജ്,

മൈക്രോസ്കോപ്പ് പരിശോധിക്കുവാനുള്ള കോൺക്രീറ്റ് സ്ലാബുകൾ, ആവശ്യമായ മരുന്ന്, ഫർണിച്ചറുകൾ എന്നിവ ലഭ്യമാക്കുക.

5) മൃഗാശുപത്രിയിൽ ഇന്ന് നിലവിലുള്ള ഒരു വെറ്ററിനറി സർജനെ സഹായിക്കുന്നതിന് ഒരു ലൈവ് സ്റ്റോക്ക് ഇൻസ്പെകടറെ നിയമിക്കുക.

6) മൃഗാശുപത്രിക്ക് സൊസൈറ്റികളുമായും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളുമായും ബന്ധപ്പെടുന്നതിന് ടെലിഫോൺ സൗകര്യം നൽകുക.

7) പഞ്ചായത്തിൽ പുറമേനിന്നും കശാപ്പിനായി മൃഗങ്ങളെ പരിശോധിക്കുകയും, ഭക്ഷണ യോഗ്യമല്ലാത്ത ഉരുക്കളെ മാംസ കച്ചവടത്തിനായി ഉപയോഗിക്കുന്നത് തടയുകയുംചെയ്യുക. മുമ്പ് മൃഗങ്ങളെ വെറ്റർനറി ഡോക്ടർ പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകുവാൻ വേണ്ട നടപടി സ്വീകരിക്കുക.

8) പഞ്ചായത്തിന്, പൊതുവായി മാംസം പ്രദർശിപ്പിക്കുന്നതിനും, വിതരണം ചെയ്യുന്നതിനുമായി പ്രത്യേകം സജ്ജീകരിച്ച അറവുശാലകൾ സ്ഥാപിക്കുക.

9) വളർത്താൻ വിൽക്കുന്ന മൃഗങ്ങളേയും അറവിനുള്ള വയേയും ഒരേ ചന്തയിൽ വെച്ച് കച്ചവടം നടത്താൻ അനുവദിക്കരുത്, വളർത്താനുള്ള മൃഗങ്ങൾക്ക് പ്രത്യേക ചന്ത ഏർപ്പെടുത്തുകയും അവിടെ ക്രയവിക്രയം ചെയ്യുന്ന മൃഗങ്ങളെ പ്രതിരോധ കുത്തിവെപ്പിന് വിധേയ മാക്കുകയും ചെയ്യുക.

10) ആടുവളർത്താൻ പ്രോൽസാഹിപ്പിക്കുന്നതിന് തിരഞ്ഞെടുക്കപ്പെട്ട ദാരിദ്ര രേഖക്ക് താഴെയുള്ള 2000 ഗുണ ഭോക്താക്കൾക്ക് നല്ലയിനം ആട്ടിൻ കുട്ടികളെ പകുതി വിലക്ക് വിതരണം ചെയ്യാൻ വേണ്ട നടപടി സ്വീകരിക്കുക.

11) തിരഞ്ഞെടുക്കപ്പെടുന്ന പാവപ്പെട്ട കർഷകർക്ക് ഒരു സങ്കര ഇനം പശുവിനെ സബ്സിഡി നിരക്കിൽ നൽക്കുന്ന പരിപാടി ആവിഷ്കരിക്കുക.

12) കൊടുവള്ളി ബ്ലോക്കിൽ പഞ്ചായത്തുകളിൽ നിന്നും ലഭ്യമാകുന്ന അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് ഒരു കാലിത്തീറ്റ ഫാക്ടറി സ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കുക.

13) പഞ്ചായത്തിലെ മുഴുവൻ കർഷകർക്കും വിജ്ഞാനം നൽകുന്നതിനും മൃഗസംരക്ഷണരംഗത്തെ അറിവുകൾ വ്യാപിപ്പിക്കുന്നതിനും ബ്ലോക്കടിസ്ഥാനത്തിൽ ഒരു ട്രെയിനിംഗ് സെന്റർ തുടങ്ങുകയും രോഗങ്ങൾ പരിശോധിച്ച് അറിയുന്നതിന് വേണ്ടി ഒരു ലാബോറട്ടറി സ്ഥാപിക്കുകയും, അതിൽ ഒരു വെറ്ററിനറിസർജനെ നിയമിക്കുകയും ചെയ്യുക.

14) പഞ്ചായത്തിലെ കർഷകർക്ക് വിതരണം ചെയ്യുന്നതിനായി മുട്ടക്കോഴികുഞ്ഞുങ്ങളെ ഉൽപാദിപ്പിക്കുന്ന എഗ്ഗർ നഴ്സറി പഞ്ചായത്തിലെ രണ്ട് വാർഡുകളിലെങ്കിലും തുടങ്ങുക.

പഞ്ചായത്തിൽ ഉഴവുകാളകളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനും തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനും ഒരോ വാർഡിലും തിരഞ്ഞെടുക്കപ്പെട്ട 10 കർഷകർക്ക് വീതം ഉഴവുകാളകളെ പകുതി വിലക്ക് നൽകുക.

15) കൊടുവള്ളി പഞ്ചായത്തിലെ എല്ലാപട്ടികജാതി കോളനികളിലും മുട്ടക്കോഴികളേയും, പശുക്കളെയും വിതരണം ചെയ്യുകയും, പട്ടികജാതിക്കായി ഒരു കോളനി വിജ്ഞാന പരിപാടി നടപ്പാക്കുകയും, ഭക്ഷ്യകാര്യങ്ങളിൽ മുട്ടയുടേയും, മാംസത്തിന്റേയും, പാലിന്റെയും ആവശ്യകത അവരെ മനസിലാക്കുകയും ചെയ്യുക.

16) ഇറച്ചിക്കോഴി വളർത്തലിനും വിപണത്തിനും ഒരു വനിതാ സഹകരണ സംഘം സ്ഥാപിക്കുക, തിരഞ്ഞെടുക്കുന്ന പ്രദേശങ്ങളിൽ ഇറച്ചിക്കോഴിക്കുഞ്ഞുളെ വിതരണം ചെയ്യുക.

17) മൃഗസംരക്ഷണ മേഖലയിൽ കൂടുതൽ വനിതാ പ്രാതിനിധ്യം ഉറപ്പാക്കുന്നതിന് വേണ്ട പ്രവർത്തനത്തിന് ഊന്നൽ നൽകുക. വാർഡ് അടിസ്ഥാനത്തിൽ മൃഗപരിപാലനവും അതിലെ തൊഴിൽ സാദ്ധ്യതകളും ലഭ്യമാക്കാൻ വനിതാ സഹകരണസംഘങ്ങൾ രൂപികരിക്കുക.

18) വളർത്തു നായ്ക്കളെ പേവിഷബാധക്കെതിരായ കുഞ്ഞിവെപ്പ് നടത്തുകയും, അലഞ്ഞ് തിരി

യുന്ന നായ്ക്കളെയും പട്ടികളേയും നശിപ്പിക്കുകയും ചെയ്യുക.

19) മുയൽ കുഞ്ഞുങ്ങളേയും, കാട ക്കോഴികളേയും കർഷകർക്ക് ലഭ്യമാക്കുക.

20) പാൽ സൊസൈറ്റികൾ വഴി മൂന്ന് മാസത്തിനു മുകളിലും 6 മാസത്തിന് താഴെയുമുള്ള സങ്കര ഇനം പശുക്കുട്ടികളെ ഇൻഷൂർ ചെയ്യുകയും തീറ്റ സബ്സിഡി ആയി നൽകുകയും ചെയ്യുക.

21) പഞ്ചായത്തിലെ മുഴുവൻ വളർത്തു മൃഗങ്ങൾക്കും അവയെ പരിപാലിക്കുന്ന കർഷകർക്കും ഇൻഷൂറൻസ് സൗകര്യങ്ങൾ ഏർപ്പെടുത്തുക.

22) പഞ്ചായത്തിലെ വിവിധഭാഗങ്ങളിലെ ബീജസങ്കലനത്തിന് ഉപയോഗിക്കുന്ന കാളകളെ വരിയുടക്കുകയും കൃതിമ ബീജ സങ്കലനപരിപാടി ആവിഷ്കരിക്കാൻ ജനങ്ങളെ ബോധവൽക്കരിക്കുകയും ചെയ്യുക.

23) പഞ്ചായത്തിലെ കോഴിവളർത്തൽ വിപുലീകരിക്കുന്നതിന് വേണ്ടി ഇറച്ചിക്കോഴികുഞ്ഞുങ്ങളേയും, മുട്ടക്കോഴികുഞ്ഞുങ്ങളേയും ഉൽപാദിപ്പിക്കുന്നതിന് ആവശ്യമായ ഒരു ഹാച്ചറി യൂണിറ്റ് സ്ഥാപിക്കുക.

24) പഞ്ചായത്തിലെ സ്ക്കൂളുകളിൽ നിലവിലുള്ള പൗൾട്രി ക്ലാസ്സുകൾ വിപുലീകരിക്കുകയും വിദ്യാർത്ഥികൾക്കായി മൃഗസംരക്ഷണ രംഗത്തെ തൊഴിലവസരങ്ങളേയും പ്രശ്നങ്ങളേയും മനസ്സിലാക്കി കൊടുക്കുന്നതിന് വേണ്ട ചർച്ചാ ക്ലാസുകൾ തുടങ്ങുകയുംചെയ്യുക.

25) മൃഗസംരക്ഷണരംഗത്തെ സഹായങ്ങൾ ഉപയോഗിച്ചുകൊണ്ട് പ്രവർത്തിക്കുന്ന, ഗുണഭോക്താക്കളുടേയും സഹകരണ സംഘങ്ങളുടേയും പ്രവർത്തനങ്ങൾ പരിശോധിക്കുകയും പുരോഗതി വിലയിരുത്തുകയും ചെയ്യുന്നതിന് വേണ്ടി ഒരു ജനകീയ കമ്മറ്റി മൃഗാശുപത്രി കേന്ദ്രമാക്കി പ്രവർത്തിക്കുക.



# വ്യവസായം

കാർഷികവൃത്തി മുഖ്യ ഉപജീവനമാർഗ്ഗമായി സ്വീകരിച്ചിരുന്ന ഈ പഞ്ചായത്തിൽ പഴയകാല വ്യവസായങ്ങൾ ഒന്നും തന്നെയില്ല. കാർഷികോൽപന്നങ്ങളുടെ ഉൽപാദനവും വിപണനവുമായി ബന്ധപ്പെട്ട പ്രാധാന്യമാണ് പഴയകാലകൊടുവള്ളിക്കുള്ളത്. ഇതിന്റെ ഭാഗമെന്നോണം കൊടുവള്ളി കാലിചന്തയും, ആഴ്ചചന്തയും വളരെ പ്രശസ്തിയുള്ളതായിരുന്നു. കാർഷികഘടനയിൽ മാറ്റം വരുകയും മറ്റു പലമേഖലകളിലും കച്ചവടങ്ങൾ ആരംഭിക്കുകയും ചെയ്തതോടെ കാലിചന്തയും ആഴ്ചചന്തയും ശുഷ്കമായിപോകുകയും ചെയ്തു. കാർഷികേതര തൊഴിൽ മേഖലയിൽ സുമാർ അരനൂറ്റാണ്ട് മുമ്പ് ആരംഭിച്ച ചെറുകിടബീഡി നിർമ്മാണമാണ് ആദ്യത്തെ വ്യവസായസംരംഭം. ബീഡി ആലിഹാജി എന്നറിയപ്പെടുന്ന വി.പി. ആലിഹാജി, മൂസ്സ എന്നാൽ നടത്തിയ വനരാജ് ബീഡി,ഹംസ നടത്തിയ ഒട്ടകമാർക്ക്ബീഡി തുടങ്ങി പല കമ്പനികളും ഈ മേഖലയിൽ വന്നു. 300 ൽ അധികം തൊഴിലാളികൾ ജോലി ചെയ്തിരുന്ന ഈ മേഖല 1970 കളോടെ പൂർണ്ണമായി തകർന്നു. സ്വർണ്ണാഭരണനിർമ്മാണവും വിപണനവുമായി ബന്ധപ്പെട്ട് സുമാർ ഒരു നൂറ്റാണ്ട് കാലത്തെ ചരിത്രം കൊടുവള്ളിക്കുണ്ട്. കുയ്യിൽ അഹമ്മത് എന്ന ആളാണ് കൊടുവള്ളിയിലെ ആദ്യത്തെ സ്വർണ്ണവ്യാപാരി. ഒരുപക്ഷേ ഇക്കാരണത്താലാവാം കൊടുവള്ളിയിലെ സ്വർണ്ണവ്യാപാര രംഗത്ത് 90% ത്തിലധികവും മുസ്ലിം വിഭാഗത്തിൽപെട്ടവരാണ്. ഇപ്പോൾ 150 സ്വർണ്ണാഭരണശാലകൾ ഇവിടെ പ്രവർത്തിക്കുന്നു. 200നടുത്ത് തൊഴിലാളികൾ ആഭരണനിർമ്മാണതൊഴിലാളികളാണ്. അനുബന്ധമായി ഡൈയിങ്ങ്, കളറിംഗ്, കട്ടിംഗ്, ഡിസൈനിങ്ങ് തുടങ്ങിയ രംഗത്ത് 20ഓളം സ്ഥാപനങ്ങളുണ്ട്. കൂടാതെ സ്വർണ്ണം ഉരുക്കി സംസ്കരിക്കുന്ന തൊഴിൽചെയ്യുന്ന മഹാരാഷ്ട്രക്കാരായ 100 ഓളം പേരും ഈ രംഗത്ത് ജോലിചെയ്യുന്നു. പഴയകാലം മുതൽക്കുതന്നെ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നു സ്വർണ്ണം വാങ്ങുന്നതിന് വിൽക്കുന്നതിന്നും ധാരാളം ആളുകൾ കൊടുവള്ളിയിൽ എത്തിച്ചേരാറുണ്ടായിരുന്നു. ഇന്നും അത് തുടരുന്നു. സുവർണ്ണ നഗരി എന്ന പേരിലാണ് കൊടുവള്ളി ഇന്നറിയപ്പെടുന്നത്. ഉൽപാദനരംഗത്തെ യന്ത്രവൽക്കരണവും റെഡിമെയ്ഡ് ഉൽപാദനങ്ങളുടെ ഇറക്കുമതിയും ആഭരണവ്യവസായ രംഗത്തും പുതിയ പ്രതിസന്ധി സൃഷ്ടിച്ചിരിക്കുന്നു. നിരവധി തൊഴിലാളികൾ തൊഴിൽ രഹിതരായി അന്യദേശങ്ങളിൽ അഭയം തേടുകയാമ്. ഈ തൊഴിൽ മേഖലാ സംരക്ഷിക്കുന്നതിന്നാവശ്യമായ നടപടികൾ അത്യാവശ്യമാണ്. വൻകിട വ്യവസായങ്ങളോ പരാമർശവിഷയമാകുന്ന ചെറുകിട വ്യവസായങ്ങളോ ഇവിടെ ഇല്ല. SSI റജിസ്ട്രേഷൻ ഉള്ള ആദ്യത്തെ ഒരു സംരഭം 1972 ൽ ആരംഭിച്ച 'മോഡേൺ വുഡ് ഇൻഡസ്ട്രീസ് എന്ന ഈർച്ചമിൽ ആണ്" ഇതടക്കം മൂന്ന് ഈർച്ചമില്ലുകൾ ഈ പഞ്ചായത്തിൽ ഉണ്ട്.

നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെടുന്നവയാണ് പഞ്ചായത്തിലെ ചെറുവ്യവസായ സംരഭങ്ങളിൽ ഭൂരിഭാഗവും എന്ന് പരിശോധിച്ചാൽ വ്യക്തമാവുന്നതാണ്.

| | |
|---|---|
| സ്റ്റോൺ ക്രഷർ യൂണിറ്റുകൾ | 6 |
| കരിങ്കൽ ക്വോറികൾ | 6 |
| ബ്രിക്സ് യൂണിറ്റുകൾ | 4 |
| ഫർണീർ യൂണിറ്റ് | 7 |
| ഓയിൽ മിൽ | 1 |
| തിപ്പെട്ടി വ്യവസായം | 1 |
| വർക്ക് ഷാപ്പുകൾ | 5 |
| പൊടി മില്ലുകൾ | 9 |
| റെഡിമെയ്ഡ് യൂണിറ്റുകൾ | 5 |

മേൽ കാണിച്ച സ്ഥാപനങ്ങൾക്ക് പുറമെ 50ൽ പരം തൊഴിലാളികൾ വന്നിരുന്ന വികലാംഗ അസോസിയേഷൻ നടത്തിയിരുന്ന കരിവില്ലിക്കാവിലെ ഹോളോബ്രിക്സ് വ്യവസായം കെടുകാര്യസ്ഥത മൂലം തകർന്നുപോയി. ഈ സ്ഥാപനത്തിന്റെ ബാദ്ധ്യതകളെപ്പറ്റിയും മറ്റും ചർച്ച ചെയ്തു തീരുമാനമെടുക്കുകയും സഹകരണാടിസ്ഥാനത്തിലൊ, ലിമിറ്റഡ് കമ്പനി അടിസ്ഥാനത്തിലൊ ഏറ്റെടുത്തു നടത്താൻ തയ്യാറുള്ളവെര ഈ സ്ഥാപനം ഏൽപിച്ചു കൊടുത്താൽ 100 പേർക്കെങ്കിലും

തൊഴിൽ നൽകാൻ കഴിയും ഇതിന് KFC യുടെ സഹായം ആവശ്യമാണ്. DWCRA യുടെ സഹായത്തോടെ നടത്തുന്ന മുന്ന് വനിതാ വ്യവസായ യൂണിറ്റുകൾ നിലവിലുണ്ട്. ഇതിൽ ആറങ്ങോട് വനിതാ ബ്രിക്സ് യൂണിറ്റ് വിപുലകരണത്തിന് സാധ്യത ഉള്ളതാണ്.

ഒരു ചകിരി സഹകരണ സംഘവും, തീപ്പെട്ടി കമ്പനിയും തുറന്നു പ്രവർത്തിക്കുന്നതിന്ന് ഈ പ്രവർത്തനങ്ങൾ വലിയൊരളവോളം നിർവ്വഹിക്കാൻ കഴിഞ്ഞു. ഇതിന്നു വിവിധ മേഖലകളിൽ നിന്നും ഇനിയും സഹായങ്ങൾ ലഭിക്കേണ്ടതുണ്ട്. അവ ലഭ്യമാകണം.

പഞ്ചായത്തിലെ വിഭവങ്ങളുടെ ലഭ്യതയും , പശ്ചാത്തല സൗകര്യങ്ങളും കണക്കിലെടുത്തു ആരംഭിക്കാവുന്ന വ്യവസായങ്ങളെപ്പറ്റി പഠനവം നടത്തി അനുയോജ്യമായ സ്കീമുകൾ രൂപപ്പെടുത്തുകയും ചെറുകിട സംരഭകരെ ഈ മേഖലയിലേക്ക് ആകർഷിക്കുകയും പ്രോത്സാഹനം നൽകുകയും ചെയ്യേണ്ടതുണ്ട്. ഇന്ന്. ഈ രംഗത്ത് നേരിടുന്ന പ്രശ്നങ്ങൾ അവയ്ക്കുള്ള പരിഹാര നിർദ്ദേശങ്ങളും ഗ്രാമസഭകളിൽ നിന്നുരുത്തിരിഞ്ഞു വന്നത് താഴെ ചേർക്കുന്ന

| പ്രശ്നങ്ങൾ | നിർദ്ദേശങ്ങൾ |
|---|---|
| 1. ആവശ്യമായ സ്ഥിതി വിവരണകണക്കുകൾ ലഭ്യമല്ല. | 1. പഞ്ചായത്തു തലത്തിൽ വിദഗ്ധരും, ബാങ്കിംഗ് സ്ഥാപനങ്ങളും ജന പ്രതിനിധികളുമടങ്ങുന്ന വ്യവസായ വികസന സമിതി രൂപീകരിക്കുക. |
| 2. സംരഭകർക്ക സ്ഥല ലഭ്യത വളരെ പ്രയാസകരമാണ്, വില കൂടുതൽ പ്രശ്നമാണ്. | 2. പ്രാദേശിക വിഭവ സാദ്ധ്യതകളെ പറ്റി പഠനം നടത്തി അനുയോജ്യമായ സ്കീമുകളുണ്ടാക്കി സംരഭംകർക്ക് മാർഗ്ഗ നിർദ്ദേശം നൽകുക. |
| 3. ഉൽപാദക സാദ്ധ്യതകളെ പ്പറ്റി അറിവില്ലായ്മ | 3. സംരംഭകർക്ക ആവശ്യമായ പരിശീലനവും പ്രോത്സാഹനവും നൽകുക. |
| 4. വൈദ്യുതിയുടെ അപര്യാപ്തത | 4. പഞ്ചായ്ത്ത് വക സ്ഥലമെടുപ്പ് നടത്തി., കെട്ടിടങ്ങൾ, റോഡ്, വൈദ്യുതി എന്നിവ ഉറപ്പ് വരുത്തിയ വ്യവസായ കോംപ്ലക്സുകൾ സ്ഥാപിച്ച് മിത വാടകക്ക് നൽകുക. |
| 5. വ്യവസായ സംരഭങ്ങൾ നടത്താനാവശ്യമായ പരിശീലനത്തിന്റേയും വിദ്യാഭ്യാസത്തിന്റേയും കുറവ്. | 5. പരമ്പരാഗത തൊഴിലുകൾ സംരക്ഷണം ഉറപ്പ് വരുത്താൻ സാമ്പത്തിക സഹായം നൽകുക. തൊഴിൽ രംഗത്ത് പരിഷ്കരണം ഏർപ്പെടുത്തുക. |
| 6. സർക്കാർ സംവിധാനങ്ങളിൽ നിന്ന് പ്രോത്സാഹന കുറവ്. | 6. ഉൽപന്നങ്ങൾ വിറ്റഴിക്കാൻ വിപണന കേന്ദ്രങ്ങൾ തുടങ്ങുക. |
| 7. ധന സഹായം ലഭിക്കുന്നതിനുള്ള തടസ്സങ്ങൾ | 7. വനിതാ സംരംഭകരെ കണ്ടെത്തി പരിശീലനവും സഹായവും നൽകുക. |
| 8. പ്രാദേശിക വിഭവസാദ്ധ്യതകൾ ഉപയോഗപ്പെടുത്തുന്നതിനെപ്പറ്റിയുള്ള പരിജ്ഞാനമില്ലായ്മ. | 8. വിവിധ മേഖലകളിലുണ്ടാവുന്ന സാങ്കേതികവും ഭരണപരവുമായ തടസ്സങ്ങൾ നീക്കാൻ ധനകാര്യ സ്ഥാപനങ്ങൾ, വൈദ്യുതി, ശുദ്ധജലം പഞ്ചായത്ത് എന്നീ സ്ഥാപനങ്ങളുടെ പ്രവർത്തനം ഏകോപിപ്പിക്കുക. |
| 9. ധന സഹായം നൽകുന്ന സ്ഥാപനങ്ങൾ ഈടാക്കുന്ന അമിത പലിശ. | 9. ഗ്രാമീണ കൊതൊഴിൽകാർക്ക് പ്രോത്സാഹനങ്ങളും സഹായങ്ങളും നൽകുക. |
| 10. റെഡിമെയ്ഡ് ഉൽപന്നങ്ങളുടെ ഇറക്ക് മതി. അശാസ്ത്രീയമായ യന്ത്രവൽകരണം എന്നിവ പരമ്പരാഗത മേഖലയെ നിശ്ചയിക്കുന്നു. | |
| 11. യുവാക്കളിൽ തൊഴിൽ ചെയ്യാനുള്ള താൽപര്യ കുറവ്. | |
| 12. ബുദ്ധിശക്തിയും കായിക ശേഷിയും ഉപയോഗിക്കാതെ എളുപ്പമാർഗ്ഗത്തിൽ പണം സമ്പാദിക്കാനുള്ള ത്വര. | |
| 13. വിദേശ തൊഴിലിനോടും വിദേശ വസ്തുക്കളോടുമുള്ള അമിതമായ ഭ്രമം. | |

മേൽ പട്ടികയിൽ കാണിച്ച പ്രകാരം പഞ്ചായത്തിലെ വ്യവസായ വികസനത്തിന് നിലവിലുള്ള വിഭവസാദ്ധ്യതകളും സന്നദ്ധതയും ഉപയോഗിച്ച് നടത്താൻ പരിഗണിക്കാവുന്ന വ്യവസായങ്ങളുടെ പട്ടിക താഴെ ചേർക്കുന്നു.

| വിഭാഗം | നമ്പ്ര് | പഞ്ചായത്തിൽ നടത്താവുന്ന യൂണിറ്റുകൾ |
|---|---|---|
| ജനറൽ | 1 | മെഴുക് നിർമ്മാണം |
| | 2 | ഇലക്ട്രോണിക്ക ഉപകരണ നിർമ്മാണം |
| | 3 | ബീഡി തൊഴിലാളി സംരക്ഷണത്തിന് ബീഡി നിർമ്മാണം |
| | 4. | ഗ്രിൽസ്, ഷട്ടർ, കൊളാപ്സ് നിർമ്മാണം |
| | 5. | എല്ലു പൊടി നിർമ്മാണം |
| | 6. | മൃഗത്തോൽ സംസ്കരണം, തുകൽ ഉൽപന്നങ്ങളുടെ നിർമ്മാണം |
| | 7. | നാളികേര സംസ്കരണം നടത്തി വെളിച്ചെണ്ണ, കറി പൗഡർ ക്രീം എന്നിവയുടെ ഉൽപാദനം |
| | 8. | അടക്ക ഉപയോഗിച്ചു പാക്ക് നിർമ്മിക്കൽ |
| | 9. | വ്യവസായിക അടിസ്ഥാനത്തിൽ വാർഡു തോറും കോഴി വളർത്തൽ |
| | 10. | നോട്ടുപുസ്തക നിർമ്മാണം |
| | 11. | റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം |
| | 12. | സോപ്പു നിർമ്മാണം |
| | 13. | നവീന രീതിയിൽ ചൂടി, കയർ, കയറ്റുൽപന്നങ്ങൾ |
| | 14. | വനിതകൾക്ക് തയ്യൽ പരിശീലനം |
| | 15. | ക്രൊപ്രഡ്രയർ സ്ഥാപിച്ച് നാളികേര സംരക്ഷണം |
| | 16. | യന്ത്രങ്ങൾ ഉപയോഗിച്ച് അവിൽ നിർമ്മാണം |
| | 17. | ഭക്ഷ്യ ധാന്യ സംസ്കരണം |
| | 18. | കാലിത്തീറ്റ നിർമ്മാണം |
| | 19. | ഹോളോബ്രിക്സ് നിർമ്മാണം |
| | 20. | ഫ്ളോർമില്ലുകൾ സ്ഥാപിക്കുക. |
| | 21. | മരം കടയൽ |
| | 22. | ഫർണീച്ചർ |
| | 23. | ഈർച്ചമിൽ |
| | 24. | കല്ല് കൊത്ത് |
| | 25. | ഇലക്ട്രിക്ക ഉപകരണ നിർമ്മാണം |
| | 26. | സ്റ്റോൺക്രഷർ സ്ഥാപിക്കുക. |
| | 27. | കോൺക്രീറ്റ് ഉപകരണം (ജനൽ, കട്ടില) നിർമ്മാണം. |
| | 28. | പപ്പട നിർമ്മാണം. |
| | 29. | മിഠായികൾ നിർമ്മിക്കുക. |
| | 31. | നൂൽ നൂൽപ്, നെയ്ത്ത് ശാല. |
| | 32. | പുൽ തൈല നിർമ്മാണം |
| | 33. | തിപ്പെട്ടി നിർമ്മാണം. |
| | 34. | ജൈവ വള നിർമ്മാണം |
| | 35. | പടക്ക നിർമ്മാണം |

| വിഭാഗം | നമ്പ്ര് | പഞ്ചായത്തിൽ നടത്താവുന്ന യൂണിറ്റുകൾ |
|---|---|---|
| വനിത | 1 | ഐ.ആർ.ഡി.പി. സഹായത്തോടെ നടത്തിവരുന്ന തയ്യൽ സ്ഥാപനങ്ങൾ വിപുലീകരിക്കുക. |
| | 2. | തീപ്പെട്ടി നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കുക. സൗത്ത് കൊടുവള്ളി തുടങ്ങുന്ന യൂണിറ്റിന്റെ സാങ്കേതികവും ഭരണപരവുമായ തടസ്സങ്ങൾ നീക്കുക. |
| | 3. | DWRDA മുഖാന്തിരം ഗാർമെന്റ്സ് മേക്കിങ്ങ് യൂണിറ്റുകൾ തുടങ്ങുക. |
| | 4. | ശാസ്ത്രീയവും വ്യാവസായികവുമായ രീതിയിൽ വാർഡുതലത്തിൽ മുട്ട കോഴി ഇറച്ചി കോഴി വളർത്തൽ |
| | 5. | ഹോളോബ്രിക്സ് നിർമ്മാണ വനിത യൂണിറ്റ് സ്ഥാപിക്കുക. നിലവിലുള്ളവ വിപുലീകരിക്കുക. |
| | 6. | അച്ചാർ, കറി പൗഡർ , നിർമ്മാണ യൂണിറ്റുകൾ |
| | 7. | തയ്യൽ പരിശീലനം, തയ്യൽ ഉപകരണങ്ങളുടെ വിതരണം |
| | 8. | കുട നിർമ്മാണം |
| | 9. | മുല്ല കൃഷി, ഓർകിഡ്, ഔഷധ ചെടികൾ ശാസ്ത്രീയമായി കൃഷിചെയ്യാനുള്ള പരിശീലനം, കൃഷി ചെയ്യാൻ സഹായം |
| | 10 | ഫാൻസി ഫൈബർ ( വാഴനാര്, കൈതനാര്...) |
| | 11. | തേങ്ങവെള്ളത്തിൽ നിന്ന് ശീതളപാനീയം |
| | 12. | കരകൗശല കൗതുക വസ്തു നിർമ്മാണം |
| | 13. | സൗത്ത് കൊടുവള്ളിയിൽ ഇടിയപ്പം നിർമ്മാണം |
| പരമ്പരാഗത മേഖല | 1. | ചൂടി, കയർ, കയറുൽപന്നങ്ങൾ |
| | 2. | പായ, കുട്ട മടയൽ |
| | 3. | ചൂരൽ ഈറ്റ, മുള ഉൽപന്നങ്ങൾ |
| | 4. | മൺപാത്ര നിർമ്മാണം |
| | 5. | ആഭരണ നിർമ്മാണം |

പരമ്പരാഗത മേഖലയിൽ ഇന്ന് നേരിടുന്ന തകർച്ചയിൽനിന്ന് സംരക്ഷണം നൽകാൻ പുതിയ മുതൽ മുടക്ക് സഹകരണാടിസ്ഥാനത്തിൽ ലോണ അ○ എന്ന നിലയിലോ കണ്ടെത്തുകയും. അസംസ്കൃത പദാർത്ഥങ്ങളുടെ ലഭ്യത ഉറപ്പ് വരുത്തുകയും വേണം. തൊഴിൽ മേഖലയിലെ കൂട്ടായ്മ വളർത്തുന്നതിലൂടെ മാത്രമേ ഉൽപാദന ചെലവ്കുറക്കാനും ഗുണമേന്മ വർദ്ധിപ്പിക്കാനും കഴിയൂ. ഈ മേഖലയിലെ പരിഷ്കരണവും അനിവാര്യമാണ്. ഗൾഫ് വരുമാനം വലിയൊരു വിഭാഗം ജനങ്ങളുടെ ഉപജീവനത്തിൽ പ്രത്യക്ഷവും പരോക്ഷവുമായ സ്വാധീനം ചെലുത്തുന്ന പഞ്ചായത്തിൽ ഗൾഫ് വരുമാനത്തിന്റെ സ്രോതസ്സുകൾ ഒന്നും തന്നെ പ്രത്യുൽപാദന മേഖലയിലല്ല ചെലവഴിച്ചത് എന്ന ഖേദകരം തന്നെ. ഗൾഫ് സ്വപ്നങ്ങൾക്ക് മങ്ങലേൽക്കുകയും തൊഴിൽ രാഹിത്യം വർദ്ധിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ലഭ്യമാവുന്ന മുഴുവൻ സാദ്ധ്യതകളും വ്യാവസായിക രംഗത്തേക്ക് തിരിച്ച് വിടുന്നതിന്ന പ്രോത്സാഹജനകമായ സമീപനങ്ങളും സഹായങ്ങളും നൽകേണ്ടിയിരിക്കുന്നു.

പഞ്ചായത്ത് തലത്തിൽ രൂപീകരിക്കുന്ന ഒരു വ്യവസായം വികസന സമിതിക്ക ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾക്ക നേതൃത്വമേറ്റെടുക്കാൻ കഴിയണം. വ്യവസായ വകുപ്പിന്റെയും മറ്റു സർക്കാർ ഏജൻസികളുടെയും സഹായം ഈ പഞ്ചായത്തിന്ന് ആവശ്യമാണ്. കൊടുവള്ളി പഞ്ചായത്തിലെ കരൂഞ്ഞിയിൽ സ്ഥാപിക്കുന്നതിന്ന സ്ഥലത്തിന്ന് എഗ്രിമെന്റ് വെച്ച നിർദ്ദിഷ്ട കെ.ഇ.എൽ. യൂണിറ്റിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന്ന് നടപടിയുണ്ടാവണം.

5-4

# വിദ്യാഭ്യാസം

വിദ്യാഭ്യാസപരമായി ഏറെ പിന്നോക്കാവസ്ഥയിലായിരുന്നു കൊടുവള്ളിപഞ്ചായത്ത്. പിൽക്കാലത്ത് പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉയർന്നു വന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സ്തുത്യർഹമായ വളർച്ചയിലൂടെ ഈ പിന്നോക്കാവസ്ഥക്ക് ഒരളവോളം പരിഹാരമുണ്ടായിട്ടുണ്ട്. സ്വാതന്ത്ര്യ ലബ്ധിക്കു മുൻപ് തന്നെ ജന്മമെടുത്ത് അറിവിന്റെ വെളിച്ചം കാണിച്ച വിദ്യാഭ്യാസ സ്ഥാപനങ്ങളായിരുന്നു കൊടുവള്ളി,കരുവംമ്പൊയിൽ,തലപ്പെരുമണ്ണ,വാവാട്എന്നീ പ്രദേശങ്ങളിലെ ജി.എം.എൽ.പി. സ്കൂളുകളും പറമ്പത്ത്കാവിലെ എയിഡഡ് എൽ.പി.സ്കൂളും ആ കാലഘട്ടത്തെ ദീപ്തമാക്കിയ ഈ സ്കൂളുകൾ 'എലിമെണ്ടറി സ്കൂൾ'എന്ന നാമധേയത്തിലാണ് അറിയപ്പെട്ടിരുന്നത്. ഈ കാലഘട്ടത്തിൽത്തന്നെ ഇന്ന് മോഡൻ ബസാർ എന്ന പേരിൽ അറിയപ്പെടുന്ന സ്ഥലത്ത് ശ്രീ.അച്ചുത വാര്യർ ഹെഡ്മാസ്റ്ററായി ഒരു ബോർഡ് എലിമെണ്ടറി സ്കൂളും കൊടുവള്ളി മുക്കിലങ്ങാടി എന്ന സ്ഥലത്ത് മറ്റൊരു ബോർഡ് എല്മെണ്ടറി സ്കൂളും ഇന്നത്തെ പുതിയ ബസ്റ്റാന്റ് സ്ഥിതി ചെയ്യുന്ന സ്ഥലത്ത് മറ്റൊരു എൽ.പി. സ്ക്കൂളും പ്രവർത്തിച്ചിരുന്നു. ചരിത്രപരമായ കാരണങ്ങളാൽ ഈ സ്ഥാപനങ്ങൾ അബോളിഷ് ചെയ്യപ്പെടുകയാണുണ്ടായത്.

ഇന്നത്തെ കൊടുവള്ളി ഗവർമ്മന്റ് എൽ.പി. സ്കൂൾ ഒരു ഗേൾസ് സ്കൂളായിരുന്നു. 1949 ൽ അന്നത്തെ വിദ്യാഭ്യാസ ഇൻസ്പെക്ടറായിരുന്ന സി.ഒ.ടി. കുഞ്ഞിപ്പക്കി സാഹിബ് കൊടുവള്ളിയിലെ വിദ്യാഭ്യാസ രംഗത്ത് പ്രത്യേകം ശ്രദ്ധ പതിപ്പിച്ചതിന്റെ പേരിൽ ഇതൊരു ഹയർ എലിമെണ്ടറി സ്കൂളായി ഉയർത്തപ്പെട്ടു. അന്ന് ഏറ്റവും നല്ല നിലവാരം പുലർത്തിയിരുന്ന പ്രസ്തുത സ്കൂളിന്റെ പ്രഥമ ഹെഡ്മാസ്റ്റർ ശ്രീ.പി.പി. കൃഷ്ണൻ നായരായിരുന്നു.

ഈ വിദ്യാലയത്തിന്റെ ഭൗതിക പഠന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് വേണ്ടി പരേതനായ പി.കെ.ഉസ്സെയിൻ ഹാജി അടക്കമുള്ള പ്രമുഖ വ്യക്തികളെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു ' പാരൻസ് കമ്മറ്റി' രൂപികരിച്ചത്. ആ കാലഘട്ടത്തിലെ ഒരു പുതിയ സംരംഭമായിരുന്നു. പരേതനായ ടി.കെ. പരിയെയി ക്കുട്ടി അധികാരിയാണ് ഈ സ്ഥാപനത്തിനു വേണ്ടി ഒരു വാടക ക്കെട്ടിടം നിർമിച്ചുകൊടുത്തത്.

കേരള സംസ്ഥാനം രൂപം കൊണ്ട ശേഷം 1957 ൽ അന്നത്തെ ഡിസ്ട്രിക് ബോർഡ് പ്രസിഡണ്ടായിരുന്ന പി.ടി.ഭാസ്ക്കര പണിക്കർ ശുപാർശ ചെയ്തതനുസരിച്ച് പ്രസ്തുത സ്കൂൾ ഒരു ഹൈസ്കൂളായി ഉയർത്തപ്പെട്ടു. ഹൈസ്കൂൾ കമ്മറ്റിയുടെ പ്രസിഡണ്ട് പരേതനായ കെ.വി. മോയിൻ ക്കുട്ടി ഹാജിയും സെക്രട്ടറി ശ്രീ.പി.പി. കൃഷ്ണൻ നായരുമായിരുന്നു. മോയിൻകുട്ടി ഹാജിയുടെ അശ്രാന്ത പരിശ്രമ ഫലമായിട്ടാണ് ഹൈസ്കൂളിനാവശ്യമായ സ്ഥലവും മറ്റു സൗകര്യങ്ങളും ലഭ്യമായത്. അന്ന് രൂപീകരിച്ച ശ്രീ കോതൂർ മുഹമ്മദ് കൺവീനറായുള്ള പൂർവ്വ വിദ്യാർത്ഥി സംഘടനയും സജീവ രംഗത്തുണ്ടായിരുന്നു ഈ ഹൈസ്കൂൾ ഇന്ന് 3100 ൽ പരം കുട്ടികൾ പഠിക്കുന്ന വലിയൊരു ഹൈസ്കൂളായി മാറിയിരിക്കുന്നു.

വിദ്യാഭ്യാസ രംഗത്ത് പിന്നോക്കം നിന്നിരുന്ന കരുവംമ്പൊയിൽ പ്രദേശത്ത് ഒരു ലോവർ എലിമെന്ററി സ്കൂൾ സ്ഥാപിക്കുന്നതിന് മുൻകൈ എടുത്തത് പരിയെയി ക്കുട്ടി അധികാരിയായിരുന്നു. ഈ പ്രദേശത്തെ വിദ്യാഭ്യാസ പുരോഗതിക്കു വേണ്ടി പ്രവർത്തിച്ച വ്യക്തികളായിരുന്നു പരേതനായ ഹാജി ടി.പി.കോയട്ടി മാസ്റ്റർ, പി.ചെക്കുട്ടി മാസ്റ്റർ തുടങ്ങിയ വ്യക്തികൾ. വിദ്യാഭ്യാസ രംഗത്ത് ശ്രദ്ധയൂന്നി പ്രവർത്തിച്ച വെണ്ണക്കാട്ട് സീതി മാസ്റ്ററും തലപ്പെരുമണ്ണയിലെ വള്ളിക്കാട്ട് ആലിക്കുഞ്ഞി സാഹിബും മാനിപുരത്തെ 'മക്കാട്ട്' വാസുദേവൻ നമ്പൂതിരിയും വാവാട്ട് പുറായിൽ അഹമ്മദ് കുട്ടി ഹാജിയും പ്രത്യേകം സ്മരിക്കപ്പെടേണ്ടവർ തന്നെ.

രണ്ട് ഹൈസ്കൂളുകളടക്കം 13 വിദ്യാലയങ്ങളാണ് ഈ പഞ്ചായത്തിലുള്ളത്. ഇതിൽ ഒരു ഹൈസ്കൂളും 2 പ്രൈമറി സ്കൂളുകളും അംഗീകൃത വിദ്യാലയങ്ങളാണ്. പഞ്ചായത്തിലെ 2 ഹൈസ്കൂളുകളിൽ 1 സർക്കാർ മേഖലയിലും മറ്റേത് സർക്കാർ

## പട്ടിക
### *LP. UP. HS. എന്നീ വിഭാഗങ്ങളിലെ പെൺകുട്ടികളുടെ വിവരണം*

| ആകെ വിദ്യാർത്ഥികൾ | LP | | | UP | | | HS | | |
|---|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | % | ആൺ | പെൺ | % | ആൺ | പെൺ | % |
| 9318 | 1919 | 1803 | 48.44 | 1480 | 1421 | 49.4 | 1248 | 1477 | 54.2 |
| | | | | | | | | മൊത്തം | 50.45% |

## പട്ടിക
### *പട്ടിക ജാതി/ പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ കണക്ക്*

| LP | | | UP | | | HS | | |
|---|---|---|---|---|---|---|---|---|
| ആകെ | Sc & ST | % | ആകെ | Sc & ST | % | ആകെ | Sc & ST | % |
| 3722 | 220 | 5.9 | 2871 | 149 | 5.1 | 2725 | 135 | 4.96 |
| | | | | | | | ആകെ | 5.4 |

അംഗീകൃത മേഖലയിലുമാണ്. സർക്കാർ സ്കൂളിലെ പഠന നിലവാരം താരതമ്യേന മോശമായ അവസ്ഥയിലാണ്. വിദ്യാർത്ഥികളുടെ ആധിക്യവും മറ്റു പഠന സൗകര്യങ്ങളുടെ അഭാവവും പ്രാദേശികമായ ചില സാഹചര്യങ്ങളും സെഷനൽ സംമ്പ്രദായവും, രക്ഷിതാക്കളുടെ അലംബാവവും, വിദ്യാർത്ഥികൾക്കിടയിലെ അച്ചടക്കരാഹിത്യവും വിദ്യാർത്ഥിസമരങ്ങൾ മൂലം സാദ്ധ്യായ ദിവസങ്ങളുടെ കുറവും നിലവാരം മോശമാകുന്നതിന്റെ കാരണങ്ങളിൽ ചിലതാണ്.

ഒരു ഹൈസ്കൂളായി ഉയർത്തുന്നതിനാവശ്യമായ സർക്കാർ നിബന്ധനകൾ പൂർത്തിയാക്കിയ കരുവൻപൊയിൽ ജി.എം.യൂ.പി. സ്കൂൾ 1920 കളിൽ രൂപം കൊണ്ടതാണ്. നേരത്തെ വിദ്യാഭ്യാസ വകുപ്പ് ശുപാർശ ചെയ്ത ഈ ഹൈസ്കൂൾ അനുവദിക്കുക എന്നത് ജനങ്ങളുടെ ചിരകാലാഭിലാഷമാണ്.

കൊടുവള്ളി ഗവ: ഹൈസ്കൂളിലെ കഴിഞ്ഞ വർഷത്തെ വിജയം 18 ശതമാനവും കെ.എം.ഒ. ഹൈസ്കൂളിലെ വിജയം 100 ശതമാനവുമാണ്.പഠന സൗകര്യങ്ങളുടെ പ്രതികൂലാവസ്ഥകളാണ് ഇത് കാണിക്കുന്നത്. പഞ്ചായത്തിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളൊന്നുമില്ല. 30 കി.മീറ്ററോളം വിദൂരതയിൽ സ്ഥിതി ചെയ്യുന്ന കോഴിക്കോട് പട്ടണത്തിലെ മലബാർ കൃസ്ത്യൻ കോളേജ്, ദേവഗിരി സെന്റ് ജോസഫ്സ് കോളേജ്, ഫാറൂഖ് കോളേജ്, ആർട്സ് & സയൻസ് കോളേജ്, പ്രൊവിഡൻസ് കോളേജ് എന്നിവിടങ്ങളിലേക്കാണ് ഉയർന്ന പഠനത്തിനു വേണ്ടി കുട്ടികൾ പോകു

ന്നത്. കോഴിക്കോട്ടെ ഗവ: പോളി ടെക്നിക്,ഐ.ടി.ഐ, ജെ.ഡി.റ്റി., ഇസ്ലാം ഐ.ടി.സി., കൊടുവള്ളി യിൽതന്നെയുള്ള കെ.എം.ഒ. ഐ.ടി.സി. തുടങ്ങിയ സാങ്കേതിക വിദ്യാലയങ്ങളിലും ഇവിടെ നിന്നുള്ള കുട്ടികൾ പഠിക്കുന്നുണ്ട്. ഹൈസ്കൂളിൽ നിന്ന് വിജയിക്കു ന്നവരുടെ എസ്.എസ്.എൽ.സി. മാർക്ക് കുറവായതിനാൽ കോളേ ജുകളിൽ പ്രവേശനം ലഭിക്കാൻ കുട്ടികൾക്ക് വളരെ പ്രയാസം നേരി ടുന്നു. ഇത്തരം മാർക്ക് കുറവായ കുട്ടികൾ കോളേജ് പഠനം നടത്തു ന്നതിന് കൊടുവള്ളി കെ.എം.ഒ. കോളേജ്.രശ്മി, കലിക്കറ്റ് കോളേ ജുകൾ, കോളേജ് ഓഫ് ഇംഗ്ലീഷ്, മലബാർ കോളേജ് തുടങ്ങിയ പാര ലൽ കോളേജുകളെ ശരണം പ്രാപി ക്കുകയാണ് ചെയ്യുന്നത്. 6 ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളും 2 കമ്പ്യൂട്ടർ സെന്ററുകളും കൊടുവ ള്ളിയിൽ പ്രവർത്തിക്കുന്നു. ഐ.എച്ച്.ആർ.ഒ. വകയായി കൊടുവള്ളി ഹൈസ്കൂളിലും കെ.എം. .ഒ.വിലും ഓരോ കമ്പ്യൂ ട്ടർ സെന്ററുകൾ ഈയിടെ സ്ഥാപി തമായിട്ടുണ്ട്. തൊഴിൽ പരിശീലന രംഗത്ത് കെ.എം.ഒ.യിലെ ഐ.ടി.സി.യും കൊടുവള്ളി ഹൈസ്കൂളിലെ കമ്പ്യൂട്ടർ സെന്ററും എടുത്തു പറയക്കതാ ണ്.

വിദ്യാഭ്യാസപരമായ പ്രോത്സാ ഹനങ്ങൾ നിമിത്തം വിദ്യാലയങ്ങ ളിൽ നിന്നുള്ള കൊഴിഞ്ഞു പോകൽ ഈ വിഭാഗത്തിൽനിന്ന് വളരെ കുറഞ്ഞി ട്ടുണ്ട്. കൊഴി ഞ്ഞുപോക്കിന്റെ വിവരം താഴെ കൊടുക്കുന്നു.

*പട്ടിക*

പഠനം നിറുത്തിയവരുടെ കണക്ക്

| ആൺ | പെൺ | ആകെ | മറ്റുള്ളവർ | | ആകെ |
|---|---|---|---|---|---|
| | | | ആൺ | പെൺ | |
| 1 | 2 | 3 | 54 | 42 | 96 |

ഗവ:സ്കൂളുകളിലെ അദ്ധ്യാപ കരുടേയും വിദ്യാർത്ഥികളുടേയും കണക്ക്

രണ്ട് ഇംഗ്ലീഷ് മീഡിയം പ്രി പ്രൈമറി സ്കൂൾ ഈ പഞ്ചായ ത്തിൽ പ്രവർത്തിക്കുന്നു. സാമൂഹ്യ ക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന അംഗൻ വാടികൾ വ്യാപകമായതിനാൽ നേഴ്സറി സ്കൂളുകളും പ്രി പ്രൈമറി സ്കൂളുകളും കുറവാണ്. അംഗൻ വാടികൾ 21 എണ്ണം ഉണ്ട്. ചില വാർഡുകളിൽ അംഗൻ വാടികൾ ഇനിയും ആവശ്യമുണ്ട്.

ഇംഗ്ലീഷ് മീഡിയം സ്കൂളുകളി ലേക്ക് കുട്ടികളെ അയക്കാൻ താല്പര്യമുള്ള രക്ഷിതാക്കളുമുണ്ട്.

സ്വർണ്ണവ്യാപാര രംഗത്ത് വന്നി ട്ടുള്ള കുതിച്ചുകയറ്റവും,ഗൾഫ് പണത്തിന്റെ സ്വാധീനവും, ഉന്നത വിദ്യാഭ്യാസത്തിന് ഒരു പരിധി വരെ തടസ്സം സൃഷ്ടിക്കപ്പെട്ടു.

സാക്ഷരതാ പ്രവർത്തനത്തിൽ, കൊടുവള്ളി പഞ്ചായത്ത് മുൻപന്തി യിൽതന്നെയായിരുന്നു. നിരക്ഷര രിൽ 89.4% ത്തെ സാക്ഷരരാക്കിമാ റ്റാൻ കഴിഞ്ഞിട്ടുണ്ട്.

കുറിപ്പ്
അവലംബം
(വിവരശേഖരണ സർവ്വെ)

*പട്ടിക*

ഗവർണ്മെണ്ട് സ്ക്കൂളുകളിലെ അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും കണക്ക്

| ആകെ അദ്ധ്യാപകർ പഞ്ചായ ത്തിൽ | ഗവർമെന്റ് വിദ്യാ ലയങ്ങളിലെ അദ്ധ്യാപകരുടെ എണ്ണം (7സക്കൂൾ) | ഗവർമന്റ് അദ്ധ്യാപകരടെ എണ്ണം % ത്തിൽ | പഞ്ചായത്തിലെ വിദ്യാർത്ഥികളുടെ എണ്ണം | ഗവർമെന്റ് സ്ക്കൂളിലെ വിദ്യാർത്ഥികൾ | ആകെ |
|---|---|---|---|---|---|
| 295 | 187 | 63 % | 9318 | 5953 | 63.8 |

പഞ്ചായത്തിലെ എല്ലാ വിദ്യാലയങ്ങളേയും സംയോജിപ്പിച്ച് കൊണ്ട് വിദ്യാഭ്യാസകോംപ്ളക്സ് ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. ഇതിന്റെ ഭാഗമായി പഞ്ചായത്ത് വിദ്യാഭ്യാസ സമിതികളും അക്കാദമിക സമിതികളും വാർഡ് വിദ്യാഭ്യാസ സമിതികൾ, സ്കൂൾ വിദ്യാഭ്യാസ സമിതികൾ സമ്പർക്ക സമിതികൾ ഇവ രൂപീകരച്ചു കഴിഞ്ഞു. വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്താനും, പൊതുപരീക്ഷകളിൽ വിജയശതമാനം വർദ്ധിപ്പിക്കാനും, നടപടികൾ സ്വീകരിച്ചുവരുന്നു. പഞ്ചായത്തിലെ എല്ലാ വിദ്യാലയങ്ങളിലെയും അദ്ധ്യാപകരും രക്ഷിതാക്കളും ഇതിൽ സഹകരിക്കുന്നു ഇതിന്റെ ഭാഗമായിവിവിധ വിഷയങ്ങളിൽ അദ്ധ്യാപകർക്ക് ഇൻസർവ്വീസ് കോഴ്സുകളും, മാസത്തിൽ ഒരിക്കൽ അദ്ധ്യാപക സംഗമങ്ങളിലൂടെ ചർച്ചകളും സംഘടിപ്പിക്കാറുണ്ട്. വിദ്യാലയങ്ങളിൽ രക്ഷാകർതൃ സമിതികളുടെയും മാതൃസംഗമങ്ങളുടെയും പ്രവർത്തനം കൂടുതൽകാര്യക്ഷമമാകേണ്ടതുണ്ട്.

പൊതുവിദ്യാലയങ്ങളിലെ ഭൗതികസാഹചര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തേണ്ടത നിവാര്യമായി ത്തീർന്നിരിക്കുന്നു..

കൊടുവള്ളി ഗവ. ഹൈസ്കൂളിന് 20 ക്ലാസ്സ് മുറികളുള്ള സർക്കാർകെട്ടിടത്തിന്റെ നിർമ്മാണം നടന്നുകൊണ്ടിരിക്കുകയാണ്. മുൻ. എം. പി. ശ്രീ.കെ മുരളീധരന്റെ ഫണ്ടിൽനിന്നും അനുവദിച്ച 3 ലക്ഷം രൂപ ഉപയോഗപ്പെടുത്തി ഒരു കമ്പ്യൂട്ടർ സെന്ററിന് മറ്റൊരുകെട്ടിടവും നിർമ്മാണത്തിലാണ് ഈ കെട്ടിടം പൂർത്തീകരിച്ചാലും നിലവിലുള്ള സെഷനൽ സമ്പ്രദായം നിർത്താനാവില്ല.

## വിദ്യാർത്ഥികൾ അദ്ധ്യാപകർ

| നമ്പ്ര. | സ്കൂൾ | ഗവർമെന്റ് | വിദ്യാർത്ഥികൾ | | | അദ്ധ്യാപകർ | |
|---|---|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ | ആകെ | വേണ്ടത് |
| 1. | G.H.S. കൊടുവള്ളി | " | 1061 | 1288 | 2349 | 100 | 102 |
| 2. | G.M.U.P.S. കരുവമ്പൊയിൽ | " | 490 | 443 | 933 | 23 | 26 |
| 3. | G.M.U.P.S. വെണ്ണക്കാട്. | " | 265 | 244 | 509 | 16 | 17 |
| 4. | G.M.L.P.S. കൊടുവള്ളി. | " | 263 | 257 | 520 | 16 | 16 |
| 5. | G.M.L.P.S. വാവാട് | " | 195 | 167 | 362 | 11 | 11 |
| 6. | G.M.L.P.S. തലപ്പെരുമണ്ണ | " | 67 | 70 | 137 | 5 | 5 |
| 7. | G.M.L.P.S. കളരാന്തിരി | " | 174 | 179 | 353 | 10 | 10 |
| 8. | A.U.P.S. മാനിപുരം | എയിഡഡ് | 962 | 847 | 1809 | 55 | 55 |
| 9. | A.M.L.P.S. പാലക്കുറ്റി | " | 184 | 186 | 370 | 12 | 12 |
| 10. | A.M.L.P.S. പറമ്പത്ത്കാവ് | " | 135 | 161 | 296 | 11 | 11 |
| 11. | K.M.O.H.S. കൊടുവള്ളി | അംഗീകൃതം | 74 | 73 | 147 | 27 | 27 |
| 12. | S.H.I.R.L.P.S. കരീറ്റിപറമ്പ് | " | 30 | 28 | 58 | 3 | 3 |
| 13. | സിറാജുൽഹുദാ എൽ. പി.സ്ക്കൂൾ | " | | | | 2 | 2 |

വിദ്യാവലയങ്ങളിലെ അക്കാഡമിക്ക് സൗകര്യങ്ങളുടെ അപര്യാപ്തത, കുട്ടികളുടെ പഠനനിലവാരത്തെ സാരമായി ബാധിക്കുന്നു. അപ്പർപ്രൈമറി വിദ്യാലയങ്ങളിൽ ലൈബ്രറി, ലാബോറട്ടറി സൗകര്യങ്ങളില്ല. ഭൂരിഭാഗം വിദ്യാലയങ്ങളിലും കുട്ടികൾക്കും അദ്ധ്യാപകർക്കും പ്രാഥമികആവശ്യങ്ങൾ നിറവേറ്റുവാനുള്ള സൗകര്യങ്ങൾ അപര്യാപ്തമാണ്. ഇത് ഗൗരവമായി പരിഗണിക്കേണ്ടതാണ്. 3100

കുട്ടികൾ പഠിക്കുന്ന കൊടുവള്ളി ഗവ: ഹൈസ്കൂളിൽ കക്കൂസ്, മൂത്രപ്പുര സൗകര്യങ്ങൾ നാമമാത്രമാണ്.

മിക്ക വിദ്യാലയങ്ങളിലും കായികവിനോദങ്ങൾക്കാവശ്യമായ കളിസ്ഥലങ്ങളില്ല. ഉള്ളതുതന്നെ സൗകര്യപ്രദവുമല്ല വൈദ്യുതിയില്ലാത്ത സ്ക്കൂൾ 4 എണ്ണമുണ്ട്. കക്കൂസും മൂത്രപ്പുരയുമുണ്ടെങ്കിലും എല്ലാം അപര്യാപ്തങ്ങളാണ്.

മെച്ചപ്പെട്ട കുടിവെള്ളലഭ്യത മിക്ക സ്കൂളിലുമില്ല.

**ഗ്രാമസഭകളിൽ ചർച്ചചെയ്തുരുത്തിരിഞ്ഞു വന്ന പ്രശ്നങ്ങളുടെ വിശദീകരണവും, അതിന്റെ പരിഹാര മാർഗ്ഗങ്ങളും താഴെ കൊടുക്കുന്നു.**

| നമ്പർ | സ്ക്കൂൾ | ആകെ വിദ്യാർത്ഥികൾ | ആകെ അദ്ധ്യാപകർ | മൂത്രപ്പുര | കക്കൂസ് | കുടി വെള്ളം | വൈദ്യുതി |
|---|---|---|---|---|---|---|---|
| 1. | ഗവ: ഹൈസ്ക്കൂൾ കൊടുവള്ളി | 3139 | 102 | 1 | 1 | പൈപ്പ് | ഉണ്ട് |
| 2. | കെ.എം.ഒ.എച്ച്.എസ്. | 832 | 27 | 2 | 1 | പൈപ്പ് | ഉണ്ട് |
| 3. | GMUPS വെണ്ണക്കാട് | 509 | 17 | 1 | 1 | കിണർ | ഇല്ല |
| 4. | GMPS കരുവമ്പൊയിൽ | 933 | 26 | 2 | 1 | പൈപ്പ് കിണർ | ഉണ്ട് |
| 5 | AUPS മാനിപുരം | 1809 | 55 | 2 | 1 | പൈപ്പ് കിണർ | ഉണ്ട് |
| 6. | GMLPS തലപ്പെരുമണ്ണ | 137 | 5 | 2 | 1 | കിണർ | ഇല്ല |
| 7 | GMLPS കൊടുവള്ളി | 520 | 16 | 1 | 1 | കിണർ | ഉണ്ട് |
| 8 | GMLPS കളരാന്തിരി | 353 | 10 | 1 | 1 | പൈപ്പ്, കിണർ | ഉണ്ട് |
| 9 | GMLPS വാവാട് | 362 | 11 | 1 | ഇല്ല | കിണർ | ഉണ്ട് |
| 10 | AMLPS പറമ്പത്ത്കാവ് | 296 | 11 | 1 | 1 | കിണർ | ഇല്ല |
| 11 | AMLPS പാലക്കുറ്റി | 370 | 12 | 1 | 2 | കിണർ | ഇല്ല |
| 12 | SHIRLPS കരീറ്റി പറമ്പ് | 58 | 3 | - | -_ | - | - |
| 13 | സിറാജുൽഹുദാ LPS കൊടുവള്ളി | 31 | 2 | ഇല്ല | ഇല്ല | - | ഉണ്ട്. |



# കുടി വെള്ളവും പൊതുജനാരോഗ്യവും

ഒരു ജനതയുടെ ആരോഗ്യകാര്യത്തിൽ ഏറ്റവുമധികം സ്വാധീനം ചെലുത്തുന്ന ഘടകങ്ങളാണ് ശുദ്ധവായു, ശുദ്ധജലം, പരിസര ശുചിത്വത്തോട് കൂടിയ പാർപ്പിടം എന്നിവ. എന്നാൽ

പഞ്ചായത്ത് അതിരുകളായി കിഴക്കും പടിഞ്ഞാറും യഥാക്രമം ചെറുപുഴയും പൂനൂർ പുഴയും ഒഴുകുന്നുണ്ടെങ്കിലും വേനൽ കാലത്ത് ഇവ വറ്റി വരണ്ട് പോവുക പതിവാണ്. അത് മൂലം പഞ്ചായത്തിൽ ജലക്ഷാമം അതിരൂക്ഷമാണ്. ജലക്ഷാമ പരിഹാരമായി കാപ്പ് മല (ലോക ബാങ്ക് സഹായം) പദ്ധതി, ഞെള്ളോറ K. W. A. തച്ചോട്ടക്കുന്ന് ലക്ഷം വീട് കുഴൽ കിണർ പദ്ധതി കെടേക്കുന്ന് കുഴൽ കിണർ പദ്ധതി എന്നിവയും വിവിധ വാർഡുകളിലായി 11 പൊതു കിണറുകളും 9 പൊതു കുഴൽ കിണറുകളും 133 പൊതു ടാപ്പും ഉണ്ട്. ഇവ കൊണ്ട് ഒരളവോളം പരിഹാരമായിട്ടുണ്ടെങ്കിലും പഞ്ചായത്തിലെ ബഹുഭൂരി പക്ഷം ജനങ്ങളും കുടിവെള്ളക്ഷാമം അനുഭവിക്കുകയാണ്. വേനൽക്കാലത്ത് പഞ്ചായത്തിലെ 60% ത്തിലധികം കിണറുകളും വറ്റിപ്പോകുന്നു. ഒരു വലിയ വിഭാഗം ആളുകൾ രണ്ടും മൂന്നും കിലോമീറ്ററുകൾ കുന്നും മലയും കയറിയാണ് കുടിവെള്ളം സംഭരിക്കുന്നത്. പഞ്ചായത്തിലെ ജലക്ഷാമം പരിഹരിക്കാൻ ധാരാളം പദ്ധതികൾ ഇനിയും നടപ്പിലാക്കേണ്ടതുണ്ട്.

## കുടിവെള്ള പ്രശ്ന പ്രദേശങ്ങളും പരിഹാരനിർദ്ദേശങ്ങളും

| വാർഡ് | പ്രശ്നമേഖല | നിർദ്ദേശിക്കുന്ന പരിഹാരമാർഗ്ഗം |
|---|---|---|
| 1 | **അരിയിൽ ഭാഗം** | **അരിയിൽ മോലെ ഭാഗത്ത് നിരൊഴുക്ക് തടഞ്ഞു നിർത്തി വിതരണം ചെയ്യുക.** |
| | കുമ്മങ്ങോട് പാറോപ്പഞ്ഞിമല വെണ്ണക്കാട് മല | പാറോപ്പഞ്ഞി മലയിലുള്ള കിണർ നന്നാക്കി ടാങ്കിലേക്കു വെള്ളം അടിച്ചു കയറ്റി പരിസര നിവാസികൾക്ക് വെള്ളം വിതരണം ചെയ്യുക. |
| | വെണ്ണക്കാട് ഭാഗം | വെണ്ണക്കാട് സ്ക്കൂൾ ഗ്രൗണ്ടിലെ കിണ്ർ റിപ്പയർ ചെയ്തു ടാങ്ക് കെട്ടി വിതരണം ചെയ്യുക. |
| | കുമ്മങ്ങോട്, വെണ്ണക്കാട് മല, അരിയിൽ | K.W.A. യുടെ പൈപ്പ് ലൈൻ യഥാക്രമം 150,200,250, മീറ്റർ നീളത്തിൽ നീട്ടുക. ആവശ്യമായ ടാപ്പ് ഇടുക. |
| | കിണറുകൾ (വാർഡിൽ മൊത്തം) | വേനൽകാലത്ത് വറ്റിപ്പോകുന്ന കിണറുകൾ ആഴം വർദ്ധിപ്പിക്കാൻ സഹായം ലഭിക്കുക, ആവശ്യമായ സ്ഥലങ്ങളിൽ പുതിയ കിണറുകൾ കുഴിക്കുക. സ്ഥലം സൗജന്യമായി ലഭിക്കും |
| 2 | കെടേക്കുന്ന - ആച്ചുപൊയിൽ | കുഴിക്കണ്ടം വയലിൽ കിണർ നിർമ്മിച്ചു ഇരുഭാഗത്തും ടാങ്ക് കെട്ടുക. സ്ഥലം സൗജന്യമായി ലഭിക്കും |
| | പാലത്ത് മണ്ണ് പ്രദേശത്തെ ജലലഭ്യതക്ക് | പുനൂര് പുഴക്ക് ബണ്ട് കെട്ടി കിണറുകളിൽ വെള്ളം നിലനിർത്തുക |
| | മേപ്പാല, സൗത്ത് കൊടുവള്ളി | ഇരുഭാഗത്തും പൈപ്പ് ലൈൻ നീട്ടുക. |
| | വാർഡ് മൊത്തം വെള്ളം ലഭിക്കുന്നതിന്ന് | സാമ്പത്തിക സഹായത്തോടെ 50 കിണറുകൾ നിർമ്മിക്കുക. |
| 3. | ഉളിയാടൻകുന്ന്, പറേങ്ങച്ചാൽ, ഞെള്ളോറ | കാപ്പുമല പദ്ധതിയിൽ നിന്ന് പൈപ്പ് ലൈൻ നീട്ടുക. നിലവിലുള്ള സ്കീം വിപുലീകരിക്കുക. |
| 4. | മുക്കുന്നുചാൽ, മേലേ പാലക്കുറ്റി, ആറങ്ങോട് ഞെള്ളോറ, അയ്യപ്പൻകാവ്. | ഞെള്ളോറ പുതിയ വാട്ടർ ടാങ്കിൽ പൈപ്പ് ലൈൻ നീട്ടി സ്ഥാപിക്കുക |
| | പന്ന്യൂക്ക്, ചോലക്കുന്ന്, പുല്ലോറ, കണ്ടാല, മരുതുങ്ങൽ, പാലകുറ്റി | പൈപ്പ് ലൈൻ നീട്ടുക |

## കുടിവെള്ള പ്രശ്ന പ്രദേശങ്ങളും പരിഹാരനിർദ്ദേശങ്ങളും

| വാർഡ് | പ്രശ്നമേഖല | നിർദ്ദേശിക്കുന്ന പരിഹാരമാർഗ്ഗം |
|---|---|---|
| | അയ്യപ്പൻ കാവ് | കുഴൽ കിണർ കുഴിക്കുക |
| | പന്ന്യൂക്ക് | പന്ന്യൂക്കിൽ കിണർ കുഴിച്ച് പുല്ലോറ ടാങ്ക് കെട്ടുക. |
| 5. | മൂഴിക്കുന്ന്, കപ്പലാം കുഴി, പുരക്കെട്ടിൽ, ആന പ്പാറ | കാപ്പുമല പദ്ധതി പൈപ്പ് ലൈൻ നീട്ടുക. കണ്ടാല മലയിൽ കവുങ്ങാം കുഴി ഭാഗത്തുള്ള നീർചാൽ കെട്ടിനിർത്തി ടാങ്ക് നിർമ്മിക്കുക. ആവശ്യമായ സ്ഥലത്ത് പൊതു ടാപ്പ് ഇടുക. |
| 6. | താന്നിയോട്ട്മല, കണ്ണിപൊയിൽ, നാല്സെന്റ് കോളനി, കരുണി ചാൽ, തൃക്കതെറ്റ്കുന്നു. വെള്ളറകുന്ന്. | പൂന്നൂര് പുഴയിൽ കിണർ കുഴിച്ച് താന്നിയോട്ട് മല തൃക്കതെറ്റ് കുന്ന് എന്നിവിടെങ്ങളിൽ ടാങ്ക് നിർമ്മിക്കുക.ആവശ്യമായ സ്ഥലങ്ങളിലേക്ക് കാപ്പു മലപ പദ്ധതിയിൽ നിന്ന് പൈപ്പ് ലൈൻ നീട്ടുക. |
| 7. | കതുരോട്, കേക്കണ്ടംപാറ | കുതിരോട് വയലിൽ കുളം നിർമിച്ച കേക്കണ്ടം പാറമലയിൽ ടാങ്ക് കെട്ടുക. കുളത്തിനുള്ള സ്ഥലം സംഭാവനയുണ്ടാകും. |
| | തമ്പാറ, പൂക്കോട്,വാവാട് | പൂക്കോട്ട് അംഗനവാടിക്കടുത്ത കുളം കുഴിച്ച് ഉരി യാന്നി കുന്ന മലയിൽ ടാങ്ക് നിർമ്മിക്കുക. |
| | പോർങ്ങോട്ടൂര്, പൊയിൽഭാഗത്തെ കിണറുകൾ നിലനിർത്താൻ | ചെറുപുഴക്ക് തടയണ നിർമ്മിക്കുക. |
| | തൃക്കതെറ്റ് | പൂനുർ പുഴയിൽ നിർമ്മിച്ച് തൃക്കെതെറ്റ് മലയിൽ ടാങ്ക് കെട്ടി വെള്ളം വിതരണം ചെയ്യുക. |
| | അണ്ടോണ,വാവാട്,പോർങ്ങോട്ടൂര്, പാല ക്കുന്ന്, ഹരിജൻകോളനി. | K.W.A യുടെ പൈപ്പ് ലൈൻ നീട്ടുക. |
| | വാവാട് വില്ലേജ് | കപ്പലാകുഴിയിൽ ടാങ്ക് കെട്ടി പുന്നൂര് പുഴയിൽ നിന്ന് വെള്ളം പമ്പ് ചെയ്യുക. ടാങ്കിന്ന് സ്ഥലം സൗജന്യം ലഭിക്കും |
| | അണ്ടോണ | അണ്ടോണ പാലത്തിനടുത്ത നിലവിലുള്ള കിണർ ആഴം കൂട്ടി പാലകുന്നിൽ ടാങ്ക് കെട്ടി സപ്ലൈ ചെയ്യുക. |
| 8. | കപ്പാലം കുഴി, പുരക്കെട്ട് | പുരകെട്ട് ഭാഗത്തെ 16 സെന്റ് പൊതുസ്ഥലത്ത് ടാങ്ക് കെട്ടി പൂനൂർ പുഴയിൽ നിന്ന് വെള്ളം പമ്പ് ചെയ്യുക. |
| | പട്ടിണിക്കര | കളരാന്തിരി നെല്ലാം കണ്ടി റോഡിലും ബാലവാടി കൊടപ്പുറം റോഡിലും പൈപ്പ് ലൈൻഡ നീട്ടുക. കിണറുകൾക്ക് ആഴം കൂട്ടുക. |
| | കയറ്റുകണ്ടിമുക്കിൽ | നിലവിലുള്ള കിണറുകൾ നന്നാക്കുക |
| | കൈതാകുന്നു, വട്ടത്താം പൊയിൽ | കൈതാക്കുന്നിൽ ടാങ്ക് കെട്ടി വട്ടത്താം പൊയി ലിലെ നീരൊഴുക്ക് തടഞ്ഞ് നിർത്തി വിതരണ ചെയ്യുക. സ്ഥലം സൗജന്യമായിരിക്കും. |
| | ലക്ഷവീട് കോളനി | ലക്ഷം വീട് കോളനിയിലെ സ്ഥലത്ത് കിണർ കുഴി ക്കുക. |
| | ചന്ദനം പുറം | ചന്ദനം പുറത്ത് കോളനിയിൽ കിണ്ര് കുഴിക്കുക |
| | വെല്ലിപറമ്പ്, പന്നിക്കുഴി | തിറ്റിമ്മൽ കിണ്ര് കുഴിച്ച ടാങ്കിൽ അടിച്ചു വിത രണം ചെയ്യുക |
| | കാഞ്ഞിരോട്ട് പാാറ ഭാഗം | കണ്ടയിൽ ഉള്ള ഉറവ നന്നാക്കി ടാങ്കിൽ അടിച്ചു കയറ്റി വിതരണം ചെയ്യുക. |

## കുടിവെള്ള പ്രശ്ന പ്രദേശങ്ങളും പരിഹാരനിർദ്ദേശങ്ങളും

| വാർഡ് | പ്രശ്നമേഖല | നിർദ്ദേശിക്കുന്ന പരിഹാരമാർഗ്ഗം |
|---|---|---|
| | വട്ടിക്കുന്നു, കണ്ടിൽതൊടുക. | ചെറുപുഴയിൽ കിണർ നിർമ്മിച്ച് വട്ടികുന്നിൽ ടാങ്ക് കെട്ടി വിതരണം ചെയ്യുക. |
| 9. | തച്ചോട്ടമാല, ഭാഗങ്ങൾ, പാലക്കുന്നു, കാരക്കുന്നു, കുണ്ടത്തിൽ, കാവിൽ, മേലെകാവിൽ, തച്ചോട്ടകുന്ന്. | തച്ചോട്ട് മലയിൽ നിലവിലുള്ള കേടായ ടാങ്ക് മാറ്റി സ്ഥാപിച്ച് പൈപ്പ് ലൈൻ നീട്ടുക. സ്ഥലം സൗജന്യമായിരിക്കും. |
| | പെരുവാറ്റിൽ ഭാഗം | പെരുവാറ്റിൽ വയലിൽ കുളം കുത്തി കുണ്ടത്തിൽ ടാങ്ക് കെട്ടി വിതരണം ചെയ്യുക. സ്ഥലം സൗജന്യമായിരിക്കും. |
| | കണക്കനാം കുന്ന്ഭാഗം.മുശാരിയോടത്ത് , ഒതയോത്ത്, തിയ്യക്കുന്നു, ഉന്മാരത്ത് കുന്നു, തിയ്യകണ്ടി, പുതിയോടത്ത്. | പാറക്കുളങ്ങര പൊതുസ്ഥലത്ത് കുളമോ കിണറോ കുഴിച്ച കണക്കനാം കുന്നിൽ ടാങ്ക് നിർമ്മിച്ച് വിതരണം ചെയ്യുക. ഇതിനായി സ്ഥലവും പണിയും സൗജന്യമായി ലഭിക്കും |
| | തിയ്യക്കുന്നു ഭാഗം | തിയ്യക്കുന്നിൽ ടാങ്ക് കെട്ടി പൊയിലിൽ കിണർ കുഴിച്ച് സപ്ലൈ ചെയ്യുക. സ്ഥലം സൗജന്യമായി ലഭിക്കും. |
| | കാപ്പുമല ഭാഗം, കുന്നത്ത്, കൂടക്കുഴി വാരിക്കുഴിതാഴം, കുഴിമ്പിലാട്ട്, പുളിയമാക്കിൽ, കാപ്പുമല | കാപ്പുമല പദ്ധതിയുടെ പൈപ്പ് ലൈൻ നീട്ടണം. |
| | വാരിക്കുഴി ത്താഴം, കാക്കുംപുരം ഭാഗങ്ങൾ | വാരികുഴിതാഴത്ത് നിലവിലുള്ള കുഴൽ കിണറിൽ നിന്ന് കാപ്പുമ്മൽ ടാങ്ക് കെട്ടി വിതരണം ചെയ്താൽ അരിക്കോട്ട് കാവ് നാല് സെന്റ് കോളനി, കരുവില്ലിക്കാവ് കോളനി എന്നീ സ്ഥലവാസികൾക്ക് കൂടി ഉപകരിക്കും |
| | മുത്തമ്പലം കൊടപ്പുറം റോഡ്, ഒതയോത്ത് അയ്യപ്പൻ കാവ് റോഡ്, ഹെൽത്ത് സെന്റർപെരുവാറ്റിൽ റോഡ്, അംഗനവാടികൊടപ്പുറം റോഡ്, തിയ്യകുന്ന്. | K.W.A. യുടെ പൈപ്പ് ലൈൻ നീട്ടുക |
| | വാർഡിലെ ഒതേയോടത്ത് മദ്രസ, മാനിപുരം, കാവിൽ അംഗനവാടികൾ, മാനിപുരം, കരീറ്റിപറമ്പ് റോഡിൽ തൃപൊയിൽ, ചാത്തൻ കുളങ്ങര, വാരികുഴിത്താഴം കുണ്ടത്തിൽ, കാപ്പുങ്ങര. തച്ചോട്ടു കുന്നു. കാവിൽ, കാരക്കുന്നു, മാനിപുരം മദ്രസ, കാപ്പുമല | പൊതു ടാപ്പ് ഇടുക. |
| | വാർഡിൽ മൊത്തം | ഇടിഞ്ഞു കിടക്കുന്ന കിണറുകൾ റിപ്പയർ ചെയ്യാനുള്ള സാമ്പത്തിക സഹായം അനുവദിക്കുക |
| 10 | ഇടിയാറ മലഭാഗം മാതക്കാട്ട് കുഴി, വാപ്പിനിക്കണ്ടി, നെല്ലൂളി, മുണ്ടോട്ട്,ചുള്ളിയാട് | ചുള്ളിയാട് മുകളിൽ നിലവിലുള്ള പൈപ്പ് ലൈൻ 400 മീറ്റർ നീട്ടി സ്ഥാപിക്കുക മുണ്ടോട്ട് കടവിൽ കിണർ കുഴിച്ച് ഇടിയാർ മലയിൽ ടാങ്ക് കെട്ടി വിതരണം ചെയ്യുക. സ്ഥലം സൗജന്യം |
| | ചോയൻകുന്ന് ഭാഗം,തൃപൊയിൽ, തുടിയാരിക്കണ്ടി | ചോയൻകുന്ന് മുകളിൽ ടാങ്ക് കെട്ടി നിലവിലുള്ള പൊതുകിണറിൽ നിന്ന് വെള്ളം പമ്പ്ചെയ്യുക. ടാങ്കിന് സ്ഥലം സൗജന്യമായി ലഭിക്കും. |
| | പുവ്വറമല പട്ടികജാതി കോളനി ഭാഗംനുഞ്ഞിക്കര, ചോലയിൽ പൊങ്ങോടൻ ചാലിൽ | പൂവ്വറമലയിലെ നിലവിലുള്ള നീരുറവ ടാങ്കിലേക്ക് പമ്പ്ചെയ്ത് വിതരണം ചെയ്യുക ടാങ്കിന് സ്ഥലം സൗജന്യം. |

## കുടിവെള്ള പ്രദേശങ്ങളും പരിഹാരനിർദ്ദേശങ്ങളും

| വാർഡ് | പ്രശ്നമേഖല | നിർദ്ദേശിക്കുന്ന പരിഹാരമാർഗ്ഗം |
|---|---|---|
| | കോളനികൾപുവ്വറമാല പട്ടികജാതി കോളനി, അരിക്കോട്ട് കാവ് നാല്സെന്റ് കോളനി. | കരുവില്ലികാവ് പട്ടികജാതികോളനിവഴി പൈപ്പ് ലൈൻ നീട്ടണം.രാജീവ്ഗാന്ധി ഡ്രിങ്കിംഗ് വാട്ടർ സ്കീം നിലവിലുള്ളവ നടപ്പിലാക്കണം. പൂവ്വറമല കോളനിയിൽ സൗജന്യമായി ലഭിച്ചകിണർ റിപ്പയർ ചെയ്യണം അരിക്കോട്ട് കാവിൽ പൊതുകിണർകുഴിക്കണം. സ്ഥലം സൗജന്യമാണ്. |
| | വാർഡ് മൊത്തം; വാപ്പിനിക്കണ്ടി മാതക്കാട്ട്കുഴി, ഒതയമംഗലം, തുടിയാരിക്കണ്ടി, കൊളമ്പലം , കൈതക്കര, ഉണ്ണറാംച്ചം വീട്, നെല്ലൂളി, തൃപ്പൊയിൽ,വട്ടോളി, പെരീക്കണ്ടി, വട്ടോളിച്ചാൽ, മദ്രസ, മുണ്ടോടു കണ്ടി, നടമ്മൽകടവ് | പൈപ്പ് ലൈൻ നീട്ടി ടാപ്പ് സ്ഥാപിക്കുക. |
| | കരീറ്റിപ്പറമ്പ്നടമ്മൽ കടവ് റോഡ് ഭാഗങ്ങൾ. | നടമ്മൽകടവ് വരെലൈൻ നീട്ടി ആവശ്യമായ പൊതുടാപ്പ് സ്ഥാപിക്കുകയും സ്ഥലവാസികളായ വീട് ഉപഭോക്താക്കൾക്ക് വാട്ടർ കണക്ഷൻ അനുവദിക്കുക. |
| | വാർഡിലെ കൂടക്കുഴി (എരണിക്കൽ) ഒതയമംഗലത്ത് , വാപ്പിനിക്കണ്ടി, ആശാരിക്കൽ, പുളിരിക്കാം കണ്ടി, മാതക്കാട്ട് കുഴി | കിണറുകൾ റിപ്പയർചെയ്യണം. |
| | മുണ്ടോട്ട് | പൊതുകിണർ കുഴിക്കണം. സ്ഥലം സൗജന്യമായിലഭിക്കും. |
| | നടമ്മൽകടവ് | കാപ്പമല പദ്ധതിക്ക് വേണ്ടി വെള്ളംഅടിച്ചുപമ്പ് ചെയ്യുന്നത്കൊണ്ട് പ്രദേശത്തെകിണറുകൾ വറ്റിപ്പോകുന്നത് തടയാൻ പുഴക്ക് ബണ്ട്കെട്ടി വെള്ളംനിലനിർത്തുക |
| 11. | ചുണ്ടപ്പുറം | ചുണ്ടപ്പുറം ഇടിഞ്ഞ പൊതുകിണറിന്ന് പകരം പുതിയ കിണർ നിർമ്മിക്കുക. നീർച്ചാൽ തടഞ്ഞ് നിർത്തി വിതരണം ചെയ്യുക |
| | ചെമ്പറ്റമല ഭാഗം, മഞ്ചപ്പാറ, പുവ്വറമല, പാലക്കുണ്ടത്തിൽ പൊയിൽ പാളി | ചെമ്പറ്റ മലയിലെ നീർച്ചാൽ കുളം കുഴിച്ച് സംഭരിച്ച് ചെമ്പറ്റ മലയിൽ ടാങ്ക് കെട്ടി സപ്ലൈ ചെയ്യുന്നതിന്നാവശ്യമായ സ്ഥലവും അദ്ധ്വാനവും സാമ്പത്തിക സഹായത്തിന്റെ വിഹിതവും 244 ഗ്രാമവാസികൾ നൽകും 10-ാം വാർഡിലെ രാജീവ് ഗാന്ധി ഡ്രിങ്കിംഗ് വാട്ടർ പദ്ധതിയും 11-ാം വാർഡിൽ ഉപയോഗപ്പെടുത്തി ഇതുമായി ബന്ധിപ്പിക്കാവുന്നതാണ്. |
| | കണ്ണൻകോട്ട് തടായി അംഗനവാടി ഭാഗം ചുള്ളിയാട് കളത്തിങ്ങൽ റോഡ് | പൈപ്പ് ലൈൻ നീട്ടി സ്ഥാപിക്കുകയും പൊതുകിണർ കുഴിക്കുകയും ചെയ്തു പരിഹരിക്കാവുന്നതാണ്. |
| | ചുള്ളിയാട് മുക്ക്, ഭൂമി ഇടിഞ്ഞ കുഴി, കേളൻപറമ്പ്, കരിവില്ലിക്കാവ്, പൊൻപാറ, പുൽപറമ്പ്, മാതോലത്ത് കടവ് | പൈപ്പ് ലൈൻ നീട്ടി ടാപ്പ് ഇടണം |
| 12 | പ്രാവിൽ ഭാഗം | പ്രാവിലെ അംഗനവാടി, ആരോഗ്യ കേന്ദ്രം, മദ്രസ്സ എന്നീവയ്ക്ക് ഉപയോഗ പ്രദമായ നിലക്ക് ഒരു പൊതു ടാപ്പ് വെക്കുകയും നിലവിലുള്ള പൈപ്പ് ലൈൻ നീട്ടി സ്ഥാപിച്ച് വീടുകൾക്ക് കണക്ഷൻ നൽകുകയും ചെയ്യുക. |

## *കുടിവെള്ള പ്രദേശങ്ങളും പരിഹാരനിർദ്ദേശങ്ങളും*

| വാർഡ് | പ്രശ്നമേഖല | നിർദ്ദേശിക്കുന്ന പരിഹാരമാർഗ്ഗം |
|---|---|---|
| | പനങ്ങാട് കുന്ന്കാക്കേരി, തലപ്പെരുമണ്ണ | പൊതുകിണറുകൾ നന്നാക്കുക. കുഴൽ കിണർ റിപ്പയർ ചെയ്തു വെള്ളം ലഭ്യമാക്കുക. |
| | പനങ്ങാട് കുന്ന്, പുൽപറമ്പ് മുക്ക്, നാല്സെന്റ് കോളനി, പാടിപ്പുറ്റംകുന്ന് , കുന്നത്ത് ചാലിൽ, എളമ്പിലാശ്ശേരി | പൈപ്പ് ലൈൻ നീട്ടുക. |
| | വരുംകാലമല പട്ടിക ജാതി കോളനി | നിലവിലുള്ള പൊതു കിണറിൽ നിന്ന് ടാങ്ക് കെട്ടി വിതരണം ചെയ്താൽ പ്രദേശത്തെ മുഴുവൻ ആളുകൾക്കും കുടിവെള്ളം ലഭിക്കും. ടാങ്കിന് സ്ഥലം നിലവിലുണ്ട്. |
| 13 | വയലിൽ ചിരുതോട്ടം, കൊയപ്പറ്റക്കുന്ന്, പറമ്പത്തുകാവ് | വയലിൽ കുളം കുഴിച്ച് കൊയപ്പറ്റ കുന്നിൽ ടാങ്ക് സ്ഥാപിച്ച് വെള്ളം വിതരണം ചെയ്യുക. |
| | കച്ചറ മുക്ക് അംഗനവാടി ഭാഗം | ആട്ടിയേരി കുളം റിപ്പയർ ചെയ്തു അരക്കമ്പ്രമലയിലോ, നെടുമലയിലോ ടാങ്ക് കെട്ടി വിതരണം ചെയ്യുക. |
| | കിളിച്ചാർ വീട്, പറമ്പത്ത്കാവ്, കോരൂര്, ചിരുതോട്ടം, കൊയപ്പറ്റമ്മൽ | പൈപ്പ് ലൈൻ നീട്ടണം. |
| 14 | കരുവില്ലി കാവ്, കുന്നത്ത് പറമ്പത്ത്, ഭൂമി ഇടിഞ്ഞ കുഴി, ചെമ്പറ്റ, ചെറോത്ത്, പുതുക്കുടികുന്ന്. | കരുവില്ലാക്കാവ് നീരുറവ കുളംകുഴിച്ച് കുന്നത്ത് പറമ്പത്ത് ടാങ്ക് കെട്ടി സപ്ലൈ ചെയ്യാവുന്നതാണ്. |
| | കച്ചേരിക്കുന്ന്, കുന്നത്ത് പറമ്പ്, ഒതയോടത്ത്, പുതുക്കുടി കുന്ന്, പനോളികാവ്, കരിവില്ലിക്കാവ്, ചുണ്ടപ്പുറം, ചെമ്പറ്റ, ചെറോത്ത്, കൂനത്തൂര്, ഉറവുംകുണ്ട്, പാണോലത്ത്പെരിയാൻ തോട്, ആലപ്പുറായി, മുക്കിലങ്ങാടി, | പൈപ്പ് ലൈൻ നീട്ടുക, ടാപ്പ് ഇടുക. |
| | പൊതു പരിഹാര മാർഗ്ഗം | നിലവിലുള്ള കാപ്പ്മല പദ്ധതി 3 ഷിഫ്റ്റ് വെള്ളം അടിച്ച് ടാങ്ക് നിറക്കുക |



# ഗതാഗതം – ഊർജ്ജം

**നാ**ടിന്റെ വികസനത്തിൽ ഒരു പ്രധാനകണ്ണിയാണല്ലൊ റോഡും, അതുവഴിയ്ക്കുള്ള ഗതാഗതവും, ഗ്രാമത്തിന്റെ വികസനം ത്വരിതഗതിയിൽ മുന്നേറണമെങ്കിൽ പൊതു നടപ്പാതകളും ഗതാഗതയോഗ്യമായ റോഡുകളും അത്യന്താപേക്ഷിതമാണ്.

കുന്നും, മലയും, സമതലങ്ങളും അടങ്ങിയ, തട്ടുതട്ടായികിടക്കുന്ന ഗ്രാമമായ നമ്മുടെ പഞ്ചായത്തിൽ പൊതുവഴികൾക്കും റോഡിനും പ്രത്യേക പ്രാധാന്യം നല്കി ഇനിയും വികസിപ്പിക്കേണ്ടതുണ്ട്. 8 മീറ്ററും 6മീറ്ററുമുള്ള റോഡുകൾക്ക് വിവിധപദ്ധതി പ്രകാരം ഫണ്ട് ലഭ്യമാകുമ്പോൾ അതിലും വീതികുറഞ്ഞ റോഡുകൾക്കുഫണ്ടിന്റെ ലഭ്യതകുറവാണ്. തുണ്ടം തുണ്ടമായി ഭൂമികൈവശം വയ്ക്കുകയും അതിൽ എല്ലാഭാഗത്തും നാണ്യവിളകൃഷിചെയ്യുന്നതുകൊണ്ടും കൂടുതൽസ്ഥലം റോഡിന് വേറെവയ്ക്കാൻ പറ്റാത്തപ്രത്യേകപരിതസ്ഥിതിയാണ് നമ്മുടെ ഗ്രാമത്തിൽ, അതുകൊണ്ട് ഈ പ്രത്യേകസാഹചര്യത്തിൽ വീതികുറഞ്ഞ പ്രധാനപ്പെട്ട റോഡുകൾക്കും ആവശ്യമായ ഫണ്ട് വകയിരുത്തേണ്ടതുണ്ട്.

ഇന്നു നമ്മുടെ പഞ്ചായത്തിലെ മിക്ക റോഡുകളും ഗതാഗത സൗകര്യത്തിന്റെ കാര്യത്തിൽ വളരെ പിന്നിലാണ്. ജനപങ്കാളിത്തവും സമാഹരിച്ച് നിലവിലുള്ള റോഡുകൾ സൗകര്യപ്രദമാക്കുകയും, പുതിയറോഡുകൾ നിർമ്മിക്കുകയും ചെയ്യേണ്ടതുമുണ്ട്. ഗ്രാമസഭയിൽ വന്ന ചർച്ചയിൽ പല റോഡു നിർമ്മാണത്തിനും പങ്കാളിത്തം ഉറപ്പുനൽകിയിട്ടുമുണ്ട്.

സ്റ്റേയിറ്റ് ഹൈവെയായ, കോഴിക്കോട് വയനാട്റോഡ് നമ്മുടെ പഞ്ചായത്തിൽ കൂടിയാണ് കടന്നുപോകുന്നു എന്നത് ഒരുഅനുഗ്രഹം തന്നെ. പ്രസ്തുത റോഡിൽനിന്നാരംഭിക്കുന്ന കളരാന്തിരി വഴി താമരശ്ശേരി റോഡ്, മാനിപുരം വഴി ഓമശ്ശേരി പഞ്ചായത്തിൽ പ്രവേശിക്കുന്ന റോഡ് കൊടുവള്ളിനിന്ന് മാനിപുരം, കരീറ്റിപറമ്പ് വഴി പോകുന്ന റോഡ് കൊടുവള്ളി കരുവമ്പൊയിൽ വഴി കുറുങ്ങാട്ട് കടവ് വഴി പോകുന്ന റോഡ് കരുവമ്പൊയിൽ വഴി എരഞ്ഞിക്കൊരത്ത് ചാത്തമംഗലം ഭാഗത്തേയ്ക്ക് പോകുന്ന റോഡ് താമരശ്ശേരി പഞ്ചായത്തിലെ പരപ്പൻപൊയിൽ നിന്ന് നമ്മുടെ പഞ്ചായത്തിലെ പനക്കോട് വാടിക്കൽ വഴി പോകുന്ന റോഡ് കൊടുവള്ളി ഹൈവേ വഴി മണ്ണിൽ കടവ് പാലം വഴി കൊടുവള്ളിക്കടവ് പാലത്തിലൂടെ കിഴക്കോത്ത് പഞ്ചായത്തിലേയ്ക്ക് പോകുന്ന റോഡ്, നെല്ലാംകണ്ടി കളരാന്തിരി റോഡ് ബസ്സ് ഗതാഗതമുള്ളവയും പ്രധാനപ്പെട്ടവയുമാണ്. നമ്മുടെ പഞ്ചായത്തിൽ നിന്ന് വിവിധ മേഖലയിലേയ്ക്ക് പോകുന്ന റോഡുകളിൽ കൊടുവള്ളിയിൽ പുനൂർ പുഴയ്ക്ക് കുറുകെയുള്ള പാലവും, കത്തറമ്മൽ, മണ്ണിൽക്കാവ് പാലങ്ങളും ചെറുപുഴയ്ക്ക് കുറുകേയുള്ള മാനിപുരം പാലവും കുറുങ്ങാട്ട്കടവ് പാലവും പ്രധാനപ്പെട്ട പാലങ്ങളാണ്. നമ്മുടെ വികസനത്തിന് മേൽപറഞ്ഞ പാലങ്ങൾ വളരെ ഗുണം ചെയ്തിട്ടുണ്ട്. എങ്കിലും പഞ്ചായത്തിന്റെ കിഴക്കും പടിഞ്ഞാറും അതിരുകളായി ഒഴുകുന്ന രണ്ടു പുഴകളും കടന്ന് അയൽപക്കപഞ്ചായത്തിലെത്താൻ, ഹൈവേ റോഡ് ബന്ധിപ്പിച്ച് നെല്ലങ്കകൊയിൽ 1 തൂക്കുപാലവും, പാലക്കുറ്റിയിൽ 2 തൂക്കുപാലവും ഉണ്ട്. കൂടാതെ എരങ്ങോത്ത്പൊയിൽ അങ്ങാടി എന്നി സ്ഥലത്ത് ഓരോ തൂക്കുപാലവും ഉണ്ട്. ഏറ്റവും അധികം യാത്രക്കാർ ഈ തൂക്കുപാലങ്ങളിൽ കൂടെ കടന്ന് പോകുന്നു.

പ്രസ്തുത തൂക്കു പാലങ്ങൾ മുഴുവനും വർഷം തോറും കവുങ്ങും കമ്പികളും കൊണ്ട് നിർമ്മിച്ച് വരുന്നവയും കൂടുതൽ ജനപങ്കാളിത്തം ലഭിച്ചുവരുന്നതുമാണ്. തൂക്കുപാലങ്ങൾ വർഷം തോറും നിർമ്മിക്കുന്നതിന് പകരം സ്ഥിരമായി നിലനിൽക്കുന്ന നടപ്പാലങ്ങളായി നിർമ്മിക്കണമെന്ന് ഗ്രാമസഭയിൽ നിന്ന് നിർദ്ദേശം ഉണ്ടായിട്ടുണ്ട്. പ്രസ്തുത പാലങ്ങൾ കൂടാതെ കടത്ത് തോണി ഉപയോഗിക്കുന്ന കല്ലള്ളി നടമൽ റോഡ്, മൊയോട്ട്കടവ് എന്നീ കടവുകളും ഉണ്ട് ഇതിൽ പ്രധാനമായും നടമ്മൽ കടവിൽ 12 അടി വീതിയിൽ ഒരു പാലം നിർമ്മിക്കേണ്ടതുണ്ട്.

ഗ്രാമീണ തൊഴിൽദാന പദ്ധതിയിൽ ഉൾപ്പെടുത്തി (NREP)

പ്രവർത്തനം തുടങ്ങിയതും 8 മീറ്റർ വീതിയുള്ളതുമായ കൊടുവള്ളി, കരൂഞ്ഞി, ആസാദ് റോഡ്, ഇന്ന് PWD ഏറ്റെടുത്തിരിക്കെയാണ്. ഈ റോഡ് മുൻഗണനാക്രമത്തിൽ യാത്രാ സൗകര്യം വർദ്ധിപ്പിക്കേണ്ട താണ്.

കൊടുവള്ളി പഞ്ചായത്തും, കുന്ദമംഗലം പഞ്ചായത്തുമായി ബന്ധുപ്പിക്കുന്നുതും, മലപ്പുറം ജില്ല യിലേക്കുള്ള ദൈർഘ്യം കുറക്കുന്ന തുമായ കുറുങ്ങാട്ട് കടവ് പാലവും അപ്രോച്ച് റോഡും എത്രയും വേഗത്തിൽ ഗതാഗത യോഗ്യമാ ക്കേണ്ടതാണ്.

വാവാട് നിന്ന് കളരാന്തിരി റോഡ്മായി ബന്ധിപ്പിക്കുന്നതും 30 വർഷത്തിലധികമായി നിർമ്മാണം തുടങ്ങിവെച്ചതുമായി വാവാട്, പോർങ്ങാട്ടൂർ റോഡും ഗതാഗത യോഗ്യമാക്കേണ്ട മുൻഗണനാക്രമ ത്തിൽ ഉൾപ്പെട്ടതാണ്.

ജനസാന്ദ്രതയും വാഹനങ്ങളും അടിക്കടി വർദ്ധിച്ചുവരുന്നതിനാൽ കൊടുവള്ളി ടൗൺ യഥാർത്ഥത്തിൽ ഇന്ന് വീർപ്പ് മുട്ടുകയാണ്. ഇത് പരി ഹരിക്കണമെങ്കിൽ കൊടുവള്ളി മാർക്കറ്റ് റോഡ്, ഉള്ള സ്ഥലം ഉപ യോഗപ്പെടുത്തി വീതി കൂട്ടുകയും, മുഴുവൻ വീതിയും ടാറിട്ട് യാത്രാ സൗകര്യം വർദ്ധിപ്പിക്കുകയും, സമാ ന്തര ബൈപ്പാസ് ഉണ്ടക്കുകയും വേണം.

മുൻഗണനാ ക്രമത്തിൽ, നന്നാക്കി ടാറിങ്ങ് നടത്തേണ്ടതും, വികസനം പൂർത്തീകരിക്കേണ്ടതു മായ റോഡുകളെപ്പറ്റിയും, പാല ങ്ങൾ, ബസ്സ് വെയ്റ്റിംഗ് ഷെഡു കൾ, കുളികടവുകൾ, പുതുതായി നിർമ്മിക്കേണ്ട റോഡുകൾ, ബസ്സു കൾ അനുവദിക്കേണ്ട റോഡുകൾ എന്നിവയെ പറ്റി ഗ്രാമസഭയിൽ ഉന്നയിച്ച നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു.

| വാർഡ് | അഭിവൃദ്ധിപ്പെടുത്തി ടാറിംഗ് ചെയ്യേണ്ട റോഡുകൾ | വാർഡ് | വികസനം പൂർത്തീകരിക്കണ്ട റോഡുകൾ |
|---|---|---|---|
| I | മദ്രസ്സാ ബസ്സാർ | I | 1.സൗത്ത് കൊടുവള്ളി-കരൂത്തി |
| | 1. വരുംകാല പട്ടികജ്ജാതി കോളനി | | 2. സൗത്ത് കൊടുവള്ളി-നെടുമല |
| | 2. അരിയിൽ | II | 3. പുള്ളിയാർകണ്ടി - പാറപ്പുറം |
| | 3. പള്ളിപറമ്പ്-പാറക്കടവ് | III | 4. ചുണ്ടപ്പുറം-ഹൈസ്ക്കൂൾ-ചാവാടികുന്ന് |
| | 4. എടയിൽ പീടിക-കൂരിമണ്ണ് | | 5. നെല്ലിക്കുന്ന്-കെടേക്കുന്ന് (വഴി0 മോഡേൺ ബസാർ |
| II | 5 വയപ്പുറം-സൗത്ത് കൊടുവള്ളി | | 6. ഡോ. ജോസ് ജോൺ വീട് മുതൽ ഞെള്ളോറ വരെ |
| | 6. ഒറുപുറം കണ്ടം-കെടേകുന്ന് | | |
| | 7. വളോട് മുക്ക്-ഞേർക്കോട്ട് പൊയിൽ | IV | 7. മോലെ പാലകുറ്റി-പൊരാളാക്കോട്ട് കടവ് |
| | 8. മോഡൺ ബസാർ-കിഴക്ക വീട്-ഹൈസ്ക്കൂൾ | | 8. പാലകുറ്റി-പാറക്കടവ് |
| | | | 9. ആക്കിപൊയിൽ-പുളിപാറ |
| | 9. റേഷൻ ഷാപ്പ്-പാലത്ത് മണ്ണ് | | 10. പാലകുറ്റി-നുച്ചിമണ്ണ്-പന്ന്യൂക്ക്-കുയ്യോടി കണ്ടാല |
| III | 10. കൊടുവള്ളി-കോതൂര് H.S. ബൈപ്പാസ് | | |
| | 11 ചുണ്ടപ്പുറം ഹൈസ്ക്കൂൾ | | 11. ആറങ്ങോട് - ഞെള്ളോറ |
| | 12. സഹകരണ ബേങ്ക് - ചോലക്കര | V | 12. സെന്റർ ബസാർ - എരിയേറ്റി പൊയിൽ റോഡ് |
| | 13. കൊടുവള്ളി-കെടേകുന്ന് | | 13. എരുമോത്ത് - കണ്ടാല |
| | 14. കൊടുവള്ളി-ഞേള്ളോറ കോളനി | | 14. നെല്ലാം കണ്ടി വളവ് തീർക്കുക |
| | 15. പെരിയാൻ തോട് - പരപ്പിൽ | VI | 15. പനക്കോട് - 4 സെന്റ് കോളനി |
| | 16. മോഡേൺ ബസാർ- ഹൈസ്ക്കൂൾ | | 16. പനക്കോട് - കുരുടാം ചാൽ |
| | 17. L.P. സ്ക്കൂൾ -എളവൻ ചാൽ | | 17. വാടിക്കൽ - വരുംകാല |
| | 18. പോലീസ് സ്റ്റേഷൻ- സഹകരണാശുപത്രി | | 18. പനക്കോട് - താന്നിയോട് മല |
| | 19.ഒറ്റും കുണ്ട്-ഞെള്ളോറ | | 19. മുക്കിലംപാടി- കരുണിച്ചാല്ഡ |
| IV | 20. പാലകുറ്റി - മരുതിങ്ങൽ | VII | 20 വാവാട് - വെള്ളറമ്മൽ താഴം- പടിക്കവീട് മുക്ക് വയലിന്ന് ഭിത്തി കെട്ടി മിനി റോഡ് നിർമ്മിക്കുക. |
| | 21. മരുതിങ്ങൽ - ആറങ്ങോട് | | |

| വാർഡ് | അഭിവൃദ്ധിപ്പെടുത്തി ടാറിംഗ് ചെയ്യേണ്ട റോഡുകൾ |
|---|---|
| | 22. മരുതിങ്ങൽ - കണ്ടാല |
| | 23.കണ്ടാല-ആറങ്ങോട്-പരപ്പിൽ |
| | 24. പാലകുറ്റി-ചോലപ്പാളി |
| | 25. പാലകുറ്റി-പന്ന്യൂക്ക് |
| | 26. മേലെപാലകുറ്റി-പുല്ലോറ |
| | 27. ആറങ്ങോട് വായനശാല-മരുതിങ്ങൽ റോഡിലേക്കുള്ള ലിങ്ക് റോഡ് |
| | 28. പെരിയാം തോട്-പരപ്പിൽ |
| | 29. കോഴിശ്ശേരി-മുക്കുന്ന് |
| V | 30 നെല്ലാംകണ്ടി-കളരാന്തിരി |
| | 31. മുഴിക്കുന്ന്-കപ്പലാം കുഴി |
| | 32. വാവാട്സെന്റർ -കപ്പാലം കുഴി 3 സെന്റ് കോളനി |
| | 33. നെല്ലാംകണ്ടി-കണ്ടാല |
| | 34. സെന്റർ ബസാർ - എരഞ്ഞോണ |
| | 35. വാവാട്-കരുണിചാൽ-പനക്കോട് |
| VI | 36 എരഞ്ഞോണ-മയിലാടും പാറ |
| | 37 വാവാട്-എരഞ്ഞോണ |
| | 38 വാടിക്കൽ-ഇരുതുള്ളി പൊയിൽ |
| | 39. പനക്കോട് - എരഞ്ഞോണ |
| VII | 40. വാവാട് പോർങ്ങട്ടൂര് |
| | 41. പൂക്കോട്ട് കോളനി-കളരാന്തിരി |
| | 42. ഇരുമോത്ത് - കളരാന്തിരി |
| VIII | 43.കളാരാന്തിരി-നെല്ലാംകണ്ടി |
| | 44. ഇരുമോത്ത്- കളരാന്തിരി |
| | 45. കളരാന്തിരി-പൂക്കോട് |
| | 46. മാനിപുരം-പൂക്കോട് |
| | 47. കളരാന്തിരി-വെളിമണ്ണകടവ് |
| IX | 48. ഒതയോത്ത്-കുനത്തൂര് |
| | 49. മുത്തമ്പലം - കൈതപറമ്പ് |
| | 50. ഹെൽത്ത്സെന്റർ-പെരുവാരം കണ്ടി |
| | 51. മാനിപുരം -കൊടുവള്ളി ബോളർ റി ടാറിംഗ് ചെയ്യണം |
| X | 52. മുക്കിലങ്ങാടി- നടമ്മൽ കടവ് 2 1/2 ടാറിംഗ് നാഗാളികാവ് 2.KM അപ്രോച്ച് റോഡ് കൂടി ഉൾപ്പെടുത്തി PWD ഏറ്റെടുക്കുകയും ചെയ്യുക |
| | 53. പെരീക്കണ്ടി - ചുള്ളിയാട് മുക്ക് |
| | 54. നൂഞ്ഞിക്കര - പുവ്വറമ്മൽ കോളനി |
| | 55. വാരിക്കുഴിതാഴം-4 സെന്റ് കോളനി |
| | 56. നൂഞ്ഞിക്കര-പുവ്വറമല-കരിവില്ലിക്കാവ് |

| വാർഡ് | വികസനം പൂർത്തീകരിക്കണ്ട റോഡുകൾ |
|---|---|
| | 21. വാവാട് സ്ക്കൂൾ ഭാഗത്ത് നിന്ന് എരഞ്ഞോണ റോഡിലേക്ക് മിനി ബൈപ്പാസ് നിർമ്മിക്കുക. |
| | 22. ഊരോപറമ്പ് മുക്ക്-പൂക്കോട് |
| | 23. വാവട് സെൻട്രൽ ബസാർ - എരഞ്ഞോണ |
| | 24. പൊയിലങ്ങാടി -ബിച്ച്യാൻ മുക്ക്, അണ്ടോണ പാലം- ബിച്ച്യാൻ മുക്ക് |
| | 25. വാവാട് - തൊടുപ്പിൽ കുണ്ടം |
| | 26. വാവാട് വില്ലേജ് ഓഫീസ്-കുര്യാണികുന്ന |
| | 27. കതിരോട് - പാലകുന്ന് - അണ്ടോൺപാലം |
| VIII | 28. പോർങ്ങട്ടൂര്- ഊരോപറമ്പ്- വാവാട് റോഡ് വയൽ ഭാഗത്ത് സൈഡ് കെട്ടുക. |
| | 29. കളരാന്തിരി സ്ക്കൂൾ - ലക്ഷം വീട് |
| | 30. പുതുവഴിക്കര - കുളിക്കടവ് |
| IX | 31. ആറങ്ങോട് - മുത്തമ്പലം 300 മീറ്റർ ബന്ധിപ്പിക്കുക |
| | 32. കരിറ്റി പറമ്പ് - വാട്ടർ ടാങ്ക് റോഡ് കാവിൽ ഭാഗത്തേക്കും ബന്ധിപ്പിക്കുക. സന്നദ്ധ സഹായം ലഭിക്കും |
| | 33. മാതിപുരം-കൊടപ്പുറം ബൈപ്പാസ് സന്നദ്ധ സേവനം കൊണ്ട് പൂർത്തീകരിക്കുംസൈഡ് കെട്ടാൻ സഹായം വേണം |
| | 34. കാക്കും പുര - കാപ്പുമ്മൽ കല്ല് പതിച്ച് ഗതാഗതയോഗ്യമാക്കണം |
| | 35. പാലകുന്ന് - തച്ചോട്ട കുന്ന് കുണ്ടത്തിൽ വഴി മുത്തമ്പലത്തേക്ക് ജനകീയ റോഡ് വെട്ടാൻ സഹായം ആവശ്യമുണ്ട് |
| X | 36. നടമ്മൽ കടവ് പുഴയിലേക്ക് ഇറങ്ങാൻ കഴിയത്തക്കവിധം ബോളർ പതിക്കണം |
| | 37. അമ്പലം കണ്ടി - മാനിപുരം |
| | 38. ചാത്തൻ കുളങ്ങര - പുവ്വറമല |
| | 39. ഒതയമംഗലം - കൊളമ്പലത്ത് കടവ് |
| | 40. ചുള്ളിയാട് മുക്ക്- ഇടിയാറ ക്കുന്ന് |
| | 41. പെരീക്കണ്ടി- മാതക്കാട്ട് കുഴി |
| | 42. തൃപൊയിൽ - ഇരുമ്പോത്ത |
| | 43. ചാത്തൻ കുളങ്ങര - പുവ്വറ മല |
| | 44. നൂഞ്ഞിക്കര - പുവ്വറ മല |
| XI | 45. കണ്ണൻ കോട്- കണ്ണൻ കോട്ട് തടായി |
| | 46. കരുവൻ പൊയിൽ-കാരക്കുഴി വഴി വാരിക്കുഴി താഴം 35 ശതമാനം ചിലവ് നാട്ടുകാർ വഹിക്കും |
| | 47. കരുവാൻ പൊയിൽ - മഞ്ചപ്പാറ റോഡ് 300 മീറ്റർ വെട്ടി കാരാട്ട് പൊയിലിലേക്ക് ബന്ധിപ്പിക്കണം |
| | 48. ചുണ്ടപ്പുറം - ചെമ്പറ്റ മല |

| വാർഡ് | അഭിവൃദ്ധിപ്പെടുത്തി ടാറിംഗ് ചെയ്യേണ്ട റോഡുകൾ | വാർഡ് | വികസനം പൂർത്തീകരിക്കണ്ട റോഡുകൾ |
|---|---|---|---|
| | 57. അമ്പലക്കണ്ടി-കൊളമ്പലത്ത് കടവ് | | 49. കുന്നത്ത് പറമ്പ് - ഭൂമി ഇടിഞ്ഞ കുഴി |
| XI | 58. ഇബ്രാഹിം കുട്ടി മെമ്മോറിയൽ റോഡ് | | 50. കണ്ണൻ കോട് - ചുള്ളിയാട് മുക്ക് |
| | 59. കരുവൻപൊയിൽ - മോയോട്ട് കടവ് | XII | 51 കാരാട്ട് പൊയിൽ - പ്രാവിൽ |
| | 60.ചുള്ളിയാട് മുക്ക്-പെരീക്കണ്ടി | | 52. എരഞ്ഞിക്കോത്ത് - കൊടുവള്ളി |
| | 61. കരുവൻ പൊയിൽ-മഞ്ചപ്പാറ കാരാട്ട് പൊയിൽ | | 53. പുൽ പറമ്പ് മുക്ക് - 4 സെന്റ് കോളനി |
| | 62. കരിവില്ലി കാവ് -പുവ്വറ മല | | 54. പനങ്ങാട് കുന്ന് ഹരിജൻ കോളനി |
| | 63. കരുവൻ പൊയിൽ-മാതോലത്ത്കടവ് | | 55. കോട്ടയിൽ - ചിറ്റാൻ കണ്ടി പുഴക്കടവ് റോഡ് |
| | 64. മതോലത്ത് കടവ് നടപ്പാലം അപ്രോച്ച് റോഡ് | | 56. വള്ളിക്കാട് ഷെഡ് - ചിറ്റാർ കണ്ടി- പുഴക്കടവ് |
| XII | 65. പുൽ പറമ്പ്-മൊയോട്ട് കടവ് | | 57. പനങ്ങാട് കുന്ന് കോളനി കുട്ടം പാറോൽ മല - വരും കാല ഹരിജൻ കോളനി |
| | 66. വരിട്ട്യാക്കിൽ - കാരാടി റോഡ് റീ ടാറിംഗ് | | 58. പുൽ പറമ്പ - കേയത്ത് - ചിറ്റാം കണ്ടി |
| | 67. തലപ്പെരുമണ്ണ-തോട്ടത്തിൽ കടവ് | | 59. സൗത്ത് കൊടുവള്ളി - നെടുമല |
| | 68. കരൂഞ്ഞി-ആസാദ് | | 60. കരുവൻ പൊയിൽ-കാട്ട് വള്ളിക്കാട്ട്-തോട്ടത്തിൽ കുറുങ്ങാട്ട് കടവ് |
| | 69. മാടുപൊയിൽ - വരുംകാല കോളനി | XIII | 61 കച്ചറമുക്ക് -പ്രാവ് |
| | 70. കാരാട്ട് പൊയിൽ-കരൂഞ്ഞി | | 62. സഹകരണ മുക്ക്- ഞണ്ടാടിക്കുന്നി |
| | 71. കുറുങ്ങാട്ട് കടവ് പാലം റോഡ് | | 63. ഇയ്യോത്തി - കരക്കണ്ടം സ്ക്കൂൾ |
| XIII | 72. ഹൈസ്ക്കൂൾ - ചുണ്ടപ്പുറം | | 64. കേളോത്ത്പുറായിൽ - പറമ്പത്ത കാവ് |
| | 73. കിളച്ചാർ വീട് - പറമ്പത്ത് കാവ് ആസാദ് | | 65. കൊടുവള്ളി ഹൈസ്ക്കൂൾ - ചുണ്ടപ്പുറം പറമ്പത്ത കാവറോഡ് എരഞ്ഞിക്കോത്ത് വരെ നീട്ടുക. |
| | 74. കാരാട്ട് പൊയിൽ - പ്രാവിൽ-അരക്കപ്രം | | 66. ആസാദ് റോഡ്-ആട്ടിയേരി പൊതുവഴി |
| XIV | 75. കച്ചേരിക്കുന്ന്-ലക്ഷം വീട് ബൈപ്പാസ് | | 67. കൊടുവള്ളി - പറമ്പത്ത് കാവ് റോഡ് പ്രാവിൽ റോഡിനോടനുബന്ധിപ്പിക്കുക. |
| | 76. ഒതയോത്ത് - ആറങ്ങോട് | XIV | 68. ചുണ്ടപ്പുറം-ചെമ്പറ്റ മല |
| | 77. അപ്പക്കാട് - തേക്കും തോട്ടം | | 69. പനോളി കാവ്-ചെമ്പറ്റമല |
| | 78. കച്ചേരികുന്ന് - ലക്ഷം വീട് PHC | | 70. കച്ചേരികുന്ന് - ചെരക്കപറമ്പ് |
| | 79. കുന്നത്ത് പറമ്പ്- ചെമ്പറ്റ | | 71. ചെമ്പറ്റ - പുതുക്കുടി കുന്ന് |
| | | | 72. ചെദറാത്ത് - പുതുക്കുടി കുന്ന് |

| വാർഡ് | വികസിപ്പിക്കേണ്ട ഇടവഴികൾ, നടവഴികൾ | വാർഡ് | പാലം നിർമ്മിക്കേണ്ടത് |
|---|---|---|---|
| I | 1. വെണ്ണക്കാട് -വെണ്ണക്കാട് മല | II | 1. പാലത്ത് മണ്ണിൽനടപ്പാലം |
| | 2. കുന്മങ്ങോട്ട് - പാറോപത്തി | | |
| | 3. വലിയേരി | | |
| II | | | |
| III | 4. പെട്രോൾ പമ്പ്-പുള്ളി പാറ | IV | 2. കിഴക്കോത്ത്-പാലക്കുറ്റി കടവിലോ,പാറക്കടവ്-ഒരളക്കോട് കടവിലോ ഒരു നടപ്പാലം. |
| | 5. അയ്യപ്പൻ കാവ് - അംഗനവാടി, ഞെള്ളോറ ഞെള്ളോറ കോളനി സ്റ്റപ്പ്. | | |
| | 6. ഉളിയാടൻ കുന്ന 4 സെന്റ് കോളനി | | |
| | 7. കാഞ്ഞിരാട് കുന്ന്- കൊടുവള്ളി | | |
| IV | 8 മേലെ പാലക്കുറ്റി - കുന്ന്മൽ മല | V | 3. നെല്ലാംകണ്ടി കടവിൽ നടപ്പാലം |
| | 9. ആക്കി പൊയിൽ - പുളി പാറ | | |
| | 10. ആക്കിപൊയിൽ - മൂക്കുന്ന് | | |
| | 11. നടുചോല-പുഴക്കടവ് | | |
| | 12. പുളിപാറ-ഞെള്ളോറ-മുക്കുന്നു. | VI | 4. എരഞ്ഞോണ പുഴക്കടവ് നടപ്പാലം |
| | 13. ചോലക്കുന്ന്-പാറക്കടവ് | | |
| V | മുന്നൂക്കിൽ പുഴക്കടവ് വഴി നെല്ലാംകണ്ടിയിൽ കണ്ടം നടവഴി നെല്ലാങ്കണ്ടി മൂഴിക്കുന്ന് നടവഴി | VII | 5. വെള്ളറ മുക്ക് ഓവ് പാലം അണ്ടോണ കടവിൽ തൂക്ക്പാലം |
| VI | 14. കരുണിച്ചാൽ | | |
| | 15. കൊളങ്ങരക്കണ്ടി | | |
| | 16. പൊയിൽ കടവ് | | |
| VII | 17. പൊയിലങ്ങാടി-പാലക്കുന്ന് 5 ഇടവഴികൾ | | |
| | 18. കതിരോട്-പാലക്കുന്ന് | VIII | 6. പെരുവാററിൽ തോടിന് സ്ലാബ് |
| | 19. ഓടർപൊയിൽ- പാലക്കുന്ന് | | |
| | 20. പുൽപറമ്പ് | | |
| | 21. പേനക്കാവ് | | |
| | 22. നങ്ങ്വീട്-പേനക്കാവ് | | 7. കൽപള്ളികടവ് തൂക്ക് പാലം |
| | 23. അണ്ടോണപാലം | | |
| | 24. വില്ലേജ് മുക്ക്- പുൽകുഴി | | |
| VIII | 25. പോർങ്ങോട്ടൂര് കുളിക്കടവ് | | |
| IX | 26. കുന്നത്ത് ഇടവഴി | | 8. പുതുവായിക്കരതോടിന് സ്ലാബ്. |
| | 27. കുയിമ്പിലാട്ട്-പാടശ്ശേരി | | |
| | 28. പുളിയമാക്കിൽ -കാപ്പുമല | | |
| | 29. തച്ചോല ലക്ഷം വീട് | | |
| | 30. മുത്തമ്പലം-കാപ്പുമമൽ | X | 9. നടമ്മൽകടവ് പുഴക്ക് കുറുകെ 12.അടി വീതിയിൽ ഒരു പാലം നിർമ്മിക്കുക |
| | 31. വാഴപ്പൊയിൽ-തിയ്യകുന്ന്-മുത്തമ്പലം | | |
| | 32. പൊയിൽ-തിയ്യരുതൊടുക | | |
| | 33. വാരിക്കുഴിതാഴം-കാപ്പുമ്മൽ | | |
| | 34. കാവിൽ-തച്ചോട്ടക്കുന്ന് | | 10. മുണ്ടോട്ട്-മടവച്ചാൽ തൂക്കു പാലം |
| | 35. ബാലവാടി-കാരക്കുന്ന് | | |
| | 36. കാപ്പുങ്ങര-വാട്ടർടാങ്ക് | | |
| | 37. കാപ്പുങ്ങര-കാപ്പുങ്ങൽ | | |

| വാർഡ് | വികസിപ്പിക്കേണ്ട ഇടവഴികൾ, നടവഴികൾ | വാർഡ് | പാലം നിർമ്മിക്കേണ്ടത് |
|---|---|---|---|
| | 38. വാരിക്കുഴിതാഴം-കാപ്പുങ്ങൽ | | 11. കിഴക്കെ നെല്ലുളി (വയൽ നടവഴിയിലെ) തോടിന് സ്ലാബ്. |
| X | 39. വാരിക്കുഴിതാഴം-പൂവ്വറമല | | |
| | 40. പുളിരിക്കണ്ടി-പൂവ്വറമല | | |
| | 41. ചാലിൽ - പൊങ്ങോടൻചാൽ | | |
| | 42. നൂഞ്ഞിക്കരഇടിയാറകുന്ന് | | |
| | 43. വാപ്പിനിക്കണ്ടി നെല്ലുളികടവ് | | വള്ളിക്കേറ്റിങ്ങര തോടിന് സ്ലാബ് |
| | 44. മുണ്ടോട്ട് ഇടിയാറ മല | | |
| | 45. അപ്പമണ്ണിൽ- ചേലങ്ങൽ | | |
| | 46. കരീറ്റിപറമ്പ്-ചോയൻകുന്ന് | | 12. സെൻട്രൽ നെല്ലുളി തോടിന് സ്ലാബ്. |
| | 47. മാതക്കാട്ട് കുഴി-ഇടിയാറമല | | |
| | 48. വാപ്പിനിക്കണ്ടി-ഇടിയാറമല | | |
| | 49. മുണ്ടോട്ട്ക്കണ്ടി അങ്കമണ്ണ | | |
| | 50. പാടച്ചേരി-വഴുതിനപ്പറ്റ നെല്ലുളി കടവ് വയൽനടവഴി | | 13. മാട്ടുമ്മൽ തോടിന് സ്ലാബ്. |
| | 51. കൂടത്തിങ്ങൽ -പെരിങ്ങളംകടവ് | | |
| XI | 52. കിളിച്ചാർ വീട്- ചെമ്പറ്റമല | | 14. മാതക്കാട്ട് കുഴി തോടിന് സ്ലാബ്. |
| | 53. ചുണ്ടപ്പുറം-ചെമ്പറ്റമല | | |
| | 54. കരുവൻ പൊയിൽ-അംഗനവാടി | | |
| | 55. മാതോലങ്ങ് കടവ്-കുണ്ട്കടവ് | | 15. വായപ്പുറത്ത് തോടിന് സ്ലാബ്. പൊങ്ങോടൻ ചാൽ സ്ലാബ്. |
| | 56. പൊൻപാറ-ഇബ്രാഹിം കുട്ടി റോഡ് | | |
| | 57. പുവ്വറ മല- വാരിക്കുഴിതാഴം | | |
| | 58. വെളുത്തേടത്ത് കടവ് ഫൂട്ട്പാത്ത് | | |
| | 59. മൊയോട്ട് കടവ്- കുനിയിൽ കടവ് | XI | 16. മോയോട്ട് കടവ് തൂക്കുപാലം. |
| XII | 60. എരഞ്ഞിക്കോത്ത്-ആലിപറമ്പത്ത് | | |
| | 61. സ്രാമ്പിക്കൽ-വെള്ളരിക്കാങ്ങൽ | | |
| | 62. വില്യാർകുന്ന്-വരുംകാല | | 17. മാതോലത്ത് കടവ് മൊയോട്ട് കടവ് റോഡിൽ ഓവുപാലം |
| | 63. വരുംകാല-അരിയിൽ താഴം | | |
| XIII | 64. അമ്പലം കണ്ടി നടവഴി | | |
| | 65. നെല്ലിക്കണ്ടി-മലയിൽ | | 18. ഇബ്രാഹിം കുട്ടി മെമ്മോറിയൽ റോഡിൽ ഓവു പാലം. മാതോലത്ത് കടവിൽ പാലം. |
| | 66. നെല്ലിക്കണ്ടി-കണിയാർപൊയിൽ | | |
| | 67. വയൽ-മേലെകൂടത്തിങ്ങൽ | | |
| XIV | 68. തേക്കിൻ തോട്ടം-സിനിമാഹാൾ | | |
| | 69. പെരിയാൻതോട്- അപ്പക്കാട് | XII | 19. കീപൊയിൽ നടപ്പാലം |
| | 70. ചുള്ളിയാട്ട് പൊയിൽ-പറമ്പത്ത്കാവ് | | |
| | 71. കുന്നത്ത് പറമ്പ്-പുൽപറമ്പ് | | |
| | 72. കൂനത്തൂര് നടവരമ്പ് | IV | 20. പാലക്കുറ്റിയിൽ കിഴക്കോത്ത് പഞ്ചായത്തുമായി ബന്ധിപ്പിക്കുന്ന പൂനൂർ പുഴക്കു കുരുകെ പാലം നിർമ്മിക്കുക. |
| | 73. പാമ്പങ്ങൽ-പുതുക്കുടികുന്ന് | | |
| | 74. ഒതയോത്ത്-തേക്കിൻതോട്ടം | | |

| വാർഡ് | കുളിക്കടവ് | വാർഡ് | വെയ്റ്റിംഗ് ഷെഡ് |
|---|---|---|---|
| I | 1. വെണ്ണക്കടവ് | I | സൗത്ത് കൊടുവള്ളി |
| | 2. കൂരിമണ്ണ് | II | |
| | 3. കളത്തിൽ താഴെ | III | 1. കൊടുവള്ളി റജിസ്റ്റർ ഓഫീസ് |
| II | 4. ചെറിയാലക്കടവ് | IV | പെട്രോൾ പമ്പ് |
| | 5. മുത്തോറ് മാക്കി പുഴകര | V | നെല്ലാങ്കണ്ടി മണ്ണിൽ കടവ് |
| III,IV,V,VI | 6. മൂരിക്കുണ്ട്, കൈപാക്കിൽ | VI | കത്തറമ്മൽ കടവ് |
| VII | 7. പൊയിലങ്ങാടി താഴെ | | 2. വാവാട് പള്ളിക്കടുത്ത് |
| VIII | 8. വെളുത്തേടത്ത് കടവ് | VII | |
| IX | 9. പുതുവായിക്കര | VIII | |
| | 10. കൊടക്കാട്ടുകണ്ടി | IX | 3. മാനിപുരം |
| X | 11. ചേമ്പങ്ങൽ കടവ് | | 4. കാവിൽ |
| | 12. കൊളമ്പലത്ത് | | 5. മുത്തമ്പലം |
| | 13. ഇരുമ്പോത്ത് | | 6. ഒതയോത്ത് |
| | 14. മുയ്യോത്ത് | X | 7. കരീറ്റി പറമ്പ് |
| | 15. മിഞ്ഞോട്ട് കണ്ടി | | 8. ചുള്ളിയാട് മുക്ക് |
| | 16. നെല്ലുളി | | 9. വാരിക്കുഴി താഴം |
| | 17. കളത്തിങ്ങൽ | | 10. പേനക്കാവ്. |
| | 18. മുണ്ടോട്ട് | | 11. നൂഞ്ഞിക്കര |
| | 19. ഉണ്ണറാച്ചം വീട് | XI | 12. കളിച്ചാർ വീട് |
| | 20. മണങ്ങാട്ട് | | 13. ചുണ്ടപ്പുറം |
| | 21. പെരിങ്ങളം | | 14. എരഞ്ഞിക്കോത്ത് |
| | 22. വാപ്പിനിക്കണ്ടി. | | |
| XI | | | 15. സൗത്ത് എരഞ്ഞിക്കോത്ത് |
| XII | | XII | |
| XIII | | XIII | |
| XIV | | XIV | |

## ബസ്സുകൾ അനുവദിക്കേണ്ട റൂട്ടുകൾ

1. മാനിപുരം-കോഴിക്കോട് KSRTC ബസ്സ് പുനസ്ഥാപിക്കുക
2. കോഴിക്കോട്-മാനിപുരം-മുക്കം റൂട്ടിൽ ബസ്സ് അനുവദിക്കുക
3. കോഴിക്കോട്-കരീറ്റിപ്പറമ്പ്-മാനിപുരം-കൂടരഞ്ഞി ബസ്സ് പുനസ്ഥാപിക്കുക
4. കോഴിക്കോട്- കരീറ്റിപ്പറമ്പ്-താമരശ്ശേരി KSRTC പുനസ്ഥാപിക്കുക
5. കോഴിക്കോട്-കൊടുവള്ളി-ആറങ്ങോട് പുതിയ ബസ്സ് റൂട്ട് അനുവദിക്കുക.
6. കോഴിക്കോട്-നെല്ലാംകണ്ടി-കളരാന്തിരി റൂട്ടിൽ പുതിയ ബസ്സ് റൂട്ട് അനുവദിക്കുക.
7. കോഴിക്കോട്-കൊടുവള്ളി-നടമ്മൽ കടവ് റൂട്ടിൽ ബസ്സ് പുനർസ്ഥാപിക്കുക.
8. കോഴിക്കോട്-പിലാശ്ശേരി-താമരശ്ശേരി KSRTC പുനസ്ഥാപിക്കുക.
9. കോഴിക്കോട്-മാനിപുരം-കരുവൻപൊയിൽ KSRTC ബസ്സ് പുനസ്ഥാപിക്കുക.
10. കോഴിക്കോട്-കൊടുവള്ളു-ചുണ്ടപ്പുറം-കരുവൻപൊയിൽ KSRTC പുനസ്ഥാപിക്കുക.
11. താമരശ്ശേരി-മാനിപുരം-കുറുങ്ങാട്ട് കടവ് വഴി മാവൂർ ബസ്സ് അനുവദിക്കുക.
12. താമരശ്ശേരി-കൊടുവള്ളി-കരീറ്റിപറമ്പ്-കുറുങ്ങോട്ട് കടവ് വഴി മാവൂർ ബസ്സ് അനുവദിക്കുക.
13. അടിവാരം-കൊടുവള്ളി-ചുണ്ടപ്പുറം-കുറുങ്ങാട്ട് കടവ് അരീക്കോട് ബസ്സ് അനുവദിക്കുക.
14. കൊടുവള്ളി-മാനിപുരം-കുറുങ്ങാട്ട് കടവ് വഴി മുക്കം മിനി ബസ്സുകൾ അനുവദിക്കുക.
15. കൊടുവള്ളി-കരീറ്റിപ്പറമ്പ്-മാനിപുരം വെണ്ണക്കോട് വഴി മുക്കം ബസ്സ് അനുവദിക്കുക.
16. കൊടുവള്ളി സ്റ്റാന്റിൽ സൂപ്പർ എക്സ്പ്രസ്സ് ബസ്സിന് റിക്വസ്റ്റ് സ്റ്റോപ്പ് അനുവദിക്കുക.

നമ്മുടെ പഞ്ചായത്തിന്റെ സമഗ്ര വികസനം ത്വരിതപ്പെടുത്താൻ, മേൽപ്രവർത്തനങ്ങൾ നടത്തുന്നതിന്, ബഹുജന പങ്കാളിത്തവും ഫണ്ടു ലഭ്യതയും ഉണ്ടായിരിക്കുമെന്ന് പ്രത്യാശിച്ചുകൊള്ളുന്നു.



# ഊർജ്ജം

`ഊർജ്ജം എന്നാൽ വൈദ്യുതി' എന്നതിലപ്പുറമുള്ള ചിന്ത പഞ്ചായത്തിൽ ആരെയും ഇന്നുവരെ സ്വാധീനിച്ചിട്ടില്ല. K.S.E.B. യുടെ കിഴിലുള്ള വൈദ്യുതി വിതരണ ശൃംഖലയല്ലാതെ മറ്റൊന്നും ഇവിടെയില്ല. വർഷമായി പട്ടികജാതി സൊസൈറ്റിയുടെ കിഴീൽ ഒരു പെട്രോൾ പമ്പ് പ്രവർത്തിക്കുന്നുണ്ട്. 90% ത്തിൽ അധികം വീടുകളിലും പാചകത്തിനു വിറകടുപ്പുകളെയാണ് ആശ്രയിക്കുന്നത്. ഗ്യാസ്, മണ്ണെണ്ണ, വൈദ്യുതി എന്നിവയുടെ ഉപയോഗം 10% ത്തിൽ താഴെ മാത്രമേ വരൂ....

വൈദ്യുതി ഈ പഞ്ചായത്തിൽ ലഭിച്ചിട്ട് കാൽ നൂറ്റാണ്ടിലധികമായെങ്കിലും 35% ത്തോളം വീടുകളിൽ ഇനിയും വൈദ്യുതി എത്തിയിട്ടില്ല. പഞ്ചായത്തിന്റെ ഭൂരിഭാഗം മേഖലയിലും വോൾട്ടേജ് കമ്മി വളരെഗുരുതരമായിതുടരുകയാണ്. നിലവിലുള്ള ഉപഭോക്താക്കളുടെ കണക്ക് പട്ടിക 1 ൽ കൊടുത്തിരിക്കുന്നു. 20 ട്രാൻസ്ഫോർമറുകൾ ഈ പഞ്ചായത്തിന്റെ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്നുണ്ട്. പക്ഷെ നിലവിലുള്ള ഉപഭോക്താക്കൾക്ക് വെളിച്ചം നൽകാൻ ഇവപര്യാപ്തമല്ലെന്ന വ്യാപകമായ അഭിപ്രായം ഉണ്ട്. ഗ്രാമസഭകളിൽ നിന്നു ഗൗരവതരമായ ചർച്ചകൾ ഉയർന്നു വരികയുണ്ടായി. ദരിദ്രജന വിഭാഗങ്ങൾ താമസിക്കുന്ന മേഖലകളിലാണ് ഇനിയും വൈദ്യുതി എത്താത്തതിൽ ഭൂരിഭാഗവും. ലക്ഷം വീടുകോളനികൾ, 4 സെന്റുകോളനികൾ, പട്ടികജാതി കോളനികൾ, സെറ്റിൽമെന്റ്കോളനികൾ എന്നിവയിൽ വൈദ്യുതിലഭിക്കാത്തതിന്റെ സ്ഥിതി വിവര പട്ടിക 4 ൽ ചേർത്തിരിക്കുന്നു.

പഞ്ചായത്തിൽ ഇനിയും വൈദ്യുതി എത്തിച്ചേരാത്തനിരവധി മേഖലകൾ ഉണ്ട്, നെടുമല, ആച്ചുപോയിൽ മേഖലയുടെ ചില ഭാഗങ്ങൾ ഉളിയാടൻ കുന്ന്, മുക്കുന്ന് ചില ഭാഗങ്ങൾ, ഞെള്ളോറമ്മൽ, പന്നിയൂക്കിൽ പൂളിപാറയ്ക്കൽ ചിലഭാഗം, പൂക്കൊട്, കളരാന്തിരിലക്ഷം വീട്, ചന്ദനം പുറത്ത് 4 സെന്റ്, പുതുവായിക്കര, തച്ചോട്ടമ്മൽ, കാപ്പുമല കണ്ടാലമ്മൽ ചില പ്രദേശം, മൂഴിക്കുന്നു, കപലാം കുഴി, പനങ്ങാട്കുന്ന് മാനിപുരം കുന്നത്ത് മേഖല തിയ്യക്കണ്ടി, തിയ്യക്കുന്ന്, കുന്നത്ത്പറമ്പ് കൊടവയ്യാൽ തുടങ്ങിയുള്ള മേഖലകൾ വൈദ്യുതി എത്തിച്ചേരാത്ത വയാണ്. ഈ പ്രദേശങ്ങളിൽ വൈദ്യുതി എത്തിക്കാനുള്ള പ്രവർത്തനത്തിൽ ഗ്രാമീണമനുഷ്യപ്രയത്നം സന്നദ്ധ പ്രവർത്തനമായി ഉപയോഗിക്കാൻ കഴിയും.

പഞ്ചായത്തിന്റെ മുഴുവൻ മേഖലകളിലും വൈദ്യുതി എത്തിക്കുന്നതിന് കെ.എസ്.ഇ.ബിയുടെ സഹായത്തോടൊപ്പം ജനകീയ കൂട്ടായ് മയിലൂടെയുള്ള വിഭവസമാഹരണവും നടത്താവുന്നതാണ്.

സ്ട്രീറ്റ് ലൈറ്റുകൾ :- 233 ബൾബുകൾ, 33 ട്യൂബുകൾ 23 സോഡിയം ലാമ്പുകൾ എന്നിവയ്ക്ക് പ്രതിമാസം 8784 രൂപ പഞ്ചായത്തിന്നു ചിലവ് വരുന്നു. തെരുവുവിളക്കുകൾ സമയത്തിനു കത്താതിരിക്കുക. അസമയത്തു കത്തുക. തുടങ്ങിയനിരുത്തരവാദ പ്രവണതകൾ ഈ രംഗത്തുണ്ട്. ഓരോ ഗ്രാമസഭകളും സ്ട്രീറ്റ് ലൈറ്റുകൾക്കു വേണ്ടി നീണ്ട പട്ടിക തന്നെ തയ്യാറാക്കിയിരിക്കുന്നു. പഞ്ചായത്ത് ഫണ്ടിന്റെ പരിമിതിക്കനുസരിച്ചു ഗ്രാമസഭകളിൽ ഇവയുടെ എണ്ണം സംബന്ധിച്ചും ആവശ്യത്തിന്റെ പ്രാധാന്യം സംബന്ധിച്ച മുൻഗണനയും തീരുമാനിക്കണം.

## പ്രശ്നങ്ങൾ

1 വോൾട്ടത കുറവ്

2 വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന്നും അറ്റകുറ്റപ്പണികൾക്കും കാലതാമസം.

3 സമ്പന്ന വീടുകളിലെ Step-up, സ്റ്റെബിലൈസർ ഉപയോഗം സൃഷ്ടിക്കുന്ന വോൾട്ടത കുറവിന്റെ പ്രശ്നങ്ങൾ

4 വിറക് ലഭ്യത കുറഞ്ഞു വരുന്ന പ്രശ്നം

5 സേവനരംഗത്തെ കാര്യക്ഷമതയില്ലായ്മ.

6 വൈദ്യുതീകരിക്കാത്ത വീടുകൾ വൈദ്യുതികരണം.

ഇതിനെപ്പറ്റിയുള്ള കണക്കുകൾ പട്ടിക 6 നോക്കുക.

## നിർദ്ദേശങ്ങൾ :-

1 ആവശ്യമായ പ്രദേശങ്ങളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക. (ഇത് സംബന്ധിച്ച ഗ്രാമസഭയുടെ അഭിപ്രായങ്ങൾ താഴെ ചേർക്കുന്നു.)

2 ഉപഭോക്താക്കളുടെ വർദ്ധനവിനു സരിച്ചു സേവന മേഖല വികസിപ്പിക്കുകയും പരിഷ്കരിക്കുകയും വേണം.

3 വൈദ്യുതിയുടെ അനാവശ്യവും ആർഭാടപൂർവവുമായ ഉപഭോഗം നിയന്ത്രിക്കുക.

4 വോൾട്ടതക്കുറവ് പരിഹരിക്കാൻ കുറഞ്ഞവോർട്ടതയിലും നല്ല പ്രകാശം തരുന്ന CFL ബൾബുകൾ പ്രചരിപ്പിക്കുക. ഇലക്ട്രോണിക് ചോക്കുകളുടെ വിതരണവും നിർമ്മാണവും പ്രോത്സാഹിപ്പിക്കുക.

5 ദക്ഷതകൂടിയതും, പുകയില്ലാത്തതുമായ വിറകടുപ്പുകൾ പ്രചരിപ്പിക്കുക ANERT `അനർട്ട്' ഉമായും മറ്റു ഏജൻസികളുമായും ബന്ധപ്പെട്ടു സബ്സിഡിയും മറ്റു സഹായങ്ങളും ഉറപ്പുവരുത്തുക.

ഭാവിയിലേക്കു വിറകുൽപാദനം വർദ്ധിപ്പിക്കാൻ വനവൽക്കരണത്തെ പ്രോത്സാഹിപ്പിക്കണം.

ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപി

ക്കുന്നതിന്നു സന്നദ്ധത പ്രകടിപ്പിച്ച ഗ്രാമസഭകളുണ്ട്. വ്യക്തിഗതമായും കൂട്ടായും ഇതിനു പ്രോത്സാഹനവും സഹായവും ചെയ്തു കൊടുക്കാൻ പദ്ധതിആസൂത്രണം ചെയ്യണം.

കാറ്റിൽ നിന്നും വൈദ്യുതി ഉൽപാദിപ്പിക്കുന്നതിനു പാലക്കുന്നു പോലുള്ള പ്രദേശങ്ങളിൽ സാദ്ധ്യതയുണ്ടന്ന നിഗമനം പഠന വിധേയമാക്കണം. നല്ല സൂര്യപ്രകാശം ലഭിക്കുന്ന മേഖലകളിൽ പ്രത്യേകിച്ചു വൈദ്യുതി ലൈൻ എത്തിക്കാൻ പ്രയാസമുള്ള ഇടങ്ങളിൽ സൗരവിളക്കുകൾ സ്ഥാപിക്കുന്നതിനെപ്പറ്റിയും - വൈദ്യുതി സപ്രേഷണത്തിലെ പ്രസാരണ നഷ്ടം ഒഴിവാക്കാൻ ജനകീയ സന്നദ്ധതയുടെ പ്രാധാന്യം വൈദ്യുതിയുടെ ദുരുപയോഗം കുറക്കൽ തുടങ്ങിയതും. മെച്ചപ്പെട്ട വിറകടുപ്പുകൾ സ്ഥാപിക്കൽ തുടങ്ങിയ കാര്യങ്ങളെപ്പറ്റിയും ബോധവൽക്കരണ ക്യാമ്പുകൾ എന്നിവയ്ക്ക് പഞ്ചായത്ത് സമിതിനേതൃത്വം നൽകണം. ഇതിൽ വൈദ്യുതിബോർഡ് ANERT മറ്റുസന്നദ്ധ സംഘടനകൾ എന്നിവയുടെ സഹായം തേടണം.

ട്രാൻഫോർമറുകൾ സ്ഥാപിക്കുന്നതിനുള്ള ഗ്രാമസഭാനിർദേശങ്ങൾ ഒരു വിദഗ്ദസമിതിപഠനം നടത്തി ആവശ്യമായവസ്ഥാപിക്കണം. ഇത് വഴി പഞ്ചായത്തിന്റെ വിവിധ മേഖലകളിൽ നേരിടുന്ന വോൾട്ടേജ് കമ്മി പരിഹരിക്കാനും കഴിയേണ്ടതാണ്.

ഇപ്പോൾ കൊടുവള്ളി പഞ്ചായത്തിൽ വാവാട് പ്രദേശത്തു ഈ രണ്ടു ട്രാൻസ്ഫോർമർ ഒഴിച്ചു ബാക്കിവരുന്ന സപ്ലൈമുഴുവനും കുറ്റിക്കാട്ടൂർ സബ്സ്റ്റേഷനിൽനിന്നാണ്. പ്രസ്തുത ലൈൻ മലമ്പ്രദേശത്ത് കൂടിവരുന്നതുകൊണ്ട് പലപ്പോഴും കൊടുവള്ളിയിൽ ദിവസങ്ങളോളം വൈദ്യുതിവിതരണം തകരാറിലാവുന്നുണ്ട്. താമരശ്ശേരി (മലപുറം) സബ്സ്റ്റേഷനിൽനിന്ന് കൊടുവള്ളിയിലേക്കു ലൈൻവലിച്ചാൽ ഈ പ്രശ്നം പരിഹരിക്കാൻ കഴിയും. കൊടുവള്ളി K.M.O. കോളേജ് യത്തീംഖാന, ടെലഫോൺ എക്സ്ചേഞ്ച് എന്നി ട്രാൻസ്ഫോർമറുകൾ ഈ ലൈനുമായി ബന്ധിപ്പിക്കണം.

കുന്നമംഗലത്ത് പുതുതായി നിർമ്മിക്കുന്ന സബ്സ്റ്റേഷൻ പരിധിയിലേക്ക് മുക്കിലങ്ങാടി, നടമ്മൽകാവ്, മാനിപുരം എന്നിവമാറ്റേണ്ടതാണ്.

കുന്നമംഗലം, താമരശ്ശേരി എന്നിവിടങ്ങിൽ സർക്കാർ ഗ്യാസ് ഏജൻസികളുണ്ട് കൊടുവള്ളിയിലും ഗ്യാസ് ഏജൻസി ലൈസൻസ് നൽകുക.

പട്ടിക 1

| നിലവിലുള്ള വൈദ്യുതി ഉപഭോക്താക്കൾ | | |
|---|---|---|
| 1 | ഗാർഹികം | 4620 |
| 2 | വ്യാപാരം | 982 |
| 3 | വ്യവസായം | 58 |
| 4 | കാർഷികം | 50 |
| | ആകെ | 5660 |

| ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്നതിന്നു വന്നനിർദ്ദേശങ്ങൾ | |
|---|---|
| 1 | സൌത്ത് കൊടുവള്ളി എരപ്പുകുണ്ട് പള്ളിക്കുസമീപം |
| 2 | മോഡോൺ ബസാർ |
| 3 | പാലക്കുറ്റി |
| 4 | ആനപ്പാറ |
| 5 | പെരിയാം തോട് |
| 6 | നെല്ലാംകണ്ടി |
| 7 | പൊയിൽ - പോർങ്ങോട്ടൂർ |
| 8 | ചെവിടംചാലിൽ |
| 9 | മൂത്തമ്പലം |
| 10 | ആറങ്ങോട് |
| 11 | ചുള്ള്യാട് മുക്ക്. |
| 12 | വാരിക്കുഴിതാഴം |
| 13 | പൂവർ മല |
| 14 | മാതോലത്തും കടവ് |
| 15 | വയപ്പുറം |
| 16 | പറമ്പത്ത്കാവ് ജുമാമസ്ജിദ് |

### പട്ടിക 2 കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ള അപേക്ഷകൾ

| | | | |
|---|---|---|---|
| 1 | ഓർഡിനറി | 440 | 17.11.90 |
| 2 | ഒ.ടി.പി. | 21 | 6.4.95 |
| | ഒ വൈ ഇ സി | 48 | 6.10.95 |
| | ആകെ | 509 | |

## പട്ടിക 3 നിലവിലുള്ള ട്രാൻസ്ഫോർമറുകൾ കപ്പാസിറ്റി.

| | പേര് | കപ്പാസിറ്റി |
|---|---|---|
| 1 | വെണ്ണക്കാട് | |
| 2 | കൊടുവള്ളി Hs I | |
| 3 | കൊടുവള്ളി Hs II | |
| 4 | വരുംകാല മല ഹരിജൻ കോളനി | |
| 5 | വാവാട് No I | |
| 6 | വാവാട് No II | |
| 7 | K.M.O. കോളേജ് | |
| 8 | യത്തീം ഖാന | |
| 9 | മുക്കിലങ്ങാടി | |
| 10 | നടമ്മൽ കടവ് | |
| 11 | മാനിപുരം | |
| 12 | പട്ടിണിക്കര | |
| 13 | കളരാന്തിരി | |
| 14 | കരുവൻപൊയിൽ | |
| 15 | ചുണ്ടപ്പുറം | |
| 16 | പുൽപറമ്പ് മുക്ക് | |
| 17 | തലപ്പെരുമണ്ണ | |
| 18 | കൊടുവൻമുഴി | |
| 19 | കരീറ്റി പറമ്പ് | |
| 20 | കൊടുവള്ളി Tel Exchange. | |

# കോളനികൾ വൈദ്യുതികരിച്ചതും അല്ലാത്തവയും

| നമ്പ്ര് | കോളനിയുടെ പേര് | വീടുകൾ | NE | E | കുറിപ്പുകൾ |
|---|---|---|---|---|---|
| 1 | കരിവില്ലിക്കാവ് IHDP | | | E | പൂർണമല്ല |
| 2 | ഞെള്ളേറമ്മൽ IHDP | | NE | | |
| 3 | പൂവമ്മെൽ പട്ടികജാതി IHDP | | | E | |
| 4 | കപ്പലാംകുഴി മുഴിക്കുന്ന് IHDP | | | | |
| 5 | വനങ്ങാട് കുന്ന് Sc | | NE | | |
| 6 | കാരക്കുന്ന് SC | | NE | | |
| 7 | വരുങ്കാല | | | E | |
| 8 | പൂക്കൊട്ടിൽ SC | | NE | | |
| 9 | പാലുകുന്ന് SC | | NE | | |
| 10 | കച്ചേരികുന്നുലക്ഷം വീട് | | | E | |
| 11 | പടിപ്പുരലക്ഷം വീട് | | | E | |
| 12 | തച്ചോട്ടമ്മൽ ലക്ഷം | | NE | | വീട് വയറിംഗ് കഴിഞ്ഞു 12 വർഷമായി. |
| 13 | കളരാന്തിരി ലക്ഷം വീട് | | NE | | |
| 14 | ഉളിയാടൻ കുന്ന് 4 സെന്റ് | | NE | | |
| 15 | വാരിക്കുഴിതാഴം 4 സെന്റ് SC E. | | | | പൂർണമല്ല |
| 16 | ചുൽപറമ്പ്മുക്ക് 4 സെന്റ് | | | | |
| 17 | ചന്ദനംപുറത്ത് 4 സെന്റ് | | NE | | |
| 18 | കണ്ണിപൊയിൽ 4 സെന്റ് | | NE | | |
| 19 | കണ്ടാല SC | | NE | | |

പട്ടിക 5

## ത്രീഫേയ്സ് ആയി ഉയർത്തേണ്ട ലൈനുകൾ

| | |
|---|---|
| 1 | നടു വീട്, പാറപ്പുറം, മോഡേൺബസാർ ലൈൻ |
| 2 | മൂത്തോറൻ പാറക്കൽ ലൈൻ |
| 3 | കെടയക്കുന്നു ലൈൻ |
| 4 | പാലക്കുറ്റി - ചെവിടക്കം പാറ - ആമിയം പൊയിൽ |
| 5 | പാലക്കുറ്റി - ആനപ്പാറ ആറങ്ങോട് വരെ നീട്ടുക |
| 6 | വാവാട്, പൂക്കോട് ലൈൻ |
| 7 | മൂത്തമ്പലം, മൂശാരിയെടം, കൊടപ്പുറം ലൈനുകൾ |
| 8 | മഞ്ചപ്പാറ ലൈൻ |
| 9 | ചുള്ള്യാട് മുക്ക് |
| 10 | മോഡേൺ ബസാർ - പള്ളിമണ്ണിൽ |

പട്ടിക 6

## പഞ്ചായത്തിലെ മൊത്തം വീടുകൾ 7421

| | | |
|---|---|---|
| 1 | വൈദ്യുതീകരിച്ചത് | 7421 |
| 2 | വൈദ്യുതികരിക്കാത്തവ | 4620 |
| 3 | അപേക്ഷനൽകികാത്തിരിക്കുന്നവർ | 509 |

5-7

# സാമൂഹ്യക്ഷേമം - പാർപ്പിടം

ദാരിദ്ര്യരേഖക്ക് താഴെയുള്ളവരെ ഉദ്ധരിക്കുന്നതിന് വേണ്ടിയും തൊഴിലാളികളുടെ ക്ഷേമത്തിന് വേണ്ടിയും പല പദ്ധതികളും സർക്കാർ തലത്തിൽ നിലവിലുണ്ടെങ്കിലും ജനങ്ങൾക്ക് വേണ്ടത്ര ഉപയോഗപ്പെടുന്നില്ല എന്നത് ഒരു ദുഃഖസത്യമാണ്. നിലവിലുള്ള പദ്ധതികളുടെ അപര്യാപ്തത പദ്ധതിയെ കുറിച്ച് അറിവില്ലായ്മ, അർഹതപ്പെട്ടവർക്ക് കിട്ടായ്മ, ഉപയോഗപ്പെടുത്തുമ്പോഴുള്ള സാങ്കേതിക നൂലാമാലകൾ എന്നിങ്ങനെകാരണങ്ങൾ പലതാണ്. കൊടുവള്ളിപഞ്ചായത്തിൽ വിവിധ പെൻഷൻ ആനുകൂല്യങ്ങൾ കൈപറ്റിയവരുടെ കണക്കുകൾ സൂചിപ്പിക്കുന്നതും അത്തന്നെയാണ് പലതരത്തിലുള്ള ക്ഷേമപദ്ധതികളും ഇന്ന് നിലവിലുണ്ടല്ലോ. പൂർണ്ണമായും കേന്ദ്ര സംസ്ഥാന ഗവ:കൾ വഹിക്കുന്ന ദാരിദ്ര്യനിർമാർജ്ജന പദ്ധതി, തൊഴിലാളി തൊഴിലുടമ സഹകരണത്തോടെ ക്ഷേമനിധി ബോർഡുകൾ നടപ്പിലാക്കുന്നവ. പട്ടികജാതി ഉന്നമനത്തിനായി പട്ടികജാതി വികസന കോർപ്പറേഷൻ വനിതകളുടെ ഉന്നമനത്തിനായി വനിതാ വികസന കോർപ്പറേഷൻ എന്നിങ്ങനെ ഓരോ വിഭാഗത്തിനും പ്രത്യേകമായ വികസന സമിതികൾ നിലവിലുണ്ട്. സാമൂഹ്യക്ഷേമരംഗത്ത് ഇത്തരം സമിതികളുടെ പങ്കെന്ത് എന്നതിനെ കുറിച്ച് ജനങ്ങൾ കൂടി ബോധവാൻമാരാകേണ്ടതുണ്ട് ആയതിനാൽ ഇക്കാര്യത്തിലുള്ള ഒരു ബോധവൽകരണ പ്രക്രിയയാണ് ആദ്യമായി നടത്തേണ്ടത്.

പ്രധാനമായും വില്ലേജാപ്പിസുകൾ വഴിയുള്ള ക്ഷേമപദ്ധതികളാണ് കൊടുവള്ളിപഞ്ചായത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. അർഹരായ മുഴുവൻ പേർക്കും ആനുകൂല്യം കിട്ടുന്നില്ലെന്നതും അനർഹരായ കൂറേ പേർ ആനുകൂല്യം കൈപറ്റുന്നതായും ഈ ക്ഷേമപദ്ധതികളെ കുറിച്ച് വിലയിരുത്തുമ്പോൾ ബോധ്യപ്പെടും.

പ്രധാനമായും ആറുതരം പെൻഷനുകളാണ് സാമൂഹ്യക്ഷേമത്തിന്റെഭാഗമായി കൊടുവള്ളിപഞ്ചായത്തിൽ ലഭിച്ചുകൊണ്ടിരിക്കുന്നത്. വിധവ പെൻഷൻ, വികലാംഗ പെൻഷൻ, വാർദ്ധക്യ പെൻഷൻ, ക്ഷയരോഗ പെൻഷൻ, ക്യാൻസർ രോഗ പെൻഷൻ, കർഷകതൊഴിലാളി പെൻഷൻ എന്നിങ്ങനെയാണിവ. 1991 മുതൽ 1995 വരെ ഈ ആനുകൂല്യം ലഭിച്ചവരുടെ എണ്ണം താഴെ കൊടുത്ത പട്ടികയിൽ ചേർക്കുന്നു.

| കൊല്ലം | വിധവ | വികലാം | പെൻഷൻ | വാർദ്ധക്യം | ക്ഷയം | ക്യാൻസർ | കർഷകതൊഴിലാളി |
|---|---|---|---|---|---|---|---|
| 1991 | 14 | 17 | 2 | | 5 | 2 | -- -- |
| 1992 | 16 | 9 | - | | 11 | 2 | 388 |
| 1993 | 14 | 5 | -- | | 4 | -- | 391 |
| 1994 | 13 | 10 | -- | | 13 | - - | 350 |
| 1995 | 8 | 5 | 1 | | 20 | 2 | 355 |

വ്യാപകമായ ബോധവൽകരണത്തോടൊപ്പം നിലവിലുള്ള പദ്ധതികൾ കാര്യക്ഷമമാക്കുന്നതിനും കുടുതൽ ശ്രദ്ധപതിപ്പിക്കേണ്ടതാണ്. കൊടുവള്ളി പഞ്ചായത്തിൽ പുതുതായി നടപ്പിലാക്കേണ്ട പദ്ധതികളെകുറിച്ച് ഗ്രാമസഭകളുടെ നിർദ്ദേശം താഴെ ചേർക്കുന്നു.

### നിർദ്ദേശങ്ങൾ:-

- പഞ്ചായത്തിൽ വിവിധതരം പെൻഷൻ ലഭിക്കുന്ന വരുടെ എണ്ണം മൊത്തത്തിൽ കുറവാണ് വാർഡുകളിലെ അർഹരായ എല്ലാവർക്കും പെൻഷൻ ലഭിക്കാൻ നടപടി സ്വീകരിക്കണം.
- നാലാം വാർഡിൽ പാലക്കുറ്റി അങ്ങാടിയിൽ ഒരു പൊതു കക്കൂസ നിർമ്മിക്കുക.
- അഞ്ചാം വാർഡിലെ അംഗനവാടിക്ക് സാമ്പത്തിക സഹായം അനുവദിക്കുക. അഞ്ചാം വാർഡിൽ തുടർ സാക്ഷരതാപരിപാടികൾ ആരംഭിക്കുക.
- പൊതുവിതരണസംരംഭങ്ങളിൽ കൊടുവള്ളിയിൽ ഒരു മാവേലി സ്റ്റോറും 14 വാർഡുകളിലായി 15 റേഷൻകടകളും മുണ്ട്.

## 1 പാർപ്പിടം

ചെറുകിട കർഷകരും കൂലിപണിക്കാരും കൂടുതലുള്ള പ്രദേശമാണ് കൊടുവള്ളിയും അതിനോടു ചേർന്ന മറ്റു പ്രദേശങ്ങളും-പട്ടിക ജാതി കോളനികളും ലക്ഷം വീടു കോളനികളും ഉള്ള ഈ പഞ്ചായത്തിൽ കുടിലുകളും ഇടത്തരം വീടുകളും ആണ് കൂടുതലുള്ളത്. ഗൾഫ് പണത്തിന്റെ സ്വാധീനത്തിലൂടെ ധാരാളം വലിയ വീടുകൾ ഈ പഞ്ചായത്തിൽ ഉയർന്നുവരുന്നുണ്ട്. ഗൾഫ് പണം ഈ പഞ്ചായത്തിൽ വളരെയധികം സ്വാധീനം ചെലുത്തുന്നുണ്ട്. അവരുടെ പണം ക്രിയാത്മകമായ രീതിയിൽ ഉപയോഗപ്പെടുത്താൻ സാധിക്കുന്നില്ല എന്നുള്ളതാണ് സത്യം- കാരണം ഈ പണം കോൺക്രീറ്റ് മേടകളിൽ ഒതുങ്ങിപ്പോകുന്നു എന്നുള്ളതാണ്.

പഞ്ചായത്തിലെ 7429 വീടുകളിൽ 5751 ഇടത്തരം വീടുകളും 1678 എണ്ണം കുടിലുകളുമാണ്. മൊസെയ്ക്കിട്ട കോൺഗ്രീറ്റ് സൗധങ്ങൾ ഈ പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും അനുദിനം വർദ്ധിച്ചുവരുന്നുണ്ട്.

ഭവനനിർമ്മാണത്തിനുവേണ്ടി

താഴ്ന്ന വരുമാനക്കാർക്ക് സർക്കാർ സഹായങ്ങളും വായ്പകളും അനുവദിക്കുന്നുണ്ട്. സഹകരണസംഘടനകൾ വഴിയും വീടുകൾക്കുള്ള വായ്പകൾ അനുവദിക്കപ്പെടുന്നുണ്ട്.

താഴ്ന്ന വരുമാനക്കാർക്ക് 95-96 വർഷത്തിൽ ഐ.എ.വൈ.ന്റെ പദ്ധതിയനുസരിച്ച് 40 വീടുകൾ ബ്ളോക്ക് മുഖേന ഈ പഞ്ചായത്തിൽ നിർമ്മിച്ചുകഴിഞ്ഞിട്ടുണ്ട്-4 വീടുകൾ ഇപ്പോൾ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നവയുമാണ്.

96-97 വർഷത്തിൽ 21 വീടുകൾ നിർമ്മിക്കുന്നതിന് സഹായധനം നൽകുന്നതാണ്- MWS പദ്ധതിപ്രകാരം പഞ്ചായത്തിൽ 21 വീടുകൾ നിർമ്മാണം പൂർത്തിയാക്കുകയും 7 വീടുകൾ നിർമ്മാണത്തിലുമാണ്. കൊടുവള്ളി സഹകരണ ഹൗസിങ്ങ് സൊസൈറ്റി വഴി വീടുനിർമ്മാണത്തിന് 3 ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്നുണ്ട്.

## ഗ്രാമസഭയിലൂടെ

- ആറാം വാർഡിൽ നിർധനരായ വിവാഹപ്രായമെത്തിയ പെൺകുട്ടികളെ വിവാഹം കഴിപ്പിക്കാൻ സഹായം നൽകുക.
- ഏഴാം വാർഡിൽ പനക്കോട് മഹിളാസമാജത്തിൽ തുന്നൽ പരിശീലന കേന്ദ്രവും ഒരു ശ്മശാനവും സ്ഥാപിക്കുക.
- ലക്ഷം വീട് ചന്ദനംപുറം കോളനി കൈതാക്കുന്ന് ഹരിജൻ കോളനി എന്നിവിടങ്ങളിൽ വൈദ്യുതി എത്തിക്കുക.
- എട്ടാം വാർഡിൽ അന്ധ, ബധിര-മൂക-മന്ദബുദ്ധി അംഗവൈകല്യം വന്ന കുട്ടികളെ സംരക്ഷിക്കുന്നതിനുള്ള ഒരു സ്ഥാപനം ആരംഭിക്കുക.
- ഒമ്പതാം വാർഡിൽ മക്കാട്ട് മാധവൻ നമ്പൂതിരിയുടെ കുടുംബം ദാനം ചെയ്ത സ്ഥലത്ത് വായനശാല സ്ഥാപിക്കുക.
- വികലാംഗർക്ക് തൊഴിൽ നൽകുവാൻ പഞ്ചായത്ത്തല സംവിധാനം ഏർപ്പെടുത്തുക.
- മാനിപുരത്ത് മാതൃശിശുസംരക്ഷണ കേന്ദ്രം വിപുലീകരിച്ച് ഒരു ഡോക്ടറെ നിയമിക്കുക.
- കണക്കാനാം കുന്ന്, ആലോല ഭാഗത്ത് ചെറ്റക്കുടിലുകൾ മാറ്റി നല്ല വീടുകൾ നിർമ്മിക്കാൻ സഹായിക്കുക.
- റേഷൻകാർഡില്ലാത്തവർക്ക് റേഷൻകാർഡ് ലഭിക്കാൻ വേണ്ട നടപടി സ്വീകരിക്കുക.
- മാനിപുരത്ത് ശിശുമന്ദിരവും സാംസ്കാരിക നിലയവും സ്ഥാപിക്കുക.
- പത്താം വാർഡിൽ നൂറിൽപരം വീടുകൾ ഓലമേഞ്ഞതാണ്. ഇരുപതോളം കുടുംബങ്ങൾക്ക് വീടുകളില്ല. പൂവ്വറമല ഹരിജൻ കോളനിയിലും നാലുസെന്റ് കോളനികളിലുമായി 30 ഓല മേഞ്ഞ വീടുകളാണ്. വീടില്ലാത്തവർക്ക് വീടു വയ്ക്കാനും ഓല മേഞ്ഞത് ഓടിടാനും ആവശ്യമായ സഹായം ലഭ്യമാക്കണം.
- വാർഡിലെ തകർന്ന് പോയ ഹോളോബ്രിക്സ് നിർമ്മാണ കേന്ദ്രം പുനരുദ്ധരിക്കണം.
- പതിനൊന്നാം വാർഡിൽ ഒരു സഹകരണ മാവേലി സ്റ്റോർ സ്ഥാപിക്കുക.
- വാർഡിൽ കക്കുസുകൾ നിർമ്മിക്കനാവശ്യമായ സഹായം ലഭ്യമാക്കണം.
- പതിനൊന്നാം വാർഡിൽ 20% വീടുകൾ ഓലമേഞ്ഞതാണ് ഇവ ഓടിട്ടതാക്കാൻ വേണ്ട നടപടിസ്വീകരിക്കണം.
- പന്ത്രണ്ടാം വാർഡിൽ തുടർ സാക്ഷരതാ പരിപാടി നടപ്പിൽവരുത്തുക.
- പതിമൂന്നാം വാർഡിൽ സാമൂഹ്യക്ഷേമ പദ്ധതി പ്രകാരമുള്ള ആനുകൂല്യം അർഹരായ എല്ലാവർക്കും ലഭ്യമാക്കണം.
- വാർഡിലുള്ള പാടങ്ങൾ മണ്ണിട്ടുനികത്തപ്പെടുന്നു. ഇത് നിരുത്സാഹപ്പെടുത്തുക.
- 14-ാം വാർഡിൽ പെൻഷനർഹരായ 191 പേരുണ്ട് ഇവർക്ക് പെൻഷൻ ലഭ്യമാക്കുക. വിധവ 40 ക്ഷയം : 12 കർഷകത്തൊഴിലാളി : 65 വാർദ്ധക്യം: 63 വികലാഗർ : 18 എന്നിങ്ങനെയാണ് പെൻഷൻ ലഭിക്കേണ്ടത്.
- 14-ാം വാർഡിൽ SSLC തോറ്റവർക്ക് കൂടി തൊഴിലില്ലായ്മ വേതനം നല്കുക.
- വാർഡിൽ ഒരു പൊതു സ്മശാനം നിർമിക്കുക.
- 14-ാം വാർഡിലെ കച്ചേരിക്കുന്ന് പടിപ്പുര ലക്ഷം വീട് എന്നിവയിൽ അറ്റകുറ്റപണി നടത്തണം.
- വാർഡിലെ ഓല മേഞ്ഞ വീടുകൾ ഓടിടാൻ നടപടി സ്വീകരിക്കുക.
- പന്ത്രണ്ടാം വാർഡിലെ പുൽപറമ്പ് 4 സെന്റ് കോളനിയിലെ 35 വീടുകൾ പുതുക്കിപണിയുക ഇവർക്കും പട്ടയവും റേഷൻ കാർഡും ലഭിക്കണം വൈദ്യുതീകരിക്കാനും കുടവെള്ളം എത്തിക്കാനം നടപടി സ്വീകരിക്കുക.
- വാർഡിലെ ധാരാളം വീടില്ലാത്തവരും ചെറ്റക്കുടിലുള്ളവരുമുണ്ട് വീടില്ലാത്തവർക്ക് വീട് വെക്കാനും ചെറ്റകുടിലുകൾ നന്നാക്കാനും വേണ്ടത് ചെയ്യുക.

ഇത്രയും നിർദ്ദേശങ്ങൾ അടങ്ങിയ ഈ റിപ്പോർട്ട് സമർപ്പിക്കട്ടെ!

# സംസ്കാരം

സ്വാതന്ത്ര്യസമരവുമായി വളരെ യേറെ ബന്ധമുള്ള വയനാടൻ മല യോരങ്ങളോട് അടുത്തുകിടക്കുന്ന കൊടുവള്ളി ദേശീയ പ്രസ്ഥാന ത്തിൽ അതിന്റേതായ പങ്കുവ ഹിച്ചിട്ടുണ്ട്. ആരാധനാ സ്വാതന്ത്ര്യ ത്തിനുംവേണ്ടിയും സാമൂഹ്യ അനീ തികൾക്കെതിരായും പഞ്ചായ ത്തിൽ മുൻകാലത്ത് പോരാട്ടങ്ങൾ നടന്നിട്ടുണ്ട്. എന്നാൽ മറ്റു പറയ ത്തക്ക സാംസ്കരിക പാരമ്പര്യങ്ങ ളൊന്നും കൊടുവള്ളിക്കുള്ളതായി അറിവില്ല. ദേശീയ സ്വാതന്ത്ര്യപ്ര സ്ഥാനത്തിന്റെ ഭാഗമായി സ്വാതന്ത്ര്യ ലബ്ധിക്കുമുമ്പുതന്നെ ഇന്നത്തെ രജിസ്ട്രാഫീസിനു മുൻഭാഗത്ത് കൊടുവള്ളിയിലെ ആദ്യത്തെ വായനശാലയായ ജ്ഞാനപോഷിണി വായനശാല സ്ഥാപിതമായി. ഇത് പിന്നീട് ഗാന്ധിസ്മാരകവായനശാലയായി മാറി. ഈ വായനശാലാസ്ഥാപനം ഇന്നത്തെ കിഴക്കോത്ത് പഞ്ചായ ത്തിലെ മറിവീട്ടിൽ ഉക്കാരൻകുട്ടിനാ യരുടെ കുടുംബവുമായി ബന്ധ പ്പെട്ടതാണ്. ഹിന്ദി പ്രചാരണ ത്തിന്റെ ഭാഗമായി പരേതനായ പി.കെ. പണിക്കർ പറമ്പത്ത്കാവ് പ്രദേശത്ത് ഹിന്ദി പഠിപ്പിച്ചിരുന്നു. ഇദ്ദേഹം സർവ്വോദയ പ്രസ്ഥാന ത്തിന്റെ പ്രചാരകനുമായിരുന്നു. ഈ പ്രസ്ഥാനവുമായി ബന്ധപ്പെട്ട് 1950-കളിൽ ഭൂദാനപ്രസ്ഥനത്തിന്റെ ഉപജ്ഞാതാവായ വിനോബാ ഭാവെ കൊടുവള്ളി സന്ദർശിച്ചി ട്ടുണ്ട്.

ഗാന്ധി സ്മാരക വായനശാല യുടെ തുടർച്ചയാണ് ഇന്ന് കൊടു വള്ളിയിൽ നിലനിൽക്കുന്നതും 1950 കളുടെ അവസാനത്തിൽ ആരംഭിച്ചതുമായ കൊടുവള്ളി പബ്ലിക്ക് ലൈബ്രറി ലോക്കൽ ലൈബ്രറിയുടെ കീഴിൽ പ്രവർത്തി ക്കുന്ന ഒരു ശാഖാ ലൈബ്രറിയാ ണത് ഇതിന് ഇന്നുവരെ യാതൊ രു പുരോഗതിയും കൈവന്നിട്ടില്ല. വായനാസൗകര്യങ്ങൾ കുറവാണ്.

കൊടുവള്ളിയിൽ രൂപംകൊണ്ട ആദ്യത്തെ സാമൂഹ്യസംഘടനയാ യിരുന്നു ടി.കെ പരിയേയിക്കുട്ടി അധികാരി പ്രസിഡണ്ടും എം.പി. ഇസ് മാൽ കുട്ടി ഹാജി സിക്രട്ടറി യുമായ നുസ്രത്തുൽ ഇസ്ലാം സംഘം.

1950 കളിൽ പരേതനായ മക്കാ ട്ടില്ലത്ത് വാസുദേവൻ നമ്പൂതിരി പ്പാട് പഞ്ചായത്തിന് ദാനമായി നൽകിയ സ്ഥലത്ത് മാനിപുരം അങ്ങാടിയിൽ ഒരു വായനശാല സ്ഥാപിച്ച് പ്രവർത്തിച്ചിരുന്നു. ഈ സ്ഥലത്താണ് ഇന്ന് പഞ്ചായത്ത് ഷോപ്പിംഗ് സെന്റർ സ്ഥാപിച്ചിട്ടുള്ള ത് വായനശാല നിലവിലില്ല.

1958 - ൽ കരുവൻ പൊയിൽ പരേതനായ കെ.വി. മോയൻ കുട്ടി ഹാജി സംഭാവനചെയ്ത സ്ഥലത്ത് നിർമ്മിച്ച വായനശാലയാണ് ഇന്ന് കേരളഗ്രന്ഥശാലാ സംഘത്തിൽ അഫിലിയേറ്റ് ചെയ്ത് പ്രവർത്തി ക്കുന്ന ഗ്രാമദീപം `വായനശാല ഗ്രന്ഥാലയം ഏതാണ്ട് ഇതേ കാല ഘട്ടത്തിൽ തന്നെ സൗത്ത് കൊടു വള്ളിയിൽ സ്ഥാപിതമായ ജ്ഞാന ദീപം വായനശാല കേരളഗ്രന്ഥ ശാലാ സംഘത്തിൽ അഫിലിയേറ്റ് ചെയ്ത് 5000-ഓളം പുസ്തകങ്ങ ളുടെ ആസ്തിയോടുകൂടി പ്രവർ ത്തിച്ചിരുന്നു. വളരെ കാലമായി പ്രവർത്തനപാതയിൽ നിന്നകന്നു പോയ പ്രസ്തുത വായനശാല യുടെ പുസ്തകങ്ങളും മറ്റും ഇന്ന് സ്വകാര്യ വ്യക്തികളുടെ കൈക ളിൽ കിടക്കുന്നതായി അറിയുന്നു.

രാജഭരണത്തിന്റേയും ബ്രിട്ടീഷ് വാഴ്ചയുടെയും, നാടുവാഴിത്ത വ്യവസ്ഥിതിയുടേയും അധീശാധി കാരത്തിനെതിരായുള്ള ചെറുത്തു നിൽപ്പുകളുടെ ചരിത്രങ്ങൾ നമുക്കി ല്ലെങ്കിലും ഇന്ന് പുരാവസ്തുഗവേ ഷണ ലിസ്റ്റിൽ സ്ഥാനം പിടിച്ച കരൂഞ്ഞി അയറ്റട ഗുഹയും തല പ്പെരുമണ്ണ കല്ലുവെട്ടുകുഴിയിലെ പുരാതന ഗുഹയും എടുത്തു പറ യേണ്ട സ്മാരകങ്ങളാണ്. സൗത്ത് കൊടുവള്ളിയിലും പഞ്ചായ ത്തിന്റെ മറ്റ് ചില ഭാഗങ്ങളിലും കൊടക്കല്ലുകളും പ്രാചീനകാല ജന ത പണിത ചില ശവക്കല്ലറകളും കണ്ടെത്തിയിട്ടുണ്ട്.

ഒരു കാലത്ത് കാടുകളും വള്ളി പ്പടർപ്പുകളും നിറഞ്ഞു കിടന്ന പ്രദേശങ്ങളിലെ ജനത പ്രധാന ഉൽപ്പാദന കാർഷികവൃത്തികളിൽ നിന്ന് ഈ അടുത്തകാലത്താണ് കച്ചവടത്തിലേക്ക് മാറി വന്നത്. മുൻകാലത്തുണ്ടായിരുന്ന ആഴ്ചച്ച ന്തകൾ ഇന്ന് ക്ഷയോന്മുഖമാണ്. നല്ല ഒരു ശതമാനം പേർ ഗൾഫു മേഖലകളുമായി ബന്ധപ്പെടുന്നു. ഇവിടുത്തെ പ്രധാനജനത മുസ്ലിം കളും, ഹിന്ദുക്കളുമാണ്. മറ്റ് പ്രദേ ശങ്ങളിൽ നിന്ന് വന്ന് സ്ഥിരതാമ സക്കാരായിമാറിയ നാമമാത്രമായ

ക്രസ്ത്യൻ വിഭാഗങ്ങളും, സ്വർണ്ണാഭരണ നിർമ്മാണം, മറ്റ് കൂലി തൊഴിൽ മേഖലയുമായി ബന്ധപ്പെട്ട് മഹാരാഷ്ട്ര, തമിഴ്നാട് ഇതര സംസ്ഥാനങ്ങളിലെ വിഭാഗക്കാരും സ്ഥിരതാമസക്കാരായുണ്ട്. പ്രാചീനമായ മുസ്ലിം, ഹിന്ദു ദേവാലയങ്ങൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുണ്ട് വിവിധ മതാചാര പ്രകാരമുള്ള സാംസ്കാരിക പ്രവർത്തനങ്ങളും പ്രദേശിക ഉൽസവങ്ങളും ഇതോടനുബന്ധിച്ച് നടക്കാറുണ്ട്. മതസഹിഷ്ണതയിലും സൗഹാർദ്ദത്തിലും പ്രാചീന കാലം മുതൽ കൊടുവള്ളി പ്രസിദ്ധമാണ്.

സംസ്കാര ചരിത്രം പരിശോധിക്കുമ്പോൾ വിദ്യാഭ്യാസത്തിനുള്ള പ്രാധാന്യം വലുതാണ്. ആദ്യകാലങ്ങളിൽ വിദ്യാഭ്യാസത്തിന് വേണ്ടത്ര ശ്രദ്ധയും പ്രോത്സാഹനങ്ങളും **ഉണ്ടായിട്ടില്ല. ഇന്ന് കൊടുവള്ളിയിൽ 13 സ്ക്കൂളുകളും 5 പാരലൽ കോളേജുകളും I.C.D.S ന്റെ കീഴിലുള്ള 21 അംഗൻവാടികളും ഒരു പ്രീപ്രൈമറി സ്ക്കൂളുമുണ്ട്. സാമൂഹ്യവിദ്യാഭ്യാസരംഗത്ത് മഹത്തായ സംഭാവനകൾ അർപ്പിച്ചുകൊണ്ട് കൊടുവള്ളി മുസ്ലിം യത്തീംഖാന 1978 മുതൽ പ്രവർത്തിച്ചുവരുന്നു. ഈ സ്ഥാപനത്തിനു കീഴിൽ ഇന്ന് എൽ.പി.-യു.പി. -ഹൈസ്ക്കൂൾ വിഭാഗങ്ങളും പാരലൽ കോളേജ്, ITC, പ്രീപ്രൈമറി, ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകൾ, ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, കമ്പ്യൂട്ടർ സെന്റർ എന്നിവയും പ്രവർത്തിക്കുന്നു. ദേശീയാടിസ്ഥാനത്തിൽ തന്നെ ഈ സ്ഥാപനം ശ്രദ്ധേയമായിട്ടുണ്ട്. 1992 ൽ ഈ സ്ഥാപനത്തിന് ദേശീയ അവാർഡ് ലഭിച്ചിട്ടുണ്ട്. പരേതനായ സി.എച്ച്. അബ്ദുറഹിമാൻ മുസ്ല്യാർ പ്രസിഡണ്ടും ടി.കെ. പരീക്കുട്ടിഹാജി ജനറൽ സിക്രട്ടറിയുമായാണ് യതിംഖാന ആരംഭിച്ചത്.** ദേശീയ പുരസ്കാരം ലഭിച്ച ഈ യത്തീംഖാന സ്ഥാപിക്കുന്നതിനുള്ള സ്ഥലം സംഭാവനചെയ്തത് പരേതനായ എം.പി.ടി. ആലിക്കുഞ്ഞി ഹാജിയാണ്. അടുത്ത കാലത്ത് നടന്ന സാക്ഷരതാപ്രവർത്തനം കൊടുവള്ളിയുടെ വിദ്യാഭ്യാസ സാംസ്കാരിക രംഗത്ത് വലിയ പ്രചോദനം നൽകിയിട്ടുണ്ട്. വിദ്യാഭ്യാസത്തിന്റെ ആവശ്യകതയെക്കുറിച്ച് ബോധ്യമുള്ള ജനതയാണ് ഇന്നുള്ളത്.

ഇങ്ങനെയൊക്കെയാണെങ്കിലും മുൻകാലങ്ങളിലുണ്ടായിരുന്ന വായനശാലകൾ, Y.M.C.A, പ്രൊഫഷണൽ നാടകരംഗത്തു പ്രവർത്തിച്ച സോഷ്യൽ ആർട്സ് തുടങ്ങിയ കലാസാംസ്കാരിക സംഘടനകൾ എന്നിവയുടെ മാതൃകയിൽ ലക്ഷ്യബോധമുള്ള പ്രവർത്തനങ്ങൾ **ഇന്നത്തെ ഇത്തരം സ്ഥാപനങ്ങളിൽ നിന്നും ഉണ്ടാകുന്നില്ല. ഇന്ന് ആകെ 8 വായനശാലകളും (5 എണ്ണം ഗ്രന്ഥശാലാസംഘത്തിൽ അഫിലിയേറ്റ് ചെയ്തത്) രജിസ്റ്റർ ചെയ്തിട്ടുള്ളതും ഇന്ന് രംഗത്തുള്ളതുമായ 11 ഓളം കാലാകായിക** സാംസ്കാരിക സംഘടനകളും പഞ്ചായത്തിൽ ഉണ്ട്. കൂടാതെ കേരളശാസ്ത്ര സാഹിത്യ പരിഷത്തും, മഹിളാസംഘടനകളും, ബാലസംഘടനകളും ഏതാണ്ട് എല്ലാ രാഷ്ട്രീയ പ്രസ്ഥാനങ്ങളും അവയുടെയൊക്കെ വർഗ്ഗ ബഹുജനസംഘടനകളും പ്രവർത്തിച്ചുവരുന്നു.

കൊടുവള്ളിയിൽ ജെ. ആർ. വൈ. സ്കീം അനുസരിച്ച് പണിത ഓപ്പൺ എയർ തിയേറ്ററും പഞ്ചായത്തുഫണ്ടും പൊതു ജനപങ്കാളിത്തവുമുള്ള ഒരു കമ്മ്യൂണിറ്റിഹാളും നിലവിലുണ്ട്. എങ്കിലും കലാസാംസ്കാരിക വളർച്ചക്ക് ആവശ്യമായ വിപുലീകൃത സംവിധാനവും എല്ലാവിധ സൗകര്യങ്ങളോടും കൂടിയ ഒരു പൊതുസ്റ്റേജും, കമ്മ്യൂണിറ്റി ഹാളും ഇനിയും ഉണ്ടായിട്ടില്ല. ഇത് സാംസ്കാരികവളർച്ചക്ക് വിഘാതമായി നിൽക്കുന്നു.

കായികരംഗത്തും യാതൊരുവിധ വളർച്ചയും ഉണ്ടാക്കിയെടുക്കാൻ സാധിച്ചിട്ടില്ല. എങ്കിലും പരിമിതികളോടുകൂടിയ മിനി സ്റ്റേഡിയം ഉണ്ട്. ഇവിടുത്തെ പ്രധാന കായിക വിനോദങ്ങൾ ഫുട്ബോൾ, വോളിബോൾ എന്നിവയാണ്. കൊടുവള്ളിയിലെ കായികപ്രേമിയായിരുന്ന പരേതനായ കൊയപ്പ അഹമ്മത് കുഞ്ഞി എന്ന ആളുടെ സ്മരണാർത്ഥം ലൈറ്റ്നിംഗ് സ്പോർട്സ് ക്ലബ്ബ് 24 വർഷങ്ങളായി ഫുട്ബോൾ മത്സരം സംഘടിപ്പിച്ചുവരുന്നു. **സംസ്ഥാനത്തിനകത്തും പുറത്തുമുള്ള ടീമുകൾ മത്സരത്തിൽ പങ്കെടുക്കാറുണ്ട്. കൂടാതെ അടുത്ത കാലത്തായി കുരവൻ പൊയിൽ ഗ്രാമോദയ ആർട്സ് & സ്പോർട്സ് ക്ലബ്ബ്, ഹോണസ്റ്റ് ഞെള്ളോറ,** എന്നീ സംഘടനകളുടെ ആഭിമുഖ്യത്തിൽ ജില്ലാതല മത്സരങ്ങളും നടക്കാറുണ്ട്. ഈ മത്സരങ്ങൾ സംഘടിപ്പിക്കുന്നതിന് ഒരു മിനസ്റ്റേഡിയം കൊടുവള്ളിയിൽ ആവശ്യമാണ്.

**പ്രശ്നങ്ങൾ ഗ്രാമസഭകളിലൂടെ**

വാർഡ് I വാർഡിൽ 3 ക്ലബ്ബുകളുണ്ട്, വായനശാലയില്ല, ഒരു പൊതു റേഡിയോ പ്രവർത്തിക്കുന്നു.

●

II ആമുഖത്തിൽ സൂചിപ്പിച്ച ജ്ഞാനദീപം വായനശാല പുനരാരംഭിക്കാൻ വേണ്ട നടപടികൾ എടുക്കണം. ഇതോടൊപ്പം ഒന്നാം നമ്പർ അംഗൻവാടിയോനുബന്ധിച്ച് ഒരു

സാംസ്കാരിക നിലയം സ്ഥാപിക്കണം.

●

III ഞെള്ളോറമ്മൽ കോളനി പ്രദേശത്ത് ഒരു വായനശാലയും കൊടുവള്ളി ടൗണിൽ സാംസ്കാരിക പരിപാടികൾ നടത്തുന്നതിന് കമ്മ്യൂണിറ്റി ഹാളും, സ്റ്റേജും, കല്യാണ മണ്ഡപവും സ്ഥാപിക്കണം. ഇന്ന് പ്രവർത്തിച്ചു വരുന്ന സാംസ്കാരിക കേന്ദ്രമായ പബ്ലിക്ക് ലൈബ്രറി സൗകര്യം വിപുലീകരിക്കുകയും, ഹോണസ്റ്റ് ഞെള്ളോറ എന്ന സംഘടനക്ക് കെട്ടിട ഗ്രാന്റ് അനുവദിക്കുകയും വേണം. കൊടുവള്ളി ബസ്സ്റ്റാണ്ടിൽ ദൃശ്യശ്രാവ്യ വാർത്താവിനിയ സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.

●

IV പാലക്കുറ്റി അങ്ങാടിയിൽ പൊതുവായനശാല സ്ഥാപിക്കുക. കൂടുതൽ പ്രയോജനകരമാകുന്ന വിധത്തിൽ ടി.വി, പത്രം എന്നിവ വെക്കുക, വാർഡിൽ ഒരു പൊതുകളിസ്ഥലം നിർമ്മിക്കണം.

●

V ഗ്രന്ഥശാലാസംഘത്തിൽ അഫിലിയേറ്റു ചെയ്ത വായനശാലകൾക്കും പഞ്ചായത്തിൽ നിന്നും ധനസഹായമനുവദിക്കണം.

പൊതു റേഡിയോ ടെലിവിഷൻ എന്നിവ പൊതുസ്ഥാപനങ്ങളിൽ സ്ഥാപിക്കുക. വാവാട് സെന്ററിൽ പൊതു വായനശാല സ്ഥാപിക്കുക. കപ്പലാം കുഴി കോളനിയിൽ ടി.വി. സെന്റർ അനുവദിക്കുക.

●

VI കണ്ണിപ്പൊയിൽ 4 സെന്റ് കോളനിയിൽ വായനശാലയും T.V. സെന്ററും സ്ഥാപിക്കുക. സ്ഥലം നീക്കിവെച്ചിട്ടുണ്ട്. പനങ്ങോട് പഞ്ചായത്തുടമസ്ഥതയിലുള്ള സ്ഥലത്ത് സാംസ്കാരിക നിലയവും, വായനശാലയും T.V. സെന്ററും സ്ഥാപിക്കുക.

●

VII പൊയിൽ ഉപാസന വായനശാലയ്ക്ക് കെട്ടിടവും മറ്റ് സൗകര്യങ്ങളും അനുവദിക്കുക. വാവാട്, പൂക്കോട് പ്രദേശത്ത് വായനശാലയും ടെലിവിഷനും സ്ഥാപിക്കണം.

VIII കളരാന്തിരി P.W.D സ്ഥലം ഉപയോഗപ്പെടുത്തി സാംസ്കാരിക നിലയം സ്ഥാപിക്കണം. കോട്ടക്കൽ, പോർങ്ങോട്ടൂർ പ്രദേശങ്ങളിൽ വായനശാലയും, ടി.വി. സെന്ററും സ്ഥാപിക്കുക. സ്ഥലവും സന്നദ്ധപ്രവർത്തനങ്ങളും ലഭ്യമാണ്. പുഴയോരത്തു കിടക്കുന്ന ഒഴിഞ്ഞ സ്ഥലത്ത് സ്പോർട്സ് വികസനാർത്ഥം സ്റ്റേഡിയം നിർമ്മിക്കണം.

●

IX പരേതനായ മക്കാട്ട് വാസുദേവൻ നമ്പൂതിരി വായനശാലയ്ക്കു വേണ്ടി മാനിപുരം അങ്ങാടിയിൽ അനുവദിച്ച (ഇവിടെ വായനശാല പ്രവർത്തിച്ചിരുന്നു -ആമുഖത്തിൽ സൂചന) 5 സെന്റ് സ്ഥലത്ത് ഇപ്പോൾ പഞ്ചായത്ത്ഷോപ്പിംഗ് കോംപ്ലക്സ് സ്ഥാപിച്ചിരിക്കുന്നു. ഈ ബിൽഡിംഗിൽ സാംസ്കാരിക നിലയത്തിനായി മുറി അനുവദിക്കുകയും ഇതിലൂടെ വായനശാല പുനസ്ഥാപിക്കുകയും ചെയ്യണം. മാനിപുരത്തുള്ള P.W.D സ്ഥലവും തൊട്ടടുത്ത സ്ഥലവും ഉപയോഗപ്പെടുത്തി കളി സ്ഥലവും സ്റ്റേജും നിർമ്മിക്കണം. മുത്തമ്പലത്ത് ഒരുവായനശാലക്ക് സ്ഥലം നൽകാൻ തയ്യാറാണ്. ആറങ്ങോട് യുവശക്തി വായനശാല വികസിപ്പിച്ചു കൊണ്ട് ഗ്രന്ഥാലയമാക്കുന്നതിന് സാമ്പത്തികസഹായം നൽകണം. കെട്ടിടം സ്വന്തമായുണ്ട്. ഇവിടേയ്ക്ക് T.V. സെറ്റ് അനുവദിക്കുക. കരീറ്റിപ്പറമ്പിൽ പൊതുസ്ഥലത്ത് നടത്തിവന്നിരുന്ന വായനശാലാകെട്ടിടവും മറ്റ് സൗകര്യങ്ങളും ഒരു സ്വകാര്യവ്യക്തിയുടെ കൈകാര്യത്തിലാണ്. ഇത് പഞ്ചായത്ത് ഏറ്റെടുത്ത് ജനങ്ങൾക്ക് ഉപകാരമാക്കുന്ന തരത്തിൽ വായനശാല പുനർ നിർമ്മിക്കണം. ഇതിനായി പൊതുകമ്മിറ്റി രൂപീകരിക്കണം.

●

X വാർഡിൽ ഒരു വായനശാല സ്വാപിക്കണം നിലവിലുള്ള സാംസ്കാരിക നിലയത്തിന് ടി.വി, റേഡിയോ എന്നിവ അനുവദിക്കണം. പൂവ്വറമല, വാരിക്കുഴിതാഴം ഹരിജൻ

കോളനികളിലേക്ക് ടി.വി. അനുവദിക്കണം.

●

XI വളരെക്കാലം പഴക്കമുള്ളതും ഗ്രന്ഥശാലാസംഘത്തിൽ അഫിലിയേറ്റ് ചെയ്തതുമായ കരുവൻപൊയിൽ ഗ്രാമദീപം വായനശാല വികസിപ്പിക്കുന്നതിനും, കെട്ടിടം ഉൾപ്പെടെയുള്ള വികസനത്തിനും സാമ്പത്തിക സഹായവും ടി.വി. സെറ്റും അനുവദിക്കണം. കരുവീഴിക്കാവ് I.H.D.P. കോളനിയിൽ വായനശാലയും, ടി.വി. സെറ്റും സ്ഥാപിക്കണം. ഈ പ്രദേശത്തെ വ്യാപകമായ കള്ളവാറ്റ്, മയക്കുമരുന്ന്, ശീട്ടുകളി എന്നീ സാമൂഹ്യദ്രോഹനടപടികൾ തടയാൻ സംവിധാനമുണ്ടാവണം.

●

XII വാർഡിൽ 3 വായനശാലകളുണ്ട്. ഇവയ്ക്ക് കെട്ടിടം പണിയുന്നതിന് സാമ്പത്തിക സഹായം ലഭ്യമാക്കണം രണ്ട് വായനശാലകൾക്ക് 21/2 സെന്റ് വീതം സ്ഥലം സ്വന്തമായുണ്ട്

●

XIII വാർഡിൽ സാംസ്കാരിക സ്ഥാപനങ്ങളോ സംഘടനകളോ ഇല്ല. വായനശാലകളും ടി.വി. റേഡിയോ എന്നിവയും സ്ഥാപിക്കണം.

●

XIV ഗ്രാമദീപം വായനശീല കാര്യക്ഷമമായി പ്രവർത്തിപ്പിക്കാനുള്ള നടപടി ഉണ്ടാവണം. കൊടുവള്ളി ടൗണിലെ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന കലാസാംസ്കാരിക സംഘടനകളായ അക്ഷരകൊടുവള്ളി, ചേതന കൊടുവള്ളി എന്നിവയ്ക്ക് കെട്ടിട ഗ്രാന്റും പഞ്ചായത്തിൽ നിന്നും ദിനപത്രങ്ങളും അനുവദിക്കണം.

കൊടുവള്ളി പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളെ ഉൾക്കൊള്ളിച്ച് മൂന്നോ നാലോ കേന്ദ്രങ്ങളിൽ എല്ലാ വാർഡുകളിൽ നിന്നും പങ്കാളിത്തമുണ്ടാകുന്ന രീതിയിൽ സാംസ്കാരിക നിലയം സ്ഥാപിക്കാവുന്നതാണ്. കൊടുവള്ളി ടൗണിൽ കലാസാംസ്കാരിക പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനമാകത്തക്ക വിധത്തിൽ കമ്മ്യൂണിറ്റിഹാൾ, പൊതുസ്റ്റേജ്, കല്യാണ മണ്ഡപം എന്നിവയും ബസ്സ്റ്റാന്റിൽ വാർത്താവിനിമയ സംവിധാനവും ഉണ്ടാക്കണം.

എല്ലാ കലാസാംസ്കാരിക സംഘടനകളേയും കൂട്ടി യോജിപ്പിച്ചുകൊണ്ട് പഞ്ചായത്ത് തലത്തിൽ കോഓർഡിനേഷൻ കമ്മിറ്റി പ്രവർത്തിക്കണം. ഇതിന്റെച നേതൃത്വത്തിൽ മോണിറ്ററിംഗ് നടക്കുകയും പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുകയും ചെയ്യാവുന്നതാണ്. കോൽക്കളി, വട്ടക്കളി, തുടികൊട്ട്, ചെണ്ട, ദഫ്മുട്ട്, തിറകെട്ട്, നാട്ടിപ്പാട്ട് തുടങ്ങിയ നാടൻ കലകളെയും പ്രാചീന കലാരൂപങ്ങളെയും പ്രോത്സാഹിപ്പിക്കാവുന്നതാണ്. ഇതിന്റെ കീഴിൽ കരകൗശല വസ്തുക്കളുടെ യൂണിറ്റ് ആരംഭിക്കണം.

നിലവിലുള്ള പബ്ലിക്ക് ലൈബ്രറി നിലനിർത്തുകയും, വികസിപ്പിക്കുകയും ചെയ്തുകൊണ്ടുതന്നെ കൊടുവള്ളിയിൽ പഞ്ചായത്തു നിയന്ത്രണത്തിലുള്ള ഒരു ലൈബ്രറിയും, ഗൈഡൻസ് സെന്ററും സ്ഥാപിക്കണം.

സാക്ഷരതാതുടർപ്രവർത്തനം നിർജ്ജീവാവസ്ഥയിലാണ് വാർഡുകളിൽ രൂപീകരിക്കുന്ന ജനകീയ സമിതികളിലൂടെയും സന്നദ്ധ സംഘടനകളിലൂടെയും ജനകീയ സ്വഭാവത്തോടെ ഇവ ഊർജ്ജിതപ്പെടുത്താം.

കായികരംഗത്തെ പ്രഗൽഭരെ കണ്ടെത്തുന്നതിന് പഞ്ചായത്ത് അടിസ്ഥാനത്തിൽ സംവിധാനമുണ്ടാക്കുകയും പൊതുസ്റ്റേഡിയം വിപുലീകരിക്കുകയും ചെയ്യണം. ചില വാർഡുകളെയോജിപ്പിച്ചുകൊണ്ട് പുറം പോക്കുസ്ഥലങ്ങളിൽ കളിസ്ഥലങ്ങൾ നിർമ്മിക്കണം. അംഗനവാടിയോടനുബന്ധിച്ച വായനശാലകൾ സ്ഥാപിക്കണം.മനുഷ്യനെ ധാർമ്മികമായി അധഃപതിക്കുന്ന ചാരായത്തിനും മയക്കുമരുന്നിനുമെതിരെയുള്ള ജനകീയസമിതി യെ രൂപീകരിച്ച് അവ കർശനമായി തടയുവാൻ സംവിധാനം ഉണ്ടാക്കണം. സാംസ്കാരിക നവോത്ഥാനരംഗത്ത് വേണ്ടത്ര ശ്രദ്ധയും താൽപര്യവും ഇക്കാലത്തിനിടയിൽ നൽകാൻ നമുക്ക് സാധിച്ചിട്ടില്ല. T.V. പോലുള്ള ഇലക്ട്രോണിക് മാധ്യമങ്ങളുടെ ആവിർഭാവത്തോടെ ഒരു പുതിയ സംസ്കാരത്തിലേക്ക് കടന്നു കഴിഞ്ഞെങ്കിലും ഗൾഫ് മേഖലയിലും മറ്റും സംഭവിച്ചുകൊണ്ടിരിക്കുന്ന പ്രതിസന്ധി നാം തിരിച്ചറിയണം. ജനകീയ

വിദ്യാഭ്യാസനിലവാരം മെച്ചപ്പെടുത്തുന്നതോടൊപ്പം സാംസ്കാരികരംഗത്ത് പുരോഗമനാത്മകമായ ചിന്തകളും കാഴ്ചപ്പാടുകളും വികസിപ്പിച്ചുകൊണ്ട് പുതിയ ഒരു സാംസ്കാരിക മണ്ഡലത്തിലേക്ക് നമുക്ക് പ്രവേശിക്കാം.

## രജിസ്ട്രർ ചെയ്തതും നിലവിലുള്ളതുമായ പഞ്ചായത്തിലെ പ്രധാന സംഘടനകൾ

| വാർഡ് | ക്രമ. | സംഘടന | രജി. നമ്പർ | സ്ഥാപിതം | അംഗങ്ങൾ | കെട്ടിടം | അഫിലിയേഷൻ |
|---|---|---|---|---|---|---|---|
| I | 1 | സൗഹാർദ്ദ, വെണ്ണക്കാട്. കൊടുവള്ളി പി.ഒ. | 456/96 | 1993 | 50 | വാടക | |
| | 2. | ശബ്ദം സൗത്ത് കൊടുവള്ളി, കൊടുവള്ളി | | | | | |
| | 3. | കർഷകസേവാസമിതി കരുവമ്പൊയിൽ | 304/76 | 1976 | 15 | | |
| III | 4. | ഹോണസ്റ്റ് ഞെള്ളോറ, കൊടുവള്ളി പി.ഒ. | | | | | |
| IV | 5. | ബ്ലോസം, ആനപ്പാറ | 100/85 | 1984 | 25 | ഇല്ല | |
| V | 6. | മൊളോയിസ് നെല്ലാങ്കണ്ടി വാവാട് പി.ഒ. | | | | സ്വന്തം | N.V.K, ഗ്രന്ഥശാലാ സംഘം |
| | 7. | ലോഹ്യസ്മാരക വായനശാല വാവാട് പി.ഒ. ആനപ്പാറ | | | | | ഗ്രന്ഥശാലസംഘം |
| | 8. | നവകേരള വായനശാല കലാസമിതി , വാവാട് പി.ഒ. | | | | | ഗ്രന്ഥശാലസംഘം |
| | 9 | സർഗ്ഗധാര, വാവാട്, വാവാട് പി.ഒ. | | | | | |
| | 10 | N.M.C.A. നെല്ലാങ്കണ്ടി, വാവാട് പി.ഒ. | | | | | |
| | 11 | ഉപാസന, പൊയിൽ വാവാട് പി.ഒ. | | | | | |
| | 12 | ഗിൽഡ് കലാവേദി, മുത്തമ്പലം, മാനിപുരം പി.ഒ. | | | | | |
| | 13 | യുവശക്തിവായനശാല, ആറങ്ങോട്, മാനിപുരം പി.ഒ. | 266/88 | 1986 | | സ്വന്തം | |
| XI | 14. | ഗ്രാമദീപം വായനശാല, ഗ്രന്ഥാലയം004 കരുവൻപൊയിൽ | 1958 | 200 | | സ്വന്തം | ഗ്രന്ഥശാലാസംഘം |
| | 15. | ഗ്രാമോദയ ആർട്സ്. കുരവൻപൊയിൽ പി.ഒ. | | 1970 | | ഇല്ല | |
| | 16. | ദേശവേദി, നെടുമല | 393/88 | 1982 | 33 | സ്വന്തം | |
| | 17. | ഗ്രാമീണവായനശാല | | | | | |
| | 18. | തലപ്പെരുമണ്ണ വായനശാല | | | | | |
| | 19. | അക്ഷര കൊടുവള്ളി, കൊടുവള്ളി പി.ഒ. | 288/96 | 1985 | 24 | വാടക | |
| | 20 | ചേതന. കൊടുവള്ളി | 69/87 | 1986 | 24 | വാടക | N.Y.K, സംഗീത നാടക അക്കാദമി |

കൂടാതെ പല വാർഡുകളിലായി മഹിളാസംഘടനകൾ, ബാലസംഘടനകൾ, കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്, മതസാംസ്കാരിക സംഘടനകൾ എന്നിവയും പ്രവർത്തിക്കുന്നു.

ഗ്രാമസഭകളിലൂടെ കിട്ടിയ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് ഈ പട്ടിക പ്രസിദ്ധീകരിച്ചത്.

# വനിത

സ്ത്രീ വിമോചന പ്രസ്ഥാനങ്ങൾക്കും അവയുടെ പരിഷ്കരണ പ്രവർത്തനങ്ങൾക്കും പതിറ്റാണ്ടുകളുടെ പഴക്കമുണ്ടെങ്കിലും വിമോചനത്തിന്റെ പ്രാണവായു വേണ്ടത്ര ശ്വസിക്കാൻ സാധിക്കാത്ത ഒരു വിഭാഗമായി വനിതകൾ അവശേഷിക്കുന്നു. കൊടുവള്ളി പഞ്ചായത്തിന്റെ അവസ്ഥയും ഇതിൽ നിന്ന് വിഭിന്നമല്ല. വിദ്യാഭ്യാസ സാംസ്ക്കാരിക രംഗത്ത് എടുത്തു പറയത്തക്ക വനിതാ വ്യക്തിത്വങ്ങളെ സംഭാവന ചെയ്യാൻ ഈ പഞ്ചായത്തിന് സാധിച്ചിട്ടില്ല. സാമൂഹ്യ നിയന്ത്രണങ്ങളുടെ മതിൽക്കെട്ടുകൾ സ്ത്രീ സമൂഹത്തിന്റെ പുരോഗതിയെ തടഞ്ഞു നിർത്തിയപ്പോൾ കൊടുവള്ളി പഞ്ചായത്തിൽ അത് വളരെ കൂടുതലായി കാണപ്പെട്ടു. എഴുപതുകൾക്കുമുൻപ് ഒരു ബിരുദധാരിണി പോലും പഞ്ചായത്തിലുണ്ടായിരുന്നില്ല. പ്രാഥമിക വിദ്യാഭ്യാസത്തിൽ നിന്ന് പോലും ഒരു വലിയ വിഭാഗം മാറ്റി നിർത്തപ്പെട്ടു.

എന്നാൽ മാറ്റത്തിന്റെ കൊടുങ്കാറ്റ് രാജ്യത്ത് അടിച്ചു വീശിയപ്പോൾ കൊടുവള്ളി പഞ്ചായത്തിലും ചലനങ്ങൾ ഉണ്ടാവാതിരുന്നില്ല. വിദ്യാഭ്യാസ സാംസ്ക്കാരിക രംഗത്ത് ഏറെക്കുറെ മുന്നേറാൻ സാധിച്ചെങ്കിലും സാങ്കേതിക രംഗത്തും തൊഴിൽ മേഖലയിലും നേട്ടം കൈവരിച്ചില്ല. തീയ്യക്കുന്നുമ്മേൽ നാരായണി ടീച്ചറാണ് കൊടുവള്ളി പഞ്ചായത്തിലെ ആദ്യത്തെ അദ്ധ്യാപിക. ഇന്ന് അദ്ധ്യാപികമാരുടെ എണ്ണം വളരെ കൂടുതലാണ്. വിദ്യാർത്ഥികളുടെ എണ്ണം പരിശോധിച്ചാൽ പെൺകുട്ടികളുടെ എണ്ണം കൂടുതലായി കാണുന്നു. പെൺകുട്ടികളുടെ എണ്ണം 4680 ആണെങ്കിൽ ആൺകുട്ടികളുടെ എണ്ണം 4587മാത്രമാണ്. സ്ത്രീ സമൂഹത്തിന്റെ പുരോഗതിയിൽ 10ാം ഘട്ട സാക്ഷരത വളരെ വലിയ പങ്കാണ് പഞ്ചായത്തിൽ നിർവഹിച്ചിട്ടുള്ളത്.

മൊത്തം ജനസംഖ്യയിൽ 18701 പേർ സ്ത്രീകളാണ്. സ്ത്രീകൾ പുരുഷൻമാരേക്കാൾ 273 എണ്ണം കൂടുതലാണ്. 1000 പുരുഷൻമാർക്ക് 1015 സ്ത്രീകൾ എന്ന അനുപാതത്തിലാണ് ജനസംഖ്യ. എങ്കിലും സാമൂഹ്യ രംഗത്തും പൊതുരംഗത്തും സ്ത്രീകളുടെ എണ്ണം വളരെ കുറവാണ്. തൊഴിൽ രംഗത്തും ക്രൂരമായ അവഗണനയാണ് കാണുന്നത്. ഒരു സമൂഹത്തിലെ എല്ലാ വിഭാഗത്തിനും പുരോഗതി നേടാത്തിടത്തോളം ആ സമൂഹത്തിന്റെ പുരോഗതി നേടുക സാദ്ധ്യമല്ല. സാക്ഷരതാ രംഗത്തും സ്ത്രീകളുടെ എണ്ണം കുറവായി കാണുന്നു. 14499 പുരുഷൻമാർ സാക്ഷരത നേടിയപ്പോൾ 13173 സ്ത്രീകൾക്ക് മാത്രമാണ് സാക്ഷരത നേടാൻ സാധിച്ചത്.

സാമൂഹിക പ്രവർത്തന മേഖലകളിൽ സ്ത്രീ പങ്കാളിത്തത്തിന് വളരെയേറെ പ്രാധാന്യം നൽകുന്ന പുതിയ ഭരണ സംവിധാനത്തിൽ കൊടുവള്ളി പഞ്ചായത്തിനും ഗ്രാമസഭകളിലൂടെ ഉയർന്നു വന്ന വളരെയേറെ നിർദ്ദേശങ്ങൾ സമർപ്പിക്കാനുണ്ട്.

## തൊഴിൽ രംഗം:

തൊഴിൽ രംഗത്തെ സ്ത്രീകളുടെ പിന്നോക്കാവസ്ഥ പരിഹരിക്കാൻ വളരെയേറെ കാര്യങ്ങൾ ചെയ്യാനുണ്ട്. അനേകം വനിതകൾക്ക് തൊഴിൽ നൽകാൻ സാധിക്കുന്ന ധാരാളം വ്യവസായ യൂനിറ്റുകൾ ആരംഭിക്കാനുള്ള ഭൗതിക സാഹചര്യം പഞ്ചായത്തിലുണ്ട്. കയർ വ്യവസായം, റെഡിമെയ്ഡ് നിർമാണം,മെഴുകുതിരി നിർമാണം, സോപ്പ് നിർമാണം, നൂൽനൂല്പ്, തീപ്പെട്ടി നിർമാണം, അവിലിടി, തേനീച്ച വളർത്തൽ, കോഴി വളർത്തൽ, ഹോളോബ്രിക്സ്നിർമാണം, അച്ചാർ നിർമാണം, പാൽ ഉല്പന്നങ്ങളുടെ നിർമ്മാണം എന്നിവ സ്ത്രീകൾക്കു മാത്രമായി തുടങ്ങാവുന്ന വ്യവസായ സംരംഭങ്ങളാണ്.

### പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ നടന്ന ഗ്രാമസഭയിൽ ഉന്നയിക്കപ്പെട്ട പ്രശ്നങ്ങളും പരിഹാര മാർഗ്ഗങ്ങളും നിർദ്ദേശങ്ങളും

1) 1,4,7,8,10,14 എന്നീ വാർഡുകളിൽ കയർ വ്യവസായം വനിതാ സഹകരണ സംഘങ്ങൾ രൂപീകരിച്ച് ഗ്രൂപ്പ് അടിസ്ഥാനത്തിൽ നടപ്പിൽ വരുത്തുക.
2) 1,4,6,7,9,10,12 എന്നീ വാർഡുകളിൽ റെഡിമെയിഡ് വസ്ത്രങ്ങൾ നിർമിക്കാൻ സഹായ സഹകരണങ്ങൾ നൽകുക. 9-ാം വാർഡിൽ മുത്തമ്പലം ആറങ്ങോട് മേഖലയിൽ റെഡിമെയ്ഡ് കേന്ദ്രം സ്ഥാപിക്കാൻ സ്ഥലം,ഷെഡ് എന്നിവ ലഭ്യമാക്കും.
3) 1,8 വാർഡുകളിൽ നുൽനൂല്പ് കേന്ദ്രങ്ങൾ സ്ഥാപിക്കണം.
4) 5,6,9,11,12 എന്നീ വാർഡുകളിൽ ടെയിലറിങ്ങ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാൻ ആവശ്യമായ സാമ്പത്തിക സഹായം നൽകുക.

5) 9ാം വാർഡിൽ മാനിപുരത്ത് 2 മഹിളാ സമാജങ്ങൾ നടത്തുന്ന ടെയിലറിങ്ങ് പഠനം വികസിപ്പി ക്കാൻ സഹായവും ടെയിലറി ങ്ങിന് ഉപയുക്തമായ ഒരു കെട്ടിടവും അനുവദിക്കണം. കെട്ടിടത്തിന്റെ പ്രവൃത്തി സന്നദ്ധ സേവനത്തിലൂടെ പൂർത്തിയാക്കാൻ കഴിയും.

6) 9.10.11 വാർഡുകളിൽ എംബ്രോയിഡറി നിർമാണത്തിന് സാമ്പത്തിക സഹായം നൽകണം.

7) 1.7 വാർഡുകളിൽ പപ്പട നിർമാണ യൂണിറ്റ് സ്ഥാപിക്കാൻ സാമ്പത്തിക സഹായം വേണം.

8) 1.7.14 എന്നീ വാർഡുകളിൽ **സോപ്പുനിർമാണ യൂണിറ്റ് സ്ഥാപിക്കാൻ സാധ്യതകളുണ്ട്. ആവശ്യമായ സഹായങ്ങൾ വേണം.**

9) **6.7.11 വാർഡുകളിൽ ' അവിലിടി' യൂണിറ്റ് തുടങ്ങാൻ സാധ്യതകളുണ്ട്. ആവശ്യമായ പ്രോത്സാഹന സഹായങ്ങൾ വേണം.**

10) 8.9.11 **വാർഡുകളിൽ അച്ചാർ, ജാം,ജെല്ലി നിർമാണത്തിന് വനിതകൾ തയ്യാറാണ്. ആവശ്യമായ സഹായസഹകരണം ആവശ്യമാണ്.**

11) 2.3.8.9, 12.13 എന്നീ വാർഡുകളിൽ കോഴി,താറാവ് വളർത്തുന്നതിനാവശ്യമായ ബോധവൽക്കരണവും സഹായവും ആവശ്യമുണ്ട്.

12) 5-ാം വാർഡിൽ വനിതാ ക്ഷീര സഹകരണ സംഘം സ്ഥാപിക്കണം.

13) 8.10 വാർഡുകളിൽ തഴപ്പായ നെയ്ത്തും 8ാം വാർഡിൽ തേനീച്ച വളർത്തൽ കേന്ദ്രവും തുടങ്ങാൻ സാദ്ധ്യതയുണ്ട്. സഹായസഹകരണം ആവശ്യമുണ്ട്.

14) 8-ാം വാർഡിൽ ഹോളോ ബ്രീക്സ് നിർമ്മാണ വ്യവസായം തുടങ്ങാനുള്ള സഹായവും ഉപദേശവും വേണം.

15) 9-ാം വാർഡിൽ നിലവിണ്ടായിരുന്ന 'ക്രസന്റ്' വനിതാസഹകരണസംഘം പുനരുജ്ജീവിപ്പിക്കുന്നതിനും കെട്ടിടം തയ്യൽമെഷീൻ എന്നിവയ്ക്കും ആവശ്യമായ സാമ്പത്തികസഹായം വേണം.

16) 9-ാം വാർഡിൽ ലെതർവർക്സ്, കരകൗശലവസ്തുക്കൾ നിർമ്മാണം എന്നിവക്ക് വനിതകൾ തയാറാണ്. വനിതാസഹകരണസംഘം രൂപീകരിച്ച് ഇത് നടത്തുന്നതിനാവശ്യമായ സാങ്കേതിക പരിജ്ഞാനവും, സാമ്പത്തിക സഹായവും ആവശ്യമുണ്ട്.

17) 6-ാം വാർഡിൽ പനക്കോട് പ്രവർത്തിക്കുന്ന മഹിളാസമാജത്തോടുബന്ധിച്ച് വനിതകളുടെ തയ്യൽപരിശീലനകേന്ദ്രവും, റെഡിമെയ്ഡ് വസ്ത്രനിർമ്മാണകേന്ദ്രവും തുടങ്ങണം.

18) 6-ാം വാർഡ് കണ്ണിപ്പൊയിൽ കോളനിയിൽ അവിലിടിയൂണിറ്റ് തുടങ്ങാൻ ആവശ്യം ഉന്നയിച്ചിട്ടുണ്ട്. അതിന് സഹായം വേണം.

19) 5-ാം വാർഡിൽ വനിതകളുടെ കൂട്ടസംരംഭമായി വനിതാ ക്ഷീര സഹകരണസംഘം സ്ഥാപിക്കണം. ജനകീയ സമിതികളുടെ നേതൃത്വത്തിൽ സന്നദ്ധസംഘടനകൾ അംഗൻവാടികൾ, ഹെൽത്ത്സെന്ററുകൾ, മഹിളാസംഘങ്ങൾ എന്നിവ മുഖേന ബോധവൽക്കരണ ക്ലാസുകൾ നടത്തുകയും, വായന പ്രോൽസാഹിപ്പിക്കുന്നതിന് പുസ്തകങ്ങളും മറ്റും ലഭ്യമാക്കുകയും വേണം.

20) 10-ാം വാർഡിൽ പൂവറമലയിൽ അഭ്യസ്തവിദ്യരും, തൊഴിൽരഹിതരുമായ വനിതകൾക്ക് പായനെയ്ത്ത്, തയ്യൽ, കയർപിരി, ആട് - കോഴിവളർത്തൽ, എന്നീ വ്യവസായ-കൈത്തൊഴിൽ യൂണിറ്റുകൾ ഗ്രൂപ്പ് അടിസ്ഥാനത്തിൽ നടത്താൻ സാമ്പത്തിക സഹായങ്ങളും മറ്റും അനുവദിക്കണം.

21) 11-ാം വാർഡിൽ പ്ളാസ്റ്റിക് വർക്സ് (കൊട്ട, കസേര) എന്നിവ നിർമ്മിക്കാൻ സാദ്ധ്യതകളുണ്ട്. സഹായം വേണം.

22) 12-ാം വാർഡിൽ പനങ്ങാട് കുന്നിൽ ഹരിജൻകോളനി നിവാസികളായ വനിതകൾക്കു കോഴി, ആട് എന്നിവ വളർത്താനും, റെഡിമെയ്ഡ് വസ്ത്രനിർമ്മാണം തുടങ്ങിയ വ്യവസായങ്ങൾ ആരംഭിക്കാനും ആവശ്യമായസഹായങ്ങൾ വേണം.

23) **14-ാം വാർഡിൽ തീപ്പെട്ടിവ്യവസായം ആരംഭിക്കാനാവശ്യമായ സഹായവും, സാങ്കേതികപരിജ്ഞാനവും ആവശ്യമുണ്ട്.**

23) **5-ാം വാർഡിൽ നെല്ലാണ്ടിയിൽ Y M C A സാമൂഹ്യക്ഷേമവകുപ്പിന്റെ സഹായത്തോടെ നടത്തുന്ന വൊ ക്കേഷൻ ട്രയിനിങ്ങ് സെന്ററിന് സാമ്പത്തിക സഹായം നൽകി വിപുലീകരിക്കാൻ നടപടി സ്വീകരിക്കുക.**

24) 14-ാം വാർഡിൽ മദ്യം മയക്കുമരുന്ന്, എന്നിവ പൂർണ്ണമായി നിരോധിക്കാൻ ആവശ്യമായ നടപടിസ്വീകരിക്കണം.

25) സ്ത്രീകളുടെ നഗ്നതകാണിച്ചുകൊണ്ടുള്ള പരസ്യങ്ങൾ, സിനിമ, T.V. എന്നിവയിലൂടെയുള്ള അശ്ലീലദൃശ്യങ്ങൾ എന്നിവ ഒഴിവാക്കാൻ നടപടി സ്വീകരിക്കണം.

26) സ്ത്രീധന സമ്പ്രദായത്തിനെതിരെ ബോധവൽക്കരണം നടത്തുക.

27) സാമൂഹിക, സാമ്പത്തിക, തൊഴിൽ രംഗത്ത് പിന്നോക്കം

നിൽക്കുന്ന സ്ത്രീകളെ പുനരുദ്ധരിക്കാൻ വ്യാപകമായനടപടികൾ ഉണ്ടാവണം

വനിതാ ക്ഷേമത്തിനുള്ള ഇത്തരം പ്രവർത്തന മാർഗ്ഗരേഖകൾ പ്രായോഗികമായാൽ കൊടുവള്ളി പഞ്ചായത്തിന്റെ പുരോഗതിയിൽ ഒരു പൊൻതൂവലായിരിക്കും.

## നിർദ്ദേശങ്ങൾ ഗ്രാമസഭയിലൂടെ

1) പഞ്ചായത്തിലെ 2,4,6,7,8,10,12,14. വാർഡുകളിൽ ഓരോ എൽ. പി. സ്ക്കൂളുകൾ അനുവദിക്കുക. രണ്ട്, ആറ്, ഏഴ്, പത്ത്, പതിനാല് വാർഡുകളിൽ തീരെ സ്ക്കൂളുകളില്ല.

   4-ാം വാർഡിൽ ആനപ്പാറ, 7-ാം വാർഡിൽ പൂക്കോട്, 8-ാം വാർഡിൽ പട്ടിണിക്കര, 10-ാം വാർഡിൽ കരീറ്റി പറമ്പ്, 12-ാം വാർഡിൽ കരുഞ്ഞി, 14-ാം വാർഡിൽ മുക്കിലങ്ങാടി 9-ാം വാർഡിൽ മുത്തമ്പലം എന്നീ സ്ഥലങ്ങളിലാണ് സ്ക്കൂൾ സ്ഥാപിക്കേണ്ടത്.

2) കൊടുവള്ളി ഗവ. ഹൈസ്ക്കൂൾ ഒരു ഹയർ സെക്കണ്ടറിയായി ഉയർത്തുക.

3) പഞ്ചായത്തിൽ ഒരു സർക്കാർ കോളേജ് അനുവദിക്കുക.

4) വാവാട്, കളരാന്തിരി, തലപ്പെരുമണ്ണ എന്നീ സ്ഥലങ്ങളിലെ എൽ.പി. സ്ക്കൂളുകൾ യു.പി. സ്ക്കൂളുകളായി അപ്ഗ്രേഡ് ചെയ്യുക.

5) പാലക്കുറ്റി എം.എം.എൽ. പി സ്ക്കൂൾ അപ്ഗ്രേഡ് ചെയ്യുക

6) സ്ഥലവും കെട്ടിടവും പൂർത്തിയാക്കി സർക്കാരിനെ ഏൽപിച്ച കരുവമ്പൊയിൽ ജി.എം.യു.പി. സ്ക്കൂൾ ഹൈസ്ക്കൂളായി ഉയർത്തുക.

7) മാനിപുരം എ.യു.പി. സ്ക്കൂൾ ടെക്നിക്കൽ ഹൈസ്ക്കൂളായി ഉയർത്തുക .

8) വെണ്ണക്കാട ജി.എം.യു.പി. സ്ക്കൂളിന്റെ ജീർണ്ണാവസ്ഥമാറ്റി പുതുക്കിപ്പണിയുക സ്ക്കൂൾസ്ഥലം ഗവണ്മെണ്ട് ഏറ്റെടുക്കുക, കോമ്പൗണ്ട് വാളും പ്രാഥമിക സൗകര്യങ്ങളും അനുവദിക്കുക

9) പഴകിജീർണ്ണിച്ച കരുവമ്പൊയിൽ സ്ക്കൂൾ കെട്ടിടം പുതുക്കിപ്പണിയുക.

10) വാവാട് ജി. എം. എൽ. പി. സ്ക്കൂളിന് സ്ഥലം സർക്കാർ ഏറ്റെടുക്കുക.

11)തലപ്പെരുമണ്ണ എൽ. പി. സ്ക്കൂളിന്റെ അറ്റകുറ്റപ്പണികൾ നടത്തുക.

12) പറമ്പത്ത് കാവിൽ ഇംഗ്ലീഷ്മീഡിയം സ്ക്കൂൾ സ്ഥാപിക്കുക.

13) 3-ാം വാർഡിൽ നഴ്സറിസ്ക്കൂൾ സംവിധാനം വിപുലമാക്കുക.

14) 6-ാം വാർഡിൽ 4 സെന്റ് കോളനിയിൽ തൊഴിലധിഷ്ടിത വിദ്യാഭ്യാസകേന്ദ്രം സ്ഥാപിക്കണം.

15) കതിരോട്, എറണ്ണോറ, എന്നീ സ്ഥലങ്ങളിൽ എൽ.പി. സ്ക്കൂൾ അനുവദിക്കണം.

16) 9ാം വാർഡിൽ മുത്തമ്പലത്ത് എൽ.പി.സ്ക്കൂൾ അനുവദിക്കുക. വാവാട്, എൽ. പി. സ്ക്കൂളിനാവശ്യമായ സ്ഥലം അക്വയർചെയ്യുക.

17) പഞ്ചായത്തിൽ സഹകരണ കോളേജ് സ്ഥാപിക്കുക.

18) മാനിപുരത്ത് ടൈപ്പ്റൈറ്റിങ്ങ് ഇൻസ്റ്റിറ്റ്യൂട്ടും കമ്പ്യൂട്ടർ സെന്ററും സ്ഥാപിക്കുക

19 4-ാം വാർഡിൽ ആനപ്പാറ, 6-ാം വാർഡിൽ 4 സെന്റ് കോളനി, 7-ാം വാർഡിൽ പാലക്കുന്നിലും,കുരിയാണിക്കൽ,12ാം വാർഡിൽ നെടുമല പനങ്ങാട് കുന്ന്, പുൽപറമ്പ് 4 സെന്റ് കോളനി.14ാം വാർഡിൽ മുക്കിലങ്ങാടി, കച്ചേരിക്കുന്ന് ലക്ഷം വീട് കോളനി 3ാം വാർഡിൽ ചോലയിൽ എന്നീ സ്ഥലങ്ങളിൽ അംഗനവാടികൾ സ്ഥാപിക്കണം.

20 കെട്ടിടമില്ലാത്ത അംഗനവാടികൾക്ക് കെട്ടിടം പണിയുകയും കുട്ടികൾക്ക് അടിസ്ഥാനസൗകര്യങ്ങൾ, പഠനോപകരണങ്ങൾ, എന്നിവ നൽകുക.

21 അംഗനവാടികളുടെ പ്രവർത്തനം, ജനകീയ കമ്മറ്റികൾ രൂപികരിച്ച് കാര്യക്ഷമമാക്കണം.

22 ഉദ്യോഗാർത്ഥികൾക്ക് ഒരു ഗൈഡൻസ് സെന്റർ സ്ഥാപിക്കണം (പ്രധാന കേന്ദ്രങ്ങളിൽ)

23 ജനകീയ സമിതികളിലൂടെ തുടർ സാക്ഷരതാപ്രവർത്തനം കാര്യക്ഷമമായി നടത്തണം.

24 വിദ്യാലയങ്ങളിൽ ടെസ്റ്റു ബുക്കുകൾ യഥാസമയം കിട്ടുവാനുള്ള സംവിധാനം ഉണ്ടാക്കുക.

25 ഉച്ച ക്ഷണ പരിപാടി കാര്യക്ഷമമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുക

26 സ്കൂളുകളുടെ അറ്റകുറ്റപ്പണികൾ അതാതാവസരങ്ങളിൽ നടത്തുക.

27 അദ്ധ്യാപക വിദ്യാർത്ഥി അനുപാതം കുറക്കുക

28 സ്കൂൾ PTA കൾ കൂടുതൽ കാര്യക്ഷമമാക്കാൻ പ്രവർത്തിക്കുക.

29 എല്ലാ സ്കൂളുകളിലും മാതൃസംഗമ പ്രവർത്തനം സജീവമാക്കുക.

30 കരീറ്റിൽ പറമ്പിൽ പഞ്ചായത്ത് വക ഒരു നഴ്സറി സ്കൂൾ നടത്തുന്നുണ്ട്. ഇതിന് സ്വന്തമായി കെട്ടിടം വേണം.

വിദ്യാഭ്യാസ മേഖലയിലെ ഇന്നത്തെ ശോചനാവസ്ഥ ഇല്ലായ്മ ചെയ്യാൻ മേൽപറഞ്ഞ പ്രവർ ത്തനങ്ങൾ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കിയാൽ സാധ്യമാവുന്നതാണ്. ജില്ലാപഞ്ചായത്ത് ആവിഷ്കരിച്ച വിദ്യാഭ്യാസ സമിതികളുടെ പ്രവർത്തന പങ്കാളിത്തത്തിലൂടെയും വൈ ജ്ഞാനിക രംഗത്ത് വിജ്ഞാനോൽസവങ്ങളുടെ പ്രവർത്തനത്തിലൂടെയും ജനകീയ പങ്കാളിത്തങ്ങൾ ഒരു പരിധി വരെ ഉറപ്പു വരുത്താൻ സാധിക്കും. ☆

# സഹകരണം

കൊടുവള്ളി പഞ്ചായത്തിൽ സഹകരണസംഘങ്ങളുടെ ഉൽഭവം ശ്രീ. കെ പി. കെ പണിക്കർ പ്രസിഡണ്ടായുള്ള ഐക്യനാണയ സംഘത്തിലൂടെയാണ്. രണ്ടാം ലോകമഹായുദ്ധത്തിന് ശേഷം അനുഭവപ്പെട്ട ദുരിതങ്ങളിൽ നിന്നും ഒരു പരിധിവരെ ആശ്വാസം നൽകുന്നതിന് വേണ്ടി മുഖ്യമായും ഭക്ഷ്യവിതരണം ലക്ഷ്യം വെച്ചുകൊണ്ട് ആരംഭിച്ച രണ്ടാമത്തെ സഹകരണസംഘമായ പി.സി.സി. സൊസൈറ്റിയുടെ പ്രവർത്തനം കൊടുവള്ളിയിലെ സഹകരണപ്രസ്ഥാനരംഗത്ത് ഒരു പുതിയ കാൽവെപ്പായിരുന്നു. അതിന് ശേഷം താഴെ പറയുന്ന സഹകരണസംഘങ്ങൾ നമ്മുടെ പഞ്ചായത്തിൽ ആരംഭിച്ചു.

## കൊടുവള്ളി സർവ്വീസ് കോ-ഓപറേറ്റീവ് ബാങ്ക്

1959 ലാണ് ഈ ബാങ്ക് സ്ഥാപിതമായത്. സ്ഥാപിതഘട്ടത്തിൽ ബാങ്കിന്റെ ഏരിയ കൊടുവള്ളി, ഓമശ്ശേരി, കിഴക്കോത്ത്, മടവൂർ എന്നീ പഞ്ചായത്തുകൾ ഉൾപ്പെട്ടതായിരുന്നു. എന്നാൽ 1968 ൽ കിഴക്കോത്ത്, മടവൂർ എന്നീ പഞ്ചായത്തുകളും 1983ൽ ഓമശ്ശേരി പഞ്ചായത്തും ബാങ്കിന്റെ ഏരിയയിൽ നിന്ന് വേർപെട്ടു. ഇപ്പോൾ കൊടുവള്ളി പഞ്ചായത്ത് മാത്രം ഉൾക്കൊള്ളുന്നതാണ് ബാങ്കിന്റെ പ്രവർത്തന മേഖല.

### മുൻ പ്രസിഡണ്ടുമാർ

1. എം. ഗോപാലൻ കുട്ടി നായർ
2. പി. നാരായണൻ നായർ
3. ഡോ. പി.വി. സെയ്തു ഹുസ്സൈൻ
4. വി. കലന്തൻ കുട്ടി ഹാജി
5. പി.സി. അഹമ്മദ് കുട്ടി മാസ്റ്റർ
6. കെ.പി.പക്കർ
7. പി.ടി. എ. റഹിം
8. ഒ. അബൂബക്കർ
9. കോതൂർ മുഹമ്മദ് മാസ്റ്റർ
10. ടി.കെ. മുഹമ്മദ് മാസ്റ്റർ

ഇപ്പോഴത്തെ പ്രസിഡണ്ട് വായോളി മുഹമ്മദ് മാസ്റ്റർ ആണ്.

7179 ഓഹരി ഉടമകളിൽ നിന്നായി 5 രൂപ ഓഹരി വിലയായി 13 ലക്ഷം അംഗീകൃത ഓഹരി മൂലധനമാണുള്ളത്. ആരംഭ ഘട്ടത്തിൽ കാർഷിക വികസനത്തിനായിരുന്നു ബാങ്ക് ഊന്നൽ നൽകിയത്. ഇതിന്റെ ഭാഗമായി കർഷകർക്ക് കാർഷിക വായ്പകളും വളവും കീടനാശിനിയും ഉദാര വ്യവസ്ഥയിൽ വിതരണം ചെയ്തു. പിന്നീട് പ്രവർത്തന മേഖല ഭക്ഷ്യം, വ്യവസായം,ദാരിദ്ര്യനിർമ്മാർജ്ജനം എന്നിവയിലേക്കും വ്യാപിപ്പിക്കുകയുണ്ടായി. ഭക്ഷ്യവിതരണത്തിന്റെ ഭാഗമായി 21 റേഷൻ കടകൾ 1982 വരെ ബാങ്ക് നേരിട്ട് നടത്തുകയുണ്ടായി. വായ്പാ വിതരണ രംഗത്ത് വളരെ ഉദാരമായ സമീപനമാണ് ബാങ്ക് സ്വീകരിച്ചിരിക്കുന്നതെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു.

## 2. കൊടുവള്ളി കോ-ഓപ്പറേറ്റീവ് ഹൗസിങ്ങ് സൊസൈറ്റി:

കൊടുവള്ളി,കിഴക്കോത്ത്,ഓമശ്ശേരി എന്നീ പഞ്ചായത്തുകൾ പ്രവർത്തനമേഖലയായി 1977-ൽ ആണ് ഈ സൊസൈറ്റി പ്രവർത്തനമാരംഭിച്ചത്. 100 രൂപ ഓഹരി ഉടമകളായി 1028 അംഗങ്ങളുള്ള ഈ സൊസൈറ്റിക്ക് 25,00,000 രൂപ അംഗീകൃത ഓഹരി മൂലധനമായുണ്ട്. എൻ.പി. കാസിം മാസ്റ്ററായിരുന്നു തുടക്കത്തിൽ ചീഫ് പ്രൊമോട്ടർ

ശ്രീ. കാരാട്ട് റസാഖ് ആണ് ഇപ്പോഴത്തെ പ്രസിഡണ്ട്.

### പ്രസിഡണ്ടുമാർ

1. ടി.പി. അഹമ്മദ് കുട്ടി

കൊടുവള്ളി കോ-ഓപ്പറേറ്റീവ് ബാങ്ക് (ലിമിറ്റഡ്)

| ക്രമനമ്പർ | സംഘത്തിന്റെ പേര് | ആരംഭിച്ച വർഷം | പ്രവർത്തന പരിധി | വ്യക്തി അംഗത്വം | ഓഹരി മൂലധനം | കടം | നിക്ഷേപം | വായ്പകൾ | | പ്രവർത്തന മൂലധനം | ലാഭം | നഷ്ടം | ജീവനക്കാർ |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | കാർഷികം | ഇതരം | | | | |
| 1 | കൊടുവള്ളി സർവ്വീസ് സഹകരണ ബാങ്ക് (ലിമിറ്റഡ്) | 1-2-1959 | കൊടുവള്ളി പഞ്ചായത്ത് | 7179 | 9,80385 | 64,05,828 | 1,50,77,234 | 31,43,807 | 1,2052111 | 16057619 | | | 17 |

2. ഡോ. വി.എം. അബ്ദുറഹിമാൻ

3. പി.സി. അഹമ്മദ് കുട്ടി മാസ്റ്റർ

4. ടി.കെ. മുഹമ്മദ് മാസ്റ്റർ

## 3. കൊടുവള്ളി പട്ടിക ജാതി സഹകരണസംഘം

കൊടുവള്ളി, കിഴക്കോത്ത്, ഓമശ്ശേരി എന്നീ പഞ്ചായത്തുകൾ പ്രവർത്തനമേഖലയായി 1980 ൽ ആരംഭിച്ച ഈ സൊസൈറ്റിയുടെ ഓഹരി വില 10 രുപയാണ്. 671 അംഗങ്ങളുള്ള സൊസൈറ്റിക്ക് ആകെ പിരിഞ്ഞ് കിട്ടിയ ഓഹരി മൂലധനം 6710 രൂപയും അംഗീകൃത ഓഹരി മൂലധനം 3 ലക്ഷവും സർക്കാർ ഓഹരിയായി ലഭിച്ച തുക 73000 രൂപയുമാണ്. 10 ലക്ഷം രൂപ വായ്പ നൽകാവുന്ന ആസ്തി ഈ സംഘത്തിനുണ്ട്. 1985 86 വർഷത്തിൽ 2 ലക്ഷം രൂപ സംസ്ഥാന പട്ടിക ജാതി പട്ടിക വർഗ്ഗ കോർപ്പറേഷനിൽ നിന്നും വായ്പയായി സ്വീകരിച്ച് കൊടുവള്ളി ടൗണിൽ ഒരു പെട്രോൾ ബങ്ക് സ്ഥാപിച്ചിട്ടുണ്ട്. പ്രവർത്തന ചിലവിലും മറ്റ് ഇനങ്ങളിലുമായി 2 ലക്ഷം രൂപ സൊസൈറ്റി ചിലവഴിച്ചിട്ടുണ്ട്.

പ്രസിഡണ്ടുമാർ എം. ബാബുരാജ്

## മുൻ പ്രസിഡണ്ടുമാർ

1. ആർ. സി. ഭാസ്കരൻ
2. കെ.സി. വേലായുധൻ

## 4 കൊടുവള്ളി കോ-ഓപ്പറേറ്റീവ് ആശുപത്രി

കൊടുവള്ളി,കിഴക്കോത്ത്,മടവൂർ,നരിക്കുനി, കാക്കൂർ, നന്മണ്ട, പുതുപ്പാടി, താമരശ്ശേരി, കുന്ദമംഗലം എന്നീ പഞ്ചായത്തുകൾ പ്രവർത്തനമേഖലയായി 1984-ൽ ആണ് ഈ സഹകരണ ആശുപത്രി സ്ഥാപിതമായത്.

പ്രസിഡണ്ട് : ടി.പി.സി. മുഹമ്മദ് മാസ്റ്റർ

## മുൻപ്രസിഡണ്ടുമാർ

1. ഇ.സി. ചെറിയഹമ്മദ്
2. പി.പി.അബ്ദുറഹിമാൻ മാസ്റ്റർ
3. കെ.പി. മാമു ഹാജി
4. പി.ടി. എ. റഹിം

200 രൂപ ഓഹരി ഉടമകളായ 627'എ' ക്ളാസ്സ് അംഗങ്ങളും 1000 രൂപ ഓഹരി ഉടമകളായ 9 'ബി' ക്ളാസ്സ് അംഗങ്ങളുമുള്ള ഈ സൊസൈറ്റിക്ക് 10 ലക്ഷം രൂപ ഓഹരി മൂലധനമുണ്ട്. പിരിഞ്ഞുകിട്ടിയ മൂലധനം 1,36,200 രുപയും സർക്കാർ ഓഹരിയായ 32500 രൂപയും 1 ലക്ഷത്തി ഇരുപത്തയ്യായിരം വില വരുന്ന ഒരു ആബുലൻസ് വാനും ഈ സ്ഥാപനത്തിന്റെ ആസ്തിയാണ്.

## 5 പറമ്പത്ത് കാവ് പരസ്പര സഹായ പാൽ വിതരണ സംഘം

കൊടുവള്ളി പഞ്ചായത്ത് പ്രവർത്തനമേഖലയായി 1961-ൽ സ്ഥാപിതമായ ഈ സൊസൈറ്റിക്ക് 236 അംഗങ്ങളുണ്ട്.

പ്രസിഡണ്ട് പി. രാഘവൻ നായർ

10 രൂപയാണ് ഓഹരി വില. പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം 20,000 രുപ. സർക്കാർ ഓഹരിയായി 6880 രുപ ഈ സ്ഥാപനത്തിന് ആസ്തിയുണ്ട്. ദിവസേന 225-ഓളം ലിറ്റർ പാൽ ശേഖരിക്കുകയും വിതരണം നടത്തുകയും ചെയ്യുന്ന ഈ സൊസൈറ്റിക്ക് 7107 രൂപ പ്രവർത്തന ചിലവ് വരുന്നു. പി.രാഘവൻ നായരാണ് പ്രസിഡണ്ട്. കൂടാതെ 3 പ്രൈമറി സ്കൂൾ സഹകരണ സംഘങ്ങളും 2 ഹൈസ്കൂൾ സഹകരണ സംഘങ്ങളും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു.

## *നിർദ്ദേശങ്ങൾ*

മേൽപഞ്ഞ സഹകരണ സംഘങ്ങളെല്ലാം പഞ്ചായത്തിൽ പ്രവർ

### കൊടുവള്ളി കോ-ഓപ്പറേറ്റീവ് ഹൗസിങ്ങ് സൊസൈറ്റി

| ക്രമനമ്പർ | സംഘത്തിന്റെ പേര് | പ്രവർത്തനം ആരംഭിച്ച വർഷം | പ്രവർത്തന പരിധി | വ്യക്തി അംഗത്വം | ഓഹരി മൂലധനം | കടം | നിക്ഷേപം | വായ്പകൾ | പ്രവർത്തന മൂലധനം | ലാഭമോ നഷ്ടമോ | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | ലാഭം | ലഷ്ടം |
| 1 | കൊടുവള്ളി കോ-ഓപ്പറേറ്റീവ്ഹൗസിംഗ് സൊസൈറ്റി | 7-10/ 1977 | കൊടുവള്ളി കിഴക്കോത്ത് ഓമശ്ശേരി | 1028 | 25 ലക്ഷം | 167,70,436 | 35000 (സ്ഥിരം) 56917 (ഹ്രസ്വ കാലം) | 1,65,33,477 | 44,21,930 | | |

ത്തിക്കുന്നുണ്ടെങ്കിലും കൊടുവള്ളി പഞ്ചായത്തിനെ സബന്ധിച്ചിടത്തോളം അവ പരിമിതവും അപര്യാപ്തവുമാണ്. അതുകൊണ്ടു തന്നെ നിലവിലുള്ള സൊസൈറ്റികൾ കാര്യക്ഷമമാക്കുകയും പുതിയ സഹകരണ യൂനിറ്റുകൾ ആരംഭിക്കുകയും ചെയ്യുക എന്നതാണ് കൊടുവള്ളി പഞ്ചായത്തിന് നിർദ്ദേശിക്കാനുള്ളത്. അതിലേക്കായി താഴെ പറയുന്ന കാര്യങ്ങൾ ആവശ്യപ്പെടുന്നു.

തൊഴിൽ രഹിതർക്ക് തൊഴിൽ നൽകുന്നതിനായി സ്വയം തൊഴിൽ വായ്പകൾ സർവ്വീസ് സഹകരണ ബാങ്ക് നൽകുന്നുണ്ടെങ്കിലും വളരെ പരിമിതമായി മാത്രമേ അതു ലഭിക്കുന്നുള്ളൂ. ആയതിനാൽ സഹകരണാടിസ്ഥാനത്തിൽ കൂടുതൽ വ്യവസായ സംരംഭങ്ങൾ ആരഭിക്കേണ്ടിയിരിക്കുന്നു.

കപ്പ ഉപയോഗിച്ച് ഒരു 'റവ' നിർമാണ യൂണിറ്റ് ഒന്നാം വാർഡിൽ സ്ഥാപിക്കുകയാണെങ്കിൽ 30 പേർക്ക് തൊഴിൽ നൽകാൻ സാധിക്കും. 4-ാം വാർഡിൽ ഒരു സോപ്പു നിർമ്മാണ യൂണിറ്റിനുള്ള എല്ലാ സൗകര്യവുമുണ്ട്. ഒരു കയർ നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുക എന്നതും ഈ പ്രദേശത്തിന്റെ ആവശ്യമാണ്. പാറ പൊട്ടിച്ച് മെറ്റൽ ഉണ്ടാക്കൽ,സോപ്പ്, മെഴുകുതിരി, ഹോളോ ബ്രിക്ക് എന്നിവ നിർമ്മാണത്തിനുള്ള ഓരോ യൂണിറ്റ് നൂൽ നൂൽപ്പ്,വർക്ക് ഷോപ്പ് എന്നിവയ്ക്കുമുള്ള എല്ലാ സൗകര്യവും 5-ാം വാർഡിലുണ്ട്. ഇത് അനേകം പേർക്ക് തൊഴിൽ നൽകാൻ പര്യാപ്തമാണ്. ഒരു പപ്പട നിർമ്മാണ യൂണിറ്റും, കറി പൗഡർ, മൺപാത്രം എന്നിവ നിർമ്മിക്കുന്നതിനുള്ള ഓരോ യൂണിറ്റും സ്ഥാപിക്കുക എന്നത് 8-ാം വാർഡിന്റെ ആവശ്യമാണ്. ഇതിനുള്ള എല്ലാ സൗകര്യവും ഈ പ്രദേശത്തുണ്ട്.

10-ാം വാർഡിൽ ഒരു ഹോളോ ബ്രിക്സ് ഫാക്ടറി ഉൽപ്പാദനം നടക്കാതെ പൂട്ടിക്കിടക്കുകയാണ്. ഇത് തുറന്ന് പ്രവർത്തിക്കാനുള്ള നടപടി സ്വീകരിക്കണം. കൂടാതെ ഇലക്ട്രിക്കൽ വ്യവസായം, ക്രഷർ,കോഴിവളർത്തൽ,റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം എന്നിവയുടെ ഓരോ യൂണിറ്റും ഇവിടെ സ്ഥാപിക്കണം.

കൊടുവള്ളി പഞ്ചായത്തിലെ സഹകരണ ആശുപത്രി 3-ാം വാർഡിലാണ് സ്ഥിതി ചെയ്യുന്നത്. ഈ ആശുപത്രിയുടെ പ്രവർത്തനം ഉടനെ ആരംഭിക്കണം.

കൊടുവള്ളി പഞ്ചായത്തിലെ ഏക ക്ഷീരോല്പാദന സഹകരണസംഘം പറമ്പത്ത് കാവിന്റെ പേരിലാണെങ്കിലും മാനിപുരത്താണ് സ്ഥിതി ചെയ്യുന്നത്. ഇതിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതോടൊപ്പം പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി 5 ക്ഷീരോല്പാദന സംഘങ്ങൾ കൂടി സ്ഥാപിക്കുകയാണെങ്കിൽ ക്ഷീരോല്പാദന രംഗത്ത് എടുത്തു പറയത്തക്ക പുരോഗതി കൈവരിക്കാൻ പഞ്ചായത്തിന് സാധിക്കും.

കേരോല്പാദന രംഗത്ത് വേണ്ടത്ര പുരോഗതി നേടാത്ത പഞ്ചായത്താണ് കൊടുവള്ളി. കേര കർഷകർക്ക് വേണ്ടത്ര സൗകര്യം ലഭിക്കുന്നില്ല എന്നതാണ് ഇതിന്റെ പ്രധാന കാരണം. കേരവികസന രംഗത്ത് മെച്ചപ്പെട്ട സേവനം കാഴ്ച വെയ്ക്കാൻ സഹകരണ മേഖലയ്ക്ക് സാധിക്കും. പഞ്ചായത്തിന്റെ 5,7 വാർഡുകളിൽ ഓരോ കേരോല്പാദന സംസ്കരണ യൂണിറ്റ് സ്ഥാപിക്കുകയാണെങ്കിൽ കൊടുവള്ളി പഞ്ചായത്തിന് കേരവികസന രംഗത്ത് പുരോഗതി നേടാൻ കഴിയും.

വനിതാ സഹകരണ സൊസൈറ്റികൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ആരംഭിക്കണം. നിർമ്മാണ തൊഴിലാളികൾ ധാരാളം ജീവിക്കുന്ന പഞ്ചായത്താണ് കൊടുവള്ളി പഞ്ചായത്ത്. അവരുടെ ക്ഷേമത്തിനായി സഹകരണ സംഘങ്ങൾ സ്ഥാപിക്കണം. ഒരു മോട്ടോർ തൊഴിലാളി സഹകരണ സംഘം 4-ാം വാർഡിൽ സ്ഥാപിക്കണം.

കൊടുവള്ളിയിൽ ഒരു അർബൻ ബാങ്കും വനിതാ ബാങ്കും സഹകരണ ബാങ്കിന് ഒരു ഈവനിംഗ് കൗണ്ടറും വാവാട് വില്ലേജിൽ സഹകരണ ബാങ്കിന്റെ ഒരു ശാഖയും സ്ഥാപിക്കണം.

കൊടുവള്ളി പഞ്ചായത്തിലെ സഹകരണ സ്ഥാപനങ്ങളുടെ പുരോഗതിയിൽ അഡീഷണൽ രജിസ്ട്രാറായി റിട്ടയർ ചെയ്ത കെ. ഹംസ സാഹിബിന്റെ സേവനം അവിസ്മരണീയമാണ്. ☆

# പട്ടികജാതി പട്ടിക വർഗക്ഷേമം

1991 ലെ സെൻസസ് റിപ്പോർട്ടു പ്രകാരം പഞ്ചായത്തിലെ പട്ടിക ജാതി ജനസംഖ്യ 2550 ആണ് 1991 മുതൽ 96 വരെയുള്ള ജനസംഖ്യാ വർദ്ധനവു കൂടി പരിഗണിച്ചാൽ ഇപ്പോൾ 3000ത്തിൽ താഴെ മാത്രമേ വരൂ. ഇത് മൊത്തം ജനസംഖ്യയുടെ 8% ആണ് പട്ടിക വർഗത്തിൽ പെട്ടവർ ഇവിടെ ഇല്ല. നാല് ഐ.എച്ച്.ഡി.പി. കോളനി കളിലടക്കം 11 കോളനികളിലായും അല്ലാതെയുമാണ് ഇവർ താമസിച്ചുവ രുന്നത്. പട്ടികജാതികോളനികളായി അംഗീകരിക്കേവ വേറെയുമുണ്ട്.

മുൻകാലങ്ങളെ അപേക്ഷിച്ച് വിദ്യാ ഭ്യാസ സാമൂഹ്യ രംഗങ്ങളിൽ പുരോ ഗതികൈവരിച്ചുവെങ്കിലും ഉന്നത വിദ്യാഭ്യാസരംഗങ്ങളിൽ വിരലിലെണ്ണാ വുന്നവർ മാത്രമേ എത്തിച്ചേർന്നി ട്ടുള്ളു. ഈ പഞ്ചായത്തിലെ ആദ്യത്തെ എഞ്ചിനിയർ കെ.സി.ബാലകൃഷ്ണൻ പട്ടികജാതിയിൽ പെട്ട ആളാണ്. എന്നത് അഭിമാനകരംതന്നെ. കൊടിയ ദാരിദ്ര്യമാണ് വിദ്യാഭ്യാസരംഗത്തെ പിന്നോക്കാവസ്ഥക്കുകാരണം. സാമൂ ഹ്യമായ എല്ലാ പൊതുചടങ്ങുകളിലും പങ്കാളിത്തം ലഭിക്കുന്നുണ്ടെങ്കിലും ഉച്ച നീചത്വം പൂർണമായി അവസാനിച്ചു എന്നു പറയാറായിട്ടില്ല.

പട്ടികജാതിയിൽ പെട്ടവരുടെ സാമൂഹ്യവും സാമ്പത്തികവുമായ ഉന്നതിക്കായി സർക്കാർ നടപ്പാക്കി വരുന്ന പദ്ധതികൾ കൊണ്ടു ഭാഗിക മായ നേട്ടമേ ഉണ്ടായിട്ടുള്ളു. പദ്ധതി കളെ സംബന്ധിച്ച അറിവില്ലായ്മയും ഗുണഭോക്താക്കൾക്കു നേരെ മുന്നോ ട്ടുവെക്കുന്ന കർശന നിബന്ധനകളും ഇതിനൊരു കാരണമാണ്. പട്ടികജാതി ക്കാർക്കായി തുടങ്ങിവെച്ച പലപദ്ധതി കളും പൂർത്തികരിക്കാത്തതുകൊണ്ട് പൂർണമായ ഗുണഫലങ്ങൾ അവർക്ക് അനുഭവിക്കാൻ കഴിയുന്നില്ല. തുടങ്ങി വെച്ച പല പദ്ധതികളും ലക്ഷ്യം കാണാതെ പാതിവഴിയിൽ എത്തി നിൽക്കുകയാണ്.

## പ്രശ്നങ്ങൾ :-

1 താമസയോഗ്യമായ വീടുകൾ പലർക്കുമില്ല.

2 കോളനികളിലും മറ്റും പ്രാഥമിക സൗകര്യങ്ങൾ ഇല്ല

3 കോളനികൾ ഭൂരിഭാഗവും കുന്നിൻ പുറങ്ങളിലായതിനാൽ കുടിവെള്ളം വൈദ്യുതി, നടവഴി എന്നിവക്കു പ്രയാസം നേരിടുന്നു.

4 തൊഴിൽ സാദ്ധ്യതകൾ കുറഞ്ഞു വരുന്നു.

5 വിദ്യാഭ്യാസപുരോഗതി ഇല്ല. ദാരിദ്ര്യം തടസ്സം സൃഷ്ടിക്കുന്നു.

6 ആരോഗ്യ സംരക്ഷണ സംവി ധാനം അപര്യാപ്തമാണ്.

7 വീടു നിർമാണത്തിനുലഭിക്കുന്ന സഹായങ്ങൾ അപര്യാപ്തമാണ്. അതിനാൽ ധനസഹായങ്ങൾ കട ക്കെണിയായിമാറുന്നു.

8 മദ്യാപാനം തുടങ്ങിയകാരണങ്ങൾ കുടുംബഭദ്രത തകർക്കുന്നു.

9 വീടുകൾക്കു നമ്പർ വെക്കാത്തതി നാൽ പലർക്കും റേഷൻകാർഡില്ല

10 പട്ടികജാതി ശ്മശാനങ്ങൾ അന്യാ ധീനപ്പെടുന്നു.

11 പട്ടിജാതി ക്ഷേമവകുപ്പ്, പട്ടിജാതി വികസനകോർപ്പറേഷൻ ഐ. ആർ.ഡി.പി. എന്നീ ഏജൻസി കൾനൽകുന്ന സഹായം ലക്ഷ്യം കാണുന്നില്ല.

12 അനുവദിക്കപ്പെടുന്ന സഹായ ങ്ങളും, ആനുകൂല്യങ്ങളും തക്കസ മയത്ത് ലഭിക്കുന്നില്ല.

## പ്രശ്നങ്ങൾ ഗ്രാമസഭയിലൂടെ

വാർഡ് 1 15 കുടുംബങ്ങൾക്ക് താമസ യോഗ്യമായ വീടില്ല, 20 കുടുംബങ്ങൾക്ക് കക്കൂസ് ഇല്ല. 20 കുടുംബങ്ങൾക്ക് കിണർ ഇല്ല. 24 കുടുംബങ്ങൾക്ക് വൈദ്യുതി യില്ല. 16 കുടുംബങ്ങൾക്ക് സഞ്ചാരയോഗ്യമായ വഴിഇല്ല. സഹായം വേണം.

2 വരുംകാല ഹരിജൻ കോളനി റോഡ് സൌകര്യം ഏർപ്പെടു ത്തുക, തെരുവ്വിളക്കുകൾ സ്ഥാപിക്കുക

3 ഞെള്ളോറ-ഉള്ളിയാടൻകുന്ന് കോളനിയിൽ വൈദ്യുതികുടി വെള്ളം എന്നിവ ഇല്ല. കോളനി-കൊടുവള്ളിറോഡ് പണിപൂർത്തീകരിച്ചു ഗതാഗത സൗകര്യം ഉണ്ടാക്കണം.

4 ഞെള്ളോറ കോളനിയിലേക്ക് ആനപ്പാറനിന്നുള്ള വഴി സ്റ്റെപ്പ് കെട്ടി സഞ്ചാരയോഗ്യമാക്കണം വൈദ്യുതി, കുടിവെള്ളപ്രശ്നം പരിഹരിക്കണം.

5 മൂഴിക്കുന്ന് - കപ്പലാംകുഴി കോളനിയിൽ 65 വീടുകൾക്ക് നമ്പർ ഇല്ല. ഭൂരിഭാഗം വീടുക ളിലും കക്കൂസ് ഇല്ല. വൈദ്യുതി കുടിവെള്ളപ്രശ്നം പരിഹരി ക്കണം വീടില്ലാത്തവർക്കു വീടു വെക്കാൻ സഹാ യം വേണം. സ്ത്രീകൾക്കുതൊഴിൽ സൌക ര്യംവേണം. അന്യാധീനപ്പെട്ട ശ്മശാനം വീണ്ടെടുക്കാൻ സഹായം വേണം. കുന്നിൻ മുകളിൽ നിന്നും രോഗികളെ താഴെ ഇറക്കാൻ സ്ട്രെച്ചർ അനു വദിക്കണം. വഴിനന്നാക്കാൻ സഹായം വേണം, - വായന ശാല - ടി.വി. ലൈബ്രറി എന്നി വ വേണം. കപ്പലാംകുഴി 3 സെന്റുകാർക്ക് വീടുവെക്കാൻ സഹായം, റോഡ് എന്നിവ വേണം. മൂഴിക്കുന്ന് IHDP കോള നിക്കനുവദിച്ച ശുദ്ധജല വിതര ണപദ്ധതി പ്രവർത്തനം ആരം ഭിക്കണം.

6 താന്നിയോടുമല - കണ്ണിപ്പൊയിൽ - കുടിവെള്ളം, വൈദ്യുതിയാത്രാ സൌകര്യം എന്നിവ ഉണ്ടാവണം

7 പൂക്കോട് - പാലക്കുന്ന് കോളനികൾ വൈദ്യുതികരിക്കണം. നമ്പറിടാത്ത വീടുകൾക്ക് നമ്പർ റേഷൻ കാർഡ് എന്നിവ വേണം. നടവഴികൾ നന്നാക്കാൻ സഹായം വേണം. പാലക്കുന്ന് കോളനിയിലേക്ക് 6 വീടുകൾ പൂക്കോട്ട് കോളനിയിലേക്ക് 5 വീടുകളും കൂട്ടിചേർക്കാൻ ഉണ്ട്. പാലക്കുന്ന് കോളനി കുടിവെള്ളക്ഷാമം പരിഹരിക്കണം. കതിരോട് വയലിൽ കിണർ നിർമ്മിച്ചു പാലക്കുന്നു മലയിൽ ടാങ്കു കെട്ടിവെള്ളം അടിച്ചുകയറ്റിയാൽ കോളനിനിവാസികൾ അടക്കം 200 ൽ അധികം കുടുംബങ്ങളുടെ പ്രശ്നം പരിഹരിക്കാം. സ്ഥലം സൗജന്യമായി നൽകാം. ആവശ്യമായ മനുഷ്യാദ്ധ്വാനത്തിന്റെ 50% കോളനിനിവാസികളും സന്നദ്ധസംഘടനകളും നൽകും. പൂക്കോട് കോളനി കുടിവെള്ള പ്രശ്നം പരിഹരിക്കണം. പൂക്കോട് - പാലക്കുന്നു കോളനികളിൽ വായനശാല, ടി.വി. പത്രം അനുവദിക്കണം.

8 കൈതാക്കുന്നിൽ 11 പട്ടികജാതികുടുംബങ്ങളെ കോളനിയായി അംഗികരിക്കണം

കണ്ടാലകോളനിയിൽ അംഗനവാടിവേണംസ്ഥലം നൽകും. വീടുവെക്കാൻ സഹായം -കക്കൂസ്, കിണർ എന്നിവവേണം. നടപ്പാതനിർമ്മിക്കാൻ സഹായം വേണം. കോളനിയിൽ വൈദ്യുതി എത്തിക്കണം. കൈതാക്കുന്നുമ്മൽ വേലായുധന്റെ കിണർ പൊതുകിണറായി വിട്ടുകൊടുക്കാൻ തെയ്യാറാണ് ആവശ്യമായ റിപ്പയർ നടത്തി ജനോപകാരപ്രദമാക്കാൻ സഹായം വേണം.

9 കാരക്കുന്ന് കോളനി IHDP കോളനിയായി പ്രഖ്യാപിക്കണം ഓലവീടുകൾ ഓടുമേയാൻ സഹായം വേണം.

അന്യാധീനപ്പെട്ടുപോകുന്ന ശ്മശാനം സംരക്ഷിക്കാൻ നിയമനടപടിക്ക് സഹായം വേണം.

15 വീടുകളുള്ള കാപ്പുങ്ങര പട്ടിക ജാതി കോളനിയാക്കണം

മൂത്തമ്പലം കേന്ദ്രമാക്കി സഹകരണ തയ്യൽ യൂണിറ്റ് വേണം.

സർക്കാർ സഹായങ്ങളുടെ നിബന്ധന ലഘൂകരിക്കണം

പട്ടിക ജാതിലിസ്റ്റിൽ അനർഹരെ ഉൾപ്പെടുത്തരുത്

10 കല്ലുകൊത്ത്, റെയിഡ്മെയ്ഡ് വസ്ത്രനിർമ്മാണം എന്നിവയുടെ യൂണിറ്റുകൾ സ്ഥാപിക്കാൻ സഹായിക്കണം. കൃഷിഭൂമി സംരക്ഷണത്തിനും, കാർഷിക ആവശ്യങ്ങൾക്കും സഹായം വേണം.

പൂവറമല-അരിക്കോട്ട് കാവ് തുടങ്ങിയ കോളനികളിൽ വീട് ,കിണർ, കക്കൂസ് എന്നിവ നിർമ്മിക്കാൻ സഹായം വേണം. ടി.വി.സെറ്റ് സ്ഥാപിക്കണം. വൈദ്യിതീകരിക്കാത്ത വീടുകൾ ഉണ്ട്. വൈദ്യുതീകരിക്കണം. പൊതുശ്മശാനം വേണം. പൂവറമലക്ക് അനുവദിച്ച അംഗനവാടി സെന്റർ (12) പഞ്ചായത്തിന്റെ വകയുള്ള 12 സെന്റ് പുറമ്പോക്കിൽ നിർമ്മിക്കാൻ അനുമതിനൽകണം.

സർക്കാർ സ്കീമുകളിൽ അനുവദിച്ച വീടുകൾക്ക് പ്ലാൻസമർപ്പികാതെ നമ്പർ അനുവദിച്ചുതരണം. കോളനികൾ മദ്യവിമുക്തകേന്ദ്രമാക്കാൻ സഹായിക്കണം. ടെലിഫോൺകണക്ഷനു മുൻഗണനനൽകണം. ഗ്രൂപ്പുകൾ രൂപികരിച്ചു തൊഴിൽ യൂണിറ്റുകൾ ഉണ്ടാക്കാൻ സഹായം വേണം. തൊഴിൽ ഉപകരണങ്ങൾ നൽകിസഹായിക്കണം. രണ്ടു കോളനികളടങ്ങുന്ന പ്രദേശത്ത് ഒരു എൽ.പി.സ്ക്കൂൾ വേണം.

11 കരിവില്ലിക്കാവ് പ്രദേശത്ത് SSLC വരെ പഠിച്ച പട്ടികജാതിയിൽപെട്ടവർക്കായി തൊഴിൽ സ്ഥാപനം വേണം.

പൂവറ മലയുടെ തെക്കുഭാഗത്തെ 9 വീടുകൾ കരിവില്ലിക്കാവ് കോളനിയിൽ ഉൾപെടുത്തണം.

നടപ്പാതകൾ നന്നാക്കാൻ സഹായിക്കണം.

അനർഹരെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തരുത്.

12 പനങ്ങാട് കുന്ന്, വരുംകാല, പുൽപറമ്പ് മുക്ക് തുടങ്ങിയ കോളനികളിൽ 50 കുടുംബങ്ങൾക്ക് വാസയോഗ്യമായവീടുകൾ ഇല്ല. 165 വീടുകൾക്ക് കക്കൂസ് ഇല്ല. 41 വീടുകൾക്ക് വൈദ്യുതി ഇല്ല കുടി വെള്ളപ്രശ്നമുണ്ട്. TV വായനശാല വേണം. ചികിത്സാസൌകര്യം വേണം.

വാർഡ് 13 20 ഓളം പട്ടികജാതികുടുംബങ്ങൾക്ക് താമസയോഗ്യമായ വീടില്ല. വൈദ്യുതി, കുടിവെള്ളം, കക്കൂസ് എന്നിവ വേണം പട്ടികജാതിക്കാരുടെ നാടൻ കലകളെ പ്രോത്സാഹിപ്പിക്കണം.

പൂതുക്കുടികുന്നിൽ 17 പട്ടികജാതി കുടുംബങ്ങൾ ഉണ്ട് കോളനിയായി അംഗീകരിക്കണം. വീട് വെക്കാൻ സഹായം, കക്കൂസ്, വൈദ്യുതി, കുടിവെള്ളം എന്നിവവേണം. കുട്ടികളുടെ വിദ്യാഭ്യാസത്തിനു സഹായം വേണം.

വാർഡുകളിൽ നിന്നുവന്ന പ്രശ്നങ്ങൾ അവലോകനം നടത്തിയാൽ ഇവ ലഘുവായതാണ്. പക്ഷെ യാഥാ

ർത്ഥ്യം ഇതിലും എത്രയോ അപ്പുറത്താണ്. വിദ്യാഭ്യാസ സാമൂഹ്യ സാംസ്കാരികരംഗങ്ങളിലും സാമ്പത്തികരംഗങ്ങളിലും പിന്നോക്കം നിൽക്കുന്ന ഈ വിഭാഗം ജനങ്ങളെ സമൂഹത്തിലെമറ്റുതുറകളിലെ ജനങ്ങളോടൊപ്പമെത്തിക്കാൻ ആസൂത്രിതപരിപാടികൾ ആവശ്യമാണ്. അടിയന്തിരമായി ഈ മേഖലയിൽ ചെയ്യേണ്ട ചില കാര്യങ്ങൾ താഴെ ചേർക്കുന്നു.

- വീടുനിർമ്മാണത്തിനും ധനസഹായം വർദ്ധിപ്പിക്കുക. ഉപഭോക്താക്കളുടെ സൗകര്യമനുസരിച്ചു വീടു പണിയാൻ അനുവദിക്കുകയും വീടിനൊടൊപ്പം കക്കൂസ് നിർമ്മിക്കാനും ധനസഹായം നൽകുക.
- കുടിവെള്ളം പ്രശ്നം പരിഹരിക്കുന്നതിനു പദ്ധതി തെയ്യാറാക്കുക.
- വീടുകൾ വയറിംഗ് ചെയ്യുന്നതിനു സഹായിക്കുകയും വൈദ്യുതികണക്ഷൻ നൽകുകയും ചെയ്യുക.
- വീടുകൾ നിർമിക്കാനും - അറ്റകുറ്റപണിക്കും ലളിതമായവ്യവസ്ഥയിൽ പലിശരഹിതമായ വായ്പകൾ നൽകുക.
- ഓലവീടുകൾ ഓടു മേയുന്നതിനു സഹായം നൽകുക.
- ദാരിദ്ര്യം മൂലം പഠനമുപേക്ഷിക്കേണ്ടിവരുന്ന കുട്ടികളെ കണ്ടെത്തി സഹായവും പ്രോത്സാഹനവും നൽകുക.
- അഭ്യസ്ത വിദ്യരായ യുവതി-യുവാക്കൾക്ക് തൊഴിൽ പരിശീലനവും സഹായവും നൽകുക. തൊഴിലുപകരണങ്ങൾ നൽകുക.
- ലക്ഷം വീടുകോളനിയിലെ കുട്ടായ വീടുകൾ പൊളിച്ചു ഒറ്റവീടുകളാക്കാൻ സഹായിക്കുക.
- കോളനികളിൽ ബോധവൽക്കരണക്ലാസുകൾ നടത്തുക.
- എല്ലാ പുദ്ധതികൾക്കും ഗുണഭോക്താക്കളെ ജനപ്രതിനിധികളുടെ നിർദ്ദേശാനുസരണം പഞ്ചായത്ത് തിരഞ്ഞെടുക്കുകയും നടത്തിപ്പിന്റെ മേൽനോട്ടം വഹിക്കുകയും ചെയ്യുക.
- നിലവിൽ പ്രവർത്തിച്ചുവരുന്ന പട്ടികജാതിസഹകരണ സംഘത്തിന്റെ പ്രവർത്തനം വിപുലികരക്കുക.
- പട്ടികജാതിക്കാരുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനും വിവിധ എജൻസികളിലൂടെ ലഭിക്കുന്ന ആനുകൂല്യങ്ങൾ തുടങ്ങി മറ്റു വൈജ്ഞാനികപ്രശ്നങ്ങൾ വരെ കൈകാര്യം ചെയ്യുന്ന പട്ടികജാതിവികസനകേന്ദ്രം സംഘടിപ്പിക്കുക. ഇത്തരം ഒരു കേന്ദ്രം വഴി പട്ടികജാതിക്കാർക്കുള്ള ആനുകൂല്യം സംബന്ധിച്ച ക്ലാസുകൾ, സാമൂഹ്യബോധവൽക്കരണക്ലാസുകൾ എന്നിവസംഘടിപ്പിക്കുകയും വിദ്യാഭ്യാസ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുകയും ചെയ്യുക.
- ഈ കേന്ദ്രം ഗ്രാമപഞ്ചായത്തിന്റെയും പട്ടികജാതിസഹകരണസംഘത്തിന്റെയും മേൽനോട്ടത്തിൻ കീഴിൽ നടത്തുക.
- മൺമറഞ്ഞു കൊണ്ടിരിക്കുന്ന ഗ്രാമീണകലകൾ സംരക്ഷിക്കുന്നതിനും ഈ കേന്ദ്രം ഉപയോഗപ്പെടുത്താം.

## ഗ്രാമപഞ്ചായത്തിന്റെ നടപ്പുപദ്ധതികൾ

| | | | | |
|---|---|---|---|---|
| 1 | ഭവനനിർമാണം | 1993-94 | 6 വീടുകൾ | 87000 00 |
| 2 | ഭവനനിർമാണം | 1995-96 | 4 വീടുകൾ | 63200 00 |
| 3 | കക്കൂസ് നിർമാണം | 1995-96 | 3 എണ്ണം | 6000 00 |

# 5-5 ലെ തുടർച്ച

## ആരോഗ്യം

കൊടുവള്ളി പഞ്ചായത്തിൽ ആരോഗ്യരംഗത്ത് കഴിഞ്ഞ കാൽനൂറ്റാണ്ട് വരെയുള്ള ചികിത്സാരീതി ഇന്നത്തേതിൽ നിന്നും വളരെ വ്യത്യസ്ഥമായിരുന്നു. ആധുനികചികിത്സാസ്ഥാപനങ്ങൾ ഒന്നും ഉണ്ടായിരുന്നില്ല. ചരട് ജപിച്ചുകെട്ടുക. കാവുകളിലേക്കും മറ്റു ആരാധനാലയങ്ങളിലേക്കുംനേർച്ചകൾ നടത്തുക നൂൽ ജപിച്ചുകെട്ടൽ മന്ത്രവാദം തുടങ്ങിയ ചികിത്സാരീതികളാണ് നിലവിലുണ്ടായിരുന്നത്. ക്രമേണ പാരമ്പര്യവൈദ്യന്മാരിലേക്കും, കളരി, ആധുനിക ആയുർവ്വേദ, ഹോമിയോ, അലോപ്പതി ചികിത്സകളിലേക്കും വളരുകയായിരുന്നു. അക്കാലത്ത് ചെറിയ രോഗത്തിനുപോലും താമരശ്ശേരി, കുന്ദമംഗലം, കടപ്പുറം, മെഡിക്കൽ കോളേജ് ഭാഗങ്ങളിലേക്കാണ് ജനങ്ങൾ പോയിക്കൊണ്ടിരുന്നത്. കൊടുവള്ളിയിൽ ആധുനിക ചികിത്സാ രീതി നടപ്പിൽ വരാത്തകാലത്ത് ആയർവ്വേദ ചികിത്സാരംഗത്ത് പ്രശസ്തരായവർ ഇവരൊക്കെയായിരുന്നു- കുരിയാണിക്കൽ പവീർ ക്കുട്ടി വൈദ്യർ, ഇക്കണ്ടൻവൈദ്യർ, തലപെരുമണ്ണിലെ അയമ്മത് മൊല്ലാക്ക, കരീറ്റിപ്പറമ്പിലെ മ്മോട്ടിവൈദ്യർ, ചെറൂട്ടി വൈദ്യർ,വാവാട് ആമ്മത്ക്കുട്ടി വൈദ്യർ (മർമ്മ ചികിത്സ, എല്ലുപൊട്ടൽ) എടക്കണ്ടിയിൽ ഉണ്ണിക്കുണ്ടി വൈദ്യർ, വാവാട് കമ്മുക്കുട്ടി വൈദ്യർ (1930-1978വിഷവൈദ്യൻ) നാട്ടുവൈദ്യൻ കെ.പി.കെ പണിക്കർ(വിഷവൈദ്യം) കൂടാതെ മൂത്തോറൻകുട്ടി കമ്പോണ്ടർ, ശ്രീധരൻ ഡോക്ടർ എന്നീ അലോപ്പതി വിദഗ്ദൻമാരു മുണ്ടായിരുന്നു 1972 ൽ ആരംഭിച്ചതും 1985ൽ ഹെൽത്ത് സെന്ററായി ഉയർത്തപ്പെട്ടതും.

1972 ൽ ആരംഭിച്ചതും 1985 ൽ ഹെൽത്ത് സെന്ററായി ഉയർത്തപ്പെട്ടതുമായ കച്ചേരിക്കുന്ന് ലക്ഷം വീടിന്ന് സമീപം സ്ഥിതിചെയ്യുന്നതും ആരോഗ്യ കേന്ദ്രത്തിന്റെ കീഴിൽ ഇന്ന് 6 സബ്സെന്ററുകളും പ്രവർത്തിക്കുന്നു. മൊത്തം 18 ജീവനക്കാരാണ് ഇതിലുള്ളത്. ഈ സെന്റർ ഇവിടെ അനുവദക്കാൻ നീണ്ട കാലത്തെ സമരം വേണ്ടി വന്നിട്ടുണ്ട് കൂടാതെ കിടത്തി ചികിത്സിക്കാവുന്ന 3സ്വാകാര്യ ആശുപത്രികളും സ്വകാര്യചികിത്സ നടത്തുന്ന 8ാ ളം അലോപ്പതി ഡോക്ടർമാരും 2 ഹോമിയോ ഡോക്ടർമാരും 2 ദന്ത ഡോക്ടർമാരും 9 ാ ളം ആയുർവ്വേദ ഡോക്ടർമാരും 3 കളരി ചികിത്സാ വിദഗ്ദരും പഞ്ചായത്തിൽ ഇന്ന് ഉണ്ട്. പഞ്ചായത്തിൽ ആരംഭിച്ച സഹകരണാശുപത്രി ഇപ്പോൾ പ്രവർത്തന രഹിതമായി കിടക്കുകയാണ്.

*പഞ്ചായത്തിലെ സർക്കാർ ആരോഗ്യ കേന്ദ്രങ്ങൾ*

| നമ്പർ | സ്ഥാപനങ്ങൾ | വാർഡ് | ജീവനക്കാർ |
|---|---|---|---|
| 1 | പ്രൈമറി ഹെൽത്ത് സെന്റർ കൊടുവള്ളി | XIV | 11 |
| 2 | പാലകുറ്റി സബ്സെന്റർ | IV | 2 |
| 3 | വാവാട് " | VI | 1 |
| 4 | മാനിപുരം " | IX | 2 |
| 5 | കൊടുവള്ളി " | II | 1 |
| 6 | തലപെരുമണ്ണ " | XII | 1 |
| 7 | പറമ്പത്ത്കാവ് " | XIII | കെട്ടിടം ഇല്ല |

ഈ സ്ഥാപനങ്ങളും സൗകര്യങ്ങളും ഉണ്ടെങ്കിലും ജനസംഖ്യാതോതനുസരിച്ച് വികാസം ഉണ്ടായിട്ടില്ല. വിദഗ്ദ ചികിത്സക്കായി 10-20 കിലോ മീറ്ററുകളോളം സഞ്ചരിക്കേണ്ടിവരുന്നു. പാവപ്പെട്ടവർക്ക് ചികിത്സാ സൗകര്യങ്ങൾ ഇന്നും കുറവാണ്. ഇതുകൊണ്ടുതന്നെ അന്ധവിശ്വാസങ്ങളിൽ അധിഷ്ടിതമായ പ്രാകൃത ചികിത്സാരീതികൾ പലയിടങ്ങളിലും നിലനിൽക്കുന്നു. ഈ സ്ഥിതിവിശേഷങ്ങൾ കണക്കിലെടുത്തുകൊണ്ട് രോഗവിമുക്ത പഞ്ചായത്താക്കി മാറ്റുന്നതിനാവശ്യമായ ഒട്ടേറെ നിർദ്ദേശങ്ങളും അഭിപ്രയങ്ങളും ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്നിട്ടുണ്ട്.

ഇന്ന് പ്രവർത്തിക്കുന്ന പ്രധാന ആരോഗ്യ കേന്ദ്രത്തിൽ (കൊടുവള്ളി പ്രൈമറി ഹെൽത്ത് സെന്ററിൽ) ഡോക്ടർമാരുടേയം മറ്റു ആരോഗ്യപ്രവർത്തകരുടേയും മുഴുവൻ സമയ സേവനം ലഭ്യമാക്കുകയും പുതിയ കെട്ടിടസൗകര്യങ്ങളോടെ ചുരുങ്ങിയത് 10 കിടക്കകളെങ്കിലുമുള്ളതു കിടത്തി ചികിത്സിക്കാവുന്നതുമായ സൗകര്യങ്ങൾ ഏർപ്പെടുത്തണം. ഇപ്പോൾ ഗതാഗതസൗകര്യമില്ലത്തതുകൊണ്ട് രോഗികൾക്ക് പ്രയാസമനുഭവപ്പെടുകയും സ്വകാര്യ ആശുപത്രികളിലേക്ക് പോകേണ്ടി വരികയും ചെയ്യുന്നു. ആയതുകൊണ്ട് റോഡ് ഗതാഗത യോഗ്യമാക്കുന്നതോടൊപ്പം കേന്ദ്രത്തിലേക്ക് ശുദ്ധ ജലം എത്തിക്കുകയും ചെയ്യേണ്ട

തുണ്ട്. ചുറ്റുമതിൽ കെട്ടി സ്ഥലം സംരക്ഷിക്കേണ്ടതുമാണ്. ആശുപത്രിക്ക് വേണ്ടി പ്രത്യേകം വാഹനം അനുവദിച്ചുകൊടുക്കുകയും പല വാർഡു കളിലും സ്ഥാപിച്ച സബ്സെന്ററുകളിൽ വൈദ്യുതി, ശുദ്ധജലം തുടങ്ങിയ സൗകര്യങ്ങളൊരുക്കുകയും വേണം. ബിൽഡിംഗ് ഇല്ലാത്ത സെന്ററുകളുമുണ്ട്. പ്രസ്തുത പ്രശ്നങ്ങളെല്ലാം പരിഹരിച്ച് ഇവയുടെ വികസനത്തിനാവശ്യമായ സംവിധാനമൊരുക്കണം, അതോടൊപ്പം 1,4,8, വാർഡുകളിലും 5 ലെ കപ്പലാംകുഴി 6 ലെവാവാട്, 9 ലെ ആറങ്ങോട്, 10- ാം വാർഡിലെ ചുള്ളിയാട്ട് മുക്ക് 12 ലെ വരുംകാല, പനങ്ങാട്, നെടുമല പ്രദേശങ്ങൾ ബന്ധപ്പെടുന്ന കേന്ദ്രത്തിലും ഓരോ സബ്സെന്ററും കൂടി സ്ഥാപിക്കണമെന്ന ആവശ്യം ഉയർന്നുവന്നിട്ടുണ്ട്. പഞ്ചായത്തിൽ ഒരു ആയുർവ്വേദ ആശുപത്രി സ്ഥാപിക്കേണ്ടതാണ്. ഇതിന് വേണ്ട സ്ഥലം നൽകാൻ 7,9 വാർഡുകൾ തയ്യാറായിട്ടുണ്ട്.

മാനിപുരത്തെ സബ്സെന്റർ 10 കിടക്കകളോടെ കിടത്തി ചികിത്സിക്കാവുന്ന രീതിയിലേക്ക് ഉയർത്തണമെന്ന ആവശ്യവും ഉയർന്നിട്ടുണ്ട്. ആരോഗ്യ സംരക്ഷണം ഉറപ്പ് വരുത്തുന്നതിന്ന് മരുന്നുകളോളം തന്നെ പ്രാധാന്യം ബോധവൽകരണ പ്രവർത്തനങ്ങൾക്കുമുണ്ട്. ഫീൽഡ് വർക്കർമാരുടെ സേവനം ഇനിയും കാര്യക്ഷമമാക്കണം. പൊതുആരോഗ്യസ്ഥാപനങ്ങളോടുള്ള ജനങ്ങളുടെ താൽപര്യക്കുറവും പരിശോധിക്കേണ്ടതാണ്. കൂടിയ ജനസാന്ദ്രതക്കനുസരിച്ച് വാർഡുകളിൽ രൂപികരിക്കപ്പെടേണ്ടതും നിലവിലുള്ളതുമായ ആരോഗ്യ കേന്ദ്രങ്ങളിലൂടെയും അംഗൻവാടികളിലൂടെയും ഇതിനായി ശ്രമിക്കാം. ഓരോ വാർഡിൽ നിന്നും തിരഞ്ഞെടുക്കുന്ന 10 പേർക്കു വീതം ഹോം നേഴ്സ് പരിശീലനം നൽകണമെന്ന ആവശ്യവും ഗ്രാമസഭകളിലെ ചർച്ചകളിൽ നിന്ന് വന്നതായി കാണുന്നു.

| നമ്പർ | തടസ്സകാരണം | പരിഹാരം |
|---|---|---|
| 1. | സാമ്പത്തിക പരാധീനത | സർക്കാർ, അർദ്ധസർക്കാർ, സ്ഥാപനങ്ങൾ, സന്നദ്ധസംഘടനകൾ തുടങ്ങിയവയുടെ സഹായത്തിൽ സാമ്പത്തിക സമാഹരണം |
| 2. | സ്ഥല പരിമിതി( കോളനികളിലും ജനങ്ങൾ തിങ്ങി പാർക്കുന്ന മറ്റു സ്ഥലങ്ങളിലും) | സെപ്റ്റിക് ടാങ്കോടുകൂടിയതും ആവശ്യത്തിന് മുറികളുള്ളതുമായ പൊതു കക്കൂസ് |
| 3. | ആവശ്യകത ബോധ്യപ്പെടാത്തതിനാൽ | ആരോഗ്യബോധവൽകരണ പ്രവർത്തനം വിപുലമാക്കുക.അയൽ കൂട്ടങ്ങളി ലൂടെ ആരോഗ്യ ക്ലാസുകളും മറ്റും സംഘടിപ്പിക്കുക |

പഞ്ചായത്തിലെ കോളനി പ്രദേശങ്ങളിലും ജനങ്ങൾ തിങ്ങി പാർക്കുന്ന ഏരിയകളിലും പല രീതിയിലുള്ള രോഗങ്ങളും പകർച്ച വ്യാധികളും കണ്ടു വരുന്നു. ഇതിൽ കൂടുതലും ദരിദ്ര വിഭാഗത്തിൽപ്പെട്ടവർക്കാണ്. കൂലിവേല ചെയ്യുന്നവരുടെ വരുമാനത്തിന്റെ വലിയൊരു ഭാഗം ചികിത്സക്കായി നീക്കിവെക്കേണ്ടി വരുന്നു. ഇതിനുള്ള കാരണങ്ങൾ കണ്ടെത്തുകയും പരിഹാരങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം.

## കക്കൂസ്

പൊതുജനാരോഗ്യത്തെ കുറിച്ച് പറയുമ്പോൾ കുടിവെള്ളം കഴിഞ്ഞാൽ പ്രാധാന്യമർഹിക്കുന്നതാണ് ശുചിത്വം ഇതിൽ പരിസര ശുചിത്വം പാലിക്കാൻ പ്രഥമമായി വേണ്ടത് കക്കൂസും, പഞ്ചായത്തിലെ ഓരോ വാർഡിലും 75 നും 200നുമിടയ്ക്ക് വീടുകളിൽ കക്കൂസ് നിലവിലില്ല എന്ന ഗ്രാമസഭാ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. ആരോഗ്യരംഗത്തെ വലിയ പ്രത്യാഘാതമായി ഇത് നിലനിൽക്കുന്നു. ഇതിൻ പ്രധാന കാരണങ്ങളും പരിഹാര മാർഗ്ഗങ്ങളെയും ഇങ്ങനെ തിരിക്കാം

ഇന്ന് മിക്ക വീടുകളുടെയും കക്കൂസ് ടാങ്കിന്റെ ഗ്യാസ് പൈപ്പുകൽ പൊട്ടികിടക്കുന്നത് കാരണം രോഗവാഹകരായ കൊതുകുകൾ പെരുകുന്നു. ഇത് പോലെ തന്നെ സ്ഥല പരിമിധി മൂലം കക്കൂസുകളും കിണറുകളും അടുത്തടുത്ത് നിർമ്മിക്കപ്പെടുന്നതും പലതരം സാംക്രമിക രോഗങ്ങൾക്ക് കാരണമായി മാറുന്നു.

## പരിസരശുചിത്വം

പരിസരാഘാതമുണ്ടാക്കുന്ന വ്യവസായസ്ഥാപനങ്ങളൊന്നും നിലവിലില്ലെങ്കിലും വലിയ പ്രശ്നമായി മാറിയിരിക്കുന്നത് നഗരശുചീകരണത്തിന്റെ അപാകതയാണ്. പഞ്ചായത്തിലെ പ്രധാന കേന്ദ്രവും തിരക്കേറിയതുമായ കൊടുവള്ളി അങ്ങാടിയിൽ പലയിടങ്ങളിലായി ചപ്പുചവറുകൾ കൂടി വരുന്നു ഓവു ചാലുകൾ നിറഞ്ഞ് പുറത്തേക്കൊ ഒഴുകുകയും പതി

വാണ്. പച്ചക്കറി കടകൾ, കോഴി മറ്റു മാംസ കച്ചവടസ്ഥാപനങ്ങളും ശീതള പാനീയ കച്ചവടക്കാരും കടകളിൽ നിന്നുണ്ടാകുന്ന വേയ്സ്റ്റുകൾ ഓവുകളിലേക്കും പൊതുറോഡുകളിലേക്കും നിക്ഷേപിക്കലാണ് പതിവ്. ഇവ സ്ഥിരമായി ക്ലീൻ ചെയ്യുന്നതിനുള്ള സംവിധാനം നിലവിലില്ല. ഹോട്ടലുകൾ, മെഡിക്കൽ ലാബുകൾ മറ്റു ചില സ്വകാര്യാശുപത്രികളിലേയും വെയ്സ്റ്റ് പൈപ്പുകൾ റോഡിന്ന് ഇരുവശങ്ങളിലുമായുള്ള ഓവ് ചാലുകളിലേക്ക് തുറന്നിരിക്കുന്നു. ഇത്തരം സ്ഥാപനങ്ങളിൽ സെപ്റ്റിക് ടാങ്ക് സിസ്റ്റം ഉണ്ടോ എന്നുറപ്പുവരുത്തുകയും കർശനമായി നിയന്ത്രിക്കുകയും ചെയ്യണം. പാഴ്വസ്തുകളും മറ്റും നിക്ഷേപിക്കുന്നതിന്ന് തൊട്ടടുത്തുള്ള കടകളെ യോജിപ്പിച്ചുകൊണ്ട് കുപ്പത്തൊട്ടികൾ സ്ഥാപിക്കേണ്ടതും ഇക്കാര്യത്തിൽ കച്ചവടക്കാർക്ക് ആവശ്യമായ ബോധവൽകരണം നൽകേണ്ടതുമാണ്. ഇവ നീക്കം ചെയ്യുന്നതിന്ന് പഞ്ചായത്തിലുള്ള സംവിധാനങ്ങൾ അപര്യാപ്തമാണ്. ഇത് ഫലപ്രദമാക്കുന്നതിന്ന് ഇന്നുള്ള ഉന്ത് വണ്ടിക്കു പകരം സ്ഥിരമായി ഓടിക്കൊണ്ടിരിക്കുന്ന ഒരു ടെയ്ലർ ഘടിപ്പിച്ച വാഹനം ഉണ്ടാകണം. ആവശ്യത്തിന്ന് ജീവനക്കാരെയും കണ്ടെത്താവുന്നതാണ്. അങ്ങാടിയിൽ ജനതിരക്കേറിവരുന്നതിന്ന മുമ്പ് തന്നെ ക്ലീനിംഗ് പൂർത്തീകരിക്കുകയും ജനങ്ങളെ കൂടി ബോധാവാന്മാരാക്കുന്നതിന്ന് പ്രധാന കേന്ദ്രങ്ങളിൽ ബോർഡുകൾ സ്ഥാപിക്കുകയും ചെയ്യണം. ഇങ്ങിനെ ഓരോ ദിവസവും നീക്കം ചെയ്യുന്ന ചപ്പുചവറുകൾ പഞ്ചായത്തിന്റേതായ ഏതെങ്കിലും പൊതുസ്ഥലത്ത് കുഴികുഴിച്ച് കമ്പോസ്റ്റാക്കി മാറ്റാവുന്നതാണ്. ഇതിന് സാധിക്കാത്ത വസ്തുക്കൾ സംസ്കരിക്കുന്നതിന്ന് പ്രത്യേകം സൗകര്യവും കണ്ടെത്തണം. കൊടുവള്ളി അങ്ങാടിയിലെ ഓവ് ചാൽ വീതി കൂട്ടി പുനഃസംവധാനം ചെയ്ത് മാലിന്യങ്ങൾ ഒഴുകിപോകുന്ന തരത്തിൽ ക്രമീകരണം ഏർപ്പെടുത്തുകയും മുഴുവൻ ഭാഗവും സ്ലാബിട്ട് മൂടുകയും ചെയ്യണം. മേൽ പറഞ്ഞ എല്ലാ സംവിധാനങ്ങളും മാനിപുരം കരുവൻപൊയിൽ പോലുള്ള അങ്ങാടിയിലേക്കും വ്യാപിപ്പിക്കണം.

പഞ്ചായത്തിനുകീഴിൽ പൊതു മാർക്കറ്റ് സ്ഥാപിക്കുകയും മത്സ്യം ,ഇറച്ചി(ആട്,മാട്,കോഴി) എന്നിവയുടെ കച്ചവടം ഇതിലേക്ക് മാറ്റുകയും ചെയ്തുകൊണ്ട് ലൈസൻസില്ലാത്തതും പൊതുറോഡിനോട് ചേർന്ന് പരിസരമലിനീകരണത്തിനിടയാക്കുന്നതുമായ ഇത്തരം സ്ഥാപനങ്ങളെ നിയന്ത്രിക്കേണ്ടതാണ്. അറവിനുപയോഗിക്കുന്ന മൃഗങ്ങളുടെ ഇറച്ചി, മത്സ്യം എന്നിവ ഭക്ഷ്യയോഗ്യമാണെന്ന് ഉറപ്പ് വരുത്തുന്നതിന് ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥരുടേയും മൃഗവകുപ്പിന്റേയും സീലിംഗ് സമ്പ്രദായവും മറ്റും കർശനമായി നടപ്പിൽ വരുത്തണം.

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ശീതള പാനീയശാലകൾ, ഹോട്ടലുകൾ എന്നിവയിലെ ഭക്ഷണപദാർത്ഥങ്ങളുടെ വില്പനയും മുറികളുടെ ശുചിത്വവും, റോഡുവശങ്ങളിൽ വെച്ചുള്ള വില്പനയും മറ്റും ആരോഗ്യനിയന്ത്രണനിയമങ്ങൾക്ക് വിധേയമാക്കേണ്ടതും ആയത് പാലിക്കുന്നുണ്ടോ എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. ഇവിടങ്ങളിൽ ജോലി ചെയ്യുന്നവർക്ക് ഹെൽത്ത് കാർഡ് സമ്പ്രദായം നടപ്പിലാക്കണം. പാലിക്കപ്പെടാത്തവരുടെ ലൈസൻസ് റദ്ദ് ചെയ്യുന്നതിനും പിഴ ഈടാക്കുന്നതിനും സംവിധാനം ഉണ്ടാകണം.

കൊടുവള്ളിയിലെ ഒരു വിഭാഗം ആളുകളുടെ പ്രധാന ഉപജീവന മാർഗ്ഗമായി കാലിക്കച്ചവടം തുടർന്നു വരുന്നു. വാഹനങ്ങളിലും മറ്റുമായി കൊണ്ടുവരുന്ന കാലികളെ ഇറക്കുന്നതിനും കച്ചവടം ചെയ്യുന്നതിനുമായി പ്രത്യേകം സ്ഥലവും സൗകര്യങ്ങളും ഒരുക്കിക്കൊടുക്കണം. ഇതിനായി ഇന്ന് പൊതുറോഡിനോട് ചേർന്ന സ്ഥലവും പലപ്പോഴും റോഡിന്റെ ഇരുവശങ്ങളിലുമാണ് കണ്ടെത്തുന്നത്. ജനസാന്ദ്രത കുറഞ്ഞ ഒരു പ്രദേശം ഇതിന്നായി സൗകര്യപ്പെടുത്തുന്നതോടൊപ്പം ജനത്തിരക്കേറിയ സ്ഥലങ്ങളിൽ കാലികളെ നടത്തിക്കൊണ്ടുപോകുന്നത് തടയുന്നതിനുകൂടി ശ്രദ്ധിക്കണം. പഞ്ചായത്തിൽ ഒരു പൊതു അറവ്ശാല സ്ഥാപിക്കുകയും അവശിഷ്ടങ്ങൾ സംസ്ക്കരിക്കുന്നതിന് പ്രത്യേക സ്ഥലവും സൗകര്യവും ഇവിടെ ഉണ്ടാകണം. 2,11,10 തുടങ്ങി പല വാർഡുകളിലും നിലവിലുള്ള എല്ലുകുഴി മാറ്റണമെന്ന ആവശ്യം ഗ്രാമസഭകളിൽ നിന്നുണ്ടായിട്ടുണ്ട്.

പൊതുറോഡിന്റെ അരികുകളിൽ സ്വകാര്യവ്യക്തികൾക്കായുള്ള കല്ല് ,മണ്ണ്,വിറക് തുടങ്ങിയ വസ്തുക്കൾ ഇറക്കി ശേഖരിക്കുന്ന രീതിയെ തടയേണ്ടതാണ്. കൊടുവള്ളി അങ്ങാടിയിലും പരിസരപ്രദേശങ്ങളിലുമായുള്ള പേപ്പട്ടിശല്യം തടയാൻ സംവിധാനം ഉണ്ടാക്കുകയും ടാക്സിസ്റ്റാൻഡ് പരിസരത്ത് പൊതുസ്ഥലത്ത് മുൻകാലത്ത് ഉപയോഗിച്ചിരുന്ന കക്കൂസും മൂത്രപ്പുരയും തുറന്ന് പ്രവർത്തിപ്പിക്കുകയും ചെയ്യണം. പാലക്കുറ്റി അങ്ങാടിയിൽ പൊതുകക്കൂസ്, കിണർ,മൂത്രപ്പുര എന്നിവ സ്ഥാപിക്കുകയും കൊടുവള്ളി മുസ്ലീംയത്തീംഖാനയിൽനിന്നും പുറത്തേക്കൊഴുകുന്ന മലിനജലം നിയന്ത്രിക്കുകയും ചെയ്യണമെന്ന ആവശ്യവും വാവാട്, പൊയിൽ ഭാഗങ്ങളിലെ റോഡിന്ന് ഇരുവശങ്ങളിലും ഓവുചാൽ നിർമ്മിക്കുക, മാനിപുരത്ത് ഒരു പൊതുകക്കൂസും മൂത്രപ്പുരയും സ്ഥാപിക്കുക. ഇവിടെ

യുള്ള PWD യുടെ അരസെന്റ് സ്ഥലം ഉപയോഗിച്ച് മത്സ്യമാർക്കറ്റ് നിർമ്മിക്കുക,പഞ്ചായത്തിന്റെ പല ഭാഗങ്ങളിലൂടെയായി പോകുന്ന പൈപ്പ് ലൈൻ പൊട്ടി മലിനജലം കടക്കുന്നത് തടയാൻ ശ്രദ്ധിക്കുക, എന്നീ ആവശ്യങ്ങളും ഗ്രാമസഭാ ചർച്ചകളിൽ ഉണ്ടായിട്ടുണ്ട്.

പഞ്ചായത്തിലെ പല വാർഡുകളിലായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന 6 ഓളം സ്റ്റോൺ ക്രഷറുകളിൽ വൻഭീഷണി ഉയർത്തുന്നതായി പലതും നില നിൽക്കുന്നു.പാലിക്കപ്പെടേണ്ട നിയമങ്ങൾക്കനുസരിച്ചാണോ ഇവ പ്രവർത്തിക്കുന്നത് എന്നുറപ്പ് വരുത്തുകയും വേണ്ട നടപടികൾ എടുക്കുകയും ചെയ്യണം. അതുപോലെ ഖനനം ചെയ്തെടുക്കുന്ന കല്ലുവെട്ട്, പാറപൊട്ടിക്കൽ, മണ്ണെടുക്കൽ തുടങ്ങിയവയും നിയന്ത്രിക്കണം. പുഴയിൽ നിന്നുള്ള മണൽ വാരൽ, വേനൽക്കാലകൃഷി, കീടനാശിനിപ്രയോഗം, തോട്ടപൊട്ടിക്കൽ, നഞ്ചുകലക്കൽ, ഓല,ചകിരി എന്നിവ ചീയിക്കൽ എന്നീ പാരിസ്ഥിതിക പ്രശ്നങ്ങളിലും കർശന നിയന്ത്രണം കൊണ്ടുവരണം.പല വാർഡു പ്രദേശങ്ങളിലും ഇത്തരം പ്രശ്നങ്ങൾ നിലനിൽക്കുന്നതായും മാംസാവശിഷ്ടങ്ങൾ, പഴകിയ മത്സ്യം, മറ്റു ചപ്പു ചവറുകളും പുഴയിൽ നിക്ഷേപിക്കുന്നതായും പൊതുസ്ഥലങ്ങളിലെ തണൽ വൃക്ഷങ്ങൾ മുറിച്ചു മാറ്റാൻ ശ്രമിക്കുന്നതായും ഗ്രാമാസഭാ റിപ്പോർട്ടുകളിൽ സൂചിപ്പിക്കുന്നു.

വർഷക്കാലത്തും, വരൾച്ചക്കാലത്തും പഞ്ചായത്തിന്റെ പല ഭാഗങ്ങളിലായി പകർച്ചവ്യാധികൾ, ത്വക്ക് രോഗങ്ങൾ, വയറിളക്കരോഗങ്ങൾ എന്നിവ കണ്ടുവരുന്നു. ഇതിനെതിരെ ക്ലോറിനേഷൻ, ഊച്ചനശീകരണം, കൊതുകു നശീകരണം തുടങ്ങി മുകളിൽ സൂചിപ്പിച്ച പല കാര്യങ്ങളിലൂടേയും ഫലപ്രദമാക്കാവുന്നതാണ്. അടുക്കളയിലെ അവശിഷ്ടങ്ങളും ചപ്പു ചവറുകളും കമ്പോസ്റ്റാക്കി മാറ്റിക്കൊണ്ട് അടുക്കളത്തോട്ടങ്ങളിൽ ഉപയോഗപ്പെടുത്താം. വീട്ടമ്മമാരുടെ വിട്ടുമാറാത്ത തലവേദന, കാഴ്ചക്കുറവ്, ചുമ, ശ്വാസകോശസംബന്ധമായ മറ്റസുഖങ്ങളും നിയന്ത്രിക്കുന്നതിനും ഇന്ധന ലാഭത്തിനുമായി ഓരോ വീട്ടിലും പുകയില്ലാത്ത അടുപ്പുകളും, ഗ്യാസ് അടുപ്പുകളും സ്ഥാപിക്കുന്നതിന് പഞ്ചായത്ത് തലത്തിൽ സംവിധാനം ഉണ്ടാക്കണം.

രക്തക്കുറവും, പോഷകാഹാരക്കുറവും പല ഭാഗത്തും കണ്ടു വരുന്നു. സാമ്പത്തികമായി ഉയർന്നു നിൽക്കുന്ന പല കുടുംബങ്ങളും കുത്തിവെപ്പുകളോടും ക്ളോറിനേഷൻ പോലുള്ള പ്രതിരോധമാർഗ്ഗങ്ങളോടും വിമുഖത കാണിക്കുന്നു. ഇത്തരത്തിൽ കുത്തിവെയ്പ് നടത്താത്ത 59 ഓളം കുടുംബങ്ങളുള്ളതായി ആരോഗ്യസർവേ റിപ്പോർട്ട്. വയലുകളും മറ്റും നികത്തിക്കൊണ്ടിരിക്കുന്ന പ്രദേശങ്ങളിൽ ജലം കെട്ടി നിൽക്കുകയും ഇവിടെ മാരകങ്ങളായ രോഗാണുക്കൾ പെരുകുന്നതായും അറിയുന്നു. ശബ്ദമലിനീകരണം തടയുന്നതിന് ആവശ്യമായ സംവിധാനങ്ങൾക്ക് രാഷ്ട്രീയ പാർട്ടികളും മറ്റ് പൊതു പ്രവർത്തകരും രൂപം കൊടുക്കേണ്ടുന്നതിന്ന് ആവശ്യമായിത്തീർന്നിരിക്കുന്നു.

പഞ്ചായത്തിലെ ആരോഗ്യസംവിധാനം മെച്ചപ്പെടുത്തുന്നതിന് പഞ്ചായത്ത് തലത്തിൽത്തന്നെ ഒരു സമിതി രൂപികരിച്ച് പ്രവർത്തിക്കുന്നത് നന്നായിരിക്കും. ഇതിൽ പരിസരശുചിത്വത്തിന് പ്രത്യേക സമിതിയും ആകാം.

പഞ്ചായത്തിലെ ജനങ്ങളുടെ കായിക പരിശീലനത്തിനും യോഗാഭ്യാസത്തിനുമായി ഒരു യോഗ പരിശീലനകേന്ദ്രം പഞ്ചായത്തിനു കീഴിൽ ആരംഭിക്കണം. ജനതയുടെ കായികവും മാനസികവുമായ ആരോഗ്യം മെച്ചപ്പെടുത്താൻ ഇത് സഹായമാവും.

പഞ്ചായത്തിലെ പല വാർഡുകളിലും പൊതു ശ്മശാനം ആവശ്യമായി ഉയർന്നിട്ടുണ്ട്. പഞ്ചായത്തിൽ ഒന്നെങ്കിലും അത്യാവശ്യമായി കണ്ടെത്തണം. അതോടൊപ്പം പ്രത്യേക വിഭാഗങ്ങൾ ഇന്ന് ഉപയോഗിച്ച് വരുന്ന ശ്മശാനങ്ങളുടെ സംരക്ഷണം ഉറപ്പ് വരുത്താൻ നടപടിയെടുക്കേണ്ടതാണ്.

ഓരോ വാർഡിലേയും ജനങ്ങളുടെ രക്തഗ്രൂപ്പ് വാർഡിലെ പ്രധാന കേന്ദ്രത്തിൽ തയ്യാറാക്കി വെക്കേണ്ടതും രക്തദാനത്തിന്റെ ആവശ്യകത ബോധ്യപ്പെടുത്തേണ്ടതുമാണ്.

പഞ്ചായത്ത് വാസികളുടെ പൊതു ആരോഗ്യസ്ഥിതി മെച്ചപ്പെടുത്തുവാനുള്ള പുകവലി,മദ്യപാനം,പുകയില കൂട്ടിയുള്ള മുറുക്കൽ ,വിദ്യാഭ്യാസസ്ഥാപനങ്ങളേയും മറ്റും കേന്ദ്രീകരിച്ച് നടക്കുന്ന മദ്യമയക്കുമരുന്ന് വിൽപ്പന, ലഹരിപദാർത്ഥങ്ങളടങ്ങിയ പാനീയങ്ങളും മിഠായികളും, ആയുർവേദ ശാലകളിലൂടേയും മറ്റും വിതരണം ചെയ്യുന്ന ചിലതരം പാനീയങ്ങളുടെ മേലും കർശനമായ നിയന്ത്രണം ഏർപ്പെടുത്തുകയും ജനങ്ങളിൽ ബോധവൽക്കരണം നടത്തുകയും ചെയ്യണം.

ഇത്തരത്തിലുള്ള മുഴുവൻ സാധ്യതകളേയും മറ്റും പ്രയോജനപ്പെടുത്തി ആരോഗ്യ രംഗത്തെ സ്ഥാപനങ്ങളേയും സന്നദ്ധ സംഘടനകളേയും കൂട്ടിയിണക്കിയാൽ നമ്മുടെ പഞ്ചായത്തിൽ"ശുചിത്വ ഗ്രാമം ആരോഗ്യ ഗ്രാമം "എന്ന സ്വപ്നം യാഥാർത്ഥ്യമാക്കി മാറ്റാൻ കഴിയും.

## ഗ്രാമസഭകളിലൂടെ ഇടത്തരം പദ്ധതികളും കുടിവെള്ള ക്ഷാമ ബാധിത പ്രദേശങ്ങളും പരിഹാര മാർഗ്ഗങ്ങളും.

1-ാം വാർഡ് : കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളായ വെണ്ണക്കാട് മല, കുമ്മങ്ങോട് മല, പാറോപ്പഞ്ഞി മല എന്നിവിടങ്ങളിലേക്കായി വെണ്ണക്കാട് സ്ക്കൂൾ ഗ്രൗണ്ടിലുള്ള കിണറ്റിലെ വെള്ളം വെണ്ണക്കാട് മലയിൽ ടാങ്ക് കെട്ടി പമ്പ് ചെയ്തു ക്ഷാമം പരിഹരിക്കാവുന്നതാണ്.

**2-ാം വാർഡ്** : കെടേക്കുന്നു, ആച്ചുപൊയിൽ ഭാഗങ്ങളിലെ കുടിനീർ ക്ഷാമം കുഴിക്കണ്ടം വയലിൽ കിണർ കുഴിച്ച് ഇരുഭാഗങ്ങളിലും ടാങ്ക് കെട്ടി വെള്ളം വിതരണം ചെയ്താൽ പരിഹരിക്കാം

**3-ാം വാർഡ്** : കിണർ കുഴിച്ച വെള്ളം നിലനിർത്താൻ കഴിയാത്തതും ജലക്ഷാമം കൂടുതലായിഅനുഭവപ്പെടുന്നതുമായ പ്രദേശങ്ങളാണ് ഉളിയാടൻ കുന്ന്, പറേങ്ങച്ചാൽ, ഞെള്ളോറ. ഞെള്ളോറയിൽ നിർമ്മാണത്തിലിരിക്കുന്ന ടാങ്കിൽ നിന്ന് വാർഡിൽ മൊത്തം ജല വിതരണം ചെയ്താൽ ജലക്ഷാമത്തിന് പരിഹാരം ലഭിക്കും

4 -ാം വാർഡ്: ആറങ്ങോട് വയലിൽ കിണർ സ്ഥാപിച്ച് പുതിയ വാട്ടർ ടാങ്ക് കെട്ടി മുക്കുന്നം ചാൽ, മേലെപാലക്കുറ്റി, ആറങ്ങോട്, ഞെള്ളോറ, അയ്യപ്പൻകാവ് എന്നീ പ്രദേശങ്ങളിലേക്ക് വെള്ളം സപ്ലൈ ചെയ്യുകയോ ഞെള്ളോറയിൽ നിർമാണത്തിലിരിക്കുന്ന ടാങ്കിൽ നിന്ന് പൈപ്പ് ലൈൻ വഴിയോ ജലക്ഷാമം പരിഹരിക്കാവുന്നതാണ്.

5-ാം വാർഡ് : വാർഡിലെ ജലക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളായ മൂഴിക്കുന്ന്. കപ്പലാംകുഴി, പുരകെട്ടിൽ, ആനപ്പാറ തുടങ്ങിയ ഭാഗങ്ങളിലേക്ക് കാപ്പ്മല പദ്ധതിയിൽനിന്ന് പൈപ്പ് ദീർഘിപ്പിക്കുകയും കണ്ടാലമലയിലെ കവുങ്ങാം കുഴി നീർച്ചാൽ ഉപയോഗിച്ചും പരിഹരിക്കാൻ കഴിയും.

6-ാം വാർഡ് : വാർഡിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന്ന് പൂനൂര് പുഴയിൽ കിണർ കുഴിച്ച് താന്നിയോട്ട് മല, തൃക്കതെറ്റ് കുന്ന് എന്നിവിടങ്ങളിൽ ടാങ്ക് നിർമ്മിച്ച് ജലം ലഭ്യമാക്കണം.

7-ാം വാർഡ്: പൂക്കോട് അംഗനവാടിക്ക് സമീപം കുളംകുത്തി ഉരിയാണിക്കുന്ന് മലയിൽ ടാങ്ക് നിർമ്മിച്ച് ജലവിതരണം ചെയ്ത് തമ്പാറ, പൂക്കോട്, വാവാട്, ഉരിയാണിക്കുന്ന് എന്നീ മേഖലകളിലും മറ്റും കുടിവെള്ള പ്രശ്നം നികത്താനാവും.

അണ്ടോണ, വാവാട്, പോർങ്ങോട്ടൂര്, പാലക്കുന്ന് ഹരിജൻ കോളനി, എന്നിവിടങ്ങളിലേക്ക് KWA യുടെ പൈപ്പ് ലൈൻ നീട്ടിക്കൊടുത്തും പരിഹരിക്കാനാവും.

8-ാം വാർഡ് : കടുത്ത ജലക്ഷാമമുള്ള കൈതാക്കുന്നിൽ ടാങ്ക് കെട്ടി വട്ടത്താംപൊയിലെ നീരൊഴുക്ക് ഉപയോഗിച്ചാൽ ഈ മേഖലയിലേക്ക കുടിവെള്ളം എത്തിക്കാം.

8-ാം വാർഡ് : വട്ടിക്കുന്നിൽ ടാങ്ക് നിർമ്മിച്ച് ചെറു പുഴ ബൈപാസ് ചെയ്താലും വട്ടിക്കുന്ന്,കണ്ടിൽ തൊടുക, കളരാന്തിരി ഭാഗങ്ങളിൽ ജലക്ഷാമം പരിഹൃതമാകും.

9-ാം വാർഡ്: വെള്ളം ലഭിക്കാൻ വളരെ പാടുപെടുന്ന കണക്കനാം കുന്നിൽ ടാങ്ക് നിർമിച്ച് പൊതു സ്ഥലമായ പാറക്കുളങ്ങരയിൽ കിണറോ, കുളമോ കുഴിച്ച് വെള്ളം വിതരണം ചെയ്യുക. ഒതയോത്ത്, തിയ്യക്കുന്ന്, മൂശാരിയാത്ത്, പുതിയടത്ത്,ഉമ്മാരത്ത് കുന്ന്,തച്ചോട്ടമ്മൽ ഭാഗങ്ങളിൽകുടിനീര് ലഭിക്കാൻ ഈ കണക്കനാംകുന്ന് പദ്ധതി ഉപകരിക്കും.

തച്ചോട്ടമല, പാലക്കുന്ന്, കാരക്കുന്ന്, കാവിൽ,മേലേകാവിൽ ,തച്ചോട്ടക്കുന്ന്,എന്നിവിടങ്ങളിലേക്ക് തച്ചോട്ടക്കുന്ന് ലക്ഷം വീട്ടിലുള്ള ടാങ്ക് ഉയരത്തിൽ മാറ്റി സ്ഥാപിച്ച് പൈപ്പ് ലൈൻ നീട്ടിയാൽ മതി. കാപ്പ് മലയിലെ ടാങ്കിൽ നിന്ന് ടാങ്ക് ചുറ്റു ഭാഗങ്ങളിലേക്കും പൈപ്പ് കണക്ഷൻ കൊടുത്താൽ വാർഡിന്റെ പകുതിയിലേറെ ആളുകൾക്കും ജലക്ഷാമത്തിന് പരിഹാരം കിട്ടും.

**10-ാം വാർഡ്: മുങ്ങോട്ട് കടവിൽ കിണറ് കുഴിച്ച് ഇടിയാർ മലയിൽ ടാങ്ക് നിർമിച്ചാൽ ഈ പദ്ധതിയിലൂടെ ഇടിയാർ മലയിലെ** നാനാഭാഗങ്ങളിലെ താഴ്വരകളായ ചുള്ളിയാട്,മുണ്ടോട്ട്, വാപ്പിനിക്കണ്ടി, മാതക്കാട്ട്കുഴി, നൂഞ്ഞിക്കര, പൊങ്ങോടൻ ചാൽ, എന്നിവിടങ്ങളിലെ ജലക്ഷാമം പരിഹരിക്കാൻ കഴിയും. വാർഡിലെ ഐ.എച്ച്.ഡി.പി. കോളനിയായ പുവ്വറ മലയിൽ ഒഴുകി ക്കൊണ്ടിരിക്കുന്ന നീരുറവ കെട്ടിനിർത്തി വിതരണം ചെയ്താൽ പുവ്വറ മല കോളനി ,ചോലയിൽ,നൂഞ്ഞിക്കര, പുളിരിക്കണ്ടി,പൊങ്ങോടൻചാൽ, പ്രദേശങ്ങൾക്കുള്ള ജലക്ഷാമം തീരും.

ചോയൻ കുന്നിൻ മുകളിൽ ടാങ്ക് നിർമ്മിച്ച് നിലവിലുള്ള പൊതു കിണർ ഉപയോഗിച്ചാൽ ചോയൻ

കുന്നിലെയും പരിസരങ്ങളായ പെരിക്കണ്ടി തുടങ്ങിയ സ്ഥലങ്ങളിലേയും കുടിവെള്ള പ്രശ്നത്തിന് പരിഹാരമാകും.

**11-ാം വാർഡ്** : ചെമ്പറ്റ മലയിലെ നീർച്ചാൽ ഉപയോഗപ്പെടുത്താൻ ചെമ്പറ്റ മലയിൽ ടാങ്ക് നിർമ്മിച്ച് വെള്ളം സപ്ലൈ ചെയ്താൽ മഞ്ചപ്പാറ, പൂവ്വറ മല, പാലക്കുണ്ടത്തിൽ പൊയിൽ പാളി, പൊൻപാറ എന്നീ പ്രദേശങ്ങളിലെ ജലക്ഷാമത്തിന് പരിഹാരം ലഭിക്കും. പൊമ്പാറ ഭാഗത്ത് റോഡിൽ രണ്ട് ടാപ്പുകൾ സ്ഥാപിക്കണം

**12-ാം വാർഡ്**: പനങ്ങാട് കുന്നിൽ നിലവിലുള്ള കുഴൽ കിണർ റിപ്പയർ ചെയ്ത് ടാങ്കിലൂടെ വിതരണം ചെയ്താൽ പട്ടിക ജാതി കോളനിക്കും അയൽ പ്രദേശങ്ങളായ കക്കേരി, എരഞ്ഞിക്കോത്ത്, തലപ്പെരുമണ്ണ എന്നിവിടങ്ങളിലെ വീട്ടുകാരുടെ കുടി വെള്ള ക്ഷാമം തീരും.

**13-ാം വാർഡ്**: ചിരുതോട്ടം വയലിൽ കിണർ കുഴിച്ച് കൊയപ്പറ്റ കുന്നിൽ ടാങ്ക് നിർമ്മിച്ച് പമ്പിങ്ങ് നടത്തിയാൽ ഈ മേഖലയിലെ രൂക്ഷമായ കുടിനീർക്ഷാമം തീരും.

**14-ാം വാർഡ്**: കരിവില്ലിക്കാവിൽ കുളംകുഴിച്ച് കുന്നത്ത് പറമ്പിൽ ടാങ്ക് നിർമ്മിച്ച് പമ്പിങ്ങ് നടത്തിയാൽ കരിവില്ലിക്കാവ് , കുന്നത്ത് പറമ്പ്, പുതുക്കുടി കുന്ന്, പനോളികാവ്, ചുണ്ടപുറം, ചെമ്പറ്റ, ചെറോത്ത്, മുക്കിലങ്ങാടി എന്നിവിടങ്ങളിലേക്ക് കുടിവെള്ളം ലഭിക്കും

## *നീരുറവകൾ*

പഞ്ചായത്തിന്റെ വിവിധ വാർഡുകളിലായി പ്രകൃതിദത്തമായി നിലവിലുള്ള നീർചാലുകളായ അരിയിൽ, അയ്യപ്പൻകാവ്, കണ്ടാല, (കവുങ്ങാൻ കുഴി) വട്ടത്താൽ പൊയിൽ, കാഞ്ഞിരോട്ട് പാറ (കണ്ടയിൽ) പുവ്വറമല, ചെമ്പറ്റ (പെരിയാൻ തോട്) കരിവില്ലിക്കാവ് തുടങ്ങിയ ഉറവകൾ നാട്ടിലെ ജനപങ്കാളിത്തത്തോടെ ചുരുങ്ങിയ ചിലവിൽ നടപ്പിലാക്കാവുന്ന പദ്ധതികളാണ്. ഈ പദ്ധതിയിലൂടെ പഞ്ചായത്തിലെ മിക്ക വാർഡുകളിലും ഒരളവോളം ജലക്ഷാമം പരിഹരിക്കാൻ കഴിയും.

## *പ്രാവർത്തികമാക്കാവുന്ന പഞ്ചായത്ത് തല പദ്ധതികൾ*

(1) കൊടുവള്ളി, മടവൂർ, കിഴക്കോത്ത്,വില്ലേജുകൾക്കായി നിലവിലുള്ള കാപ്പമല(കരീറ്റിപ്പറമ്പ്) സ്കീമിൽ വെള്ളം ലഭിക്കാത്തതുകൊണ്ട് ഈ സ്കീം കൊടുവള്ളി പഞ്ചായത്തിന് മാത്രമായി മാറ്റുകയും മടവൂർ പഞ്ചായത്തിനായി പെരുമുണ്ണാമുഴി കനാലിനടുത്തും കിഴക്കോത്ത് പഞ്ചായത്തിനായി പൂനൂർ പുഴയിലും സോർസ് കണ്ടെത്തുകയും ചെയ്യുക.

ഇതോടൊപ്പം തന്നെ കാപ്പമല പദ്ധതിയുടെ നടമ്മൽ കടവിലുള്ള പമ്പ് ഹൗസിന്റെ തൊട്ട് മേലേ ഭാഗത്ത് ചേമ്പങ്ങൽകടവിൽ ഒരു കിണർ കൂടി കുഴിച്ച് നിലവിലുള്ള കിണറിലേക്ക് വെള്ളം കടത്തിവിടുകയും ചെയ്യുക.

കൂടാതെ ഈ പമ്പ്ഹൗസിന്റെ അടുത്ത കിണറുകളിലും അയൽവാസികളായ വീട്ടുകാരുടെ കിണറുകളിലും ജലവിതാനം ഉയർത്തുന്നതിന് നടമ്മൽ കടവിൽ ചെക്ക് ഡാം നിർമ്മിക്കുകയും കാപ്പുമലയിലെ പദ്ധതി ടാങ്ക് കൂടുതൽ ഉയരത്തിലേക്ക് ഒന്നു കൂടി നിർമ്മിക്കുകയും ചെയ്താൽ പഞ്ചായത്തിന്റെ ജലക്ഷാമം പരിഹരിക്കാൻ കഴിയും.

(2) 5,6,7,8, വാർഡുകൾ ഉൾക്കൊള്ളുന്ന വാവാട് വില്ലേജിന്ന് ഒരു സ്കീമും നിലവിലില്ലാത്തതിനാൽ പുരക്കെട്ടിൽ ഭാഗത്ത് ടാങ്ക് നിർമിച്ച് പൂനൂർ പുഴയിൽ കിണർ നിർമ്മിച്ചും കൊണ്ട് ഒരു പുതിയ പദ്ധതി ആവിർഷ്ക്കരിക്കുകയും പൂനൂർ പുഴയ്ക്ക് കൊടുവള്ളി കടവിൽ ഒരു ചെക്ക് ഡാം നിർമ്മിക്കുകയും ചെയ്യുക.

## *നിർദ്ദേശങ്ങൾ*

പഞ്ചായത്തിലൂടെ നീളമുള്ള പൊതു കിണറുകൾ,കുഴൽ കിണറുകൾ,ടാങ്കുകൾ,ടാപ്പുകൾ മുതലായവയിൽ നിന്ന് ജലം ദുരുപയോഗപ്പെടുത്തുന്നതിൽ നിന്ന് തടയുന്നതിന് ജനങ്ങളെ ബോധവൽക്കരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുക

ഈ നിർദ്ദേശങ്ങൾ പരിഗണിച്ചു കഴിഞ്ഞാൽ നമ്മുടെ പഞ്ചായത്തിലെ കുടിവെള്ള പ്രശ്നം പൂർണ്ണമായും പരിഹരിക്കാൻ സാധിക്കും.



# വിഭവസമാഹരണം

നമ്മുടെ പഞ്ചായത്തിന്റെ വിഭവ സമാഹരണ ശേഷി വർദ്ധിക്കുന്നത് 'മുഖ്യമായും രണ്ട് ' മേഖലകളുടെ മുന്നേറ്റത്തിലുടെയാണ്.അവ കൃഷി വികസനവും വ്യവസായ വളർച്ചയു മാണ്. ദൗർഭാഗ്യകരമെന്ന് പറയട്ടെ ഈ രണ്ടു മേഖലകളുടേയും വളർച്ച വേണ്ടത്ര ആശാവഹ മല്ല.ഇവയുടെ ഉന്നമനത്തിന് 'ഗ്രാമ പഞ്ചായത്തുകൾക്ക്' ഫലപ്രദമായി പ്രവർത്തിക്കുവാൻ കഴിഞ്ഞാൽ വേണ്ടത്ര പുരോഗതി കൈവരി ക്കാൻ സാധിക്കും ഈ രംഗങ്ങളിലെ പ്രശ്നം പരിഹരിക്കാതെ വിഭവസ മാഹരണം അസാദ്ധ്യമാണ്.

## *വരുമാന മാർഗ്ഗങ്ങൾ ഇനം തിരിച്ച്*

| നമ്പ്ര് | ഇനം | സംഖ്യ | |
|---|---|---|---|
| 1 | കെട്ടിട നികുതി | 541375 | 07 |
| 2 | വിനോദ നികുതി | 24670 | 00 |
| 3 | തൊഴിൽ നികുതി | 252191 | 00 |
| 4 | ഉപാധിരഹിതഫണ്ട് | 173880 | 00 |
| 5 | എസ്.സി.പി | 107870 | 00 |
| 6 | ജെ.ആർ.വൈ | 410391 | 00 |
| 7 | ഗ്രാന്റുകൾ | 313268 | 00 |
| 8 | സംഭാവനകൾ | 32907 | 00 |
| | ആകെ | 1856552 | 00 |
| 9 | ചിലവ് എസ്റ്റാബ്ലിഷ്മെന്റ് | 749507 | 00 |

ഗൾഫ് മേഖലയിൽ ജോലി ചെയ്യുന്നവർ നമ്മുടെ പഞ്ചായ ത്തിൽ 2000 ൽ അധികമുണ്ട്. ഇവ രിൽ ഉയർന്ന സാമ്പത്തിക നില കൈവരിച്ചവരും അല്ലാത്തവരു മുണ്ട്. ഷോപ്പ് ആക്റ്റ് അനുസരിച്ച് റജിസ്റ്റർ ചെയ്ത കച്ചവടക്കാർ 378 ആണ്. കച്ചവടസ്ഥാപനങ്ങളിൽ നിന്ന് ലൈസൻസ് ഫീസായി കഴിഞ്ഞ വർഷം. ............................ രൂപ വസൂലാക്കിയിട്ടുണ്ട്.

പഞ്ചായത്തിന്റെ നികുതി ദായ കർ അവർ ഒടുക്കേണ്ട നികുതി യഥാസമയത്ത് ഒടുക്കുന്നതിനുള്ള ബോധവൽക്കരണം അത്യന്താപേ ക്ഷിതമായിരിക്കുന്നു. നികുതി കൊടുക്കുന്നത് ബാദ്ധ്യതയല്ല പങ്കാ ളിത്തമാണ് എന്ന ബോധം വളർത്തുന്നതോടൊപ്പം നികുതി പിരിവ് രംഗത്ത് സുതാര്യത ഉറപ്പ് വരുത്തേണ്ടതായിട്ടുണ്ട്.നികുതി വസൂലാക്കുന്നതിന്റെ ന്യായവ ശവും അത് എന്തിനൊക്കെ പ്രയോ ജനപ്പെടുത്തുന്നു എന്നതും വ്യക്ത മാക്കുന്നത് ഗുണപ്രദമായിരിക്കും. വാർഡ് വികസന സമിതികൾ രൂപീ കരിച്ച് വികസന കാര്യങ്ങളോ ടൊപ്പം നികുതി ദായകന്റെ ചുമത ലകളെക്കുറിച്ച് ബോധവൽക്ക രണവും നടത്താൻ സാധിക്കും.

സർക്കാർ അർദ്ധസർക്കാർ ജീവ നക്കാർക്ക് പുറമെ സ്ഥിരം തൊഴി ലെടുക്കുന്ന മുഴുവൻ സ്വകാര്യ ഉട മയിലുള്ള ജോലിക്കാരോടും നികുതി ഈടാക്കാവുന്നതാണ്.

പ്രത്യുല്പാദന പരമല്ലാത്ത മേഖ ലകളിലാണ് പഞ്ചായത്തിന്റെ പണം കൂടുതലും ചിലവഴിക്കപ്പെടുന്നത് അതുകൊണ്ട് പ്രത്യുൽപ്പാദനരംഗ ങ്ങളിലേക്ക് ഈ പണം ചിലവഴിക്കേ ണ്ടതായിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന് സ്വന്തമായി മത്സ്യമാർക്കറ്റ്,ആഴ്ച ച്ചന്ത ,കാലിചന്ത,അറവ് ശാല എന്നിവ ഉണ്ടായാൽ അത് വഴി വരുമാനങ്ങൾ വർദ്ധിപ്പിക്കാൻ സാധിക്കും.

പഞ്ചായത്തുകൾ വഴി ദേശീയ സമ്പാദ്യപദ്ധതിയുടെ ഭാഗമായ ഇന്ദിരാ വികാസ്പത്ര തുടങ്ങിയവ പരമാവധി വിതരണം ചെയ്ത് ഫണ്ട് ശേഖരണം നടത്താൻ സാധിക്കും.ഇതിനുവേണ്ടി മഹിളാ പ്രധാൻമാരെ നിയമിക്കുകയും ചെയ്യാം. കഴിയുന്നതും സന്നദ്ധപ്ര

വർത്തനങ്ങൾ വഴി വികസനപ്രവർത്തനങ്ങൾ നടത്താൻ ശ്രദ്ധിക്കേണ്ടതാണ്. തൊഴിലാളികളെ ഗ്രൂപ്പ് ഇൻഷ്വാറൻസ്സ്കീമിൽ കൊണ്ടുവരാനും അതിൽ അംഗത്വമുള്ളവരിൽനിന്ന് തൊഴിൽനികുതി ഈടാക്കാനും ശ്രമിക്കാവുന്നതാണ് തറവിസ്തീർണ്ണം നോക്കി കെട്ടിടനികുതി പിരിക്കാതെ കെട്ടിടത്തിന്റെ മോഡിയും അതിലെ ആഡംബരവസ്തുക്കളും കണക്കിലെടുത്ത് നികുതി ഈടാക്കുന്ന രീതി അവലംബിക്കേണ്ടതായിട്ടുണ്ട്.

നിലവിലുള്ള കമ്യൂണിറ്റി ഹാൾ വിപുലപ്പെടുത്തുകയും കല്യാണമണ്ഡപം കൂടി സ്ഥാപിച്ച് വരുമാനം വർദ്ധിപ്പിക്കുകയും ചെയ്യാവുന്നതാണ്.

നമ്മുടെ പഞ്ചായത്തിൽ ധാരാളം പുറമ്പോക്ക് സ്ഥലങ്ങളുണ്ട്.ഇവ മുഴുവൻ അളന്ന് തിട്ടപ്പെടുത്തി ലീസ് ശരിക്കും ഈടാക്കേണ്ടതുണ്ട്.പരിസ്ഥിതിക്ക് വലിയ ഭീഷണിയുള്ള മണൽ ലേലം ഒഴിവാക്കി ഓരോ വർഷവും പുറമ്പോക്ക് ഭൂമി ലീസിന് കൊടുക്കുന്നത് ലേല രൂപത്തിലാക്കുന്നതാണ് നല്ലത്.

ടാക്സി സ്റ്റാണ്ട്,ഓട്ടോസ്റ്റാണ്ട് ഇവിടങ്ങളിൽ നിർത്തുന്ന വാഹനങ്ങൾക്ക് നികുതി ഈടാക്കാവുന്നതാണ്. അറവു മൃഗങ്ങൾക്ക് സീൽ വെക്കുകയും സീൽ വെക്കുമ്പോൾ ചെറിയ നികുതി വസൂൽ ചെയ്യുകയും ആവാം.

വാർഡ് അടിസ്ഥാനത്തിൽ അയൽക്കൂട്ടങ്ങൾ രൂപികരിച്ച സന്നദ്ധ പ്രവർത്തനത്തിന്നും മറ്റു വികസനപ്രവർത്തനങ്ങൾക്കും ജനങ്ങളെ പങ്കാളികളാക്കാനുള്ള പ്രവർത്തനത്തിന് പ്രോത്സാഹനം നൽകാവുന്നതാണ്.വിദ്യാഭ്യാസപ്രചരണവും ബന്ധപ്പെട്ട പ്രവർത്തനങ്ങളും ഇത് വഴി വിജയിപ്പിച്ചെടുക്കാൻ കഴിയുന്നതാണ്.

നമ്മുടെ പഞ്ചായത്തിൽ നിന്നും ശേഖരിക്കുന്ന നിക്ഷേപത്തിന്റെ 90% ഈ പഞ്ചായത്തിലുള്ളവർക്ക് വായ്പ നൽകാൻ സഹകരണ ബാങ്ക്കളും പഞ്ചായത്തിലെ മറ്റു ഷെഡ്യൂൾഡ് ബാങ്കുകളും സന്നദ്ധമാകേണ്ടതുണ്ട

ഇത്തരം വിഭവസമാഹരണത്തിൽകൂടിയല്ലാതെ പഞ്ചായത്തിന്റെ വരുമാനം മാത്രം ഉപയോഗിച്ച് വികസനപ്രവർത്തനങ്ങൾ നടത്താൻ കഴിയില്ലെന്ന വസ്തുത പ്രത്യകം ഓർമ്മിപ്പിക്കുന്നു.



| ക്രമ നമ്പർ | സംഘത്തിന്റെ പേര് | പ്രവർത്തന പരിധി | വ്യക്തിത്വം | ഓഹരി മൂലധനം | കടം | നിക്ഷേപം | കാർഷികം | മറ്റു വായ്പകൾ | പ്രവർത്തന മൂലധനം | ലാഭം | പ്രവർത്തനം ആരംഭിച്ച വർഷം |
|---|---|---|---|---|---|---|---|---|---|---|---|
| 1 | ഫെഡറൽ ബാങ്ക് (ലിമിറ്റഡ്) | പരിധിയില്ല |  | 11 കോടി | ഇല്ല | 3 കോടി | 1 കോടി | 4 കോടി | 14 കോടി |  | 1972 |
| 2 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ | ഇല്ല | ഇല്ല | - | ഇല്ല | 35110000 | 8212000 | 16841000 |  |  | 1970 |

# രണ്ടു മേഖലകളിലായി പഠന പര്യടനം(Transect Walk) നടത്തിയവർ




### *നെല്ലാം കണ്ടി മേഖല*

വില്ലേജ് ഓഫീസർ - വാവാട്
ഹെൽത്ത് അസിസ്റ്റണ്ട് ശ്രീ. നാസർ PHC
കൃഷി ഉദ്യോഗസ്ഥൻ - ശ്രീ വിജയകുമാർ
ജ: പി.സി. അഹമ്മദ് ഹാജി (പഞ്ചായത്ത് മെമ്പർ)
പി. ശ്രീനിവാസൻ ( കൺവീനർ)
കോഴിശ്ശേരി ഹംസ (PRP)
ഇ.കെ. ശിവദാസൻ (DRP)
വി. കരുണാകരൻ മാസ്റ്റർ
വി. രവീന്ദ്രൻ
എ. പി. മജീദ്
വി.പി. വേലായുധൻ

**ഉച്ച ഭക്ഷണം നൽകിയത്:**

ശ്രീ. എം. കണാരൻ വാവാട്

### *മാനിപുരം മേഖല*

വില്ലേജ് ഓഫീസർ - കൊടുവള്ളി
കൃഷി ഓഫീസർ - കൊടുവള്ളി
ഹെൽത്ത് അസിസ്റ്റണ്ട് - PHC കൊടുവള്ളി
കെ. മൊയതീൻ (DRP)
ആർ.സി. രമേശൻ (കൺവീനർ)
പി. വാസു (PRP)
സി.എം. ഗോപാലൻ (PRP)
കെ.ഉമ്മർ മാസ്റ്റർ (PRP)
സി.കെ.സി.അബു (PRP)

**ഉച്ചഭക്ഷണം നൽകിയത്**

ജ: വി. മൊയ്തു ഹാജി-തലപ്പെരുമണ്ണ

# സമാപ്തം

വികസനം കേവലം വാക്കുകൾകൊണ്ട് പൂർത്തീകരിക്കാവുന്നതല്ല അദ്ധ്വാനവും കേവലം ത്യാഗപൂർണ്ണമായ പ്രവർത്തനവും അതിനനിവാര്യമാണ്. സമൂഹത്തിന്റെ ഏതെങ്കിലും ആവശ്യങ്ങൾ മാത്രം പരിഹരിച്ചുകഴിഞ്ഞാൽ വികസനമാവുകയില്ല. ജനതയുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് അതിനനുസൃതമായി വികസന പദ്ധതികൾ ആസൂത്രണം ചെയ്താ ൽ മാത്രമേ അത് സാധ്യമാവുകയുള്ളു.

പല പദ്ധതികളും ചുവപ്പു നാടയിൽ കുടുങ്ങി വഴിമുട്ടി നിൽക്കുന്നതായി നാം കാണുന്നു. സർക്കാർ ആഫീസുകൾ ജനങ്ങളുടെ ആശ്വാസ കേന്ദ്രങ്ങളാവണം. ഒരു സർക്കാർ പരിപാടി എത്രവേഗത്തിൽ നടപ്പാക്കാൻ കഴിയും എന്ന് ചിന്തിക്കുന്നതിന് പകരം നടപ്പാക്കാതിരിക്കാൻ എന്തുണ്ട് മാർഗ്ഗം എന്നു ചിന്തിക്കുന്ന രീതി മാറണം. മനം മടുപ്പിക്കുന്ന നിരാശാജനകമായ തടവുമുറികളാവരുത് നമ്മുടെ സർക്കാർ ആഫീസുകൾ. വികസന പ്രക്രിയയുടെ വേഗത വർദ്ധിപ്പിക്കുന്ന മനുഷ്യനിരയായി ഉദ്ധ്യോഗസ്ഥാവിഭാഗം മാറിയാൽ മാത്രമെ നമുക്ക് ലക്ഷ്യസ്ഥാനത്തെത്താൻ സാധിക്കയുള്ളു. വേണ്ടത്ര വിഭവങ്ങളില്ലാതെ നമുക്കു മുന്നോട്ടു പോകാനാവില്ല. ജനകീയാസൂത്രണത്തിന്റെ ഗുണഫലങ്ങൾ അനുഭവിക്കാനാവുകയില്ല. വിഭവം സമാഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തുക തന്നെ വേണം. സർക്കാർ വിഹിതത്തോടൊപ്പം ജനപങ്കാളിത്തവും ഉറപ്പുവരുത്തുകയാണ് വേണ്ടത്. എല്ലാം സർക്കാർ നിർവ്വഹിക്കട്ടെ എന്ന മനസ്ഥിതി മാറുകതന്നെ വേണം.

സന്നദ്ധ പ്രവർത്തനം ദേശീയ സമ്പാദ്യ പദ്ധതികളിലൂടെയുള്ള സാമ്പത്തിക സഹായം അർഹതപ്പെട്ട നികുതിപണം നൽകുന്നതിനുള്ള നിഷ്കർഷ സർക്കാർ പണം ദുർവ്യയം ചെയ്യുന്നതിൽ നിന്നും പിന്തിരിയൽ അദ്ധ്വാനം മുദ്രാവാക്യമായി സ്വീകരിച്ചുകൊണ്ടുള്ള സമീപനം തുടങ്ങിയ പെരുമാറ്റ ചട്ടങ്ങൾ നാം സ്വീകരിക്കണം. Productive force of a country is the workers and working people എന്ന് ലെനിൻ നൽകിയ വിശേഷണം എത്ര അർത്ഥവത്താണെന്നു നാം ചിന്തിക്കേണ്ടതുണ്ട്. ജനകീയ ആസൂത്രണത്തോടനുബന്ധിച്ച് നാം ശേഖരിച്ചിട്ടുള്ള സ്ഥിതിവിവരങ്ങൾ തയ്യാറാക്കിയ വിഭവരൂപടങ്ങൾ നമ്മുടെ ഗ്രാമ പഞ്ചായത്തുകൾക്കൊരുമുതൽക്കൂട്ടാണ്. കാരണം അത് വസ്തു നിഷ്ടമായ എല്ലാ മേഖലകളെയും സ്പർശിക്കുന്ന വിലപ്പെട്ട രേഖകളാണ് എന്നതുതന്നെ. നമ്മുടെ വികസന പ്രക്രിയ ഇവിടെ നിന്നാണ് തുടങ്ങേണ്ടത്.

വികസനത്തിന്റെ അനുകൂലാവസ്ഥകളെ സമയോചിതമായി ഗൗരവ ദൃഷ്ട്യാ സമാഹരിക്കേണ്ടതുണ്ട്. ഇതിനു വേണ്ടി നാം ശേഖരിച്ച വസ്തു നിഷ്ടമായ വിവരങ്ങൾ ൯ാം പദ്ധതിയുടെ ആസൂത്രണപ്രക്രിയക്ക് ഒരു മുതൽ കൂട്ടായി മാറണം.പദ്ധതി വിഹിതം ഗ്രാമ പഞ്ചായത്തുകൾക്ക് ലഭ്യമാകും എന്നത് ശുഭോദർക്കമാണ്. ശുഷ്കമായ സാമ്പത്തിക സ്ഥിതിയുള്ള നമ്മുടെ പഞ്ചായത്ത് വികസന പാതയിൽ മുന്നേറണമെങ്കിൽ കൂട്ടായ പ്രവർത്തനം വെട്ടിതുറക്കേണ്ടതായിട്ടുണ്ട്.

വികസന മേഖലയിൽ നിന്ന് രാഷ്ട്രീയം പൂർണ്ണമായി മാറ്റി നിർത്തുകയാണ് വേണ്ടത് ഇന്നത്തെ ഭരണ കക്ഷി നാളത്തെ പ്രതിപക്ഷ മാകുമ്പോഴും ഇന്നലത്തെ ഭരണകക്ഷി ഇന്നു പ്രതിപക്ഷമാകുമ്പോഴും വികസന രംഗത്ത് ഒരേ മനഃസ്ഥിതിയായിരിക്കണം വെച്ചു പുലർത്തേണ്ടത് ആവുന്നിടത്തോളം വിവരങ്ങൾ വസ്തു നിഷ്ടമായിതന്നെ ശേഖരിക്കാൻ നാം ശ്രമിച്ചിട്ടുണ്ട്. ലഭ്യമായ വിവരങ്ങളാണ് ഞങ്ങൾ ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. പലവിവരങ്ങളും അപൂർണ്ണമായേക്കാം. പലതിലും പോരായ്മകൾ ദർശിച്ചേക്കാം പഞ്ചായത്തിന്റെ ചരിത്രമെഴുതിയപ്പോഴും ഗ്രാമസഭാറിപ്പോർട്ടുകൾ ക്രോഡീകരിച്ചപ്പോഴും തെറ്റുകൾ സംഭവിച്ചിരിക്കാം. വളരെ തിരക്കുപിടിച്ചു തയ്യാറാക്കിയ രേഖ എന്ന നിലയിൽ വന്നേക്കാവുന്ന തെറ്റുകൾ ചർച്ചകളിലൂടെ ചൂണ്ടിക്കാണിക്കുകയും എല്ലാം തുറന്ന മനസ്സോടെ കാണുകയും വേണമെന്ന് അഭ്യർത്ഥിക്കുകയാണ്.

കൊടുവള്ളി പഞ്ചായത്തിന്റെ വികസനപാതയിൽ ഈ സമഗ്രവികസന രേഖതീർച്ചയായും ഒരു പ്രകാശ ഗോപുരമായിരിക്കും എന്ന ശുഭാ പ്തി വിശ്വാസത്തോടെ ഈ വികസന രേഖ നിങ്ങൾക്കു മുമ്പാകെ അവതരിപ്പിക്കുന്നു അതോടൊപ്പം ഈ റിപ്പോർട്ട് തയ്യാറാക്കുന്നതിന് വേണ്ടി ഞങ്ങളോട് സഹകരിച്ച, ത്യാഗമനസ്ഥിതിയോടു കൂടി പ്രവർത്തിച്ച എല്ലാവർക്കും നന്ദി.


## നന്ദി

വികസനരേഖാ പ്രിന്റിങ്ങിന്റെ ഭാഗമായി പ്രൂഫ് റീഡിങ്ങ് തുടങ്ങിയുള്ള സഹായങ്ങൾചെയ്തുതന്ന ശ്രീ. എ.പി. കുഞ്ഞാമു, ആത്യന്ത സമയത്തുതന്നെ ഡി.റ്റി.പി.എടുത്തുതന്ന ഫോട്ടസ് കമ്പ്യൂട്ടേഴ്സിനും, പ്രിന്റിങ്ങ് നടത്തിയ കമല പ്രിന്റേഴ്സിനും കവർ ഡിസൈൻ ചെയ്ത നാസർ കൊട്ടിയത്തൂരിനും നന്ദി.

# പഞ്ചായത്തിന്റെ ശബ്ദം

## തീരുമാനങ്ങളും അറിയിപ്പുകളും

## പഞ്ചായത്ത് അവതരിപ്പിക്കുന്ന പൊതുആവശ്യങ്ങൾ

1. കൊടുവള്ളിയിൽ പൂനൂർ പുഴയിൽ ചെക്ക് ഡാം നിർമ്മിക്കുക
2. കൊടുവള്ളിയിൽ ഒരു സ്റ്റേഡിയം നിർമ്മിക്കുക
4. പഞ്ചായത്തിൽ ഒരു ലൈബ്രറി സ്ഥാപിക്കുക
5. ബസ് സ്റ്റാന്റിൽ വാർത്താവിനിമയസംവിധാനം ഏർപ്പെടുത്തുക
6. വാവാട് വില്ലേജിനായി ശുദ്ധജലവിതരണ പദ്ധതി ആരംഭിക്കുക
7. കൊടുവള്ളി മാനിപുരം റോഡിന് പകരമായി ഒരു ബൈപാസ് നിർമ്മിക്കുക
8. C.V.G. റോഡിന് ഒരു ബൈപാസ് നിർമ്മിക്കുക.
9. പഞ്ചായത്ത് ആസ്ഥാനത്ത് കല്യാണ മണ്ഡപവും കമ്മ്യൂണിറ്റിഹാളും നിർമ്മിക്കുക.
10. സർക്കാർ നിബന്ധനകൾ പൂർത്തിയായ കരുവമ്പൊയിൽ ജി.എം. യു.പി. സ്ക്കൂൾ ഹൈസ്ക്കൂളായി അപ്ഗ്രേഡ് ചെയ്യുക.
11. കരുവമ്പൊയിൽ, വെണ്ണക്കാട് പ്രദേശങ്ങളെ ബന്ധിപ്പിക്കുന്ന മുൻ എം. പി. കെ മുരളീധരന്റെ ഫണ്ടിൽനിന്ന് അനുവദിച്ച 10ലക്ഷം രൂപ ഉപയോഗപ്പെടുത്തി നിർമ്മിക്കുന്ന മാതോലത്ത്കടവ് നടപ്പാലത്തിന് അപ്രോച്ച് റോഡ് നിർമ്മിക്കുക-

## കൊടുവള്ളിഗ്രാമപഞ്ചായത്ത്

## പുനരർപ്പണ ദിനത്തോടനുബന്ധിച്ച് ഏറ്റെടുക്കാൻ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പ്രവർത്തികൾ താഴെ

| | | വാർഡ് |
|---|---|---|
| 1. | മദ്രസാ ബസാർ | 1 |
| 2. | പള്ളിപറമ്പ് - പാറക്കടവ് റോഡ് | 1 |
| 3. | വയപ്പുറം സൗത്ത് കൊടുവള്ളി- പാലത്തുമണ്ണിൽ റോഡ് | 2 |
| 4. | കൊടുവള്ളു - കെടേക്കുന്ന് നരൂക്കിൽ റോഡ് | 2 |
| 5. | കൊടുവള്ളി സർവ്വീസ് ബാങ്ക് പിടക്കടവ് റോഡ് | 3 |
| 6. | പാലകുറ്റി-ചോലയിൽ റോഡ് | 4 |
| 7. | പാലകുറ്റി-മരുതിങ്ങൽ-തുറങ്ങോട് | 4 |
| 8. | വാവാട് സെന്ററൽ ബസാർ - എരിവേറ്റി പൊയിൽ | 5 |
| 9. | വാവാട് കുരുടൻ ചാൽ - പനക്കോട് | 6 |
| 10. | വെള്ളറമ്പൽ - പടിക്കവീട് ബൈപ്പാസ് | 7 |
| 11. | വരലാട്ടുപറമ്പ് - കളരാന്തിരി പൂക്കോട് | 8 |
| 12. | കളരാന്തിരി - കാഞ്ഞിരോട്ട് പാറ | 8 |
| 13. | കരീറ്റി പറമ്പ് - കാപ്പുമല കാവിൽ | 9 |
| 14. | പെരിയാന്തോട്- പരപ്പിൽ | 9 |
| 15. | പുതിയേടത്ത് - പൊയിൽ നടപ്പാത | 9 |
| 16. | ചുള്ളിയാട്ട് മുക്ക് പുത്തലത്ത് | 10 |
| 17. | ചോയിൻ കുന്ന് ശുദ്ധജല വിതരണം | 10 |
| 18. | കരുവമ്പൊയിൽ- മഞ്ചപ്പാറ- വഴി കാരാട്ട് പൊയിൽ | 11 |
| 19. | കീപോയിൽ തോടിന് നടപ്പാലം | 12 |
| 20. | കിളച്ചാർ വീട് - പറമ്പത്ത് കാവ് | 13 |

| | | വാർഡ് |
|---|---|---|
| 21. | കൊടുവള്ളി ഹൈസ്ക്കൂൾ - ചുണ്ടപ്പുറം | 13 |
| 22. | ഒതയോത്ത് പടിപ്പുര- ലക്ഷം വീട് | 14 |
| 23. | നെല്ലാം കണ്ടി - പുൽപാമ്പ് മുക്ക് കണ്ടാല | 5 |
| 24. | ചുണ്ടപ്പുറം - പറമ്പത്ത് കാവ് | 13 |
| 25. | കൊടുവള്ളി - പറമ്പത്ത് കാവ് | 13 |
| 26. | ലക്ഷം വീട് ക്രോസ് റോഡ് | 14 |
| 27. | സർക്കാർ ആശുപത്രി റോഡ് | 14 |
| 28. | കാരാട്ട് - പാലക്കുന്നുമ്മൽ നടവഴി | 2 |
| 29. | വട്ടപ്പൊയിൽ - പുല്ലോറ മല നടവഴി ചുണ്ടപ്പുറം-ഉണിച്ചിരാം വീട് നടവഴി ഞെള്ളോറമല ഫൂട്ട് പാത്ത് | 3 |
| 30. | കുന്നുമ്മൽ - പറേങ്ങചാൽ നടവഴി | 3 |
| 31. | മോഡേൺ ബസാർ - ഹൈസ്ക്കൂൾ റോഡ് | 3 |
| 32. | എരഞ്ഞോണ - മൈലാടുപാറ റോഡ് | 6 |
| 33. | വാടിക്കൽ വരും കാല റോഡ് | 6 |
| 34. | വാടിക്കൽ ഇരുതുള്ളിപൊയിൽ റോഡ് | 6 |
| 35. | കരുവമ്പൊയിൽ - വാരിക്കുഴി താഴം ലിങ്ക് | 11 |
| 36. | കാഞ്ഞിരാട്ട് കുന്ന് - എൽ.പി.സ്ക്കൂൾ ലിങ്ക് | 3 |
| 37. | പനോലികാവ് - ചെമ്പറ്റമല | 14 |
| 38. | ചുണ്ടപ്പുറം - ചെമ്പറ്റമല | |

## ഇവ പുതുക്കി നിർമ്മിക്കേണ്ടതാണ്

| | | |
|---|---|---|
| 1. | പനോലിക്കാവ് - ചെമ്പറ്റമല റോഡ് | 14 |
| 2. | കാഞ്ഞിരാട്ട് കുന്ന് എൽ.പി.സ്ക്കൂൾ | 3 |
| 3. | കരുവമ്പൊയിൽ - വാരിക്കുഴിതാഴം ലിങ്ക് റോഡ് | 11 |
| 4. | ചുണ്ടപ്പുറം - ചെമ്പറ്റമല നടവഴി | 14 |



പുനരർപ്പണദിനത്തോടനുബന്ധിച്ച് 'കരുവമ്പൊയിൽ വാരിക്കുഴിതാഴം റോഡിന്റെ പ്രവർത്തി ഉൽഘാടനം പഞ്ചായത്ത് കോർഗ്രൂപ്പ് കൺവീനർ ടി.പി.സി. മുഹമ്മദ് മാസ്റ്റർ നിർവ്വഹിക്കുന്നു. വാർഡ് മെമ്പർ ശാരദ സമീപം.



പുനർപ്പണ ദിനത്തോടനുബന്ധിച്ച് ഒതയോത്ത് - കൂനത്തൂർ റോഡിന്റെ പ്രവർത്തി ഉൽഘാടനം പഞ്ചായത്ത് വൈസ്. പ്രസിഡണ്ട് പി.ടി.എ. റഹിം നിർവ്വഹിക്കുന്നു. പഞ്ചായത്ത് മെമ്പർ കാരാട്ട് റസാക്ക് സമീപം.

# കൊടുവള്ളി ഗ്രാമ പഞ്ചായത്ത് ജനങ്ങളെ ബോധവൽകരിക്കുന്നു

കൊടുവള്ളി ഗ്രാമപഞ്ചായത്തിൽ ഇപ്പോൾ പ്രാബല്യത്തിലുള്ള 1963-ലെ കേരള പഞ്ചായത്ത് (ആപൽകരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്കുപകരം 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 232, 233,234,254 വകുപ്പുളെ അടിസ്ഥാനപ്പെടുത്തി 18-1-1996-ലെ സർക്കാർ ഉത്തരവ് 14/96 തദ്ദേശ ഭരണ വകുപ്പ് നമ്പർ പ്രകാരം പുറപ്പെടുവിച്ച 1996-ലെ കേരളാ പഞ്ചായത്ത് രാജ് (ആപൽകരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ 1-12-96 മുതൽ പ്രാബല്യത്തിൽ വരത്തക്കവിധം നടപ്പിലാക്കാൻ തീരുമാനിച്ച വിവരം മുഴുവൻ ജനങ്ങളെയും ഇതിനാൽ അറിയിക്കുന്നു. മേൽ കാണിച്ച നിയമങ്ങളിലേയും ചട്ടങ്ങളിലെയും വ്യവസ്ഥകൾ പ്രകാരമുള്ള ലൈസൻസ് എടുക്കാതെ പഞ്ചായത്തിന്റെ അധികാര പരിധിയിൽ പെടുന്ന പ്രദേശങ്ങളിൽ താഴെ കാണിച്ച വിധം സാധനങ്ങൾ നിർമ്മിക്കുക, തയ്യാറാക്കുക, കൂട്ടിച്ചേർക്കുക, അറ്റകുറ്റ പണികൾ ചെയ്യുക, സംഭരിക്കുക,സ്ഥാപിക്കുക, വിൽക്കുക, മറ്റു വിധത്തിൽ വിപണനം ചെയ്യുക എന്നീ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നത് കുറ്റകരവും ശിക്ഷാർഹവും ആയിരിക്കുമെന്ന് പൊതുജനങ്ങളെ അറിയിക്കുന്നു.

1. എയറേറ്റഡ് വാട്ടർ (സോഡ) ശീതള പാനീയം
2. കൈതനാരും നൂലും
3. വെടിക്കോപ്പ്, ഉൽപ്പന്നങ്ങൾ
4. അടക്ക കുതിർക്കൽ, സംഭരണം മറ്റു ഉൽപന്നങ്ങൾ ഉണ്ടാക്കൽ
5. ധാന്യമാവ് കൊണ്ടുണ്ടാക്കിയ സാധനങ്ങൾ
6. ചാരം
7. മുള
8. ബിസ്ക്കറ്റ്
9. രക്തം
10 എല്ല്
11. റൊട്ടി
12 ഇഷ്ടിക
13 കർപ്പൂരം
14. മെഴുക് തിരി
15. പരവതാനി
16. കശുവണ്ടിയും അതിന്റെ പരിപ്പും
17. സംഗീതോപകരണങ്ങൾ
18. സിമന്റ്
19. കരി
20. രാസപദാർത്ഥങ്ങൾ
21. ആയുർവ്വേദ മരുന്നുകൾ ഹോമിയോ മരുന്നുകൾ
22. മുളക് യന്ത്രമുപയോഗിച്ച് പൊടിക്കൽ
23. മുളക് വിൽക്കുകയോ, സംഭരിക്കുകയോ ചെയ്യൽ
24. ക്ലോറൈറ്റ് മിശ്രിതം
25. തുണി
26. കൽക്കരി
27. ചകിരി
28. തേങ്ങയുടെ തൊണ്ട്, ഓല എന്നിവ വൽപനാവശ്യാർത്ഥം കുതിർക്കൽ, വിൽപന
29. ചിരട്ട
30. കാപ്പിക്കടയും ചായക്കടയും നടത്തൽ
31. കയർ
32. കത്തുന്ന സാധനങ്ങൾ
33. ഭക്ഷ്യവസ്തുക്കൾ
34. കറിക്കൂട്ട് സാധനങ്ങൾ
35. മിഠായി
36. കൊപ്ര
37. പഞ്ഞി (പഞ്ഞിച്ചവറും പരുത്തിക്കുരുവും)
38. ചാണകവരളി
39. ചായങ്ങൾ
40. സ്ഫോടക വസ്തുക്കൾ
41. കൊഴുപ്പ്
42. മീൻചിറകുകൾ
43. വിറക്
44. കരിമരുന്നുകൾ
45. മത്സ്യം
46. മീനെണ്ണ
47. ചണംഫ്ളെക്സ്
48. ഫ്ളഷിംഗ് (ഓട്ടങ്കികൾ)
49. മാവ്
50. രസമിശ്രം
51. ഇന്ധനം

52. ഫർണിച്ചർ
53. വാതകം
54. നെയ്യ്
55. സ്വർണ്ണം
56. ധാന്യം
57. പയറുവർഗ്ഗം
58. നിലക്കടല
59. ഗിൽഡിങ്ങും ഇലക്ട്രോപ്ലേറ്റിംഗും
60. വെടിപ്പരുത്തി
61. ചാക്ക്
62. വെടിമരുന്ന്
63. രോമം
64. കേശ സംസ്കരണത്തിനുള്ള സലൂണുകൾ, ക്ഷൗരം ചെയ്യുന്നതിനോ മുടിവെട്ടുന്നതിനോ ഉള്ള സലൂൺ, ബ്യൂട്ടി പാർലർ എന്നില നടത്തൽ
65. വയ്ക്കോൽ
66. ചണം
67. ഉണക്ക്തോൽ
68. കുളമ്പ്
69. കൊമ്പ്
70. ഹോട്ടൽ. റസ്റ്റോറന്റ് കാറ്ററിംഗ് സർവ്വീസ്
71. ഐസ്
72. ചക്കര
73. ചണം
74. കാക്കി
75. അരക്ക്
76. ഈയം
77. മൃഗത്തോല്
78. പുൽത്തൈലം
79. ചുണ്ണാമ്പ്
80. കക്ക
81. വളം, കീടനാശിനികൾ
82. യന്ത്രസാമഗ്രികൾ
83. ഉപദ്രവകരമോ, അസഹ്യമോ ആയ ഗന്ധമോ, പുകയോ പൊടിയോ, ശബ്ദമോ ഉണ്ടാക്കുന്ന സാധനങ്ങളുടെ നിർമ്മാണം, വിൽപന
84. തീപ്പെട്ടി
85. മാംസം
86. ലോഹങ്ങൾ
87. മൊളാസസ്
88. നൈട്രോകോമ്പൗണ്ട്
89. നൈട്രോ ഗ്ലിസറിൻ
90. നാട്രോ മിക്സ്ചർ
91. കപ്പ
92. എണ്ണ
93. നെല്ല്
94. കടലാസ്
95. പെട്രോളിയം കോമ്പൗണ്ടുകൾ
96. കീൽ
97. മൺപാത്രങ്ങൾ
98. റേഡിയോ,ടെലിവിഷൻ
99. മരപ്പശ
100. പാറക്കല്ല്, കടപ്പക്കല്ല്, മൊസൈക്ക്, മാർബിൾ
101. ചവ്വരി
102. ചമുക്കാളം
103. വെടിയുപ്പ്
104. ചീവക്ക
105. കോലരക്ക്
106. പട്ട്
107. തൊലി
108. സോപ്പ്
109. സ്പിരിട്ട്
110. കച്ചി
111. പഞ്ചസാര
112. കൽക്കണ്ടം
113. ഗന്ധകം
114. സുർക്ക
115. മധുരപലഹാരങ്ങൾ
116. കൊഴുപ്പ് (ടാലോ)
117. താർ
118. കെട്ടിമേച്ചിൽ സാധനങ്ങൾ
119. ഓട്
120. തടി
121. പുകയില
122. ടർപ്പെന്റയിൽ, മണ്ണെണ്ണ, പെയിന്റ്, വാർണീഷ്
123. ലാൺട്രി
124. മൃഗങ്ങളുടെ രോമം
125. നൂല്
126. വീഡിയോ, ഓഡിയോ
127. സെറോക്സ് കോപ്പികൾ എടുക്കൽ. ടൈപ്പ്റൈറ്റിംഗ് (ജോബ് വർക്സ്)
128. തുന്നൽ കട
129. പച്ചക്കറി
130 കോഴി, പന്നി, ആട് സംഭരണം, വിൽപന
131. മുട്ട
132. പാൽ, പാലുൽപന്നങ്ങൾ
133. സ്വകാര്യ ടെലിഫോൺ ബൂത്തുകൾ, ക്വറിയർ സർവ്വീസുകൾ നടത്തൽ
134. റബ്ബർ, റബ്ബറുൽപന്നങ്ങൾ
135. സുഗന്ധ ദ്രവ്യങ്ങൾ
136. വൈദ്യുതി ഉൽപന്നങ്ങൾ
137. പ്ലാസ്റ്റിക്ക് ഉൽപന്നങ്ങൾ
138. പിണ്ണാക്ക്, കാലിത്തീറ്റ, കോഴിത്തീറ്റ
139. അബ്കാരി ഷോപ്പുകൾ
140. പിക്കിൾസ്
141. കമ്പ്യൂട്ടർ ഉൽപന്നങ്ങൾ
142. സ്വകാര്യ ആശുപത്രി നടത്തിപ്പ്
143. പാരാമെഡിക്കൽ സ്ഥാപനങ്ങൾ ലാബുകൾ മുതലായവ
144. വാഹനങ്ങൾ, യാന്ത്രികവും അല്ലാത്തതും വിൽപന
145. വാഹനങ്ങൾ റിപ്പയറിങ്ങ്
146. ചെരിപ്പ്, ബാഗ്
147. സ്റ്റേഷനറി, ഫാൻസി കടകൾ
148. കരകൗശല വസ്തുകൾ
149. റീട്ടെയിൽ റേഷൻ ഡിപ്പൊ മാവേലി സ്റ്റോർ; കൺസ്യൂമർ സ്റ്റോർ
150. മണ്ണെണ്ണ വിൽപന
151. പുസ്തകങ്ങളും ആനുകാലിക പ്രസിദ്ധീകരണങ്ങളും
152. ഫോട്ടോ സ്റ്റുഡിയോ
153. സൈൻ ബോർഡുകൾ നിർമ്മാണം
154. ജലം - സംഭരണം, വിൽപന
155. പുഷ്പങ്ങൾ
156. ഫലവർഗ്ഗങ്ങൾ
157. കട
158. പ്രസ്
159. പെയിന്റിങ്ങ്

1994 - ലെ കേരളാ പഞ്ചായത്ത് രാജ് ആക്ട് 232-ാം വകുപ്പ് പ്രകാരം മുകളിൽ വിവരിച്ച ഇനങ്ങൾക്കുള്ള ലൈസൻസ് കാലാവധി ഒരു വർഷത്തിൽ കുറഞ്ഞ കാലയളവിൽ അവസാനിക്കുമെന്ന് പ്രത്യേക കാരണങ്ങളാൽ വ്യവസ്ഥ ചെയ്യുന്നില്ലെങ്കിൽ ഏപ്രിൽ 1-ാം തീയ്യതി മുതൽ അടുത്ത വർഷം മാർച്ച് 31 വരെയുള്ള ഒരു സാമ്പത്തിക വർഷമായിരിക്കുന്നതും, ലൈസൻസ് ഫീസ് സ്ഥാപനത്തിന്റെ പ്രതിദിന ശരാശരി വിറ്റുവരവിനെ അടിസ്ഥാനപ്പെടുത്തി താഴെ പറയുന്ന വിധം നിശ്ചയിക്കുന്നാതുമായിരിക്കും

| | | | |
|---|---|---|---|
| 1) | ദിവസേനയുള്ള ശരാശരി വിറ്റുവരവ് | 500 രൂപ വരെ | 10 രൂപ |
| 2) | ദിവസേനയുള്ള ശരാശരി വിറ്റുവരവ് | 500ന് മേൽ 1000 വരെ | 20 രൂപ |
| 3) | ദിവസേനയുള്ള ശരാശരി വിറ്റുവരവ് | 100ന് മേൽ 1500 വരെ | 30 രൂപ |
| 4) | ദിവസേനയുള്ള ശരാശരി വിറ്റുവരവ് | 1500ന് മേൽ 2500 വരെ | 50 രൂപ |
| 5) | ദിവസേനയുള്ള ശരാശരി വിറ്റുവരവ് | 2500ന് മേൽ 5000 വരെ | 100 രൂപ |
| 6) | ദിവസേനയുള്ള ശരാശരി വിറ്റുവരവ് | 5000ന് മേൽ 10,000 വരെ | 200 രൂപ |
| 7) | ദിവസേനയുള്ള ശരാശരി വിറ്റുവരവ് | 10,000ന് മേൽ 15,000 വരെ | 300 രൂപ |
| 8) | ദിവസേനയുള്ള ശരാശരി വിറ്റുവരവ് | 15,000ന് മേൽ 25,000 വരെ | 500 രൂപ |
| 9) | ദിവസേനയുള്ള ശരാശരി വിറ്റുവരവ് | 25,000ന് മേൽ 50,000 വരെ | 1000 രൂപ |
| 10) | ദിവസേനയുള്ള ശരാശരി വിറ്റുവരവ് | 50,000ന് മേൽ 1,00,000 വരെ | 2000 രൂപ |
| 11) | ദിവസേനയുള്ള ശരാശരി വിറ്റുവരവ് | ഒരു ലക്ഷത്തിന് മുകളിൽ | 4000 രൂപ |

# കുമുലേറ്റീവ് ലൈസൻസ്

(ചട്ടം II കാണുക)

ഒന്നാം പട്ടികയിൽ പറഞ്ഞിട്ടുള്ള ഒന്നിലധികം ആവശ്യങ്ങൾക്ക് ഒരേ സ്ഥലം ഒരേ ഉടമസ്ഥൻ ഉപയോഗിക്കുകയോ ഒരേ സ്ഥലത്ത് വെച്ച് വിൽപന നടത്തുകയോ, വിൽപനക്കായി സംഭരിക്കുകയോ, തയ്യാറാക്കുകയോ ചെയ്യുന്നതിന്ന് പ്രതിദിന വിറ്റുവരവിനെ അടിസ്ഥാനപ്പെടുത്തി താഴെ കാണിച്ച നിരക്കിൽ കുമുലേറ്റീവ് ലൈസൻസ് ഫീസ് നിശ്ചയിച്ചിരിക്കുന്നു.

| | | | |
|---|---|---|---|
| A ക്ലാസ്സ് | പ്രതിദിന ശരാശരി വിറ്റുവരവ് | ഒരു ലക്ഷത്തിനു മുകളിൽ | 4000/- രൂപ |
| B ക്ലാസ്സ് | പ്രതിദിന ശരാശരി വിറ്റുവരവ് | 50000/- നു മേൽ ഒരു ലക്ഷം വെര | 2000/- രൂപ |
| C ക്ലാസ്സ് | പ്രതിദിന ശരാശരി വിറ്റുവരവ് | 25,000/- നു മേൽ 50,000/- രൂപ വരെ | 100/- രൂപ |
| D ക്ലാസ്സ് | പ്രതിദിന ശരാശരി വിറ്റുവരവ് | 10,000/- നു മേൽ 25,000/- വരെ | 500/- രൂപ |
| E ക്ലാസ്സ് | പ്രതിദിന ശരാശരി വിറ്റുവരവ് | 5,000/- നു മേൽ 10,000/- രൂപ വരെ | 200/- രൂപ |
| F ക്ലാസ്സ് | പ്രതിദിന ശരാശരി വിറ്റുവരവ് | 2500/- നു മേൽ 5000/- രൂപ വരെ | 100/- രൂപ |
| G ക്ലാസ്സ് | പ്രതിദിന ശരാശരി വിറ്റുവരവ് | 2500/- രൂപയിൽ താഴെ | 50/- |

ഫാക്ടറികൾ വ്യവസായ സ്ഥാപനങ്ങൾ എന്നിവക്കുള്ള ലൈസൻസ് കാലാവധി 1997 ഏപ്രിൽ ഒന്നാം തീയ്യതി തുടങ്ങുന്ന സാമ്പത്തിക വർഷാരംഭം മുതൽ 5 വർഷമായിരിക്കും. 233-ാം വകുപ്പ് പ്രകാരം ഫാക്ടറിയോ, വർക്ക്ഷോപ്പോ, പണിസ്ഥലമോ, നിർമ്മിക്കുന്നതിന്നാവശ്യമായ യന്ത്രസാമഗ്രിയോ, നിർമ്മാണ യന്ത്രമോ സ്ഥാപിക്കുന്നതിന്നും 233-ാം വകുപ്പ് പ്രകാരം ആയത് പ്രവൃത്തിപ്പിക്കുന്ന്തിന്നുള്ള ലൈസൻസ് ഫീസ് താഴെ പറയും പ്രകാരം നിശ്ചയിച്ചിരിക്കുന്നു.

| യന്ത്രത്തിന്റെ കുതിര ശക്തി | യന്ത്രം സ്ഥാപിക്കുന്നതിന്നുള്ള ഫീസ് | | സ്ഥാപനം പ്രവർത്തിക്കുന്നതിന്ന് 5 വർഷത്തേക്ക് | |
|---|---|---|---|---|
| ഇനം | വൈദ്യുതി കൊണ്ട് നടത്തുന്നതിന്ന് (രൂപ) | വൈദ്യുതിയില്ലാതെ മറ്റ് ശക്തികൊണ്ട് നടത്തന്നതിന്ന് (രൂപ) | വൈദ്യുതി കൊണ്ട് നടത്തുന്നതിന്ന് (രൂപ) | വൈദ്യുതിയില്ലാതെ നടത്തുന്നതിന്ന് (രൂപ) |
| 1. സിനിമയുടെ ആവശ്യങ്ങൾക്കുള്ള റെക്ടിഫയർ യന്ത്രത്തിന് (കുതിര ശക്തി കണക്കാക്കാതെ) | 25/- | – | 125/ | – |

| യന്ത്രത്തിന്റെ കുതിര ശക്തി | യന്ത്രം സ്ഥാപിക്കുന്നതിന്നുള്ള ഫീസ് | | സ്ഥാപനം പ്രവർത്തിക്കുന്നതിന്ന് 5 വർഷത്തേക്ക് | |
|---|---|---|---|---|
| ഇനം | വൈദ്യുതി കൊണ്ട് നടത്തുന്നതിന്ന് (രൂപ) | വൈദ്യുതിയില്ലാതെ മറ്റ് ശക്തികൊണ്ട് നടത്തന്നതിന്ന് (രൂപ) | വൈദ്യുതി കൊണ്ട് നടത്തുന്നതിന്ന് (രൂപ) | വൈദ്യുതിയില്ലാതെ നടത്തുന്നതിന്ന് (രൂപ) |
| 2. ഒരു കുതിരശ്കതിയിൽ കുറയാത്ത മറ്റ് യന്ത്രങ്ങൾ | 10/- | 5/- | 50/- | 25/- |
| 3. ഒരു കുതിരശക്തിയിൽ കവിയുന്നതും എന്നാൽ 5 കുതിരശ്കതിയിൽ കവിയാത്തതും | 50/- | 25/- | 250/- | 125/- |
| 4. 5 കുതിരശക്തിയിൽ കവിയുന്നതും എന്നാൽ 10 കുതിരശക്തിയിൽ കവിയാത്തതും | 100/- | 50/- | 500/- | 250/- |
| 5. 10 കുതിരശക്തിയിൽ കവിയുന്നതും 20 കുരിരശക്തിയിൽ കവിയാത്തതും | 200/- | 100/- | 1000/- | 500/- |
| 6. 20 കുതിര ശക്തിയിൽ കവിയുന്നതും എന്നാൽ 30 കുതിരശക്തിയിൽ കവിയാത്തതും | 300/- | 150/- | 1500/- | 750/- |
| 7. 30 കുതിരശക്തിയിൽ കവിയുന്നതും എന്നാൽ 40 കുതിരശക്തിയിൽ കവിയാത്തതും | 400/- | 200/- | 2000/- | 1000/- |
| 8. 40 കുതിരശക്തിയിൽ കവിയുന്നതും എന്നാൽ 50 കുതിരശക്തിയിൽ കവിയാത്തതും | 500/- | 500/- | 2500/- | 2500/- |
| 9. 50 കുതിര ശക്തിയിൽ കവിയുന്നതും എന്നാൽ 100 കുതിരശക്തിയിൽ കവിയാത്തതും | 1000/- | 500/- | 5000/- | 2500/- |
| 10. 100 കുതിരശക്തിയിൽ കവിയുന്നതും എന്നാൽ 200 കുതിരശക്തി വരെയുള്ളത് | 2000/ | – | 10000/- | – |
| 11. തുടർന്നുള്ള ഓരോ കുതിരശക്തിക്ക് | 10ക വീതം | 5ക വീതം (100 കുതിര ശക്തിക്കു മുകളിൽ) | 50ക വീതം | 25ക വീതം(100 കുതിരശക്തിക്ക് മുകളിൽ) |

ലൈസൻസിനുള്ള അപേക്ഷ പഞ്ചായത്താഫീസിൽനിന്നും കിട്ടുന്ന അച്ചടിച്ച ഫാറത്തിൽ 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച ബോധിപ്പിക്കേണ്ടതും അപേക്ഷയോടൊന്നിച്ച് നിശ്ചിത ലൈസൻസ് ഫീസ് അടക്കേണ്ടതുമാണ്.

ഒരു ലൈസൻസോ അനുമതിയോ സിദ്ധിച്ചിട്ടുള്ള ആൾ അങ്ങിനെയുള്ള ലൈസൻസിന്റെ അനുമതി പ്രാബല്യത്തിൽ ഇരിക്കുന്ന അവസരത്തിൽ സ്ഥാപനത്തിൽ പ്രദർശിപ്പിക്കേണ്ടതും ന്യായമായ എല്ലാ സമയത്തും പ്രസിഡണ്ടോ, സിക്രട്ടറിയോ അദ്ദേഹം അധികാരപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഉദ്യോഗസ്ഥനോ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്.

പുതുതായി ആരംഭിക്കുന്ന സ്ഥാപനങ്ങൾക്കുള്ള ലൈസൻസ് അപേക്ഷ അവ ആരംഭിക്കുന്നതിന് 30 ദിവസം മുമ്പ് ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ സാമ്പത്തിക വർഷം അവസാനിക്കുന്നതിന് 30 ദിവസം മുമ്പും ലഭിച്ചിരിക്കേണ്ടതാണ്. താമസിച്ച് സമർപ്പിക്കുന്ന അപേക്ഷയുടെ സംഗതിയിൽ മുകളിൽ നിശ്ചയിച്ച ഫീസിന്റെ 25 % അധിക ഫീസ് ചുമത്താവുന്നതാണ്.

ലൈസൻസിന്റെ പരിധിയിൽ വരുന്ന മുകളിൽ വിവരിച്ച ആവശ്യങ്ങൾ യഥാസമയം ലൈസൻസ് എടുത്തതിന്ന് ശേഷം മാത്രമെ നടപ്പിലാക്കാൻ പാടുള്ളുവെന്ന് ബന്ധപ്പെട്ടവരെ അറിയിക്കുന്നു. നിയമപ്രകാരം ലഭിച്ച ലൈസൻസില്ലാതെ മേൽ വിവരിച്ച പ്രവർത്തികൾ/സ്ഥാപനങ്ങൾ എന്നിവ നടത്തുന്നത് കുറ്റകരവും ശിക്ഷാർഹവുമായിരിക്കുമെന്നും അത്തരം സ്ഥാപനങ്ങളുടെ നടത്തിപ്പ് നിയമപ്രകാരം നിരോധിക്കുന്നതും ഉടമസ്ഥർ പ്രോസിക്യൂട്ട് ചെയ്യപ്പെടുന്നതുമാണെന്ന് അറിയിക്കുന്നു.

സെക്രട്ടറി

കൊടുവള്ളി
29-10-96

കൊടുവള്ളി ഗ്രാമ പഞ്ചായത്ത്

# പഞ്ചായത്ത് റിസോർസ് പേർസൺമാർ

1. കോതൂർ മുഹമ്മദ് മാസ്റ്റർ
2. വി. കരുണാകരൻ മാസ്റ്റർ
3. ടി.കെ. ചാത്തുക്കുട്ടി
3. ടി.പി. അബ്ദുൽ മജീദ്
5. കെ.കെ. അബ്ദുറഹിമാൻ കുട്ടി
6. ടി.വി. കൃഷ്ണൻ കുട്ടി
7. ഓ. രാരപ്പൻ മാസ്റ്റർ
8. എം. കണാരൻ
9. എ.പി. വേലായുധൻ
10. എ.പി. അബ്ദുൽ മജീദ്
11. ആർ.സി. രമേശൻ
12. പി.ടി. മൊയ്തീൻ കുട്ടി മാസ്റ്റർ
13. പി. ശ്രീനിവാസൻ മാസ്റ്റർ
14. കെ.സി. ഉമ്മർ
15. കോഴിശ്ശേരി ഹംസ
16. പി. ചോയിക്കുട്ടി
17. പി. അബ്ദുൽ ഖാദർ മാസ്റ്റർ
18 ഒ.പി. ശ്രീധരൻ
19. കെ.കെ. രാഘവൻ നായർ
20. പി. വാസു
21. എ.ടി. ഫൈസൽ
22. വേളാട്ട് അഹമ്മദ് മാസ്റ്റർ
23. സി.എം. ഗോപാലൻ
24. കെ.ടി. അഹമ്മദ് കോയ
25. സി.കെ അബൂബക്കർ
26. യു.കെ. അബൂബക്കർ
27. കെ. കാദർ
28. കെ.കെ. രാജൻ
29. എം.പി. മൂസ്സമാസ്റ്റർ
30. വി. രവീന്ദ്രൻ
31. വി. അബ്ദുൽ മജീദ്
32. കാവിൽ അബ്ദുൽ മജീദ്
33. പി. അബ്ദുൽ അലി
34. കെ. ബാബു
35. യു.കെ. ഇബ്രാഹിം
36. പി.കെ. അബൂബക്കർ
37. കെ. പവിത്രൻ
38. പി.കെ. മുഹമ്മദലി
39 കെ. മജീദ്
40. കൈതാക്കുന്നുമ്മൽ അബ്ദുൽ മജീദ്
41. പി. ശ്രീനിവാസൻ
42. വി.കെ. ഇബ്രാഹിം മാസ്റ്റർ
43. ഇ. അഹമ്മദ്
44 കെ.പി. അഹമ്മദ്കോയ
45. കെ. അബുദൽഖാദർ മാസ്റ്റർ
46. കെ. ദാമോദരൻ
47. വി.പി. വേലായുധൻ



ജനങ്ങൾക്ക് വേണ്ടാത്ത ആസൂത്രണം അറബിക്കടലിൽ വലിച്ചെറിയട്ടെ

- ജവഹർലാൽ നെഹറു

# 23-11-96 ന് നടന്ന പഞ്ചായത്ത് വികസന സെമിനാറിൽ ഉയർന്നു വന്ന പുതിയ പരിഹാര നിർദ്ദേശങ്ങൾ അനുബന്ധമായി ഇവിടെ അവതരിപ്പിക്കുന്നു.

## 1

### കൃഷിയും ജലസേചനവും

**ചില പുതിയ നിർദ്ദേശങ്ങൾ:-**

1 രണ്ടു കണ്ടത്തിൽ ഭാഗത്ത് സമൂഹ ജല സേചന പദ്ധതി നടപ്പിൽ വരുത്തണം

2 കാർഷികാവശ്യങ്ങൾക്കുള്ള എല്ലാവളങ്ങൾക്കും സബ്സിഡി ഏർപ്പെടുത്തണം.

3 ഒന്നാം വാർഡിലെ നാല് ഏക്കറോളം വരുന്ന പുറംപോക്ക് സ്ഥലത്ത് പച്ചക്കറി കൃഷി നടത്താൻ ആവശ്യമായ പദ്ധതികൾക്ക് രൂപം നൽകണം

4 പത്താം വാർഡിൽ നടമ്മൽ കടവിൽ പച്ചക്കറി ഗ്രൂപ്പ് അടിസ്ഥാനത്തിൽ ചെയ്യുന്നതിന് വേണ്ട പ്രോത്സാഹനങ്ങൾ നൽകണം.

5. പഞ്ചായത്തിൽ ആവശ്യമുള്ള തൈകൾ, വളങ്ങൾ തുടങ്ങിയവ ഇവിടെ തന്നെ ഉൽപാദിപ്പിച്ച് വിതരണം ചെയ്യാൻ വേണ്ട സംവിധാനം ഏർപ്പെടുത്തണം.

## 2

### മൃഗസംരക്ഷണം

1. മൃഗങ്ങളെ പരിപാലിക്കുന്ന കാര്യത്തിൽ ബോധവൽക്കരണം നടത്തുന്നതിന്ന് പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു ജനകീയ കമ്മിറ്റി രൂപീകരിക്കുക.

2 ക്ഷീര കർഷകർക്ക് ക്ഷേമനിധി ഏർപ്പെടുത്തുക.

3. പശുക്കളെ വാങ്ങുന്നതിന്നനുവദിക്കുന്ന വായ്പയുടെ പരിധി ഉയർത്തുക.

4. തൊഴുത്ത് നിർമ്മാണത്തിന്നാവശ്യമായ ധനസഹായം നൽകുക.

5 തിരഞ്ഞെടുക്കപ്പെടുന്ന കന്ന് പൂട്ട് തൊഴിലാളികൾക്ക് ഉഴവ് കാളകളെ പകുതി വിലക്ക് നൽകുക.

6 പട്ടിക ജാതി കോളനികളിൽ പശുക്കളെയും മറ്റു മൃഗങ്ങളെയും വിതരണം ചെയ്യുന്നത് ജനകീയ. സമിതികളെ ഏൽപ്പിക്കുക.

## 3

### വ്യവസായം

1 മദ്രസാ ബസാറിൽ 10 വനിതകൾക്ക് തുന്നൽ പരിശീലനം നൽകുന്നതിന്നാവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തുക.

2 രണ്ടാം വാർഡിൽ ഒരു വനിതാ റെഡിമെയ്ഡ് യൂനിറ്റ് ആരംഭിക്കുന്നതിന്ന് വേണ്ട സഹായങ്ങൾ നൽകുക. 10 വനിതകൾക്ക് ഇതു വഴി തൊഴിൽ ലഭിക്കും.

3. കൊടുവള്ളിയിലും അയൽപ്രദേശങ്ങളിലുമായി ദിനംപ്രതി ലഭിക്കുന്ന മൃഗങ്ങളുടെ എല്ല് പൊടിച്ച് വളം നിർമ്മിക്കുന്ന വ്യവസായം ബ്ലോക്ക് അടിസ്ഥാനത്തിൽ സംഘടിപ്പിക്കുക.

4. മരം കൊണ്ടുള്ള കെട്ടിട നിർമ്മാണസാമഗ്രികളും ഗൃഹോപകരണങ്ങളും നിർമ്മിക്കുന്ന സംരംഭം ആരംഭിക്കുക.

5 മൺ പാത്ര നിർമ്മാണ തൊഴിലാളികൾക്കും ആഭരണ തൊഴിലാളികൾക്കും സഹകരണ സംഘങ്ങൾ രൂപീകരിക്കണം. മാനിപുരത്ത് ഈ ആവശ്യത്തിന്നായി നിലവിലുള്ള സ്ഥലം ഉപയോഗപ്പെടുത്തുക.

6. വ്യവസായ തൽപരർക്ക് പഞ്ചായത്തിൽ റജിസ്ട്രേഷൻ നടത്തുന്നതിന്ന് സൗകര്യമുണ്ടാക്കുക.

7 വ്യവസായാവശ്യത്തിന്നുള്ള സാമ്പത്തിക സഹായങ്ങൾ ഉദാരവത്കരിക്കുക.

## 4

## വിദ്യാഭ്യാസം

1 വിദ്യാഭ്യാസ നിലവാരമുയർത്തുന്നതിന്ന അദ്ധ്യാപകർ - വിദ്യാർത്ഥികൾ - രക്ഷിതാക്കൾ-മാനേജ്മെന്റ് ഇവരെ ഏകോപിപ്പിച്ച് ഒരു പ്രവർത്തക കമ്മിറ്റി രൂപീകരിക്കുക.

2 സ്കൂൾ പി.ടി.എ.കളിൽ സന്നദ്ധ സംഘടനാ പ്രതിനിധികൾക്ക് പ്രാതിനിധ്യം നൽകുക.

3 കൊടുവള്ളി പഞ്ചായത്തിലെ പ്രൈമറി സ്ക്കൂളുകളിൽ ആവശ്യമായ പ്രാഥമിക സൗകര്യങ്ങൾ ഏർപ്പെടുത്തുക. ഇതിനാവശ്യമായ പങ്കാളിത്തം പി.ടി.എ. കളിൽ നിന്നും മറ്റു സന്നദ്ധ സംഘടനകളിൽ നിന്നും സമാഹരിക്കുക.

4 ഉച്ചഭക്ഷണ സാമഗ്രികൾ സ്ക്കൂളുകളിൽ എത്തിക്കുവാൻ സന്നദ്ധ സംഘടനകളുടെ സഹായം തേടി ഹെഡ്മാസ്റ്റർമാരുടെ ഭാരം ലഘൂകരിക്കുക.

5 കൊടുവള്ളി ഹൈസ്ക്കൂൾ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം സ്ക്കൂളുകളാക്കി വേർതിരിച്ച് പഠന നിലവാരം മെച്ചപ്പെടുത്തുക.

6 സ്ക്കൂളിന്ന് ആവശ്യമായ കെട്ടിടവും മറ്റ് സൗകര്യങ്ങളും ലഭ്യമാക്കി സെഷനൽ സമ്പ്രദായം അവസാനിപ്പിച്ച് സാധാരണ ഗതിയിലാക്കുക.

7. കൊടുവള്ളി ഹൈസ്ക്കൂളിൽ എം.എൽ.ടി., നെർസിങ്ങ്, ഫിസിയോതെറാപ്പി മുതലായ സാങ്കേതിക കോഴ്സുകൾ സ്ഥാപിക്കുക.

8. ഇരുപത് വിദ്യാർത്ഥികൾക്ക് ഒരു അദ്ധ്യാപകൻ എന്ന തോതിൽ വേർതിരിച്ച് അവരുടെ സാമൂഹ്യ - സാംസ്കാരിക - വിദ്യാഭ്യാസ നിലവാരം മനസ്സിലാക്കി വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്ന ടൂട്ടോറിയൽ സമ്പ്രദായം ഹൈസ്ക്കൂളുകളിൽ ഏർപ്പെടുത്തുക.

9 കൊടുവള്ളി പഞ്ചായത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും ഒരു ഗ്രൂപ്പ് ഇൻഷ്വൂറൻസ് ഏർപ്പെടുത്തി അവരിൽ നിന്നും അതിന്നുള്ള വിഹിതം ഈടാക്കുക.

---

**സൂചന:**- 32-ാം പേജിൽ അവസാനിക്കുന്ന വിദ്യാഭ്യാസ മേഖലയുടെ ഗ്രാമസഭാ നിർദ്ദേശങ്ങൾ 59-ാം പേജിൽ കാണാം.

---

## 5

## കുടിവെള്ളം പൊതു ജനാരോഗ്യം

1 പൂനൂർ പുഴ, ചെറുപുഴ എന്നിവിടങ്ങളിൽ നിന്നും വർദ്ധിച്ച തോതിൽ മണൽ എടുക്കുന്നതിന്ന് കർശനമായ നിയന്ത്രണം ഏർപ്പെടുത്തുകയും ഇത് പരിശോധിക്കുന്നതിന്ന് പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു കമ്മിറ്റി രൂപീകരിക്കുകയും ചെയ്യുക.

2 താഴെ പറയുന്ന സ്ഥലങ്ങളിൽ കുഴൽ കിണർ കുഴിക്കുക.

വാപ്പിനിക്കണ്ടി, കരീറ്റി പറമ്പ്, പൂവ്വറമല, ഐ.എച്ച്.ഡി.പി. കോളനി, കാരക്കുന്ന് പട്ടികജാതി കോളനി, കരുവാരക്കോട്, പന്നിക്കുഴി, വാവാട് നാല് സെന്റ് കോളനി

3 താഴെ പറയുന്ന സ്ഥലങ്ങളിലേക്ക് പൈപ്പ് ലൈൻ നീട്ടണം

കുന്നത്ത് പറമ്പ്, ഭൂമിയിടിഞ്ഞ കുഴി, കച്ചറ മുക്ക്, കൊയപ്പറ്റമ്മൽ ( ഇവിടെ ടാപ്പ് കൂടി സ്ഥാപിക്കണം)

4 എട്ടാം വാർഡിൽ മൂഴിയിൽ നീരുറവ് വിപുലീകരിച്ച് ഒരു ചെറു പദ്ധതിയാക്കി ശുദ്ധജല വിതരണസൗകര്യമേർപ്പെടുത്തിയാൽ അറുപത് വീടുകൾക്ക് അത് പ്രയോജനപ്പെടും.

5 ശുദ്ധജല ടാപ്പുകളിലെ ചോർച്ചയും ദുർവിനിയോഗവും തടയണം.

## 6

## ഗതാഗതം ഊർജ്ജം

1 താഴെ പറയുന്ന ആവശ്യങ്ങൾക്ക് പരിഗണന നൽകുക

1 സഹകരണ മുക്കിൽ ഒരു ബസ്സ് വെയിറ്റിങ്ങ് ഷെഡ്, കത്തറമ്മൽ കടവ് - അടിവാരം, കത്തറമ്മൽ കടവ്-കോഴിക്കോട് (വഴി) പരപ്പൻ പൊയിൽ K.S.R.T.C. ബസ്സ് വേണം, മുത്തമ്പലം - കുഴിമ്പിലാട്ട് - കാപ്പ് മല റോഡ് വികസനം പൂർത്തീകരിക്കുക

കല്ലിടുക്ക്, നേർക്കോട്ട് പൊയിൽ നടവഴി നിർമ്മിക്കുക

ആനപ്പാറ ഹെൽത്ത് സെന്റർ, കണ്ടാല നടവഴി നിർമ്മിക്കുക

അണ്ടോണ പാലത്തിനടുത്ത റോഡ് വീതി കൂട്ടുക

2 P.W.D. റോഡിൽ നിയമാനുസൃതമായ അകലത്തിലല്ലാതെ കെട്ടിടം നിർമ്മിക്കുന്നത് കർശനമായി തടയണം.

3 വാട്ടർ പൈപ്പ്, ഇലക്ട്രിക് പോസ്റ്റ് എന്നിവക്ക് വേണ്ടി റോഡ് കിളക്കുമ്പോൾ റോഡ് കേടാകാതിരിക്കാൻ ശ്രദ്ധിക്കണം

4 അണ്ടോണ പാലം ബിച്ച്യാ മുക്ക് റോഡിൽ അണ്ടോണ പാലത്തിനടുത്ത് ഓവ് പാലം നിർമ്മിക്കുക. വാവാട് വില്ലേജ് ഓഫീസ്, വാവാട് വയൽ നടവഴി വികസിപ്പിക്കുക.

5 കിഴക്കെ കുന്നിൽ കരുവമ്പൊയിൽ നിന്നും പൂവ്വറ മല കോളനിയിലേക്ക് ഇടവഴി നിർമ്മിക്കുക.

6 പന്ത്രണ്ടാം വാർഡിൽ വാര്യക്കൽ ഇടവഴി സഞ്ചാരയോഗ്യമാക്കുക

7 കൊടുവൻ മുഴി - കോട്ടക്കൽ നടവഴി, കാരക്കണ്ടി പ്രാവിൽ, വല്യാർകുന്ന് കോളനി എന്നീ നടവഴികൾ നന്നാക്കുക.

8 മാനിപുരം കടവിൽ ഒരു കുളിക്കടവ് നിർമ്മിക്കുക

9 66 കെ.വി. ലൈൻ കടന്നുപോകുന്നതിന്ന് ചുറ്റുമുള്ള 2 ഏക്കർ സ്ഥലം ലഭിക്കുകയാണെങ്കിൽ ഒരു പുതിയ സബ്സ്റ്റേഷന്റെ നിർദേശം അയക്കാമെന്ന അധികൃതരുടെ ഉറപ്പിന്റെ അടിസ്ഥാനത്തിൽ അത് ലഭ്യമാക്കാൻ വേണ്ടത് ചെയ്യുക. നെടുമലയിൽ എന്ന സ്ഥലത്ത് ഗതാഗത സൗകര്യമുള്ള സ്ഥലം ലഭിക്കും.

10 താമരശ്ശേരി സബ്സ്റ്റേഷന്റെ ശക്തി വർദ്ധിപ്പിക്കുകയും ഫീഡറിൽ കൂടുതൽ ട്രാൻസ്ഫോർമറുകൾ അനുവദിക്കുകയും ചെയ്യുക.

11 **ത്രീഫെയിസാക്കേണ്ട ലൈനുകൾ**

1. നാലാം വാർഡിൽ ചരിച്ചിക്കുന്ന്-പൂമ്പാറ-മുക്കുന്ന്

2.കാരാട്ട് പൊയിൽ-പ്രാവിൽ ലൈൻ

3.നെല്ലാകണ്ടി-പട്ടിണിക്കര

4.നടമ്മൽ കടവിൽ 200 മീറ്റർ ലൈൻ

12 **സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കേണ്ടത്.**

1. ചരിച്ചി കുന്ന്, പൂമ്പാറ, മൂക്കുന്ന്

2 അണ്ടാണ പാലത്തിനടുത്ത്

3 കരിറ്റി പറമ്പ് - നടമ്മൽ കടവ് റോഡ്

4 കിളച്ചാർ വീട് - പറമ്പത്ത് കാവ്

5 കരൂഞ്ഞി - കൊടുവൻ മുഴി

13 പുൽ പറമ്പ് മുക്ക്- - ചുള്ള്യാട് മുക്ക് റോഡിൽ 200 മീറ്റർ സ്ഥലത്ത് ലൈൻ വലിക്കുക.

14 പ്രാവിൽ ഹെൽത്ത് സെന്ററിന്ന് വൈദ്യുതി ലഭിക്കുന്നതിന്നാവശ്യമായ നടപടി സ്വീകരിക്കുക.

15 പനങ്ങാട് കുന്ന് ഹരിജൻ കോളനി വൈദ്യുതീകരിക്കുക

16 പുകയില്ലാത്ത അടുപ്പിന്ന കൊടുവള്ളിയിൽ ഒരേജൻസി അനുവദിക്കുക.

## 7

## സാമൂഹ്യക്ഷേമം പാർപ്പിടം

1 പഞ്ചായത്തിലെ വിവാഹ പ്രായമെത്തിയ പെൺകുട്ടികളുടെ വിവാഹത്തിന്ന് ധനസഹായം ചെയ്യാൻ പഞ്ചായത്ത്തല ഫണ്ട് രൂപീകരിക്കുക.

2 അർഹതയുള്ളവർക്ക് പെൻഷൻ ലഭിക്കാൻ പഞ്ചായത്ത് ജനങ്ങളെ ബോധവൽകരിക്കുക.

3 അംഗൻ വാടി ജീവനക്കാരെ സർക്കാർ ജീവനക്കാരായി അംഗീകരിക്കുക.

4 പ്രീപ്രൈമറി വിദ്യാഭ്യാസം അംഗൻവാടികളിൽ കൂടിയാക്കുക.

ട്രൈസം പദ്ധതിയിൽ പ്രാദേശിക കേന്ദ്രങ്ങൾ ഏർപ്പെടുത്തി കൂടുതൽ പേർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.

6 തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തുക

7 IRDP ക്കുള്ള വരുമാന പരിധി, ധന സഹായത്തിനുള്ള പരിധി എന്നിവ ഉയർത്തുക.

8 റൂറൽ ആർട്ടിസൻസ് പദ്ധതിയിൽ ബ്ലോക്ക് മുഖേന നൽകുന്ന ആനുകൂല്യങ്ങൾ അർഹതപ്പെട്ട എല്ലാവർക്കും ലഭ്യാമാക്കുക.

9 എല്ലാ ഭവന നിർമ്മാണ പദ്ധതികളും ഏകോപിപ്പിച്ച് പഞ്ചായത്ത് മുഖേന നടപ്പിലാക്കുക.

10 സന്നദ്ധ സംഘടനകൾ മുഖേനയുള്ള പദ്ധതികൾക്ക് സന്നദ്ധ സംഘടനകളെ കിട്ടാനില്ലാത്തതു കാരണം ഗുണഭോക്താക്കൾക്ക് നേരിട്ട് ധന സഹായം നൽകുക.

11 JRY പദ്ധതിയിൽ വീടുകൾക്കുള്ള അനുപാതം വർദ്ധിപ്പിച്ച് കൂടുതൽ പേർക്ക് ധന സഹായം നൽകുക.

12 ഹൗസിങ്ങ് ബോർഡ് മുഖേന യുള്ള ഭവന നിർമ്മാണ വായ്പക്ക് സ്റ്റാമ്പ് പേപ്പറിൽ ബോണ്ട് വേണമെന്ന നിബ ന്ധന ഒഴിവാക്കുക.

13 പഞ്ചായത്ത് തലത്തിൽ ഒരു ഭവന നിർമ്മാണ ഫണ്ട് രൂപീക രിക്കുക.

## 8

## സംസ്കാരം

1 നാശോന്മുഖമായജ്ഞാന ദീപം വായന ശാല പുനരുജ്ജീവിപ്പി ക്കുകയും അന്യാധീനപ്പെട്ടു പോയ പുസ്തകങ്ങൾ വീണ്ടെ ടുക്കുവാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുക.

2 കൊടുവള്ളിയിൽ ഗവേഷണ നിലവാരത്തോട് കൂടിയ ലൈബ്രറികൾ, ഗൈഡൻസ് സെന്റർ ഇവ സ്ഥാപിക്കുക.

3 അഫിലിയേഷനുള്ള വായനശാ ലകൾക്ക് പഞ്ചായത്തിൽ നിന്നുള്ള സഹായങ്ങൾക്ക് പ്രാമുഖ്യം നൽകുക.

4 കലാ - സാംസ്കാരിക-ജില്ലാ മത്സര പരിപാടികൾക്ക് യാത്രാ ബത്ത അനുവദിക്കണം

5 കളരാന്തിരി അങ്ങാടിയിലോ ചന്ദനംപുറം 4 സെന്റ് കോളനി യിലോ ഒരു വായന ശാലയും ടി.വി. സെറ്റും അനുവദിക്കണം

6 യാതൊരു സാംസ്കാരിക കേന്ദ്രങ്ങളുമില്ലാത്ത 13-ാം വാർഡിൽ ചുണ്ടപുറം പറ മ്പത്ത് കാവ് ഭാഗത്ത് ഒരോ ലൈബ്രറികൾ സ്ഥാപിക്കാൻ ധനസഹായം നൽകുക.

8 കരീറ്റി പറമ്പിലെ "ഉദയ" കലാ സാംസ്കാരിക സംഘടനക്ക് സഹായം നൽകുക.

9 മാനിപുരത്ത് ഗരുഡം സ്പോർട്സ് ക്ലബ് സ്പോർട്സ് രംഗത്ത് മികച്ച സംഭാവനകൾ നൽകി പോരുന്നു. സംഘടനയ്ക്ക് സ്വന്തം കെട്ടിടം പണിയാൻ സഹായം നൽകുക.

10 സ്പോർട്സ് രംഗത്ത് കൊടു വള്ളി ഡ്രൈവേർസ് ക്ലബ് മുക്. സംഭാവനകൾ നൽകുന്നു. ഈസംഘടനക്ക് പരമാവധി ധന സഹായംനൽകണം. റിപ്പോർ ട്ടിൽ സൂചിപ്പിക്കുന്നതിനേക്കാള ധികം വായനശാലകളും കലാ സംഘടനകളും പഞ്ചായത്തിലു ണ്ടെന്ന്ചർച്ചയിലൂടെ മനസ്സിലാ യതുകൊണ്ട് ഇവയെ കുറിച്ച് വ്യക്തമായ പഠനം നടത്തി പഞ്ചായത്ത് തലത്തിൽ ഇവയെ കോ-ഓർഡിനേറ്റ് ചെയ്യാൻ വേണ്ടതു ചെയ്യണം.

## 9

## വനിത

1 വനിതകളെ പൊതു പ്രവർ ത്തന രംഗത്തേക്കാകർഷിക്കുന്ന തിന്ന് പഞ്ചായത്തിന്റെ ആഭിമു ഖ്യത്തിൽ ബോധവത്കരണം നടത്തുക. അതോടൊപ്പം സ്ത്രീധന സമ്പ്രദായം, സ്ത്രീ പീഠനം, മദ്യം, മയക്ക് മരുന്ന് തുട ങ്ങിയ തിന്മകൾക്കെതിരെയും ബോധവൽകരണം സംഘടിപ്പി ക്കുക.

2 അടുക്കളത്തോട്ട നിർമ്മാണ ത്തിന്ന് പഞ്ചായത്ത് അടിസ്ഥാ നത്തിൽ കൃഷി വകുപ്പിൽ നിന്നും ലഭിക്കുന്ന വിത്തും വളവും വനിതകൾക്കും ലഭ്യമാ ക്കുക

3 സ്കൂൾ പി.ടി.എ. കളിൽ സ്ത്രീകൾക്ക് പരിഗണന നൽകുക.

4 DWCRA പദ്ധതിയനുസരിച്ച് വനിതാ ശിശുക്ഷേമ പദ്ധതികൾ എല്ലാവാർഡുകളിലും ആരം ഭിച്ചു സ്ത്രീകൾക്ക് തൊഴിലവ സരങ്ങൾ സൃഷ്ടിക്കണം

5 പഞ്ചായത്തിന്റെ ആഭിമുഖ്യ ത്തിൽ സ്ഥലം ദത്തെടുക്കു കയോ പുറം പോക്ക് സ്ഥലം ഉപയോഗപ്പെടുത്തുകയോ ചെയ്ത് വനിതകൾക്ക് കൃഷിവ കുപ്പിന്റെ സഹായത്തോടെ ഗ്രൂപ്പ് ഫാമിങ്ങ് സമ്പ്രദായം നട പ്പിലാക്കുക.

## 10

## സഹകരണം

1 സഹകരണ ബാങ്കിൽ നിന്നും കൂടുതൽ സ്വയം തൊഴിൽ വായ്പകൾ നൽകുന്നതിന്നും കുറഞ്ഞ പലിശക്ക് കൂടുതൽ വായ്പകൾ ലഭ്യമാക്കുന്നതിന്നും ജില്ലാ സഹകരണ ബാങ്കിന്ന് നിർദ്ദേശങ്ങൾ നൽകുന്നതിന്നാ വശ്യമായ നടപടികൾ സ്വീകരി ക്കുക.

2 ഇപ്പോഴുള്ള സഹകരണാശുപ ത്രികൾ ജനോപകാരപ്രദമായ സ്ഥലത്തേക്ക് മാറ്റി പ്രവർത്തനം ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കുകയോ അല്ലാത്ത പക്ഷം ഒരു മാർക്കറ്റിങ്ങ് സഹ കരണ സംഘമാക്കി മാറ്റാൻ നപടി സ്വീകരിക്കുകയോ ചെയ്യുക.

3 സൗത്ത് കൊടുവള്ളി, കരുവമ്പൊയിൽ, വാവാട്, പനക്കോട്,, പാലക്കുറ്റി, എന്നിവിടങ്ങളിൽ ഓരോ ക്ഷീരോൽപാദന സഹകരണ സംഘങ്ങൾ അടിയന്തിരമായി രൂപീകരിക്കുക.

4 9,10,13,14 വാർഡുകളിലെ കേരകർഷകർക്ക് പ്രയോജനകരമാകുംവിധം 14-ാം വാർഡിൽ ഒരു കേരോൽപാദന സംസ്കരണ യൂണിറ്റ് സഹകരണാടിസ്ഥാനത്തിൽ തുടങ്ങാൻ നടപടി സ്വീകരിക്കുക.

5 വനിതാ സഹകരണ സംഘങ്ങൾ രൂപീകരിച്ച അവയുടെ ആഭിമുഖ്യത്തിൽ പഞ്ചായത്തിൽ ഒരു കുട നിർമ്മാണ യൂണിറ്റ്, റെഡിമെയ്ഡ് യൂണിറ്റ്, എന്നിവ ആരംഭിക്കുക.

6 കൊടുവള്ളി കേന്ദ്രമായി ഒരു മോട്ടോർ തൊഴിലാളി സഹകരണ സംഘം രൂപീകരിക്കാൻ നടപടി സ്വീകരിക്കുക.

7 പഞ്ചായത്തിന്റെ വികസനത്തിന്ന് ഗവർമെന്റിൽ നിന്നും ലഭിക്കുന്ന ഫണ്ടുകൾ സഹകരണ ബാങ്കിൽ നിക്ഷേപിക്കാൻ നടപടി സ്വീകരിക്കുക.

## 11

## പട്ടിക ജാതി - പട്ടിക വർഗ്ഗ ക്ഷേമം

1 എല്ലാ പട്ടികജാതി വിദ്യാർത്ഥികൾക്കും പ്രതിമാസം സ്റ്റൈപന്റ് അനുവദിക്കുകയും ലംപ്സം ഗ്രാന്റ് വർദ്ധിപ്പിക്കുകയും വേണം

2 10 ാം വാർഡ് കരീറ്റിപറമ്പിൽ 12 സെന്റ് പുറം പോക്ക് സ്ഥലത്ത് പട്ടികജാതി വിദ്യാർത്ഥികൾക്ക് ഒരു ഹോസ്റ്റൽ നിർമ്മിക്കണം

3 കക്കൂസിനും വീടിനുമുള്ള ഗ്രാന്റ് വർദ്ധിപ്പിക്കണം, കേടായത് റിപ്പയർ ചെയ്യുകയും വേണം

4 പഞ്ചായത്ത് പുറം പോക്ക് ഭൂമി കൃഷിക്ക് വേണ്ടി പാട്ടത്തിന്ന് നൽകുമ്പോൾ പട്ടികജാതിക്കാർക്ക് മുൻഗണന നൽകുക.

5 കോളനികളിലേക്കുള്ള പ്രവർത്തികൾ കോളനിയിൽ നിന്ന് തന്നെ ആരംഭിക്കുക.

6 പട്ടിക ജാതി കോളനികളിൽ ആരോഗ്യ കാര്യങ്ങൾക്കും മദ്യപാനം, മയക്കുമരുന്ന് സേവ തുടങ്ങിയവക്കുമെതിരെയും ബോധവൽകരണ പരിപാടി സംഘടിപ്പിക്കുക.

7 പട്ടിക ജാതിക്കാരുടെ വീടുകൾക്ക പ്ലാൻ സമർപ്പിക്കാതെ തന്നെ നമ്പർ അനുവദിക്കുകയും നികുതിയിൽ നിന്നും അവരെ ഒഴിവാക്കുകയും ചെയ്യുക.

8 അന്യാധീനപ്പെട്ട സ്മശാനങ്ങൾ സംരക്ഷിച്ച് ചുറ്റുമതിൽ കെട്ടുക.

9 കൊടുവള്ളിയിൽ ഒരു പട്ടിക ജാതി സഹകരണബാങ്ക് സ്ഥാപിക്കുക.

## 12

## വിഭവ സമാഹരണം

1 കെട്ടിട നികുതി ചട്ടങ്ങളിൽ പ്രതിപാദിച്ച പരമാവധി നിരക്കിൽ നികുതി ചുമത്തി വരുമാനം വർദ്ധിപ്പിക്കണം

2 വാടകക്കെട്ടിടങ്ങൾക്ക കിട്ടാവുന്ന വാടക കണക്കാക്കി നികുതി ചുമത്തണം.

3 അനധികൃത കെട്ടിടങ്ങൾക്ക പിഴ നികുതി ഈടാക്കുന്നതിന്നുള്ള മുനിസിപ്പൽ നിയമങ്ങളിലെ വ്യവസ്ഥകൾ പഞ്ചായത്തിലും ബാധകമാകാൻ നടപടി വേണ്ടതാണ്.

4 കേന്ദ്ര - സംസ്ഥാന സർക്കാർ ആഫീസുകൾക്ക കെട്ടിട നികുതി നിർബന്ധമായും ഈടാക്കണം.

5 ശുചീകരണ ചിലവുകൾക്ക് വേണ്ടി ടൗണിലുള്ള ഷോപ്പ് കെട്ടിടങ്ങളുടെ നികുതിയിൽ സർവ്വീസ് ടാക്സും കൂടി ചുമത്താൻ നടപടി വേണം.

6 മോട്ടോർ തൊഴിലാളികളുടെ വരുമാനം കണക്കാക്കി നികുതി ചുമത്തണം.

7 ഒരു ഹെക്ടറിൽ കൂടുതൽ കൃഷിഭൂമി കൈവശമുള്ള ആളുകളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കാൻ സംവിധാനം വേണം.

8 കൊടുവള്ളി പഞ്ചായത്ത് ഏരിയയിൽ ടെർമിനേഷൻ പോയിന്റ് ഉള്ള ബസ്സുകൾക്ക് തൊഴിൽ നികുതി ചുമത്താൻ നടപടി വേണം.

9 പഞ്ചായത്ത് ഏരിയയിൽപ്പെട്ട സ്ഥലങ്ങളിൽ പരസ്യ ബോർഡുകളും മറ്റും സ്ഥാപിക്കുന്നതിന്ന് പഞ്ചായത്ത് രാജ് ആക്ടിൽ പരാമർശിച്ച പ്രകാരം പരസ്യ നികുതി ചുമത്തുന്നതിന്ന് ആവശ്യമായ ബൈലോ തയ്യാറാക്കേണ്ടതും അംഗീകാരം വാങ്ങേണ്ടതുമാണ്.

10 പുറം പോക്ക് സ്ഥലങ്ങൾ അളന്ന് തിട്ടപ്പെടുത്തുന്നതിന്ന് "സർവ്വെ ആൻഡ് ലാണ്ട് റെക്കോർഡ്സ്" ഡിപ്പാർട്ട്മെന്റിനോടാവശ്യപ്പെടാനും അതുപ്രകാരമുള്ള സ്ഥലത്തെ വൃക്ഷങ്ങൾക്ക് നമ്പർ വെക്കാനും മേലനുഭവങ്ങൾ വർഷം തോറും പരസ്യലേലത്തിലൂടെ വിൽപന നടത്താനും ഭൂമി സെന്റിന് നിരക്ക് നിശ്ചയിച്ച് ലീസിന്ന് കൊടുക്കാനും നടപടി വേണ്ടതാണ്. ഇതുവഴി പുറമ്പോക്ക് ഭൂമി അന്യാധീനപ്പെടുന്നത് തടയാനും വരുമാനം വർദ്ധിപ്പിക്കാനും സാധിക്കുന്നതാണ്.

11 പഞ്ചായത്തിലെ വ്യാപാര, വ്യവസായ സ്ഥാപനങ്ങളെ സംബന്ധിച്ച ലിസ്റ്റ് വർഷാരംഭത്തിൽ തന്നെ തയ്യാറാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതും തുടർന്നുള്ള നീക്കം ചെയ്യലും കൂട്ടിചേർക്കലും യഥാവസരം രേഖപ്പെടുത്തേണ്ടതുമാണ്.

12 PFA ആക്ട് പ്രകാരം ഈടാക്കുന്ന ഏറ്റവും കുറഞ്ഞ ലൈസൻസ് ഫീസ് 2 രൂപയിൽ നിന്ന് 10 രൂപയായി ഉയർത്തുന്നതിന്ന് നടപടികൾ വേണം.

13 കെട്ടിട നിർമ്മാമ ബൈലോ പഞ്ചായത്ത് രാജ് നിയമത്തിന്ന് വിധേയമായി പുതുക്കി തയ്യാറാക്കേണ്ടതും ഫീസ് നിരക്ക് പുതുക്കി നിശ്ചയിക്കേണ്ടതുമാണ്.

14 കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം എക്സംപ്ഷനും മറ്റും ഈടാക്കുന്ന ഫീസ് പൂർണ്ണമായും പഞ്ചായത്തുകൾക്ക് കൈമാറേണ്ടതാണ്.

15 പാരലൽ കോളേജുകൾ പഞ്ചായത്തിൽ റജിസ്റ്റർ ചെയ്യുന്നതിന്ന് റജിസ്ട്രേഷൻ ഫീസ് ഈടാക്കുന്നതിന്ന് നടപടി വേണം.

16 പഞ്ചായത്തുകൾക്ക് റോഡുകൾ സംരക്ഷിക്കുന്നതിന്നും മറ്റും ഭീമമായ തുക ചിലവാകുന്നതിനാൽ വാഹന നികുതിയിൽ നിന്നുള്ള വരുമാനത്തിന്റെ വിഹിതം പഞ്ചായത്തുകൾക്കും ലഭ്യമാക്കേണ്ടതാണ്.

17 പഞ്ചായത്ത് ഓഫീസുകളിൽ സമർപ്പിക്കുന്ന അപേക്ഷകളിൽ പതിക്കുന്ന കോടതി മുദ്രകളുടെ വിഹിതം പഞ്ചായത്തുകൾക്ക് ലഭ്യമാക്കേണ്ടതാണ്.

18 കമ്മ്യൂണിറ്റി ഹാൾ , കല്യാണ മണ്ഡപം വിപുലീകരിക്കുന്നതിന്ന് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭ്യമാക്കാൻ നടപടികൾ ആവശ്യമാണ്.

19 പഞ്ചായത്തിൽ ആനുകൂല്യങ്ങൾക്ക് വേണ്ടി സമർപ്പിക്കുന്ന അപേക്ഷകൾ പഞ്ചായത്തിൽ റജിസ്റ്റർ ചെയ്യേണ്ടതും 2 ക ഫീസ് ചുമത്തി രശീത് നൽകേണ്ടതുമാണ്.

20 കെട്ടിട നിർമ്മാണ തൊഴിലാളികൾ, മറ്റു തൊഴിലാളികൾ എന്നിവരുടെ റജിസ്റ്റർ ഉണ്ടാക്കേണ്ടതും അവർക്ക് തൊഴിൽ നികുതി ചുമത്തേണ്ടതുമാണ്.



'കൊടുവള്ളി ഗവ: ഹൈസ്ക്കൂളിന്ന് പുതിയ കെട്ടിടം ! '
"ശിലാസ്ഥാപന ചടങ്ങ്" - ഒരു ദൃശ്യം.

# കൊടുവള്ളി ഗ്രാമപഞ്ചായത്ത്
# വികസന സെമിനാർ
## ഒരവലോകനം

കൊടുവള്ളി ഗ്രാമ പഞ്ചായത്ത് വികസന സെമിനാർ കൊടുവള്ളി ഗവ: ഹൈസ്കൂളിൽ 23.11 96 ന് ശനിയാഴ്ച കാലത്ത് 9 മണിക്ക് പ്രതിനിധികളുടെ രജിസ്ട്രേഷനോടുകൂടി ആരംഭിച്ചു. സെമിനാറിൽ 14 വാഡുകളിൽ നിന്നെത്തിയ പ്രതിനിധികളും ഉദ്യോഗസ്ഥരും പഞ്ചായത്തു മെമ്പർമാരും ജില്ലാ പഞ്ചായത്ത് ആർ. പി. മാരും മറ്റു വിദഗ്ദരുമായി 250 ഓളം പേർ പങ്കെടുത്തു.

സെമിനാറിന്റെ ഔപചാരികമായ ഉൽഘാടനം കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പി.പി സെയ്ത് നിർവ്വഹിച്ചു. പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി സുബൈദാ റഹീംമായിരുന്നു അദ്ധ്യക്ഷ. ജില്ലാ ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാരും കൊടുവള്ളിയിലെ വിവിധ രാഷ്ട്രീയ പാർട്ടി ഭാരവാഹികളും ആശംസകൾ നേർന്നുകൊണ്ട് സംസാരിച്ചു."ഒമ്പതാം പദ്ധതി ഒരു സമീപനം' എന്ന വിഷയം റിസോർസ്" പേർസൺ ശ്രീ പി. സി രവീന്ദ്രൻ അവതരിപ്പിച്ചു.

കൺവീനർ ടി.പി.സി മുഹമ്മദ് 100 ഓളം പേജുകളുള്ള വികസന രേഖയുടെ ലഘു രൂപം സെമിനാറിന് സമർപ്പിച്ചു.

പഞ്ചായത്ത് വൈസ് പ്രസിഡന്റ് പി.ടി.എ റഹീം സ്വാഗതമരുളി.

ഏതാണ്ട് കൃത്യത പാലിച്ചുകൊണ്ടുതന്നെ 11.30 ന് 12 ഗ്രൂപ്പുകളും സജീവമായ ചർച്ചകൾ ആരംഭിച്ചു. ഇടവേളയില്ലാത്ത ചർച്ചയിൽ മറ്റെല്ലാം മറന്നു കൊണ്ടുതന്നെ പ്രതിനിധികൾ പങ്കെടുത്തു. ഭക്ഷണ പൊതികൾ അവിടെതന്നെ വിതരണം ചെയ്യാൻ ഭക്ഷണ കമ്മിററി പ്രത്യേകം ജാഗ്രത കാണിച്ചു. 5 മണിക്ക് മുമ്പ് ചർച്ചയവസാനിച്ചു. ഗ്രൂപ്പ് കൺവീനർമാർ ഗ്രൂപ്പ് റിപ്പോർട്ടുകൾ അവതരിപ്പിച്ചു.

12 ഗ്രൂപ്പുകൾക്കും കർമ സമിതികൾ രൂപീകരിക്കപ്പെട്ടു.



കൊടുവള്ളി ഗ്രാമ പഞ്ചായത്ത് വികസന സെമിനാർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് പി.പി. സെയ്ത് ഉൽഘാടനം ചെയ്യുന്നു. അദ്ധ്യക്ഷ സുബൈദാറഹീം (പഞ്ചായത്ത് പ്രസിഡണ്ട്)

കൊടുവള്ളി ഓപ്പൺ എയർ തീയ്യററിൽ നടന്ന സമാപന സമ്മേളനത്തിൽ സ്വാഗതസംഘം ചെയർമാനും വൈസ് പ്രസിഡന്റുമായ ശ്രീ. പി.ടി.എ റഹീം അദ്ധ്യക്ഷത വഹിച്ചു. ശ്രീ പി.സി.രവീന്ദ്രൻ സംസാരിച്ചു. എസ്. എസ് എൽ.സിയിൽ ഉന്നത വിജയം നേടിയ നസ്വീഹ, ഹസീന എന്നിവർക്ക് പോലീസ് സബ് ഇൻസ്പെക്ടർ മുഹമ്മദ്റശഫീഖ് പഞ്ചായത്ത് ഏർപ്പെടുത്തിയ 5000 രൂപ ക്യാഷ് അവാർഡ് വിതരണം നടത്തി. ജനകീയാസൂത്രണ സമിതി കൺവീനർ ടി.പി.സി മുഹമ്മദ് സ്വഗതവും ഇ.കെ ശിവദാസൻ നന്ദിയും പറഞ്ഞു.

മില്ലത്ത് കാലാവേദി അവതരിപ്പിച്ച ഗാനമേളയും മറ്റു കലാ പരിപാടികളും സമാപന പരിപാടികൾക്ക് മികവ് നൽകി.



**കൊടുവള്ളി പഞ്ചായത്തിൽ നിന്ന് ഇക്കഴിഞ്ഞ എസ്. എസ്. എൽ. സി പരീക്ഷയിൽ ഏറ്റവും കൂടുതൽ മാർക്ക് നേടിയ ടി.പി.എം നസ്വിഹ പോലിസ് സബ് ഇൻസ്പെക്ടർ മുഹമ്മദ് ശഫീഖിൽ നിന്ന് ക്യാഷ് അവാർഡ് ഏറ്റു വാങ്ങുന്നു. വൈസ് പ്രസിഡണ്ട് പി.ടി.എ. റഹീം കൺവീനർ ടി.പി.സി. മുഹമ്മദ് സമീപം**

സെമിനാറിന് ഭക്ഷണം നൽകിയത് ഗ്രാമ പഞ്ചായത്ത് മെമ്പർമാരും കൊടുവള്ളി സർവ്വീസ് സഹകരണ ബാങ്ക് ,കൊടുവള്ളി ഹൗസിങ്ങ് സൊസൈറ്റി, പട്ടികജാതി സൊസൈറ്റി, മേർസി ജ്വല്ലറി എന്നീ സ്ഥാപനങ്ങളാണ്. സെമിനാറിനുള്ള ഫയലുകൾ കൊടുവള്ളിയിലെ അറേബ്യാജ്വല്ലറിയാണ് നൽകിയത്.

## ഇവർ പഞ്ചായത്തിനെ പ്രതിനിധീകരിക്കുന്നു.



എം.സി. മായിൻ ഹാജി (ജില്ലാ പഞ്ചായത്ത് മെമ്പർ)



കെ.അബ്ദുൽ ഖാദർ ഹാജി (ബ്ലോക്ക്-പഞ്ചായത്ത് ധന കാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റി ചെയർമാൻ)



കെ. പത്മനാഭൻ ഏറാടി (ബ്ലോക്ക്-പഞ്ചായത്ത് മെമ്പർ)



റസിയ ഇബ്രാഹിം (ബ്ലോക്ക്-പഞ്ചായത്ത് മെമ്പർ)

# കർമ്മ സമിതി (Task Force)

## 1 കൃഷിജലസേചനം

ചെയർമാൻ : സി.പി. കുഞ്ഞായിൻകുട്ടി ഹാജി
വൈസ് ചെയർമാൻ : ആനപ്പാറക്കൽ രാമൻ
കൺവീനർ : പി.വിജയൻ-കൃഷിഓഫീസർ
ജോ.കൺവീനർ : ടി.വി.കൃഷ്ണൻകുട്ടി
മെമ്പർമാർ : 1. കല്ലിടുക്കിൽ അബു
2. ഡോ.പി.സി. സിയ്യാലി
3. ചന്ദ്രൻ മലയിൽതൊടുക
4. കാവിൽഅബ്ദുൽ മജീദ്
5. കോഴിശ്ശേരി ഹംസ

## 2 മൃഗപരിപാലനം

ചെയർമാൻ : കെ.പി. ശാരദ
വൈ: ചെയർമാൻ : വാസു. പുല്ലോറമ്മൽ
കൺവീനർ : ഡോ. പി.പി.മുജീബ് റഹി മാൻ -വെറ്റിനറി സർജനൻ
ജോ. കൺവീനർ : കെ. മൊയ്തീൻ
മെമ്പർമാർ : 1. എ. പി. രാഘവൻ
2. കെ. ചന്തുക്കുട്ടി
3. രാജൻ നെല്ലാങ്കണ്ടി
4. പി.വാസു

## 3 വിദ്യാഭ്യാസം

ചെയർമാൻ : കളത്തിങ്ങൽ ജമീല
വൈ. ചെയർമാൻ : പ്രൊ. എം അബ്ദുറഹിമാൻ
കൺവീനർ : പി.സി. വേലായുധൻ മാസ്റ്റർ
ജോ. കൺവീനർ : ആർ.സി രമേശൻ
മെമ്പർമാർ : 1. ടി.കെ അബ്ദുൽ മജീദ്
2. ഇ. അബ്ദു റസാഖ്
3. ചന്ദ്രിക എ.പി.
4. കെ.കെ സുരേന്ദ്രൻ

## 4 വ്യവസായം

ചെയർമാൻ : കെ.പി. മുഹമ്മദ് ഹാജി
വൈ: ചെയർമാൻ : കെ.സി.എൻ അഹമ്മദ്കുട്ടി
കൺവീനർമാർ : ഇന്റസ്ട്രീസ് ഓഫീസർ (എൻ.ഇ.എസ്. ബ്ലോക്ക്)
ജോ: കൺവീനർമാർ : വി. അബ്ദുൽ മജീദ്
ഇ.കെ. ശിവദാസൻ
മെമ്പർമാർ : 1. കെ. അച്ചുതൻ. (കയർ പ്രൊജക്റ്റ് ഓഫീസർ)
2. ഒ.പി. സുമതി.
3. ഗിരിജ എസ്. കൊടുവള്ളി
4. ടി.കെ പി. അബൂബക്കർ

## 5 കുടിവെള്ളം പൊതുജനാരോഗ്യം

ചെയർമാൻ : കെ. അബ്ദുൽ ഖാദർ ഹാജി.
വൈ. ചെയർമാൻ : ഇ. അഹമ്മദ്
കൺവീനർ : ഡോ. വേണുഗോപാൽ (മെഡിക്കൽ ഓഫീസർ പബ്ളിക്ക് ഹെൽത്ത് സെന്റർ)
ജോ. കൺവീനർ : ഒ. രാരപ്പൻ മാസ്റ്റർ
മെമ്പർമാർ : 1. കെ.പി ബാബു .
2. കെ. അബ്ദുറഹിമാൻകുട്ടി മാനിപുരം
3. കെ.പവിത്രൻ
4. എം.കെ. കേളുക്കുട്ടി.
5. എൻ എച്ച്. അബ്ദുറഹി മാൻ

## 6 ഗതാഗതം ഊർജ്ജം

ചെയർമാൻ :- കാരാട്ട് റസാഖ്

വൈ: ചെയർമാൻ : ചന്ദ്രശേഖരൻ (കെ.എസി.ഇ ബി.സബ് ഇൻഞ്ചിനീയർ)

ജോ. കൺവീനർ : ടി.പി. അബ്ദുൽ മജീദ്

മെമ്പർ : 1. വി.കെ. ഇബ്രാഹിംകുട്ടി മാസ്റ്റർ

2. ടി.കോരപ്പൻ-

3. ടി.പി. ഉസ്സയിൻഹാജി

4. ടി.കെ പ്രവീൺ ദാസ്

5. കെ.കെ. അബ്ദുറഹി മാൻകുട്ടി

## 7 സാമൂഹ്യക്ഷേമം പാർപ്പിടം

ചെയർമാൻ : പി.കെ. ആസ്യ

വൈ: ചെയർമാൻ : വി. അഹമ്മദ് മാസ്റ്റർ

കൺവീനർ : V.E.O. കൊടുവള്ളി ബ്ലോക്ക്

ജോ. കൺവീനർ : പി. ചോയിക്കുട്ടി

മെമ്പർമാർ : 1. എ.പി. വേലായുധൻ റിട്ട: ബി.ഡി.ഒ.

2. ടി. ബാലകൃഷ്ണൻനായർ (വില്ലേജ് ഓഫീസർ)

3. മാധവൻ നായർ

4. പി.ശ്രീധൻ പൂവ്വറമ്മൽ

## 8 സംസ്കാരം

ചെയർമാൻ : പി.ലീല

വൈ: ചെയർമാൻ : ടി.കെ. മുഹമ്മദ്മാസ്റ്റർ

കൺവീനർ : കോതൂർമുഹമ്മദ് മാസ്റ്റർ

ജോ. കൺവീനർ : വി.കരുണാകരൻ മാസ്റ്റർ

മെമ്പർമാർ : 1. എൻ.പി കാസിം മാസ്റ്റർ

2. കെ.കെരാഘവൻ നായർ

3. വാസന്തി ടി.

4. സി.വി അബ്ദുള്ള

5. ഫൈസൽ കാരാട്ട്

## 9 വനിത

ചെയർമാൻ : ഇ. റംല

വൈ. ചെയർമാൻ : റഹ്മത്ത് ബീവി

കൺവീനർ : എം.മിനി

ജോ. കൺവീനർ : ഏ .കെ സഫിയ

മെമ്പർമാർ : 1 വി.പി ഉഷ

2. വി.കെ പത്മിനി

3. പി.വിലാസിനി

4. പി. ഷീജ

## 10 സഹകരണം

ചെയർമാൻ : വായോളി മുഹമ്മദ് മാസ്റ്റർ

വൈ. ചെയർമാൻ : ടി.പി.സി മുഹമ്മദ്മാസ്റ്റർ

കൺവീനർ : വി. മുഹമ്മദ് (സെക്രട്ടറി കെ.എൻ.സി. ബേങ്ക്)

ജോ. കൺവീനർ : യു. കെ ഇബ്രാഹിം

മെമ്പർമാർ : 1. പൂങ്കുന്നത്ത് മുഹമ്മദ്

2. പി. അബൂബക്കർ മാസ്റ്റർ

3. കരിമ്പയിൽ അബ്ദുൽ ഖാദർ മാസ്റ്റർ

4. എൻ. യു. ഉണ്ണി.

## 11 പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമം

ചെയർമാൻ : എം. വേലായുധൻ

വൈ. ചെയർമാൻ : ആർ.സി. ബാലൻ

കൺവീനർ : പുരുഷോത്തമൻ (ബ്ലോക്ക് എക്സ്റ്റൻഷൻ ഓഫീസർ)

ജോ. കൺവീനർ : സി. എം. ഗോപാലൻ

മെമ്പർമാർ : 1. എം.കെ രാജൻ

2. എ.എം.ഭാസ്കരൻ

3. സി.കുമാരൻ

4 കെ.കെ. സുനിദാസൻ

5. കെ.പി. ഭാസ്കരൻ (വി.ഇ. ഒ.എൻ. ഇ.എസ്. ബ്ലോക്ക്)

## 12 വിഭവസമാഹരണം

ചെയർമാൻ : പി.സി. അഹമ്മദാജി

വൈ. ചെയർമാൻ : ചന്തു. (റിട്ട. ബി.ഡി.ഒ )

കൺവീനർ : വി. മോഹനൻ (പഞ്ചായത്ത് സെക്രട്ടറി)

ജോ.കൺവീനർ : പി.അബ്ദുൽഖാദർ മാസ്റ്റർ

മെമ്പർമാർ : കെ.സി ഉമ്മർ മാസ്റ്റർ

: കെ.മാധവൻ

# പിശകിയതൽപം

| താൾ നമ്പർ | കോളം | പിശക് | ശരി |
|---|---|---|---|
| 1 | 2 | 5 കോടി ഡോളർ | 5കോടിയോളം |
| 4 | 2 | പഞ്ചായത്തിൽ ആദ്യമായി അറിയപ്പെടുന്ന രാഷ്ട്രീയ പ്രവർത്തകർ മറിവീട്ടിൽ ഗോവിന്ദൻ കുട്ടി നായർ | മറിവീട്ടിൽ കൃഷ്ണൻ കുട്ടി നായർ |
| 4 | 2 | പുൽ പറമ്പിൽ രാവുണ്ണി | രാവുണ്ണി നായർ |
| 5 | 2 | 1994 മുതൽ 1978 വരെ | 1964 മുതൽ 1978 വരെ |
| 6 | 2 | വെണ്ണക്കാൽ | വെണ്ണക്കാട് |
| 10 | 2 | മൊത്തം ഭൂമി 1321 പേരുടെ കൈവശം | 13219 പേരുടെ കൈവശം |
| 18 | 2 | ഇങ്ങോട്ട് വയൽ | ഇളങ്ങോട്ടുവയൽ |
| 20 | 1 | കൂടു തല | കൂടുതൽ |
| 49 | 4 | വൈദ്യുതീകരിച്ച വീടുകൾ 7421 | വൈദ്യുതീകരിച്ച വീടുകൾ 2801 |
| 47 | 3 | നിലവിലുള്ള വൈദ്യുതി ഉപഭോക്താക്കൾ - ഗാർഹികം 4620 | ഗാർഹികം 2801 |
| 69 | 2 | രൂപം കൊടുക്കേണ്ടുന്നതിന്ന് | രൂപം കൊടുക്കേണ്ടത് |
| 70 | 2 | മുങ്ങോട്ട് | മുണ്ടോട്ട് |
| 70 | 2 | പുത്തൂർ പുഴ | പൂനൂർ പുഴ |
| 55 | 1 | കരുവിഴിക്കാവ് | കരിവില്ലിക്കാവ് |
| 76 | 2 | വെണ്ണക്കാട് | വെണ്ണക്കോട് |
| 56 | 2 | മൊളോയിസ് നെല്ലാംകണ്ടി കെട്ടിടം സ്വന്തം | സ്വന്തം കെട്ടിടമില്ല |
| 77 | —— | ഇവ പുതുക്കി നിർമ്മിക്കേണ്ടതാണ് | ഇവ പുതുതായി നിർമ്മിക്കേണ്ടതാണ് |
| 56 | —— | —————— | NMCA നെല്ലാംകണ്ടിക്ക് സ്വന്തമായി കെട്ടിടമുണ്ട് |
| 32 | —— | സിറാജുൽ ഹുദാ LPS ന് മൂത്രപ്പുരയും കക്കൂസും ഇല്ല ഇല്ല | ഉണ്ട്-- ഉണ്ട്. |

***സൂചന:*** 1) 74 ാം പേജിൽ മാനിപുരം മേഖലയിൽ പഠനപര്യടനത്തിൽ പങ്കെടുത്ത ശ്രീ.എ.പി വേലായുധൻ, കെ.കെ അബ്ദുറഹിമാൻ കുട്ടി എന്നിവരുടെ പേരുകൾ വിട്ടുപോയതാണ്- ഖേദിക്കുന്നു.

2) കുടിവെള്ളവും പൊതുജനാരോഗ്യവും 37ാം പേജിന്റെ തുടർച്ച 66ാം പേജിൽ കാണാം.

3) **ചരിത്രം കൂട്ടിവായിക്കാൻ**-താൾ-4 കോളം 2 കൊടുവള്ളിയിലാദ്യമായി അറിയപ്പെടുന്ന രാഷ്ട്രീയ പ്രവർത്തകരിൽ മറിവീട്ടിൽ അപ്പുക്കുട്ടൻ നായർ, പി.ടി ആലിക്കുട്ടിഹാജി, ടി.കെ.സി മോയിൻഹാജി, പി.രാഘവൻനായർ എന്നിവരുമുണ്ടായിരുന്നു- മദ്രാസ് മുഖ്യമന്ത്രി ശ്രീ. കാമരാജനാടാർക്ക് പഞ്ചായത്ത് സമർപ്പിച്ച നിവേദനത്തോടൊപ്പം ശ്രീ പി.ടി ആലിക്കുട്ടിഹാജി ഇതേ ആവശ്യം ഉന്നയിച്ചുകൊണ്ട് മറ്റൊരു നിവേദനം സമർപ്പിച്ചതും ശ്രീ നാടാർ സ്വതസിദ്ധമായ ശൈലിയിൽ 'പാർക്കലാം' എന്ന് മറുപടി നൽകിയതും കൊടുവള്ളിയിൽ ഏറെക്കാലം ഒരു സംസാരവിഷയമായിരുന്നു.
അവികസിതമായി കിടന്നിരുന്ന കൊടുവള്ളിയിൽ വികസനത്തിന്റെ വെളിച്ചം പകർന്നതിൽ വിവിധകാലഘട്ടങ്ങളിലായി കൊടുവള്ളിയെ പ്രതിനിധീകരിച്ച നിയമസഭാ സാമാജികർക്കുള്ള പങ്ക് വിസ്മരിക്കാവതല്ല. മറിവീട്ടിൽ ഗോപാലൻ കുട്ടി നായർ, ഇ.അഹമ്മദ്, പി.വി.മുഹമ്മദ്, പി.എം.അബൂബക്കർ തുടങ്ങിയവർ ഈ പഞ്ചായത്തിനെ പ്രതിനിധീകരിച്ചവരിൽ പ്രധാനികളാണ്. ഇപ്പോൾ കൊടുവള്ളിയെ പ്രതിനിധീകരിക്കുന്ന, എം.എൽ.എ. ജ: സി.മോയിൻകുട്ടിയാണ്.

# കൊടുവള്ളിയുടെ രോദനങ്ങൾ മാധ്യമങ്ങളിലൂടെ



മാതൃഭൂമി

MATHRUBHUMI, THE NATIONAL DAILY IN MALAYALAM

...LISHED FROM KOZHIKODE, KOCHI, THIRUVANANTHAPURAM, THRISSUR, KANNUR AND KOTTAYAM

Kozhikode Tuesday December 31 1996

## കൊടുവള്ളിക്ക് ആവശ്യം ട്രെയിനിംഗ് ഗ്രൗണ്ട്

INDIA'S ONLY NATIONAL NEWSPAPER

The Indian Express

KOZHIKODE TUESDAY DECEMBER 3, 1996

CITY

State

## Centralisation in an era of decentralisation

EXPRESS NEWS SERVICE

...ZHIKODE, Dec 2: In a case of a ...ralisation in an era of decentralisa... ...fice of the Commissioner for ...ment has put a lid on all ...ivities under the Parlia... ...elopment fund, posing ...unts going lapse in ... DRDA super... ...ber 16 has ...ion given ...eers in ...ions ...

lakh, making it necessary for local panchayats to approach officials at Thiruvananthapuram for projects above the amount.

''It simply means that for all projects under MPs fund, we will have to go to the State capital for sanction,'' said a panchayat president who pointed out that the maximum amount available in MPs fund for any individual scheme was just Rs 10 lakh. Most of the rural projects need between Rs 5 lakh and Rs 10 lakh for completion.

The DRDA order has affected three projects in Koduvally panchayat in Kozhikode district alone, involving a total investment of Rs 22 lakh. ''Earlier, the district-level officials were able to give us technical sanction, now they don't. We will have to go to the State capital for sanction for all these minor projects costing less than Rs 10 lakh,'' said P.T.A. Raheem, vice-president of the panchayat.

The UDF Government had, in November 1995, decided to delegate powers to the PWD executive engineers, based in the districts, to sanction projects under MPs fund up to Rs 10 lakh. They had also relaxed the PWD code for the same purpose, making it easier for these projects to get official clearance. The GO had given similar powers to the DRDA assi... executive engineers too for the... projects.

In a clarification on this ord... had, on May 15 this year, ...

assistant executive engi... exercise the same power... MPs fund schemes.

Then came the DRDA's super... said the assis... strictly abi... 95, whic... seem... the...

# കോഴിക്കോട് ജില്ല




താമരശ്ശേരി പഞ്ചായത്ത്
പനക്കോട്
എരഞ്ഞോണ
പോർങ്ങോട്ടൂർ
കളരാന്തിരി
വാവാട്
കിഴക്കോത്ത് പഞ്ചായത്ത്
മാനിപുരം
ഓമശ്ശേരി പഞ്ചായത്ത്
കെടയത്തൂർ
പറമ്പത്ത് കാവ്
കരുവൻ പൊയിൽ
കൊടുവള്ളി
കൊടുവൻ മുഴി
കുന്ദമംഗലം പഞ്ചായത്ത്